# ഭാരതത്തിലെ
# മഹാന്മാർ

(മൂന്നാം ഭാഗം)

പബ്ലിക്കേഷൻസ് ഡിവിഷൻ

"PREMALAYAM"
PUTHIYARA
CALICUT-4.

NATIONAL BOOK STALL
SPCS
LTD.
BR. KOTTAYAM

"PREMALAYAM"
PUTHIYARA
CALICUT-4.
B.No. 4-1

# ഭാരതത്തിലെ മഹാന്മാർ

(മൂന്നാം ഭാഗം)

പബ്ലിക്കേഷൻസ് ഡിവിഷൻ
വാർത്താവിതരണ - പ്രക്ഷേപണവകുപ്പ്
ഭാരതഗവർമ്മെൻറ്

ജനുവരി 1965 (മാഘം 1886)

January 1965 (Magha 1886)

**BHARATHATHILE MAHANMAR**

(Bharat Ke Gaurav — Part III — Malayalam)

വില: രൂ. 2.75

Price: Rs, 2.75

*പ്രസാധകൻ :*

ഡയറക്ടർ, പബ്ലിക്കേഷൻസ് ഡിവിഷൻ
ഓൾഡ് സെക്രട്ടേറിയററ്, ദില്ലി-6

*അച്ചടി :*

ജനതാ പ്രസ്സ്, മദിരാശി-5.

"PREMALAYAM"
PUTHIYARA
CALICUT-4.

# വിഷയസൂചിക


| | | | | |
|---|---|---|---|---|
| അവതാരിക | | | | |
| അക്ബർ | .. | ഹംസ്‌രാജ് രഹ്ബർ | .. | 1 |
| ടോഡർമൽ | .. | ശ്രീനാഥ് സിംഹ് | .. | 11 |
| മഹാറാണാ പ്രതാപ് | .. | ധനേശ് മലിക്ക് | .. | 18 |
| താൻസേൻ | .. | ദിലീപ്ചന്ദ്ര ബേദി | .. | 29 |
| ചാന്ദ് ബീബി | .. | രമേശ്ചന്ദ്ര 'പ്രേം' | .. | 39 |
| ഗുരു രാമദാസ് | .. | ഗാർഗീ ഗുപ്ത | .. | 46 |
| തുക്കാരാം | .. | ഹംസ്‌രാജ് രഹ്ബർ | .. | 52 |
| ശിവാജി | .. | നാരായണസ്വരൂപ് മാഥുർ | .. | 61 |
| നാനാ ഫഡ്നവീസ് | .. | യശ്വന്തനാരായൺ ദേവധർ | .. | 75 |
| അഹല്യാ ബായി | .. | ശ്രീനാഥ് സിംഹ് | .. | 87 |
| ടിപ്പു സുൽത്താൻ | .. | പ്രേമചന്ദ്ര ഭാരദ്വാജ് | .. | 94 |
| ത്യാഗരാജൻ | .. | ഗാർഗീ ഗുപ്ത | .. | 103 |
| രാംമോഹൻ റോയ് | .. | അന്നപൂർണ്ണ ഘോഷ് | .. | 110 |
| മഹാരാജാ രൺജീത് സിംഹ് | .. | ശ്രീനാഥ സിംഹ് | .. | 117 |
| മിർസാ ഗാലിബ് | .. | അർശ് മൽസിയാനി | .. | 123 |
| സ്വാതി തിരുനാൾ | .. | ലീലാ ഓംചേരി | .. | 130 |
| താത്യാ ടോപ്പേ | .. | ശ്രീനാഥ് സിംഹ് | .. | 135 |
| ലക്ഷ്മീ ബായി | .. | സാവിത്രിദേവി വർമ്മ | .. | 142 |
| നാനാ സാഹേബ് പേഷ്വാ | .. | ശ്രീനാഥ് സിംഹ് | .. | 157 |
| സയ്യിദ് അഹമ്മദ് ഖാൻ | .. | ജഗദീശ് ഗോയൽ | .. | 163 |
| ഈശ്വരചന്ദ്ര വിദ്യാസാഗർ | .. | നിർമ്മലാ മല്ലിക്ക് | .. | 170 |
| മൈക്കേൽ മധുസൂദൻ ദത്ത് | .. | അന്നപൂർണ്ണ ഘോഷ് | .. | 178 |
| ദയാനന്ദ സരസ്വതി | .. | പുഷ്പാ ഠാക്കൂർ | .. | 183 |

"PREMALAYAM"
PUTHIYARA
CALICUT-4.

# അവതാരിക

'ഭാരതത്തിലെ മഹാന്മാർ' എന്ന ഈ ഗ്രന്ഥപരമ്പരയുടെ ആദ്യത്തെ രണ്ടു ഭാഗങ്ങളിൽ, ഒരതിത്തിവരെ, നാം വളരെ പ്രാചീനകാലങ്ങളെക്കുറിച്ചാണ് പരാമർശിച്ചതു്. ഈ ഭാഗത്തിൽ അക്ബർ മുതൽ ദയാനന്ദ സരസ്വതിവരെ നാം എത്തിയിരിയ്ക്കുന്നു. ഇതിൽ മുമ്പത്തേപ്പോലെ ജീവിതത്തിൻെറ എല്ലാ മണ്ഡലങ്ങളിലേയും മഹാന്മാരുടെ പ്രമാണിക ജീവചരിത്രങ്ങൾ അവതരിപ്പിയ്ക്കാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ടു്. സാധാരണ ഹിന്ദി പ്രസിദ്ധീകരണങ്ങളിൽ ചെയ്യാറില്ലാത്ത രീതിയിൽ ദക്ഷിണേന്ത്യയിലെ മഹാന്മാർക്കും ഉചിതസ്ഥാനം നല്കാൻ ഞങ്ങൾ പ്രത്യേകിച്ചും ശ്രദ്ധിച്ചിട്ടുണ്ടു്.

വായനക്കാർ ഞങ്ങളുടെ ഈ പ്രയത്നം ഇഷ്ടപ്പെട്ടുമെന്നു് ഞങ്ങൾ ആശിയ്ക്കുന്നു. ഇതിൽ എന്തെങ്കിലും പോരായ്മയുണ്ടെങ്കിൽ അതു് ഞങ്ങളെ അറിയിക്കണമെന്നു് അഭിജ്ഞരായ അനുവാചകരോടു് ഞങ്ങൾ അഭ്യർത്ഥിയ്ക്കുന്നു.

— സമ്പാദകർ

"PREMALAYAM"
PUTHIYARA
CALICUT-4.



# അക്ബർ

തങ്ങളുടെ ജീവിതകാലത്ത് സ്വന്തം രാജ്യത്തിൻെറ വിസ്തൃതി വളരെയധികം വർദ്ധിപ്പിച്ച അനേകം രാജാക്കന്മാരും ചക്രവർത്തിമാരും ഭാരതത്തിലുണ്ടായിരുന്നു. അവരുടെ ശക്തിയും പ്രാബല്യവും, ശത്രുക്കളെ വിറപ്പിച്ചിരുന്നു. സേവകവൃന്ദവും രാജസഭാംഗങ്ങളും, കൈകെട്ടി വാപൊത്തി നില്ക്കുമായിരുന്നു. എന്നാൽ, അവരുടെ മരണശേഷം, അവരെ ആരെങ്കിലും ആദരിക്കുകയോ, സ്മരിക്കുകയോ ചെയ്തിരുന്നില്ല. എന്നാൽ, ഇന്നും ജനങ്ങൾ, ആദരവോടും ബഹുമാനത്തോടും ഓർമ്മിക്കുന്ന ചക്രവർത്തിമാരാണ് അശോകനും അക്ബറും. അവരെ മഹാന്മാരെന്ന് വിളിക്കുന്നു.

അക്ബറുടെ പിതാവായ ഹുമായൂണിൻെറ രാജ്യം കൈവിട്ടുപോയിരുന്നു. അദ്ദേഹം, ഏതെങ്കിലും രാജാവിൻെറ സഹായം കിട്ടുമോ

യെന്നന്വേഷിച്ച്, അങ്ങുമിങ്ങും ഓടി നടക്കുകയായിരുന്നു. ഈ പരക്കം പാച്ചിലിൽ അദ്ദേഹം, അമർകോട്ടിലെ രാജാവിൻെറ അടുത്തു ചെന്നു. അവിടെ, സിന്ധ് മണലരണ്യത്തിൽ, 1542 നവംബർ 23-ാംനു അക്ബർ ജനിച്ചു. ഹുമായൂണിൻെറ പക്കൽ കുറച്ച് കസ്തൂരി ഉണ്ടായിരുന്നു. അതു്, തൻെറ സ്നേഹിതക്കു് പങ്കിട്ടു കൊടുക്കുന്നതിനിടയിൽ, അദ്ദേഹം ഇങ്ങനെ പറഞ്ഞു: "ഞാൻ ദില്ലി പാദുഷാ ആയിരുന്നെങ്കിൽ, ഈ മംഗളമുഹൂർത്തത്തിൽ, രത്നങ്ങളും വൈഡൂര്യങ്ങളും വിതരണം ചെയ്യുമായിരുന്നു. ഈ സമയത്തു്, എൻെറ കൈവശം ഇതേ ഉള്ളു. നിങ്ങളെല്ലാവരും, ഇതു് സ്വീകരിച്ച്, കുഞ്ഞിനെ ആശീർവദിച്ചാലും." കൂട്ടുകാർ പറഞ്ഞു: "പൊന്നുതിരുമേനീ, വിഷമിക്കേണ്ട. ഈ കുട്ടിയുടെ കീർത്തി കസ്തൂരിയുടെ സുഗന്ധംപോലെ ലോകം മുഴുവനും പരക്കും."

അമർകോട്ടിലെ രാജാവു് ഒരു സഹായവും നൽകിയില്ല. ഹുമായൂൺ ഹിന്ദുസ്ഥാൻ വിട്ടു് ഇറാനിലേക്കു് പോയി. അവിടത്തെ ഷായായ തഹമാസ്പ് അദ്ദേഹത്തിനു് പതിനാലായിരം ഭടന്മാരടങ്ങിയ സേനയെ നൽകി. ഈ സൈന്യത്തിൻെറ സഹായത്താൽ ഹുമായൂൺ, തൻെറ സഹോദരന്മാരായ കാമ്രാൻ, ഹിംദാൽ, അസ്കറി എന്നിവരുമായി യുദ്ധം ചെയ്തു്, കാബൂളും കാൻഡഹാറും പിടിച്ചെടുത്തു.

ഹുമായൂൺ, തൻെറ സഹോദരന്മാരെ കീഴടക്കിയപ്പോഴേക്കും, ഷേർഷായുടെ മക്കൾ തമ്മിൽ, ദില്ലി സിംഹാസനത്തിനുവേണ്ടി കലഹിക്കുന്നതായി അദ്ദേഹത്തിനു് മനസ്സിലായി. അതൊരു നല്ല തക്കമായിരുന്നു. അദ്ദേഹം, ഹിന്ദുസ്ഥാൻ ആക്രമിച്ചു. സിക്കന്ദർ സൂരിയെ തോല്പിച്ച്, 1555 ഫെബ്രുവരിയിൽ ലാഹോറും, ജൂലായ് മാസത്തിൽ ആഗ്രായും ദില്ലിയും കീഴടക്കി. പക്ഷേ, ഒട്ടെങ്കിലും സ്വസ്ഥത അനുഭവിക്കുവാൻ കഴിയും മുമ്പ്, 1556 ജനുവരി 24-ാംനു ദില്ലി കൊട്ടാരത്തിൻെറ കോണിപ്പടിയിൽനിന്നു് വീണു് അദ്ദേഹം മൃതിയടഞ്ഞു. ആ സമയത്തു് അക്ബർ, പഞ്ചാബിൽ ബൈറംഖാൻെറ കൂടെയായി

രുന്നു. 1556 ഫെബ്രുവരി 14-ാംനു അക്ബർ ചക്രവർത്തിയായി പ്രഖ്യാപിയ്ക്കപ്പെട്ടു.

അക്ബറിന്ന് ആ സമയത്ത് കേവലം പതിമൂന്നു വയസ്സേ ഉണ്ടായിരുന്നുള്ളു. ശത്രുക്കൾ, അതിൽനിന്നു് മുതലെടുത്തു. ആദിൽ ഷാ സൂരിയുടെ സമർത്ഥനായ സേനാപതിയും മന്ത്രിയുമായ ഹേമു, മുഗൾ ഗവർണ്ണറായ താർദി ബേഗിനെ തോല്പിച്ച്, ദില്ലിയും ആഗ്രയും കീഴടക്കി. ദില്ലി ആരുടെ കൈവശത്താണോ, അയാളെ ഇന്ത്യാചക്രവർത്തിയെന്നു് പറഞ്ഞുവന്നു. അതുകൊണ്ടു്, അക്ബറും ബൈറം ഖാനും, ഹേമുവിനോടു് പൊരുതാൻ നിശ്ചയിച്ചു. അവർ, പഞ്ചാബിൽനിന്നു് പാനിപ്പത്തിലെത്തി. അവിടെ വച്ച് ഇരുഭാഗത്തേയും സൈന്യങ്ങൾ തമ്മിലിടഞ്ഞു. ആദ്യമാദ്യം ശത്രുക്കൾ ജയിച്ചുകൊണ്ടിരുന്നു. എന്നാൽ, അക്ബർ ഉന്നംനോക്കി എയ്ത അമ്പ്, ഹേമുവിൻെറ കണ്ണിൽ തന്നെ കൊണ്ടു. അമ്പ് കൊണ്ട ഉടനെ അദ്ദേഹം മൂർഛിച്ചു വീണു. സേനാപതി വീണതു കണ്ടു്, സൂരിയുടെ സൈന്യം ഓടിപ്പോകുകയും, മുഗളർ വിജയം നേടുകയും ചെയ്തു.

ഹേമു ബന്തവസ്സിലാക്കപ്പെട്ടു. ബൈറം ഖാൻ, അയാളെ ചങ്ങലയിട്ടു കെട്ടി, അക്ബറുടെ മുമ്പിൽ കൊണ്ടുവന്നു്, ഇങ്ങനെ ഉണർത്തിച്ചു. "പൊന്നുതിരുമേനീ, ഇതു് അങ്ങയുടെ ആദ്യത്തെ വിജയമാണ്. ശത്രുവിൻെറ ശിരസ്സ് അങ്ങയുടെ വാളുകൊണ്ടു് ഛേദിച്ച്, ഈ ജയം കൊണ്ടാടിയാലും."

എന്നാൽ അക്ബർ ചിരിച്ചുകൊണ്ടു് പറഞ്ഞു: "തോൽവിയടഞ്ഞു് ബന്ധിയ്ക്കപ്പെട്ട ഒരു ശത്രുവിൻെറ ശിരസ്സ്, ഛേദിയ്ക്കുന്നതു് വീരകൃത്യമല്ല. എൻെറ വാൾ, അതു് ചെയ്യുകയില്ല. ഇയാളെ കൊണ്ടുപോകൂ."

പിന്നീടു്, ബൈറം ഖാൻ തന്റെ വാൾകൊണ്ടു് ഹേമുവിൻെറ ശിരസ്സ് ഛേദിച്ചതായി പറയപ്പെടുന്നു. എന്നാൽ ജനങ്ങൾ അക്ബ

റിൻെറ ഈ പ്രവൃത്തിയെപ്പററി കേട്ടപ്പോൾ, അദ്ദേഹത്തെ വളരെ പ്രശംസിച്ചു.

മുഗളസൈന്യം വീണ്ടും ദില്ലിയും ആഗ്രയും കീഴടക്കി. അക്ബർ ഹിന്ദുസ്ഥാനിലെ ചക്രവർത്തിയുമായി. അക്ബറായിരുന്നു ചക്രവർത്തിയെങ്കിലും രാജ്യത്തിൻെറ സകല അധികാരങ്ങളും ബൈറം ഖാൻ്റെ കയ്യിലായിരുന്നു. തോന്നിയപോലെയൊക്കെ അയാൾ പ്രവർത്തിച്ചു. എന്തെന്നാൽ, അയാൾ, മുമ്പ് ഹുമായൂണിൻ്റെ വിശ്വസ്തനായ സൈന്യാധിപനായിരുന്നു. അയാൾ, മുഗൾ രാജ്യത്തിൻെറ അടിത്തറ ഉറപ്പിയ്ക്കുന്നതിൽ ഒരു കുറവും വരുത്തിയില്ല. അയാൾ, അക്ബറെ സിംഹാസനത്തിലിരുത്തി, പാനിപ്പത്ത് യുദ്ധം ജയിച്ചു; രാജ്യദ്രോഹികളേയും ശത്രുക്കളേയും വലിയ പരാക്രമം കാണിച്ച്, പരാജിതരാക്കി. എന്നാൽ ക്രമേണ ബൈറം ഖാൻ, അഹംഭാവിയായി തീൎന്നതുകാരണം യുവാവായ ചക്രവർത്തിയുടെ ആജ്ഞപോലും വകവെയ്ക്കാതായി. ഇത് അക്ബറിന് തീരെ ഇഷ്ടപ്പെട്ടില്ല. അദ്ദേഹത്തിന് പതിനെട്ട് വയസ്സായിരുന്നു. രാജ്യഭാരം സ്വയം ഏറെറടുക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു. അതിനാൽ അദ്ദേഹം, ബൈറം ഖാനെ അടുത്ത് വിളിച്ചു ഇങ്ങനെ പറഞ്ഞു: "ബാബാ, എന്നോടും മുഗൾരാജ്യത്തോടും അങ്ങേയ്ക്ക് വലിയ സ്നേഹമാണ്. എനിക്ക് അത് മറക്കാനോ അതിന് പ്രത്യുപകാരം ചെയ്യാനോ കഴിയുകയില്ല. എന്നാൽ, ഇപ്പോൾ അങ്ങേയ്ക്കാണെങ്കിൽ വളരെ വയസ്സായി. ഞാൻ, തന്നത്താൻ രാജ്യഭരണം ഏറെറടുക്കാം. അങ്ങ്, വിശ്രമമെടുക്കണം. അങ്ങ്, മക്കത്തു പോയി ഹജ്ജ് ചെയ്തിട്ട് വരണമെന്നാണ് എനിക്ക് തോന്നുന്നത്."

ബൈറം ഖാൻ: "പാദുഷാ തിരുമേനീ, എന്താണ് പറഞ്ഞത്? ഞാൻ ഹജ്ജിന് പോകട്ടെയോ?"

അക്ബർ: "ങ്ആ, ഈ പ്രായത്തിൽ ഹജ്ജിന് പോകുന്നതാണ് അങ്ങേയ്ക്ക് നല്ലത്."

ബൈറം ഖാൻ: "രാജ്യഭരണം അങ്ങ് നടത്തുമോ?"

PUTHIYARA
CALICUT-4.



അക്ബർ: "അങ്ങു വിഷമിക്കേണ്ട, വിശ്വാസത്തോടെ പോക ണം. എനിക്ക് ഇപ്പോൾ ഭരണത്തിൽ ഒട്ടും പരിചയക്കുറവില്ല."

ബൈറം ഖാൻ നിശ്ശബ്ദനായിപ്പോയി. ഹജ്ജിനായി ദില്ലിയിൽ നിന്നു് കുറേ ദൂരം ചെന്നു് അയാൾ, കലാപം സംഘടിപ്പിച്ചു. അക്ബർ, അയാളുടെ ഉന്നം മനസ്സിലാക്കി. അയാളെ തുരത്താൻ സേന തയ്യാറായിരുന്നു. ബൈറംഖാനെ ജലന്ധറിനടുത്തുവച്ച് തോല്പിക്കുക യും, അയാളെ പിടിച്ച് അക്ബറിൻെറ മുമ്പാകെ കൊണ്ടുവരുകയും ചെയ്തു. അക്ബറിനു് തന്റെ ഗുരുവും സംരക്ഷകനുമായ ബൈറം ഖാന്റെ സേവനങ്ങളെപ്പറ്റി ഓർമ്മയുണ്ടായിരുന്നു. അദ്ദേഹം, വലിയ വിനയ ത്തോടെ പറഞ്ഞു: "ബാബാ, ഞാൻ പറഞ്ഞില്ലേ, ഇപ്പോൾ ഞാ നൊരു കുട്ടിയല്ല, യുവാവാണു്; ഹിന്ദുസ്ഥാനിലെ ചക്രവർത്തിയാണു് എന്നു്? എന്നിട്ടും ഞാൻ പറഞ്ഞതിൽ അങ്ങേയ്ക്കു് വിശ്വാസം വന്നില്ല."

ബൈറം ഖാൻ: "പക്ഷേ ഞാൻ കുററം ചെയ്തുപോയി."

അക്ബർ: "അപ്പോൾ പിന്നെ, ഈ കുററത്തിനുള്ള ശിക്ഷ — ശിക്ഷ മരണമാണു്" ബൈറംഖാൻ, കഴുത്തു് കുനിച്ചുകൊടുത്തു.

അക്ബർ, ചിരിച്ചുകൊണ്ടു് പറഞ്ഞു: "ഞാൻ, എൻെറ ബാബ യ്ക്കു് ഒരു ശിക്ഷയും നൽകുകയില്ല. ഇപ്പോൾ അങ്ങേയ്ക്കു് മനസ്സിലായി, അക്ബറിനു് രാജ്യഭരണം നടത്താൻ കഴിയുമെന്നു്. അതുകൊണ്ടു് വിശ്വാസത്തോടെ ഹജ്ജിനു് പോകുക. അവിടെ ഈ കുററത്തിനും അങ്ങേയ്ക്കു് മാപ്പു കിട്ടും."

1561 ജനുവരിയിൽ ബൈറം ഖാൻ മക്കത്തിനു് പോകുന്ന വഴി ഒരു ലോഹാനി അഫ്ഗാൻ, വഴിയിൽ വച്ചു് അയാളെ വധിച്ചു. ബൈറം ഖാൻെറ കൈകൊണ്ടു് തൻെറ അച്ഛൻ വധിക്ക പ്പെട്ടതിനു്, പകരം വീട്ടുകയായിരുന്നു ആ അഫ്ഗാൻ.

അക്ബർ, രാജ്യത്തിൻെറ കടിഞ്ഞാൺ പിടിച്ചു തുടങ്ങി. ഇന്നലവരെ ബൈറം ഖാനു് എതിരായി ചക്രവർത്തിയോടു് നുണ പറഞ്ഞിരുന്ന സർദാറന്മാർ, യഥേഷ്ടം പ്രവർത്തിയ്ക്കാൻ തുടങ്ങി. ഇന്നലത്തെ കൊച്ചൻ എന്തു ഭരണം നടത്താനാണു്, എന്നായിരുന്നു അവരുടെ വിചാരം. അക്ബർ എല്ലാം മനസ്സിലാക്കിക്കൊണ്ടിരുന്നു, സ്വതന്ത്രമായ രീതിയിൽ ഭരണം നടത്താൻ നിശ്ചയമെടുത്തിരുന്നു. തോന്ന്യാസം കാട്ടിയ സർദാറന്മാരുടെ നേതാവു് ആദം ഖാനായിരുന്നു. വിവശനായ അക്ബറിനു് അയാളേയും തൻെറ വഴിയിൽനിന്നു് തട്ടിനീക്കേണ്ടി വന്നു. അക്ബറിനു് അക്ഷരാഭ്യാസമില്ലായിരുന്നു. എങ്കിലും, അനുഭവങ്ങളിൽനിന്നു് അദ്ദേഹം, വളരെയധികം പഠിയ്ക്കുകയും പുതിയ സമ്പ്രദായങ്ങളിലൂടെ രാജ്യഭരണം നടത്താൻ ആഗ്രഹിയ്ക്കുകയും ചെയ്തു.

ഇന്ത്യ, പലേ കൊച്ചു കൊച്ചു രാജ്യങ്ങളായി വിഭജിയ്ക്കപ്പെട്ടിരുന്നു. ഒരു വശത്തു്, ദില്ലി സിംഹാസനം തട്ടിയെടുക്കാൻ കൊതിച്ചുകൊണ്ടിരുന്ന സൂരി സർദാറന്മാർ; മറെറാരു വശത്തു്, വീരതയ്ക്കും സാഹസത്തിനും പേരു കേട്ട രാജപുത്രരാജാക്കന്മാർ. ശത്രുക്കളെ അമച്ചു വരുത്താനായി അക്ബർ, തൻെറ സേനയെ ദൃഢമായി കെട്ടിപ്പടുത്തു. രാജപുത്രന്മാരെ തൻെറ പക്ഷത്തു് ചേർക്കുകയാണെങ്കിൽ, മുഗൾ രാജ്യത്തിൻെറ അടിത്തറ എന്നെന്നേയ്ക്കുമായി ബലിഷ്ഠമാകുമെന്നു് അദ്ദേഹം കണ്ടു. അനേകം കൊല്ലം അദ്ദേഹം ഏറെക്കുറെ സമരത്തിലേർപ്പെട്ടിരുന്നു. ഗുജറാത്തു്, മേവാഡ്, കാഠിയവാഡ് എന്നിവ അദ്ദേഹം ജയിച്ചടക്കി. പിന്നീടു്, രാജപുത്രന്മാരുമായി ബന്ധത്തിലേർപ്പെടുകയും അവർക്കു് തൻെറ ദർബാറിൽ ഉന്നതസ്ഥാനങ്ങൾ നൽകി, ഉത്തരവാദിത്വമുള്ള ജോലികൾ ഏല്പിച്ചുകൊടുക്കുകയും ചെയ്തു. രാജാ മാനസിംഹൻ അദ്ദേഹത്തിൻെറ വിശിഷ്ട രാജസഭാംഗമായിരുന്നു. ക്രമേണ, എല്ലാ രാജാക്കന്മാരും അക്ബറിനു് അധീനമായി. ചിത്തോഡിലെ ഉദയസിംഹനും റാണാപ്രതാപനും മാത്രം മുഗൾ ആധിപത്യത്തിനു് വഴങ്ങിയില്ല. രാജപുത്രന്മാരുടെ സഹായത്തോടെ അക്ബർ, യുദ്ധ

ങ്ങളിൽ ജയിയ്ക്കുകയും രാജ്യത്തിന്ന് ഐക്യം കൈവരുത്തുകയും ചെയ്തു.

രാജ്യത്ത് ശാന്തിയും ഐക്യവും സ്ഥാപിച്ചതിന്ന് പുറമെ, അക്ബർ പരിഷ്കാരങ്ങളിലും രാഷ്ട്രനിർമ്മാണത്തിലും ശ്രദ്ധ ചെലുത്തി ഭാരതം മഹത്തായ ഒരു രാജ്യമാണെന്ന് അദ്ദേഹത്തിന്ന് അറിയാമായിരുന്നു. അതിന്റെ പാരമ്പര്യവും സംസ്കാരവും മഹത്തരമാണ്. ഇന്ത്യയിൽ താമസിയ്ക്കുന്നവരിൽ ഭൂരിപക്ഷവും ഹിന്ദുക്കളാണ്. അവരുടെ ജീവിതത്തിനും ആചാരോപചാരങ്ങൾക്കും പ്രത്യേകരീതിയും രൂപവും ക്രമവും ഉണ്ട്. മുഗളന്മാക്ക് ഈ രാജ്യത്തെ സ്വന്തം അധീനത്തിലാക്കി ഭരിയ്ക്കണമെന്നുണ്ടെങ്കിൽ അവർ ഈ രാജ്യത്തിൻെറ പാരമ്പര്യവും സംസ്കാരവുമായി സാത്മ്യം പ്രാപിയ്ക്കുകയും, ജനങ്ങളുടെ ആചാരോപചാരങ്ങളെ ബഹുമാനിച്ച്, അവരുടെ ഹൃദയം കവരുകയും ചെയ്യണം. ഈ ഉദ്ദേശത്തോടെ അക്ബർ, ഇവിടുത്തെ വളരെയധികം ആചാരോപചാരങ്ങൾ പകത്തി.

വിഭിന്നമതങ്ങൾ കാരണം ജനങ്ങൾ തമ്മിൽ ഉണ്ടായിരുന്ന കലഹങ്ങൾ ഇല്ലാതാക്കാനും അക്ബർ ആഗ്രഹിച്ചു. അദ്ദേഹം, നിരക്ഷരനായിരുന്നെങ്കിലും എല്ലാ മതങ്ങളുടേയും ഉത്തമഗ്രന്ഥങ്ങൾ മററുള്ളവരെക്കൊണ്ട് വായിപ്പിച്ചു കേൾക്കുകയും, വിഭിന്നമതങ്ങളുടെ പ്രമുഖനേതാക്കളെ വിളിച്ചുവരുത്തി ചച്ചകൾ നടത്തിയ്ക്കുകയും, സ്വയം അവയിൽ പങ്കെടുക്കുകയും ചെയ്തുവന്നു. ഈ ചച്ചകൾക്കായി അദ്ദേഹം, ഫത്തേഹ്പുർ സീക്രിയിൽ വിശേഷപ്പെട്ട സ്ഥാനത്ത്, ഒരു ആരാധനാഗൃഹം പണി ചെയ്യിച്ചു.

മതം, സംസ്കാരം എന്നിവയെക്കുറിച്ച് ഉപദേശം നൽകാനായി, അക്ബർക്ക് വിശിഷ്ടരായ രണ്ട് ഉപദേഷ്ടാക്കളുണ്ടായിരുന്നു. സഹോദരന്മാരായ അബുൽ ഫസ്ലും ഫൈസിയും. അവിടെ നടന്നിരുന്ന ചച്ചകൾ എഴുതിയെടുത്തിരുന്നു. പിന്നീട് അക്ബർ അവയെപ്പററി ചർച്ച ചെയ്യുമായിരുന്നു. ഈ ചർച്ചകൾ കേട്ടു കേട്ട് മതങ്ങ

ളെക്കുറിച്ചു് വേണ്ടത്ര അറിവു് കിട്ടിയപ്പോൾ അക്ബർ, ഫൈസി യോടു് ഒരു ദിവസം ഇങ്ങനെ പറഞ്ഞു: "എല്ലാ മതങ്ങളിലേയും നല്ല കാര്യങ്ങളെടുത്തു്, ഒരു പുതിയ മതം കെട്ടിപ്പടുക്കാൻ ഞാൻ ആഗ്രഹി ക്കുന്നു."

അബുൽ ഫസൽ: "വിചാരം നന്നു്, എന്നാൽ തിരുമേനീ, ജന ങ്ങൾ അതു് സ്വീകരിക്കുമോ?"

അക്ബർ: "ഇതിലൊട്ടും നിർബ്ബന്ധമില്ല. ഇഷ്ടമുള്ളവർ സ്വീക രിക്കട്ടെ, അതില്ലാത്തവർ സ്വീകരിക്കേണ്ട. അന്യോന്യമുള്ള കലഹം കുറയുകയും, എല്ലാ മതങ്ങളിലേയും നല്ല കാര്യങ്ങൾ ഒരു മതത്തിൽ തന്നെ ജനങ്ങൾക്കു് കിട്ടുകയും ചെയ്യും. അതായിരിക്കും ഇതിൻെറ പ്രയോജനം.

ഇപ്രകാരം ചിന്തിച്ചു്, അക്ബർ, "ദീൻ ഇലാഹി" മതം നടപ്പി ലാക്കി. അതിൽ എല്ലാ മതങ്ങളിലേയും നല്ല കാര്യങ്ങൾ അടങ്ങിയി രുന്നു. ഹിന്ദുമതത്തിൽനിന്നും വളരെ കാര്യങ്ങൾ അതിലേക്കു് എടു ത്തിരുന്നു. അക്ബർ, സൂര്യനമസ്കാരം ചെയ്തിരുന്നു. കൊട്ടാരത്തിൽ ഒരു ജനാലയ്ക്കലിരുന്നു് ജനങ്ങൾക്കു് ദർശനം നൽകിയിരുന്നു.

അക്ബറുടെ കാലത്തു് "ദീൻ ഇലാഹി", കൊട്ടാരത്തിലെ മത മായി. എന്നാൽ, അതു്, പിന്നീടു് നടപ്പിൽ വന്നില്ല. അക്കാലത്തിനു മുമ്പു്, ചക്രവർത്തി, രാജ്യഭരണത്തിൻെറ തലവൻ മാത്രമായിരുന്നു. "ഉലേമാ"കളായിരുന്നു മതാധിപന്മാർ. രാജ്യഭരണത്തിൽ അവർ ധാരാളം ഇടപെടുമായിരുന്നു. എന്നാൽ, അതിനുശേഷം അക്ബർ തന്നെ മതാധിപനുമായി. ഉലേമാകളുടെ ശക്തി, എന്നെന്നേക്കുമായി കുറഞ്ഞു. ഫത്തേഹ്പുർ സീക്രിയിലെ ഇമാമിനെ മാറ്റി, അക്ബർ, തൻെറ പേരിൽ ഖുത്ബാ (സ്തുതി) വായിപ്പിക്കാൻ തുടങ്ങുകയും മതപ രമായ വഴക്കുകളിൽ അന്ത്യതീരുമാനം ചക്രവർത്തിതന്നെ ആയിരിക്കും കല്പിക്കുകയെന്നു് പ്രഖ്യാപിക്കുകയും ചെയ്തു. ഇക്കാരണത്താൽ ഉലേ

"PREMALAYAM"
PUTHIYARA
CALICUT-4.

മാമാക്ക് വളരെ അരിശമുണ്ടായി. എങ്കിലും, അവരുടെ ഉദ്ദേശംപോലെ കാര്യങ്ങൾ നടന്നില്ല.

എല്ലാ മതങ്ങളിലേയും നല്ല നല്ല കാര്യങ്ങൾ ഒരു മതത്തിലാക്കാൻ ആഗ്രഹിച്ചതുപോലെ, കലയിലും സാഹിത്യത്തിലുമുള്ള എല്ലാ നല്ല കാര്യങ്ങളും പകർത്തണമെന്നതായിരുന്നു അക്ബറുടെ താല്പര്യം. അദ്ദേഹം അനേകം സംസ്കൃതഗ്രന്ഥങ്ങളെ വിവർത്തനം ചെയ്യിച്ചു. തന്റെ ദർബാറിൽ അനേകം ചിത്രകാരന്മാക്ക് സ്ഥാനം നൽകി. അവരിൽ മുസ്ലീങ്ങളേക്കാൾ കൂടുതൽ ഹിന്ദുക്കളുണ്ടായിരുന്നു. അദ്ദേഹം ഫത്തേഹ്പുർ സീക്രിയിൽ പണികഴിപ്പിച്ച സൌധങ്ങൾ, അത്യന്തം മനോഹരങ്ങളാണ്. അതിനു കാരണം, ഹിന്ദുക്ഷേത്രങ്ങളുടെ ഗംഭീരവും സുന്ദരവുമായ ശൈലിയോടൊപ്പം പാരസികകലയുടെ വിശേഷതകളും അവയിൽ കലർത്തിയിരുന്നു എന്നതാണ്. ദില്ലിയിൽ ഹുമായൂണിന്റെ കുടീരം, ഈ മാതൃകയിലാണ് പണികഴിപ്പിച്ചിട്ടുള്ളതു്. അതിൽ പാരസികകലയുടെ വലിയ സ്വാധീനം കാണാം. എന്നാൽ, കീഴ്ഭാഗത്തിൻെറ രൂപം ഭാരതീയമാണ്. വെള്ള മാർബിളുകളും, ഭാരതീയ രീതിയിലാണ് പതിച്ചിരിയ്ക്കുന്നതു്.

വലിയ വലിയ സൌധങ്ങൾക്കു പുറമേ, അനേകം കോട്ടകൾ, സ്തൂപങ്ങൾ, സത്രങ്ങൾ, സ്കൂളുകൾ, കുളങ്ങൾ, കിണറുകൾ എന്നിവയും അക്ബർ പണികഴിപ്പിച്ചു. ഈ രാജ്യത്തെ സംസ്കാരവും ആചാരോപചാരങ്ങളുമായി അദ്ദേഹം എത്രമാത്രം സാത്മ്യം പ്രാപിച്ചിരുന്നുവെന്നു് ഇവയിൽനിന്നു് മനസ്സിലാക്കാം. വാസ്തവത്തിൽ, ഹിന്ദുക്കളുടേയും രാജപുത്രന്മാരുടേയും ഹൃദയം കവരുന്നതിൽ അദ്ദേഹം വിജയിച്ചു. അദ്ദേഹം വലിയ ഗുണകാംക്ഷിയായിരുന്നു. വളരെയധികം സജ്ജനങ്ങളും വിദ്വാന്മാരും അദ്ദേഹത്തിൻെറ ദർബാറിൽ സമ്മേളിച്ചിരുന്നു. അദ്ദേഹത്തിൻെറ നവരത്നങ്ങളിൽ അബുൽ ഫസ്ൽ, ഫൈസി, രാജാ മാനസിംഹൻ, രാജാ ബീർബൽ, രാജാ ടോഡർമൽ, താൻസേൻ എന്നിവർ വളരെ പ്രസിദ്ധരാണ്.

ഈ നവരത്നങ്ങൾ മുഖേന അക്ബർ, വളരെയധികം കാര്യങ്ങൾ ചെയ്തു. അവ മൂലം, രാജ്യത്തിനു് എല്ലാവിധത്തിലും ഉന്നതി കൈവന്നു. മാനസിംഹൻ, വീരയോദ്ധാവായിരുന്നു. അദ്ദേഹം, അനേകം യുദ്ധങ്ങളിൽ ജയിച്ചു. രാജ്യത്തു് ഐക്യവും ശാന്തിയും കൈവരുത്തുന്നതിൽ സഹായിച്ചു. രാജാ ടോഡർമല്ലിൻെറ സഹായത്തോടെ അക്ബർ, പുതിയ ഭൂനിയമങ്ങൾ നിർമ്മിച്ചു. അക്കാരണത്താൽ, കൃഷി അഭിവൃദ്ധിപ്പെട്ടു. അബുൾ ഫസ്ലും ഫൈസിയും യോദ്ധാക്കൾ മാത്രമല്ല, ഫാർസിയിലും സംസ്കൃതത്തിലും പണ്ഡിതന്മാരുമായിരുന്നു. താൻസേൻ പ്രസിദ്ധ സംഗീതജ്ഞനും ഗായകനുമായിരുന്നു. ഭാരതസംഗീതത്തിൽ അദ്ദേഹത്തിൻെറ സ്ഥാനം വളരെ ഉയർന്നതാണു്. അദ്ദേഹത്തിൻെറ രാഗങ്ങളും രാഗിണികളും വളരെ പ്രസിദ്ധമാണു്. രാജ്യഭരണസമ്പ്രദായങ്ങളിൽ കുഴപ്പങ്ങൾ തീർക്കുന്നതിൽ ചതുരനായിരുന്ന ബീർബൽ വലിയ വിനോദപ്രിയനുമായിരുന്നു. അക്ബറിൻേറയും ബീർബലിൻേറയും നർമ്മകഥകൾ പ്രസിദ്ധങ്ങളാണു്.

ഇത്രയും വിദ്വാന്മാരെ ഒരു സ്ഥലത്തു് സമ്മേളിപ്പിച്ചു്, അവരുടെ യോഗ്യതാനുസരണം അവരെക്കൊണ്ടു് പ്രവർത്തിപ്പിയ്ക്കുകയെന്നതു് അക്ബറിൻെറ ജോലിയായിരുന്നു. ഇതുമൂലം രാജ്യത്തിനു് സാമ്പത്തികവും ഭരണപരവും സാംസ്കാരികവുമായ ഉന്നതി സിദ്ധിച്ചു. ഇക്കാരണത്താലാണു് അക്ബർ മഹാനെന്നു് വിളിയ്ക്കപ്പെട്ടുന്നതു്.

1605 ഒക്ടോബർ 17-ാംനു- അക്ബർ നിര്യാതനായി. അതിനുശേഷം അദ്ദേഹത്തിൻെറ പുത്രൻ സലീം, ജഹാംഗീറെന്ന പേരിൽ സിംഹാസനസ്ഥനായി.

# ടോഡർമൽ



ഭാരതത്തിലെ മഹാന്മാരായ ഭരണകർത്താക്കളിലൊരാളായിട്ടാണ് ടോഡർമൽ ഗണിയ്ക്കപ്പെടുന്നതു്. അദ്ദേഹം ജനിച്ചതു് ഒരു രാജകുടുംബത്തിലായിരുന്നില്ല. എന്നിട്ടും, അദ്ദേഹത്തെ ഏതു കാര്യം ഭരമേല്പിച്ചാലും, അതൊക്കെ എത്രയോ ഭംഗിയായി നിറവേററുമായിരുന്നതു കാരണം, ഒരു സാധാരണ മുൻഷിയുടെ സ്ഥാനത്തുനിന്നു് ഉയന്നു് അക്ബറുടെ സാമ്രാജ്യത്തിലെ ഏററവും വലിയ സ്ഥാനത്തെത്തിച്ചേരാൻ അദ്ദേഹത്തിനു് കഴിഞ്ഞു. അക്ബർ അദ്ദേഹത്തിനു് രാജാ എന്ന ബഹുമതി നൽകി. അദ്ദേഹത്തെ അക്ബറിൻെറ രാജസഭയിലെ നവരത്നങ്ങളിലൊന്നായി ഗണിയ്ക്കപ്പെട്ടിരുന്നു.

ഉത്തർപ്രദേശിലെ സീതാപൂർ ജില്ലയിൽ ലഹർപൂർ എന്നു പേരുള്ള ഗ്രാമത്തിലാണു് അദ്ദേഹം ജനിച്ചതു്. അക്കാലത്തു്, സർക്കാരുദ്യോഗസ്ഥന്മാർ, കൃഷിക്കാരോടു് വളരെയധികം അന്യായം കാണിയ്ക്കാറുണ്ടായിരുന്നു. അവക്കു് തോന്നിയതുപോലെ നികുതി ഈടാക്കുകയും ചെയ്യിരുന്നു. കൃഷിക്കാരോടുള്ള അന്യായത്തിനു് അറുതി വരുത്താൻ ടോഡർമൽ ആഗ്രഹിച്ചു. അതുകൊണ്ടു്, ഖജനാവിൽ കൂടുതൽ കൂടുതൽ പണം വന്നുചേരാനും, കൃഷിക്കാർ അന്യായത്തിൽനിന്നു് വിമുക്ത

രാകാനും തക്ക പരിഷ്കാരങ്ങൾ അദ്ദേഹം തൻെറ മേലുദ്യോഗസ്ഥന്മാരുടെ മുമ്പാകെ വച്ചു. ക്രമേണ, അദ്ദേഹത്തിൻെറ പേരു് അക്ബറുടെ ചെവിയിലുമെത്തി. 1573ൽ അക്ബർ ഗുജറാത്തു് കീഴടക്കിയപ്പോൾ, ആ പ്രവിശ്യയിലെ ഭൂമിസമ്പ്രദായത്തിനു് വ്യവസ്ഥയുണ്ടാക്കാൻ ടോഡർമലിനെ അയച്ചു. അവിടെ അദ്ദേഹം ഭൂമി അളപ്പിച്ചു് അതിൻെറ തരം, ക്ഷേത്രഫലം, അളവിൻെറ തോതു് എന്നിവയെ അടിസ്ഥാനമാക്കി നിലനികുതി നിശ്ചയിച്ചു. രണ്ടു വർഷത്തിനുള്ളിൽ ഗുജറാത്തിൽ ശാന്തി കളിയാടി. കൃഷിക്കാർക്കു് സുഖവും സമൃദ്ധിയും കൈവന്നു. രാജ്യത്തിൻെറ ഖജനാവിൽ ധാരാളം പണം വന്നു ചേർന്നു. ഇതിൽ സന്തോഷിച്ച അക്ബർ സാമ്രാജ്യത്തിലെ ഭൂമി മുഴുവൻ വ്യവസ്ഥപ്പെടുത്താൻ ടോഡർമലിനെ ചുമതലപ്പെടുത്തി.

ടോഡർമൽ സാമ്രാജ്യത്തെ മുഴുവനും 182 പർഗനകളായി വിഭജിച്ചു. ഓരോ പർഗനയിൽനിന്നും ഒരു കോടി രൂപ വാർഷികനികുതി പിരിഞ്ഞുകിട്ടി. 'കരോഡി'യെന്നു് വിളിക്കപ്പെടുന്ന ഒരു ഉദ്യോഗസ്ഥൻെറ കീഴിലായിരുന്നു ഓരോ പർഗനയും. എന്നാൽ ഈ 'കരോഡി'കൾ വലിയ ദുർമ്മോഹികളായിരുന്നു. കൃഷിക്കാരിൽനിന്നു് അവർ തോന്നിയതുപോലെ നികുതി വസൂലാക്കിക്കൊണ്ടിരുന്നു. ഇതു സംബന്ധിച്ച ആവലാതികൾ അക്ബറുടെ അടുത്തെത്തിയപ്പോൾ, അദ്ദേഹം, ടോഡർമലിനെ 'ദീവാനേ അഷറഫ്' (റവന്യൂ വിഭാഗത്തിൻെറ മേലദ്ധ്യക്ഷൻ) ആയി നിയമിക്കുകയും ഈ വിഭാഗത്തിൽ പരിഷ്കാരങ്ങളേർപ്പെടുത്താൻ അദ്ദേഹത്തിനു് പൂർണ്ണാധികാരങ്ങൾ നൽകുകയും ചെയ്തു.

ടോഡർമൽ, 'കരോഡി'കൾക്കു് കഠിനശിക്ഷകൾ നൽകിത്തുടങ്ങി. അനവധി കരോഡികൾ ജയിലിലടക്കപ്പെട്ടു. കുറേപ്പേർ ജയിലിൽ വച്ചുതന്നെ മരിച്ചു. മുമ്പു് ചണച്ചരടുകൊണ്ടാണു് ഭൂമി അളന്നിരുന്നതു്. അതു കാരണം വലിയ തെററുകളുമുണ്ടായി. ഈ ചരടു്, നനയുമ്പോൾ ചുരുങ്ങി ചെറുതാകുമായിരുന്നു. ഉണങ്ങുമ്പോൾ, നീണ്ടു്

"PREMALAYAM"
PUTHIYARA
CALICUT-4.

വല്യതാകുകയും ചെയ്തിരുന്നു. ഈ രീതിയിൽ ആ ചരടുകൊണ്ടു് ശരിയായി അളക്കുവാൻ സാധ്യമല്ലായിരുന്നു. അതിനാൽ, ടോഡർമൽ, മുളകളിൽ ഇരുമ്പു വളയങ്ങളിട്ടു് ചങ്ങലകളുണ്ടാക്കിച്ചു. ഇത്തരത്തിൽ സാമ്രാജ്യത്തിലെ ഭൂമി മുഴുവനും അളപ്പിച്ചു. പട്‌വാരികളോടു് (റിക്കാർഡ് സൂക്ഷിപ്പുകാർ) അവരവരുടെ പ്രദേശത്തിൻെറ (അളവുകൾ കടലാസ്സിൽ കുറിച്ചിടണമെന്നും അതിൻെറ നക്കലുകൾ റവന്യൂ വിഭാഗത്തിനയയ്ക്കണമെന്നും ടോഡർമൽ ആജ്ഞാപിച്ചു. എന്നാൽ എത്ര നികുതി ചുമത്തണം? ഈ പ്രശ്നം പരിഹരിയ്ക്കാൻ ഇതു് മതിയായിരുന്നില്ല. ചില ഭൂമികളിൽ നല്ല കൃഷിയുണ്ടായിരുന്നു. ചിലതിൽ സാമാന്യമായിരുന്നു. ചില ഭൂമികൾ കൃഷിയ്ക്കുപയുക്തമായിരുന്നില്ല. ടോഡർമൽ ഭൂമികളെ നാലായി തരംതിരിച്ചു. ഓരോന്നിനും വെവ്വേറേ പേരുകളും ഇട്ടു. ''പോലജ്'', ''പഡ്തി'', ''ചാചർ'', ''ബഞ്ജർ'' എന്നിവയാണു് ആ പേരുകൾ. ഏററവുമധികം ഫലഭൂയിഷ്ഠമായ ഭൂമി ''പോലജ്'' എന്നു് വിളിയ്ക്കപ്പെട്ടിരുന്നു. അതിൽ വർഷത്തിൽ രണ്ടുതവണ കൃഷി നടന്നിരുന്നു. രണ്ടാം വർഷം കൃഷി നടത്താത്തതും, എന്നാൽ, വിളവു് കുറവില്ലാത്തതുമായ ഭൂമിയായിരുന്നു 'പഡ്തി'. 'ചാചർ' ഭൂമി, മൂന്നാലുവർഷങ്ങൾവരെ പാഴ്‌നിലമായി ഇട്ടിരുന്നതും വിളവു് വളരെ കുറച്ചു് ഉണ്ടാകുന്നതുമായിരുന്നു.

പിന്നീടു്, എല്ലാ പ്രകാരത്തിലുമുള്ള ഭൂമികളെ സംബന്ധിച്ചു്, ഒരു ബീഘയിൽനിന്നു് (120 ചതുരശ്ര അടി വിസ്തീർണ്ണമുള്ള സ്ഥലമാണു് ഒരു ബീഘ) കിട്ടുന്ന ശരാശരി വിളവു് കണക്കാക്കി നികുതി നിശ്ചയിച്ചു. മുമ്പു് പണ്ടങ്ങളായിട്ടാണു് നികുതി ഈടാക്കിയിരുന്നതു്. ടോഡർമൽ, കഴിഞ്ഞുപോയ പത്തു വർഷങ്ങളിലെ ധാന്യവിളവിൻെറ ഏററക്കുറച്ചിലിൽനിന്നു് ശരാശരി കണക്കാക്കി രൊക്കം പണമായി ഭൂനികുതി ഈടാക്കുകയെന്ന സമ്പ്രദായം നടപ്പാക്കി. എങ്കിലും, കൃഷിക്കാർക്കു് വേണമെങ്കിൽ, ഭൂനികുതി ധാന്യമായി ഒടുക്കാനുള്ള സ്വാതന്ത്ര്യവും അവർക്കു് അനുവദിച്ചു കൊടുത്തിരുന്നു.

ഇത്രയും മാത്രമല്ല ടോഡർമൽ ചെയ്തത്. ക്ഷാമകാലത്തും കഠിനമായ മററു ദുരിതകാലങ്ങളിലും ഭൂനികുതി കുറയ്ക്കുകയും തീരെ ഇളച്ചു കൊടുക്കുകയും ചെയ്യുന്ന രീതിയും, അദ്ദേഹം നടപ്പാക്കി. കൃഷിക്കാരുടെ സഹായത്തിനായി സക്കാർ ഖജനാവിൽനിന്നു് രൊക്കം പണം നൽകുന്ന ഏർപ്പാടും, അദ്ദേഹം നടപ്പാക്കി. അതിനാണു് 'തക്കാവി' യെന്നു് പറയുന്നതു്.

ഇതിൻെറ ഫലമായി, കൃഷിക്കാക്കു് ടോഡർമൽ ദേവതുല്യനും അവരോടു് അന്യായം കാണിച്ചിരുന്ന സക്കാരുദ്യോഗസ്ഥന്മാർ യമതുല്യരുമായി.

രാജ്യത്തെ ഉദ്യോഗങ്ങളിൽ ഹിന്ദുക്കളും ഭാഗഭാക്കുകളാകണമെന്നും അവരും മുസൽമാൻമാരെപ്പോലെ ഉന്നതപദവികളിൽ എത്തണമെന്നും ടോഡർമൽ ആഗ്രഹിച്ചിരുന്നു. അതിനാൽ ഭൂനികുതിയുടെ കണക്കുപുസ്തകങ്ങൾ ഫാർസിയിൽ (പേഷ്യൻ) തയ്യാറാക്കാൻ തുടങ്ങി. അപ്പോൾ ഹിന്ദുക്കൾക്കും ഫാർസി പഠിക്കേണ്ടിവന്നു. അതുമൂലം അവക്കു് പ്രയോജനമുണ്ടായി. അവക്കും കൂടുതൽ കൂടുതൽ ഉയന്ന സക്കാരുദ്യോഗങ്ങൾ കിട്ടിത്തുടങ്ങി.

അക്കാലത്തു് രാജ്യഭരണത്തിൽനിന്നു് മതത്തെ വേർതിരിക്കുക വളരെ പ്രയാസമായിരുന്നു. എന്നാൽ ഈ വഴിക്കും ടോഡർമൽ ശ്രദ്ധ ചെലുത്തി. ഹിന്ദുക്കളായതുകൊണ്ടു് മാത്രം അവരുടെ മേൽ ജസ്യാ എന്ന പേരുള്ള കരം ചുമത്തിയിരുന്നതു്, അദ്ദേഹത്തിനിഷ്ടപ്പെട്ടിരുന്നില്ല. ഇക്കാര്യം അദ്ദേഹം അക്ബറുടെ ശ്രദ്ധയിൽ പെടുത്തി. അക്ബർ ജസ്യാ എടുത്തുകളഞ്ഞു.

ടോഡർമൽ തീവ്ര ഹൈന്ദവവിശ്വാസിയായിരുന്നു. എന്നാൽ അക്കാര്യം മറച്ചുവച്ചിരുന്നില്ല. ദിവസവും പൂജ ചെയ്തിരുന്നു. പൂജ പൂത്തിയാകാതെ, ഒരു ജോലിയും ചെയ്തിരുന്നില്ല. എന്നാൽ, സമയത്തിൻെറ വിലയും അദ്ദേഹം മനസ്സിലാക്കിയിരുന്നു. വീട്ടിനുള്ളിൽ അദ്ദേഹം കുർത്തയും (ഷർട്ടും) ധോത്തിയും ധരിച്ചിരുന്നു. എന്നാൽ ദർബാ

റിന്് പോകുമ്പോൾ പൈജാമായും ചോഗയുമാണ് ധരിച്ചിരുന്നതു്. തുക്കികളുടെ ഭരണമായിരുന്നതുകൊണ്ടു്, അദ്ദേഹവും തുക്കികളുടെ വേഷമണിഞ്ഞു് കുതിരസ്സവാരി ചെയ്യാൻ തുടങ്ങി. തുക്കികളുടെ ഭാഷ പഠിച്ചതുകൊണ്ടോ, അവരുടേതുപോലുള്ള വസ്ത്രങ്ങളണിഞ്ഞതുകൊണ്ടോ, ഒരു ഹിന്ദുവും തുക്കി ആകുകയില്ലെന്നു് അദ്ദേഹം പറയുമായിരുന്നു. തങ്ങളുടെ മതമാചരിച്ചുകൊണ്ടുതന്നെ ഹിന്ദുക്കൾക്കു് തുക്കികളുടെ സർക്കാരിൽ ഭാഗഭാക്കാകാൻ കഴിയും. അക്ബറുടെ "ദീൻ ഇലാഹി" എന്ന മതം, അബുൽ ഫസ്‌ലിനെപ്പോലുള്ള തീവ്രമുസ്ലീമും ബീർബലിനെപ്പോലുള്ള തീവ്രഹിന്ദുവും സ്വീകരിച്ചിരുന്നു. എന്നാൽ ടോഡർമൽ ഈ മതം സ്വീകരിച്ചില്ല.

ടോഡർമൽ, റവന്യൂവിഭാഗം മാത്രമല്ല നടത്തിയിരുന്നതു്. നല്ല ഒരു സേനാപതിയുമായിരുന്നു അദ്ദേഹം. മററു സേനാനായകന്മാർ പരാജിതരായിപ്പോയ യുദ്ധങ്ങൾക്കു് അക്ബർ, പല തവണയും ടോഡർമല്ലിനെ നിയോഗിച്ചിരുന്നു. രാജധാനിയിൽ നിന്നു് വളരെ ദൂരത്തായിരുന്നതുകൊണ്ടു്, ബംഗാളിൽ മിക്കവാറും കലാപങ്ങളുണ്ടായിക്കൊണ്ടിരുന്നു. ഒടുവിൽ ബംഗാളിലെ കലാപം അമർച്ച ചെയ്യാൻ അക്ബർ ടോഡർമലിനെ അയച്ചു. ടോഡർമൽ നാലുവഷത്തെ കഠിനപ്രയത്നംകൊണ്ടു് ബംഗാളിൽ ശാന്തി കൈവരുത്തി. ഇതുപോലെ ഗുജറാത്തിൽ സഫർ സുൽത്താനെ തോല്പിച്ചു്, അവിടേയും ടോഡർമൽ സമാധാനം സ്ഥാപിച്ചു.

ടോഡർമൽ അക്ബറുടെ സേനയ്ക്കു് സംഘടനാപരമായ കെട്ടുറപ്പുണ്ടാക്കി. അക്കാലത്തു് 'മൻസബ് ദാരി' (ഒരു ഉദ്യോഗസമ്പ്രദായം) എന്ന സമ്പ്രദായമാണു് നടപ്പിലിരുന്നതു്. മൻസബ്ദാരന്മാരെ ചക്രവർത്തി നിയമിയ്ക്കുകയും അവക്കു് ശമ്പളം കൊടുക്കുകയും ചെയ്തിരുന്നു. മൻസബ്ദാർ ചക്രവർത്തിയ്ക്കു് വേണ്ടി അശ്വസൈന്യവും കാലാൾപ്പടയും തയ്യാറാക്കി നിർത്തിയിരുന്നു. എന്നാൽ, ശമ്പളം മുഴവൻ ചെലവിട്ടു്, ആവശ്യം വരുമ്പോൾ കുതിരകളെ വാടകയ്ക്കെടുത്തു് അവർ ബോദ്ധ്യപ്പെടുത്തുമായിരുന്നു. ടോഡർമൽ, കുതിരകൾക്കു് അടയാളമിടുന്ന

സമ്പ്രദായമേർപ്പെടുത്തി. അതുമൂലം മൻസബ്ദാർമാക്ക് കുതിരകളെ വാടകക്കെടുത്ത്, കണക്ക് ബോദ്ധ്യപ്പെടുത്തുന്ന പതിവ് തുടരാൻ കഴിഞ്ഞില്ല. ഇതിനു പുറമെ, മൻസബ്ദാർമാരുടേയും അവരുടെ സൈനികരുടേയും രജിസ്റ്ററും ടോഡർമൽ തയ്യാറാക്കി.

അക്ബറിന് അദ്ദേഹത്തിൻെറ ഏറ്റവും വലിയ യുദ്ധം സ്വാത് മലയിടുക്കിൽ വച്ച് അഫ്ഗാൻ പഠാണികളുമായിട്ടാണ് പൊരുതേണ്ടിവന്നത്. കാശ്മീർ കീഴടക്കാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നു. എന്നാൽ, അതിനുമുമ്പ് ഈ ചുരം പിടിച്ചെടുക്കുക അത്യാവശ്യമായിരുന്നു. ഈ പ്രദേശം പിടിച്ചടക്കാനായി അക്ബർ തൻെറ ഏററവും സമത്ഥനായ സൈന്യാധിപൻ ജൈൻ ഖാനെ അയച്ചു. ജൈൻ ഖാന് ഒന്നും സാധിച്ചില്ല. അദ്ദേഹം, വളരെയധികം സഹായം ആവശ്യപ്പെട്ടു. അപ്പോൾ ഏകദേശം 16,000 ഭടന്മാരുമൊന്നിച്ച് ബീർബലിനെ നിയോഗിച്ചു. ഈ സമരത്തിൽ പകുതിയിലധികം ഭടന്മാർ കൊല്ലപ്പെട്ടു. അവരോടൊപ്പം ബീർബലും വധിക്കപ്പെട്ടു. അപ്പോൾ അക്ബർ ടോഡർമലിനെ ഈ പ്രദേശം കീഴടക്കാനായി അയച്ചു. ടോഡർമൽ അവരെ അപ്പാടെ പരാജയപ്പെടുത്തി. അദ്ദേഹത്തിൻെറ ചിട്ടയായിരുന്നു ആ സഫലതക്കും കാരണം. മൻസബ്ദാരി സമ്പ്രദായം കാരണം, അദ്ദേഹത്തിൻെറ ഇഷ്ടത്തിനനുസരിച്ച് സേനയെ വിന്യസിക്കാൻ കഴിഞ്ഞില്ല. എങ്കിലും പോർക്കളത്തിലേക്ക് പോയ ഭടന്മാക്ക് വേണ്ട ആയുധങ്ങളുടേയും ആഹാരപദാത്ഥങ്ങളുടേയും ഏർപ്പാട്, അദ്ദേഹം അതിസാമത്ഥ്യത്തോടെ ചെയ്തിരുന്നു. സേനയെ നിത്തുന്നത് ബുദ്ധിമുട്ടുള്ള കാര്യമാണ്. എന്നാൽ അതിലും വലിയ കാര്യമാണ് അവർക്കായി വെള്ളം തുടങ്ങിയ ഭക്ഷ്യപദാത്ഥങ്ങൾ ഏർപ്പാടു ചെയ്യുകയെന്നത്.

അക്ബറിന് ടോഡർമലിനെ വലിയ വിശ്വാസമായിരുന്നു. ക്രി. പി. 1586ൽ അക്ബർ കാശ്മീരിൽ വിനോദയാത്രക്ക് പോയപ്പോൾ രാജ്യഭരണത്തിൻേറയും രാജധാനിയുടെ പരിപാലനത്തിൻേറയും സകല ജോലികളും ടോഡർമലിനെയാണ് ഏല്പിച്ചിരുന്നത്. അബുൽ ഫസ്ലും ടോഡർമലിൻെറ വിരോധികളായ മററാളുകളും അ

ദ്ദേഹത്തിൻെറ സാഹസത്തേയും രാജ്യഭരണസമ്പ്രദായങ്ങളേയും പ്രശംസിയ്ക്കുന്നതിനു് ഒട്ടും മടിച്ചിരുന്നില്ല.

ടോഡർമൽ വൃദ്ധനാവുകയും, അക്ബറിൻെറ രാജ്യഭരണം സമാധാനമായി നടക്കാൻ തുടങ്ങുകയും ചെയ്യപ്പോൾ, തൻെറ അന്ത്യകാലം ഹരിദ്വാരത്തു് താമസിച്ചു് ഭഗവാനെ ഭജിച്ചുകൊണ്ടു് കഴിച്ചുകൂട്ടാൻ അനുവദിയ്ക്കണമെന്നു് അദ്ദേഹം അക്ബറോടഭ്യർത്ഥിച്ചു. ആ അഭ്യർത്ഥന അക്ബർ സ്വീകരിച്ചു. ടോഡർമൽ ഹരിദ്വാരത്തേയ്ക്കു് തിരിച്ചു. എന്നാൽ ആ സമയത്തും അദ്ദേഹത്തിനു് പാദുഷായുടെ മററൊരു കല്പന കിട്ടി. യഥാർത്ഥ ഭഗവൽഭജനം ഈശ്വരൻെറ അടിമകളെ സേവിയ്ക്കുകയെന്നതാണെന്നു് ആ കല്പനയിൽ എഴുതിയിരുന്നു. ടോഡർമൽ കുറച്ചുദിവസംകൂടി രാജ്യഭരണത്തിൽ പങ്കെടുക്കണമെന്നു് പാദുഷാ ആഗ്രഹിച്ചിരുന്നു. പാദുഷായുടെ ഈ ആഗ്രഹം ടോഡർമല്ലിൻെറ മേൽ സ്വാധീനം ചെലുത്തുകയും അദ്ദേഹം മടങ്ങി വരുകയും ചെയ്തു. എന്നാൽ, പതിനൊന്നുദിവസം കഴിഞ്ഞു് അദ്ദേഹം വധിയ്ക്കപ്പെട്ടു. അദ്ദേഹം ഏതോ കുററത്തിനു് ശിക്ഷ നൽകിയിരുന്ന ഒരാളാണു്, ഈ കൊല ചെയ്തതു്. അങ്ങനെ 1586ൽ അദ്ദേഹത്തിൻെറ ജീവിതനാടകം അവസാനിച്ചു.

സദാ ജനങ്ങളുടെ നന്മ തൻെറ മുന്നിൽ വയ്ക്കുകയും നീതിന്യായം വളരെ കർശനമായി പാലിക്കുകയും ചെയ്തിരുന്നു, അതാണു് ടോഡർമലിൻെറ വിജയരഹസ്യം. തീവ്രഹിന്ദുവായിരുന്നിട്ടും അദ്ദേഹം മുസൽമാൻെറ സാമ്രാജ്യത്തിൽ ഏറ്റവും ഉയന്ന സ്ഥാനത്തെത്തി. രാജ്യഭരണത്തിൽ വ്യക്തിയുടെ യോഗ്യതയാണു് നോക്കേണ്ടതു്, അയാളുടെ ജാതിയോ മതമോ അല്ലെന്നു് അദ്ദേഹം തൻെറ ജീവിതത്തിലൂടെ കാണിച്ചു. അക്ബറുടെ രാജ്യത്തെ ഏററവും വലിയ പരിഷ്കർത്താവും വ്യവസ്ഥാപിത ഭരണകർത്താവുമായിരുന്നു അദ്ദേഹം. അമ്മട്ടിൽ അദ്ദേഹത്തിൻെറ പേരു് ഭാരതത്തിൻെറ ചരിത്രത്തിൽ അനശ്വരമായിരിയ്ക്കും.

2

# മഹാറാണാ പ്രതാപ്



1540 മേമാസം 6-ാം നു- മേവാഡിനു് സൌഭാഗ്യപൂർണ്ണവും ഭാരതവർഷത്തിനു് സ്മരണീയവുമായ ദിവസമാണു്. എന്തെന്നാൽ, അന്നാണു് ഉദയ്പുരിൽ റാണാ സംഗൻെറ പൌത്രനും ഉദയസിംഹ ൻെറ പുത്രനുമായ പ്രതാപശാലിയായ പ്രതാപൻ ജനിച്ചതു്.

ദൌർഭാഗ്യവശാൽ ഉദയസിംഹൻ വലിയ ഭോഗലാലസനായിരുന്നു. അദ്ദേഹം, ഇരുപതു് വിവാഹം കഴിച്ചു. അവയിൽ, അദ്ദേഹത്തിനു് അനേകം പുത്രന്മാർ ഉണ്ടായി. അവരിൽ പ്രതാപസിംഹൻ, ജഗ്മാൽ, ശക്തിസിംഹൻ എന്നിവർ പ്രത്യേകം എടുത്തുപറയപ്പെടേണ്ടവരാണു്. ഉദയസിംഹൻെറ ദുർവാസനകളുടെ മറെറാരുദാഹരണം നോക്കു-മരണത്തിനു് മുമ്പു് അദ്ദേഹം, മൂത്തമകനായ പ്രതാപനു് പകരം തൻെറ പ്രിയപ്പെട്ട റാണി ഭട്യാണിയുടെ ശൃംഗാരിയായ പുത്രൻ ജഗ്മാലിനെ രാജാവാക്കി.

ഉദയസിംഹൻെറ ഭരണകാലത്തു്, ശിവപുർ കോട്ട, ചിത്തോഡ് മുതലായ കോട്ടകൾ അക്ബറുടെ അധീനത്തിലായിരുന്നു. രാജപുത്രന്മാർക്കു് മേവാഡിൻെറ പതനം കാണാൻ കഴിഞ്ഞില്ല. ചന്ദാവത് കൃഷ്ണാജിയുടെ നേതൃത്വത്തിൽ അവർ ചോദിച്ചു:- "ശൃംഗാരിയായ

"PREMALAYAM"
PUTHIYARA
CALICUT-4.

രാജാവ് എങ്ങനെ രാജ്യത്തെ സേവിയ്ക്കും?. അയാൾ ബധിരനാണ്, ജനങ്ങളുടെ ആവലാതി കേൾക്കുകയില്ല. അയാൾ കുരുടനാണ്, രാജ്യത്തിൻെറ ദുരവസ്ഥ കാണുകയില്ല. അയാൾ ഭീരുവാണ്, രാജ്യത്തെ രക്ഷിയ്ക്കാൻ കഴിയുകയില്ല. രാജാവ്, പ്രജകളുടെ രക്ഷകനാണ്, ഭക്ഷകകനല്ല എന്ന് അയാൾ മനസ്സിലാക്കുന്നില്ല.

എല്ലാവരുടേയും ദൃഷ്ടി പ്രതാപനിൽ പതിച്ചതെന്താണ്? ശൈശവത്തിൽ തന്നെ പ്രതാപൻ, റാണാ സംഗൻെറ ശൌര്യത്തിൻേറയും പത്മിനിയുടെ ആത്മബലിയുടേയും കഥകൾ കേട്ടിരുന്നു. റാണ ചിത്തോഡിൻെറ ദുരവസ്ഥ നേരിട്ട് കണ്ടിരുന്നു. ഭാരതത്തിൻെറ അഭിമാനഗാഥകൾ കേട്ടിരുന്നു. രാജ്യത്തിനുവേണ്ടി സ്വന്തം ജീവൻ ബലി അർപ്പിയ്ക്കുകയെന്നതു്, രാജപുത്രന്മാരുടെ ധർമ്മം ആണെന്നു് അദ്ദേഹം വിശ്വസിച്ചു.

ചിത്തോഡ് താൻ തിരിച്ചെടുക്കുമെന്നു് അദ്ദേഹം, ദൃഢനിശ്ചയം ചെയ്തു.

അസ്ത്രവിദ്യയും വാൾപ്പയററും കുതിരസ്സവാരിയും പ്രതാപൻെറ കുട്ടിക്കാലത്തെ കളികളായിരുന്നു. സമരമുറകളിലും അദ്ദേഹം നിപുണനായിരുന്നു. ഇങ്ങനത്തെ ഗുണംങ്ങളും ആദർശങ്ങളുമുള്ള റാണ ഒരു മാതൃകാ മഹാറാണ തന്നെയാകണമല്ലോ.

പ്രതാപനെ മേവാഡിലെ രാജാവാക്കി. ചിത്തോഡിൻെറ ഉദ്ധാരണം തന്റെ ലക്ഷ്യവും, ആത്മബലി തന്റെ മാർഗ്ഗവുമാണെന്നു് അദ്ദേഹം പ്രതിജ്ഞ ചെയ്തു. "സമുദ്രം ശാന്തത കൈവെടിയട്ടെ, ഹിമാലയം മഹത്വവും സൂര്യൻ തേജസ്സും കൈവടിയട്ടെ, പക്ഷെ പ്രതാപൻ ജീവൻ വെടിഞ്ഞാലും പ്രതിജ്ഞ ലംഘിയ്ക്കുകയില്ല, ചിത്തോഡിൻെറ സ്വാതന്ത്ര്യം വീണ്ടെടുക്കുന്നതുവരെ ഞാൻ സ്വർണ്ണപ്പാത്രങ്ങളിൽ ആഹാരം കഴിയ്ക്കുകയില്ല, പൂമെത്തയിൽ ഉറങ്ങുകയില്ല, കൊട്ടാരങ്ങളിൽ താമസിയ്ക്കുകയില്ല, ഒരു ഉത്സവവും കൊണ്ടാടുകയില്ല, യുദ്ധത്തിൽ തൻെറ അഭിമാനം ഉൽഘോഷിയ്ക്കുകയില്ല, മീശ പിരിയ്ക്കുകയില്ല."

റാണ, മേവാഡിലെ പർവതങ്ങളെ കോട്ടകളും, ഗുഹകളെ കൊട്ടാരങ്ങളുമായി കണക്കാക്കിയിരുന്നുവെന്നുള്ളതിനു് ചരിത്രം, സാക്ഷ്യം വഹിക്കുന്നു. ഇലകളെ പാത്രങ്ങളായും, കുളങ്ങളെ കിണറുകളായും, പാറകളെ ഇരിപ്പിടങ്ങളായും, ചന്ദ്രനെ വിളക്കായും, ആകാശത്തെ മച്ചായും കണക്കാക്കി, രാജ്യത്തിൻെറ പ്രതാപവും ഗൌരവവും, കുലത്തിൻെറ അഭിമാനവും രക്ഷിച്ചു്, അദ്ദേഹം ജീവിതം മുഴവൻ ചെലവഴിച്ചു.

ശോലാപ്പൂർ യുദ്ധത്തിൽ ജയിച്ചപ്പോൾ, അക്ബറുടെ പടത്തലവനായ മാനസിംഹൻെറ മനസ്സിൽ ഇങ്ങനെ തോന്നിയത്രെ-"പ്രതാപനെ പോയിക്കാണാം. എൻെറ മാനം മര്യാദകളുടെ സ്വാധീനത്താൽ എൻെറ വാക്കു് കേട്ടു് റാണ, അക്ബറുമായി സഖ്യത്തിലേർപ്പെട്ടേക്കും."

മാനസിംഹൻെറ സന്ദേശം കിട്ടിയപ്പോൾ, അദ്ദേഹത്തെ സൽക്കരിക്കാനായി പ്രതാപൻ ഉദയസാഗർ അരുവിവരെ വന്നു. മാനസിംഹൻ, പ്രതാപനെ കാര്യം പറഞ്ഞു് മനസ്സിലാക്കാൻ വളരെ ശ്രമിച്ചുവെന്നു് ചരിത്രകാരന്മാർ പറയുന്നു. —"അങ്ങു്, ഇന്നത്തെ നില മനസ്സിലാക്കണം. അക്ബർ, ഹിന്ദുക്കളുടെ ഗുണകാംക്ഷിയാണെന്നാണു് കാണുന്നതു്. അദ്ദേഹത്തിൻെറ വിവാഹം ഹൈന്ദവരീതിയിലാണു് നടത്തിയതു്. അദ്ദേഹം 'ജസ്‌യ' നിർത്തലാക്കി. ഗോവധം നിരോധിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ടോഡർമലിനെപ്പോലുള്ള ഗണിതജ്ഞരും പൃഥ്വീസിംഹനെപ്പോലുള്ള കവികളും ബീർബലിനെപ്പോലുള്ള ഹൈന്ദവ വിദ്വാന്മാരുമായി കൂട്ടുകൂടി അക്ബർ ഹിന്ദുക്കളെപ്പോലെതന്നെ ആയിട്ടുണ്ടു്. അദ്ദേഹം മുജ്ജന്മത്തിൽ ഒരു ഹിന്ദുവായിരുന്നുവെന്നാണു് എനിക്കു് തോന്നുന്നതു്. അതുകൊണ്ടു് അദ്ദേഹം അങ്ങയുടെ ചങ്ങാതിയാകാൻ യോഗ്യനാണു്. അതല്ലെങ്കിൽ അദ്ദേഹവുമായി സദാ യുദ്ധം ചെയ്തു് നമ്മൾ നശിക്കുകയേ ഉള്ളൂ."

ഇതുകേട്ടു് റാണ പറഞ്ഞു: "എന്തുതന്നെ ആയാലും, ഞാൻ എൻെറ ഈ മാർഗ്ഗത്തിൽനിന്നു് മാറുകയില്ല. നമ്മുടെ പഴയ അഭി

മാനത്തെ ഇല്ലാതാക്കുന്ന ഈ കുറുക്കുവിചാരം എനിക്ക് മനസ്സിലാക്കാൻ കഴിയുന്നില്ല.''

റാണാപ്രതാപനിൽനിന്ന് ഈ ഉത്തരം കിട്ടിയപ്പോൾ, മാനസിംഹൻ നിശ്ശബ്ദനായിപ്പോയി. എന്നാൽ റാണയുടെ വിരുന്നിനുള്ള ക്ഷണം മാനസിംഹൻ സ്വീകരിച്ചു.

വലിയ രാജകീയാഡംബരത്തോടെ സ്വർണ്ണത്തളികകളിലും വെള്ളിപ്പാത്രങ്ങളിലും ഭക്ഷണം വിളമ്പി. മാനസിംഹൻ ചെന്നപ്പോൾ തന്നെ സ്വാഗതം ചെയ്യാനായി പ്രതാപന്റെ പുത്രനായ അമരസിംഹൻ മാത്രമേ ഉള്ളുവെന്ന് കണ്ട് മാനസിംഹൻ വിസ്മയിച്ചുപോയി. അദ്ദേഹം ചോദിച്ചു: ''എന്താ? മഹാറാണാ! എന്റെ കൂടെ ഭക്ഷണം കഴിക്കില്ലേ?''

അമരസിംഹൻ പറഞ്ഞു: ''മഹാരാജാവേ, തലവേദന കാരണം അദ്ദേഹത്തിന് വരാൻ പററിയില്ല.'' മാനസിംഹൻ ഗൗരവത്തിൽ പറഞ്ഞു: ''പെട്ടെന്നുണ്ടായ തലവേദനയുടെ കാരണം എനിക്ക് കുറച്ചൊക്കെ മനസ്സിലാകുന്നുണ്ട്.'' ''അദ്ദേഹം പരവശനാണ്'' — അമരസിംഹൻ പറഞ്ഞു.

''അങ്ങനെയാണെങ്കിൽ ഞാനും പരവശനാണ്''—മാനസിംഹൻ മറുപടി പറഞ്ഞു.

ഇതിനുള്ള മറുപടി റാണ വളരെ സ്പഷ്ടമായി ഇങ്ങനെ പറഞ്ഞയച്ചു.

''തുർക്കികളുമായി വിവാഹബന്ധത്തിലും മററും ഏർപ്പെട്ടിട്ടുള്ളവരുമൊന്നിച്ച് ഭക്ഷണം കഴിക്കുന്നത് എന്റേയും എന്റെ വംശത്തിന്റേയും അപമാനമായി ഞാൻ കരുതുന്നു.''

അന്നത്തോട്ട് നിന്ദ കാണിക്കാതെ ക്രുദ്ധനായ മാനസിംഹൻ രണ്ടു വററു ചോറെടുത്ത് തലക്കെട്ടിൽ വച്ചു. എന്നാൽ അദ്ദേഹം തിരിച്ചു പോകുന്ന സമയത്ത് പറഞ്ഞു: ''പ്രതാപാ, നിങ്ങളുടെ മാനത്തിനു

വേണ്ടി എൻെറ മാനം ഞാൻ ബലി കഴിച്ചു. നിങ്ങളുടെ മാനം തകർത്തില്ലെങ്കിൽ, എൻെറ പേരു് മാനസിംഹൻ എന്നല്ല."

പ്രതാപൻ പറഞ്ഞു: "ഇനിയത്തെ പ്രാവശ്യം യുദ്ധഭൂമിയിൽ വാൾകൊണ്ടായിരിക്കും നിങ്ങളെ സ്വാഗതം ചെയ്യുന്നതു്."

എന്നാൽ, ചരിത്രകാരന്മാർ ഈ സംഭവം പ്രാമാണികമായി കണക്കാക്കുന്നില്ല. 'ടോഡി'ൻെറ കഥകളിൽ കാണുന്ന അതിശയോക്തി കലന്ന ഇത്തരം വിവരണങ്ങൾക്കു് ചരിത്രപരമായ സംഭവങ്ങളുടെ അടിസ്ഥാനമില്ല. അനേകം യുഗങ്ങൾ കഴിഞ്ഞിട്ടും, പ്രചുരപ്രചാരത്തിലിരിക്കുന്ന റാണാ പ്രതാപനെക്കുറിച്ചുള്ള ഭാവനാസമ്പൂർണ്ണമായ അനേകായിരം കഥകളുടെ കൂട്ടത്തിൽ ഒന്നായി ഇതും ഗണിക്കപ്പെടണം.

ഇതിനിടയ്ക്കു് മറെറാരു സംഭവംകൂടി നടന്നു. വസന്തകാലത്തു്, "അഹരിയാ" ഉത്സവസമയത്തു് മഹാറാണയും ശക്തിസിംഹനും നായാട്ടിനു് പോയി. രണ്ടുപേരുംകൂടി ഒരു കൂററൻ പന്നിയെ എയ്തു വീഴ്ത്തി. ഇതിനെ സംബന്ധിച്ചു് രണ്ടുപേരും തമ്മിൽ തർക്കമായി. പ്രതാപൻ പറഞ്ഞു: "എൻെറ അമ്പാണു് ആദ്യം കൊണ്ടതു്."

ശക്തിസിംഹൻ പറഞ്ഞു: "എൻെറ ബാണം കൊണ്ടിട്ടാണു് പന്നി ചത്തതു്. അങ്ങേയ്ക്കു് ഇതിൽ അവകാശമേയില്ല."

പ്രതാപൻ അലറി: "നോക്കൂ,ശക്തിസിംഹാ, പ്രതാപൻെറ ക്രോധാഗ്നിയിൽ ആത്മാഹുതിയ്ക്കു് ശ്രമിക്കാതിരിയ്ക്കൂ."

ശക്തിസിംഹൻ മറുപടി നൽകി: "പ്രതാപനു്, തൻെറ പ്രതാപത്തിൽ അഭിമാനമുണ്ടെങ്കിൽ ശക്തിസിംഹനു് തൻെറ ശക്തിയിലും അഭിമാനമുണ്ടു്."

വാളുകൾ ഉറകളിൽനിന്നു് പുറത്തുവന്നു. ഇതിനിടയ്ക്കു്, അദ്ദേഹത്തിൻെറ ഒരു പുരോഹിതൻ അവിടെ വന്നു. വളരെയേറെ പറഞ്ഞു മനസ്സിലാക്കിയിട്ടും ശക്തിസിംഹൻ പറഞ്ഞു: "വാൾ ഉറയിൽനിന്നു് പുറത്തുവന്നു കഴിഞ്ഞു. രക്തം കുടിയ്ക്കാതെ അടങ്ങിയിരിയ്ക്കുകയില്ല."

"PREMALAYAM"
PUTHIYARA
CALICUT-4.

വാളുകൾ ചലിച്ചു. പുരോഹിതൻ രണ്ടുപേരുടേയും നടുക്ക് വന്നു നിന്നു. പുരോഹിതൻെറ ബലിദാനത്തോടെ, വാളുകളുടെ ദാഹം തീർന്നു. യുദ്ധം അവസാനിച്ചു. പക്ഷെ റാണ ശക്തിസിംഹനോട്ട് പറഞ്ഞു: "ഈ വിദ്വാൻെറ മരണത്തിന്ന് നിങ്ങളാണ് കാരണം. ഞാൻ ഇതിന്ന് നിങ്ങൾക്ക് വധശിക്ഷ തരുന്നു. എന്നാൽ ഇപ്രാവശ്യം ക്ഷമിച്ചിരിക്കുന്നു. പോകു, ഇക്ഷണം മേവാഡിൻെറ അതിത്തി കടന്നു വെളിയിൽ പോകണം."

ശക്തിസിംഹൻ പറഞ്ഞു: "ക്ഷമ! ഈ ക്ഷമ കയ്യേറിയതാണ്. പ്രതാപാ, ഓർത്തോളു, ഏതെങ്കിലും ദിവസം നിങ്ങളുടെ വലിയ നിസ്സഹായാവസ്ഥയിൽ അതു് ഞാൻ നിങ്ങൾക്ക് തിരികെത്തരും."

ഇത്രയും പറഞ്ഞിട്ട്, ശക്തിസിംഹൻ ദില്ലിക്ക് പോയി.

ഇതിൽനിന്നു് പ്രതാപൻ വിശാലഹൃദയനായിരുന്നില്ലെന്നു് നിങ്ങൾ മനസ്സിലാക്കരുതു്. അദ്ദേഹത്തിൻെറ ഉദാരമനസ്ഥിതിയുടെ ഒരു കഥ പറയാം. ഒരു ദിവസം, ഉദയസിംഹൻ വാൾത്തലയുടെ മൂച്ച് പരിശോധിക്കാൻ ശക്തിസിംഹനോട്ട് പറഞ്ഞു — "ഈ ചരട്ട് മുറിച്ചു നോക്കു."

അഞ്ചുവയസ്സുള്ള ശക്തിസിംഹൻ അതു് കേട്ടില്ല. അവൻ പറഞ്ഞു: "ചരട്ട് മുറിച്ചിട്ടാണോ വാളിൻെറ മൂച്ച് നോക്കുന്നതു്? ഇങ്ങു തരു, ഞാൻ അതിൻെറ മൂച്ച് നോക്കിത്തരാം."

അവൻ വാളുകൊണ്ട് തൻെറ വിരൽ മുറിച്ചിട്ടു. ഉദയസിംഹൻ അതു് തൻെറ അപമാനമായും കുട്ടിയുടെ അഹങ്കാരമായും വ്യാഖ്യാനിച്ചു. അപ്പോൾതന്നെ അവൻെറ തല വെട്ടിക്കളയാൻ അദ്ദേഹം ആജ്ഞാപിച്ചു. എല്ലാവരും സ്തംഭിച്ചുപോയി. ശക്തിസിംഹൻ തല കുനിച്ചു. സാല്യംബ്രാ രാജാവിന്ന് പുത്രനില്ലായിരുന്നു. അദ്ദേഹം വരം ചോദിച്ചു: "പല പ്രാവശ്യം അങ്ങ് സന്തോഷിച്ച് എനിക്ക് സമ്മാനങ്ങൾ നൽകാൻ ആഗ്രഹിച്ചു, പക്ഷെ ഞാൻ ഒരിക്കലും ഒന്നും

സ്വീകരിച്ചിട്ടില്ല. ഇന്ന് ഈ ബാലനെ എനിക്ക് ദാനമായി തന്നാലും.''

കുറച്ചു വർഷങ്ങൾക്കുശേഷം സാംലുമ്പ്രാ രാജാവിനു് ഒരു പുത്രനുണ്ടായപ്പോൾ അദ്ദേഹത്തിനു് ശക്തിസിംഹൻ ഒരു ഭാരമായി തോന്നി. മഹാറാണ ശക്തിസിംഹനെ വിളിച്ചുകൊണ്ടുവരാൻ ആളയച്ചു. സാലുംബ്രാധിപനോട്ട് പറഞ്ഞു: ''പ്രതാപനു് അവൻെറ സഹോദരനെ മടക്കി തന്നാലും.''

മാനസിംഹനെ അപമാനിക്കുകയും ശക്തിസിംഹനെ പുറംതള്ളുകയും ചെയ്ത റാണാ പ്രതാപനെ പരാജയപ്പെടുത്താൻ അക്ബർ ആഗ്രഹിച്ചു. മാനസിംഹൻെറ നേതൃത്വത്തിൽ മുഗൾഭടന്മാരും രാജപുത്രഭടന്മാരും മേവാഡിനെ ആക്രമിച്ചു. റാണക്കു് വളരെ കുറച്ചു സൈനികരേ ഉണ്ടായിരുന്നുള്ളു. ഹൽദിഘാട്ടിയിൽ വച്ചു് ഭയങ്കരയുദ്ധം നടന്നു. രാജപുത്രന്മാർ, മുഗളന്മാരോട്ട് കടുത്ത സമരം ചെയ്തു.

ഈ യുദ്ധത്തിൽ റാണ, ഉപ്പൂററികൊണ്ടു ചവിട്ടിയപ്പോൾ, അദ്ദേഹത്തിൻെറ ധീരനായ കുതിര ചേതക്, ചക്രവർത്തി കുമാരനായ സലീമിൻെറ ആനയുടെ പുറത്തു് കുതിച്ചുകയറിയതായി പറയപ്പെടുന്നു. അവന്റെ കുളമ്പു്, ആനയുടെ മസ്തകത്തിൽ പതിച്ചപ്പോൾ, മഹാറാണ, സലീമിനെ കുന്തംകൊണ്ടാക്രമിച്ചു. സലീം, അമ്പാരിയിൽ കുനിഞ്ഞിരുന്നു. ആന അയാളേയും വഹിച്ചുകൊണ്ടോടി. ആനയുടെ തുമ്പിക്കൈകൊണ്ടുള്ള അടിയേററു് ചേതകിനു് മുറിവുപററി. മഹാറാണ മടങ്ങുമ്പോൾ, രണ്ടു മുഗളന്മാർ അദ്ദേഹത്തിൻെറ പുറകേ എത്തി. അവർ കുതിരയെ ഓടിക്കുന്നതു് ശക്തിസിംഹൻ കണ്ടു. സഹോദരസ്നേഹം കുതിച്ചുപൊങ്ങി. സഹോദരനോടുള്ള മമത വിദ്രോഹത്തിനു് കാരണമായി. അദ്ദേഹത്തിനു് സഹിച്ചില്ല. നിമിഷത്തിനുള്ളിൽ രണ്ടു മുഗളന്മാരും നാലു കഷണങ്ങളാക്കപ്പെട്ടു. ശക്തിസിംഹൻ മേവാഡിനെ 'അമ്മേ' എന്നു് ഉച്ചത്തിൽ വിളിക്കാൻ ആഗ്രഹിച്ചു. പ്രതാപൻ 'സഹോദരാ' എന്നുള്ള വിളി കേൾക്കാൻ കൊതിച്ചു. വേർ

"PREMALAYAM"
PUTHIYARA
CALICUT-4.

പെട്ടിരുന്ന ആ ഹൃദയങ്ങൾ വീണ്ടും യോജിച്ചു. ഹൽദിഘാട്ടിയിൽ നിന്നും രണ്ടു മൈൽ അകലെ ബലീചാ ഗ്രാമത്തിനടുത്തുള്ള ഒരു തോട്ട് കടക്കവേ, ചേതക് താഴെ വീണ് മൃതിയടഞ്ഞു. ആ സ്ഥാനത്ത്, തൻെറ പ്രിയപ്പെട്ട ചേതകിൻെറ ഓർമ്മയ്ക്കായി പ്രതാപൻ ഒരു മേട പണികഴിപ്പിച്ചതായി പറയപ്പെടുന്നു. ആദ്യത്തെ മേട ഇപ്പോഴില്ല. എന്നാൽ അതേ സ്ഥാനത്ത് മണ്ണുകൊണ്ടുള്ള ഒരു മേട ഇപ്പോഴുമുണ്ട്. അതിൽ ഒരു കുതിരസ്സവാരിക്കാരൻെറ പ്രതിമയും ഉണ്ട്.

മുഗൾസേനയുടെ പക്ഷത്തായിരുന്നിട്ടും ശക്തിസിംഹൻ, മുഗൾ സൈനികരെ കൊന്ന് പ്രതാപനെ സഹായിച്ചതിൻെറ വിവരണം, നാടകീയതത്വങ്ങളാൽ പൂർണ്ണമാണെങ്കിലും, വിശ്വാസയോഗ്യമാണെന്ന് പറയാൻ വയ്യ. ഈ യുദ്ധത്തിൽ ശക്തിസിംഹനും മുഗൾസേനയോടൊത്തുപോയിട്ടുണ്ടായിരുന്നുവെങ്കിൽ, അബ്ദുൾ ഫസ്ൽ തുടങ്ങിയ ചരിത്രകാരന്മാർ, മുഗളസൈന്യത്തോടൊത്തുപോയിരുന്ന പ്രമുഖ രാജപുത്രരുടെ കൂട്ടത്തിൽ, തീർച്ചയായും അദ്ദേഹത്തിൻെറ പേരും എഴുതിച്ചേർത്തിട്ടുണ്ടാവുമായിരുന്നു.

റാണയുമായി യോജിച്ചശേഷം ശക്തിസിംഹൻ, മുഗളന്മാരെ പരാജയപ്പെടുത്താൻ തുടങ്ങി. ഹൽദിഘാട്ടിയിലെ ഘോരയുദ്ധം അവസാനിച്ചു. റാണ സോധാപർവ്വതങ്ങളിൽ കൂടാരമടിച്ചു. യുദ്ധത്തിൽ ജയിക്കുമെന്നുള്ള ആശ നശിച്ചപ്പോൾ അദ്ദേഹം ആജ്ഞാപിച്ചു. 'സകല വിളവുകളും കത്തിച്ചുകളയുക. സകല കൃഷികളും നശിപ്പിക്കുക, ശത്രുക്കൾക്ക് ആഹാരം കിട്ടി അവർ കൂടുതൽ ശക്തിശാലികളായിത്തീരാൻ ഇടയാകരുത്."

കഷ്ടകാലം പാരമ്യത്തിലെത്തി. പ്രതാപൻെറ കൂടെ നിന്നിരുന്ന സൈനികരും വിശന്നു മരിക്കാൻ തുടങ്ങി. അതു മാത്രമോ? റാണയുടെ കൂടാരത്തിൽപ്പോലും പുല്ലുകൊണ്ടുള്ള റൊട്ടിയാണ് ഉണ്ടാക്കിയിരുന്നത്. കൊട്ടാരം വിട്ടു; കൊട്ടാരത്തിലെ സുഖങ്ങൾ വെടിഞ്ഞു; പുല്ലുകൊണ്ടുള്ള റൊട്ടി കിട്ടാൻപോലും ഭാഗ്യമില്ലായിരുന്നു. മഹാറാണി

പ്രഭാമയി തൻെറ കൊച്ചുമകൾക്ക് പുല്ലുകൊണ്ടുള്ള ഒരു റൊട്ടി കൊടുത്തു. ഒരു കണ്ടൻ പൂച്ച അതു് തട്ടിപ്പറിച്ചുകൊണ്ടുപോയി. വിശന്നിരുന്ന കുഞ്ഞിനു് അതു് സഹിച്ചില്ല. അതു് കരയാൻ തുടങ്ങി: "വിശക്ക്ണമ്മേ, ചോറു തരൂ!"

പ്രതാപനും മനുഷ്യനായിരുന്നല്ലോ? കണ്ണുകളിൽ നിറഞ്ഞ കണ്ണീർ തടുത്തു നിത്താൻ അദ്ദേഹത്തിനു് കഴിഞ്ഞില്ല. രണ്ടു തുള്ളി കണ്ണീർ ഇററുവീണു. എന്തൊക്കെയായാലും, അദ്ദേഹം ഒരച്ഛനായിരുന്നല്ലോ? അദ്ദേഹത്തിൻെറ നെഞ്ചിലും ഹൃദയമുണ്ടായിരുന്നു. ആ ഹൃദയത്തിലും സ്നേഹമുണ്ടായിരുന്നു. ആ സ്നേഹത്തിലും വാത്സല്യമുണ്ടായിരുന്നു. അപ്പോൾതന്നെ മഹാറാണ, അക്ബറിനു് സന്ധിപത്രം എഴുതി. അദ്ദേഹം പറഞ്ഞു: "ഞാൻ വനസഞ്ചാരി ആയികൊള്ളട്ടെ. പക്ഷെ ഈ പൂപോലത്തെ കുഞ്ഞുങ്ങൾ കാട്ടിൽ അലഞ്ഞുതിരിയാനും, വിശന്നു മരിയ്ക്കാനും, ദാഹിച്ചു വലയാനും എന്തു പാപം ചെയ്തു?"

അക്ബറിനു് സന്ധിപത്രം കിട്ടി. അദ്ദേഹത്തിൻെറ സ്വപ്നം യഥാർത്ഥമായി.

പൃഥ്വീരാജ്, അക്ബറുടെ ദർബാറിലെ രാജകവിയായിരുന്നു. പ്രതാപൻെറ എഴുത്തിൻെറ വിവരം അറിഞ്ഞപ്പോൾ, അദ്ദേഹം സ്തബ്ധനായി. ഹിമാലയം ഭൂമിയിലേയ്ക്കു് കുനിഞ്ഞു് പൊടിമണ്ണുമായി സന്ധിചെയ്യുന്നതു്, അദ്ദേഹത്തിനു് സഹിക്കാൻ കഴിഞ്ഞില്ല. രാജസ്ഥാൻെറ അഭിമാനം നശിയ്ക്കുന്നതു് കാണാൻ അദ്ദേഹത്തിനു് കഴിഞ്ഞില്ല. അദ്ദേഹത്തിനു് ഒരു യുക്തി തോന്നി. അദ്ദേഹം പറഞ്ഞു: "തിരുമേനി, ഈ എഴുത്തു് പ്രതാപൻ എഴുതിയതാണെന്നു് എനിക്കു് വിശ്വസിക്കാൻ വയ്യ. ഇതു്, ശത്രുവിൻെറ വഞ്ചനയാണു്. എനിക്കു് അദ്ദേഹത്തിൻെറ കൈപ്പട നല്ലവണ്ണം അറിയാം. ഇതു് അദ്ദേഹത്തിൻെറ കയ്യക്ഷരമല്ല."

അക്ബറുടെ സ്വപ്നം ചിതറിപ്പോയി. അവിടെവച്ചു് പൃഥ്വീരാജൻ പ്രതിജ്ഞചെയ്തു: "ഞാൻ മുങ്ങുന്ന പ്രതാപനെ എൻെറ കവിതയുടെ സ്വാധീനംകൊണ്ടു് രക്ഷിയ്ക്കും."

പ്രതാപന് അദ്ദേഹം എഴുത്തയച്ചു. ഉറങ്ങിക്കിടന്ന സിംഹം സട കുടഞ്ഞെഴുന്നേററു. ആത്മാഭിമാനം രക്ഷിക്കാനുള്ള മോഹം പിന്നേയും അലയടിച്ചു. റാണ ആത്മഗതമായി പറഞ്ഞു: "പൃഥ്വീ! എനിക്ക് വഴി കാണിച്ചുതന്ന നിന്നോട്ട് ഞാൻ കൃതജ്ഞനാണ്."

അദ്ദേഹം മറുപടി അയച്ചു: "പൃഥ്വീ, ഞാൻ നിങ്ങളുടെ എഴുത്തിൻെറ പൂർണ്ണമായ മറുപടി പേനകൊണ്ടല്ല, വാളുകൊണ്ട് തരാം."

സ്വദേശസ്നേഹം പുത്രവാത്സല്യത്തെ കീഴടക്കി. മഹാസംഘാടകനായ മഹാറാണ, വീണ്ടും കാട്ടുജാതിക്കാരെ ഒന്നിച്ചുചേർത്ത് സൈനികപരിശീലനം നൽകി. മേവാഡിലെ മന്ത്രിയായ ഭാമാ ശാഹ്, തൻെറ ജീവിതസമ്പാദ്യം മുഴുവൻ റാണായുടെ കാല്ക്കൽ സമർപ്പിച്ചു. ശക്തിസിംഹനും ധാരാളം പണം കൊണ്ടുവന്നു് മഹാറാണയ്ക്കു് കാഴ്ച വച്ചു. അമരസിംഹനും യുദ്ധരംഗത്തു പോകാൻ തയ്യാറായി. മഹാറാണയുടെ അഭ്യത്ഥനപ്രകാരം എത്രയോ രാജാക്കന്മാർ, അവരുടെ സൈന്യവും സമ്പത്തും റാണയെ ഏല്പിച്ചു.

ആ ദിവസങ്ങളിലെ മറെറാരു സംഭവം പ്രതാപൻെറ ജീവചരിത്രത്തിലെ മറെറാരേടാണ്—പ്രതാപൻെറ സഹൃദയത്വത്തിന് മറെറാരു തെളിവാണ്.

മഹാറാണയുടെ പുത്രൻ അമരസിംഹൻ, റഹീം ഖാൻഖാനായുടെ താവളം ആക്രമിച്ചു. കുടിച്ചു് ബോധമില്ലാതിരുന്ന മുഗളന്മാരെ വെള്ളരിക്കയും കത്തിരിക്കയുംപോലെ വെട്ടിനുറുക്കി, മൃത്യുവിൻെറ വായിലേക്കു് എറിഞ്ഞു. അതു്, മുഗളന്മാരുടെ യുദ്ധകലയ്ക്കു് ഒരു മറുപടി തന്നെയായിരുന്നു. മടങ്ങുമ്പോൾ, അമരസിംഹൻ ആയുധങ്ങൾ തിരികെ കൊണ്ടുവന്നു. റഹീമിൻെറ പത്നിയായ സീനത്തിനേയും തടവിലാക്കി കൊണ്ടുപോന്നു. പ്രതാപൻ, ഈ വാർത്ത അറിഞ്ഞപ്പോൾ, ക്രുദ്ധനായി അലറി: "അമർ, ഇങ്ങനെ ചെയ്യുന്നതിനുമുമ്പ് നീ മരിച്ചിരുന്നെങ്കിൽ നന്നായിരുന്നേനേ. നിൻെറ വിവേകം നശിച്ചുപോ

യോ? സ്ത്രീയെ തടവുകാരിയാക്കാൻ നിനക്ക് നാണമില്ലായിരുന്നോ? പറയൂ, എന്താ മിണ്ടാത്തതു്?"

അമരസിംഹൻ മറുപടി പറഞ്ഞു: "ഞാൻ ചെയ്തതു്, തീർച്ചയായും വലിയ തെററുതന്നെയാണ്. എന്നാൽ മുഗളന്മാരെ ശിക്ഷിയ്ക്കാനായിട്ടാണ് ഇതെല്ലാം ഞാൻ ചെയ്തതു്. അവർ നമ്മുടെ ഭാൎയ്യമാരേയും പെൺമക്കളേയും എത്രയോ ഉപദ്രവിയ്ക്കുന്നു! ഭാര്യമാരേയും പെൺമക്കളേയും നഷ്ടപ്പെട്ടാൽ, മനസ്സ് എത്ര പിടയ്ക്കുമെന്ന്, ഹൃദയത്തിൽ എത്ര വേദന ഉണ്ടാകുമെന്ന് അവർക്കും ഇപ്പോൾ അനുഭവിച്ചറിയാം."

ആ സ്ത്രീയെ ഉടനെ ബഹുമാനപൂൎവ്വം റഹീമിൻെറയടുക്കൽ എത്തിയ്ക്കാൻ പ്രതാപ് ആജ്ഞാപിച്ചു.

അതിനുശേഷം, ഒന്നിനുപുറകെ ഒന്നായി യുദ്ധമുണ്ടായി. ക്രമേണ, മഹാറാണ മുപ്പത്തിരണ്ട് കോട്ടകൾ പിടിച്ചടക്കി. പക്ഷെ, ചിത്തോഡ് പിടിയ്ക്കുന്നതിനുമുമ്പ് അദ്ദേഹം വീരമൃത്യു അടഞ്ഞു.



# താൻസേൻ

ഗായകശ്രേഷ്ഠനായ താൻസേൻെറ പേരു്, ഭാരതത്തിൽ അത്യന്തം പ്രസിദ്ധമാണു്. ഇദ്ദേഹത്തിൻെറ പൂർവ്വികർ, ലാഹോറിൽനിന്നു് ദില്ലിയിലോ ഗ്വാളിയറിലോ വന്നു് താമസമുറപ്പിച്ചവരാണു്.

ക്രി. പി. 1506ൽ, ഗ്വാളിയറിൽനിന്നു് ഏഴുമൈൽ അകലെയുള്ള ബേഹട് എന്ന ഗ്രാമത്തിലാണു് താൻസേൻ ജനിച്ചതു്. (അദ്ദേഹം ജനിച്ചതു്, 1532 ലോ 1520 ലോ ആണെന്നു് ചിലർ വിചാരിക്കുന്നു) മകരന്ദ പാണ്ഡേ എന്നായിരുന്നു അദ്ദേഹത്തിൻെറ അച്ഛൻെറ പേരു്. പാണ്ഡേയെ, ചിലർ മിശ്ര എന്നും വിളിച്ചിരുന്നു. താൻസേനു് കുട്ടിക്കാലത്തു് പല പേരുകളുമുണ്ടായിരുന്നു — രാമതനു, ത്രിലോചൻ, തന്നാമിശ്ര, തൻസുഖ് എന്നിവ. പിന്നീടു്, അതാ അലി ഖാൻ, മിയാങ് താൻസേൻ എന്നീ പേരുകളിൽ പ്രസിദ്ധനായി. താൻസേൻെറ അച്ഛൻെറ ജ്യേഷ്ഠൻ ബാബാ രാമദാസ്, ഒരു മഹാഗായകനും കവിയുമായിരുന്നു. അദ്ദേഹം, വൃന്ദാവനത്തിൽ പാർത്തിരുന്ന സ്വാമി ഹരിദാസിൻെറ ശിഷ്യനായിരുന്നു. താൻസേൻ, കുട്ടിക്കാലത്തു് അദ്ദേഹത്തിൻെറ കൂടെ ഗ്വാളിയറിൽ താമസിച്ചു് പാട്ടു് പഠിച്ചുകൊണ്ടിരുന്നു. ഗ്വാളിയർകാരായ പീർ ഗൌസ് മഹമ്മദും രാമദാസും തമ്മിൽ വലിയ ചങ്ങാത്തമാ

യിരുന്നു. പീർ സാഹിബ്ബ് വലിയ സംഗീതപ്രേമിയായിരുന്നു. അദ്ദേഹത്തിന്ന് സ്വാമി ഹരിദാസുമായി വലിയ ചങ്ങാത്തമായിരുന്നു. ബാലനായ തൻസുഖിൻെറ അത്ഭുതപ്രഭയിൽ അദ്ദേഹം ആകൃഷ്ടനായി. അദ്ദേഹത്തിൻെറ നിർദ്ദേശമനുസരിച്ച്, രാമദാസ് തൻസുഖിനെ വൃന്ദാവനത്തിലേയ്ക്കയച്ചു. തൻസുഖ്, പന്ത്രണ്ട് കൊല്ലം അവിടെ താമസിച്ച് നാദബ്രഹ്മയോഗി സ്വാമി ഹരിദാസിൽനിന്ന് ഗാനങ്ങൾ പഠിയ്ക്കുകയും സംഗീതശാസ്ത്രത്തിലും സാഹിത്യത്തിലും അദ്ധ്യയനം നടത്തുകയും ചെയ്തു.

സ്വാമി ഹരിദാസ് അക്കാലത്തെ സർവ്വശ്രേഷ്ഠനായ ഗായകകവിയായിരുന്നു. അദ്ദേഹം അനന്യസാധാരണനായ ശ്രീകൃഷ്ണഭക്തനായിരുന്നു. വൃന്ദാവനനഗരിയിലായിരുന്നു അദ്ദേഹത്തിൻെറ ആശ്രമം. അവിടെ വച്ച് അദ്ദേഹം, പ്രതിഭാശാലികളായ ശിഷ്യന്മാരെ ശാസ്ത്രീയ സംഗീതം അഭ്യസിപ്പിച്ചിരുന്നു.

പന്ത്രണ്ടു വർഷത്തെ നിരന്തരസാധനയ്ക്കു ശേഷം ഗുരുവിൻെറ അനുജ്ഞയും വാങ്ങി, താൻസേൻ രാജ്യത്തെ പ്രസിദ്ധ സംഗീതകേന്ദ്രങ്ങളിലേയ്ക്ക് യാത്ര പുറപ്പെട്ടു. അനേകം സ്ഥലങ്ങളിലെ സംഗീതജ്ഞരുമായി ചർച്ച നടത്തിയ ശേഷം, വസന്തകാലത്ത് ബുന്ദേൽഖണ്ഡിൻെറ രാജധാനിയായ റീവാ നഗരത്തിലെത്തി. അവിടത്തെ മഹാരാജാവ് രാമചന്ദ്രൻ, സ്വാമി ഹരിദാസിൻെറ ഭക്തനായിരുന്നു. അദ്ദേഹത്തെ കാണാനായി താൻസേൻ കൊട്ടാരത്തിൽ ചെന്നപ്പോൾ, അദ്ദേഹം പൂജാമുറിയിലായിരുന്നു. താൻസേൻെറ ആഗമനത്തെക്കുറിച്ച് മഹാരാജാവിനെ അറിയിയ്ക്കുന്ന ജോലി ദ്വാരപാലകൻ, സങ്കോചത്തോടെ ഏററു. അപ്പോൾ, താൻസേൻ, കൊട്ടാരത്തിൻെറ പുറകിലെ പൂന്തോട്ടത്തിലിരുന്ന് തൻെറ ഗുരു രചിച്ച *'നാദ് ഗന്ധ് ഗന്ധ് സുഘഡ് ബാംകോ ഹി കിലോ—'* എന്ന ധ്രുപദം ഹിണ്ഡോല രാഗത്തിൽ പാടാൻ തുടങ്ങി. ഈ ശബ്ദം കൊട്ടാരത്തിലെത്തുകയേ വേണ്ടിയിരുന്നുള്ളു, മഹാരാജാവ്, ദാഹിച്ചുവലഞ്ഞ മാനിനെപ്പോലെ വിവശനായി, നഗ്നപാദനായി പൂന്തോട്ടത്തിലോടിയെത്തി. ദ്വാരപാലകൻ കുഴങ്ങി. മഹാരാജാവ്,

"PREMALAYAM"
PUTHIYARA
CALICUT-4.



"പ്രിയ സ്നേഹിതാ" എന്നു വിളിച്ചുകൊണ്ടു്, താൻസേനെ ആലിംഗനം ചെയ്തു. മഹാരാജാവിൻെറ സന്തോഷത്തിനു് അതിരില്ലായിരുന്നു. നേത്രങ്ങളിൽ പ്രേമാശ്രു നിറഞ്ഞു. വൃന്ദാവനത്തിൽ ഹരിദാസിൻെറ ആശ്രമത്തിൽവെച്ചു്, കണ്ടുമുട്ടിയ കഴിഞ്ഞ കാലങ്ങളെക്കുറിച്ചു് ഇരുവക്കും ഓർമ്മ വന്നു. മഹാരാജാവു്, തൻസുഖിനെ ബഹുമാനപുരസ്സരം കൊട്ടാരത്തിൽ പാർപ്പിച്ചു. രാജഭവനം, സംഗീതഭവനമായി. മഹാരാജാവിൻെറ ആഗ്രഹപ്രകാരം, റീവാ തൻെറ കേന്ദ്രമാക്കാമെന്നു് തൻസുഖ് സമ്മതിച്ചു. അദ്ദേഹത്തിൻെറ മനോഹരഗാനാലാപത്തിൽ മുഗ്ദ്ധനായ മഹാരാജാവു്, അദ്ദേഹത്തെ തൻെറ പ്രമുഖ ആസ്ഥാനഗായകനാക്കുകയും, അദ്ദേഹത്തിൻെറ പേരു്, തൻസുഖിൽനിന്നു് താൻസേൻ എന്നാക്കി മാററി വിളംബരപ്പെടുത്തുകയും ചെയ്തു. അമ്പതു വയസ്സുവരെ താൻസേൻ, റീവായിൽ സുഖമായി താമസിച്ചു. രാജബഹുമതിയും സുഖവും കിട്ടിയിട്ടും, താൻസേൻെറ സംഗീതാരാധനയിൽ ഒരു പ്രകാരത്തിലും കുറവുണ്ടായില്ല. സ്വാമി ഹരിദാസിനെ സേവിച്ചുകൊണ്ടിരുന്നതിനാൽ, താൻസേനിൽ ദേവപൂജയുടേയും ഈശ്വരഭക്തിയുടേയും സ്വാധീനം വദ്ധിച്ചുകൊണ്ടിരുന്നു. താൻസേൻ, ക്ഷേത്രങ്ങളിൽ പോയി ഭക്തജനങ്ങളെ തൻെറ മനോഹരഗാനങ്ങൾ പാടി കേൾപ്പിച്ചിരുന്നു. ഈശ്വരനെ സ്തുതിക്കുന്ന അനേകം ധ്രുപദ്ഗീതങ്ങൾ അദ്ദേഹം രചിച്ചു.

അൻപതു വയസ്സുവരെ താൻസേൻ, റീവായിൽ താമസിച്ചുകൊണ്ടിരുന്നെങ്കിലും, അദ്ദേഹത്തിൻെറ മനോഹരഗാനങ്ങളെപ്പററിയുള്ള സംഭാഷണം നാലുപാടും പരന്നു. അക്ബർ, താൻസേനെപ്പററിയുള്ള പ്രശംസ കേട്ടപ്പോൾ, റീവാ രാജാവിനെഴുതി – "താൻസേനെപ്പോലുള്ള അത്ഭുതപ്രതിഭാശാലിയായ ഗായകൻ, അമ്പതു വയസ്സുവരേയ്ക്കും അങ്ങയുടെ ദർബാറിൽ മുഖ്യഗായകനായിത്താമസിച്ചു. അങ്ങു്, അദ്ദേഹത്തിൻെറ മനോഹരമായ പാട്ടു് പല കൊല്ലം കേട്ടുകഴിഞ്ഞിരിക്കുന്നു. ഇങ്ങനെയുള്ള മഹാകലാകാരൻ, ചക്രവത്തിയുടെ കൊട്ടാരഗായകനാവേണ്ടതാണു്. അതിലേ അദ്ദേഹത്തിനു ശോഭയുണ്ടാകൂ. താൻസേനെ നിശ്ചയമായും അയച്ചുതരണം".

ഈ കത്തു വായിച്ച താൻസേനും റീവാരാജാവിനും ഇടിവെട്ടേററതുപോലെ തോന്നി. ആരാണോ രാജാവായിട്ടുകൂടിയും ഒരു കലാകാരനെ പ്രിയബന്ധുവായിക്കരുതിയതു്, ആരുടെ ആശ്രയത്തിലാണോ അമ്പതു വയസ്സുവരെ കലാരാധന നടത്തപ്പെട്ടതു്, ആരുടെ പ്രജകളാണോ കലാകാരനെ ദേവസ്വരൂപനായിക്കരുതി അദ്ദേഹത്തിൻെറ കലയിൽ സദാ ശ്രദ്ധാഞ്ജലി അർപ്പിച്ചിരുന്നതു്, അദ്ദേഹവുമായി എന്നെന്നേയ്ക്കും വേർപിരിയുകയെന്നുള്ളതു്, ഏതെങ്കിലും പാഷാണഹൃദയനു് സാധ്യമായിരിയ്ക്കാം. എന്നാൽ, ഒരു ഭാവുകകലാകാരനു് സാധ്യമല്ല. ഈ വാർത്ത, പ്രജകൾക്കിടയിലും കട്ടത്ത നിരാശ പരത്തി. ബുന്ദേൽഖണ്ഡ് രാജധാനിയിലെ മംഗളമയമായ വാതാവരണം ശോകമയമായി. താൻസേൻ പൊട്ടുന്നനവെ രോഗിയായെന്ന അശുഭവാർത്ത പിറേറന്നു് നഗരത്തിൽ പരന്നു. "കുറച്ചു നാളായി താൻസേൻെറ ആരോഗ്യം വഷളായി വരികയാണു്. ഞാൻ അദ്ദേഹത്തെ ചികിത്സിയ്ക്കുന്നുണ്ടു്. ആരോഗ്യം മെച്ചപ്പെട്ടാൽ ഉടൻതന്നെ, താൻസേനെ ചക്രവർത്തിയെ സേവിയ്ക്കാനായി റീവാ രാജാവു്, ആഗ്രായിലേയ്ക്കയയ്ക്കുന്നതാണു്" എന്നു് പറഞ്ഞു് രാജവൈദ്യൻ, അക്ബർ ചക്രവർത്തിയുടെ സന്ദേശവാഹകനെ ബഹുമാനപുരസ്സരം യാത്രയയച്ചു.

സന്ദേശവാഹകൻ ആഗ്രായിലെത്തി, റീവാ രാജാവിൻെറ മറുപടിയും റീവാനഗരത്തിലെ പ്രജകളുടെ ശോകാതുരമായ അവസ്ഥയും അക്ബർ ചക്രവത്തിയെ അറിയിച്ചു. രാജകല്പന, ഉഗ്രമാണു്. കുറേനാൾ കഴിഞ്ഞു്, സമർത്ഥനായ മന്ത്രി ബീരബലിൻെറ നിർദ്ദേശമനുസരിച്ചു്, അക്ബർ ഒരു വലിയ സൈനികാധികാരിവശം റീവാ രാജാവിനു് മറെറാരു കത്തു് കൊട്ടുത്തയച്ചു. അതിൽ ഇങ്ങനെ എഴുതിയിരുന്നു:— താൻസേൻെറ പാട്ടു് കേൾക്കുന്നതിനു്, ചക്രവർത്തിയും എല്ലാ രാജസഭാംഗങ്ങളും വളരെ ഉത്സുകരാണു്. അദ്ദേഹത്തിൻെറ ആരോഗ്യം ഇപ്പോൾ നന്നായിരിയ്ക്കുമെന്നു് ആശിയ്ക്കുന്നു. ആരോഗ്യത്തിനു് എന്തെങ്കിലും കുറവുണ്ടെങ്കിൽ, ആഗ്രായിലെ ഷാഹി ഹക്കീം (രാജവൈദ്യൻ) അദ്ദേഹത്തെ ദ്രവേഗത്തിൽ പൂർണ്ണാ

രോഗ്യവാനാക്കും. റീവാ രാജാവും അദ്ദേഹത്തിൻെറ പ്രജകളും താൻസേനെ വളരെ ഇഷ്ടപ്പെട്ടുന്നുവെന്നു് നാം മനസ്സിലാക്കുന്നു. താൻസേനു് റീവായിൽ പോകാനും വരാനുമുള്ള സ്വാതന്ത്ര്യമുണ്ടായിരിക്കും. താൻസേനെ ഭാരതസാമ്രാട്ടിൻെറ 'രാജഗായകൻ' എന്നു വിളിക്കുന്നതു് അഭിമാനകരമാണെന്നു് കരുതണം. റീവാരാജാവു്, ഹിന്ദുസ്ഥാൻ ചക്രവർത്തിയുടെ മഹിമ വർദ്ധിപ്പിച്ചു്, അദ്ദേഹത്തെ പ്രസന്നനാക്കുന്നതാണു് നല്ലതു്.''

അക്ബർ ചക്രവർത്തിയുടെ ഈ കല്പന വായിച്ച ശേഷം, റീവാ രാജാവു് താൻസേനും മന്ത്രിമണ്ഡലവുമായി വളരെ നേരം ആലോചന നടത്തി. അപ്പോൾ, റീവാരാജാവിനേയും പ്രജകളേയും ധർമ്മസങ്കടത്തിൽനിന്നു് രക്ഷിക്കാനായി ആഗ്രായിൽ പോകാമെന്നു് താൻസേൻ സമ്മതിച്ചു.

താൻസേൻ വിടവാങ്ങിയ രംഗം വളരെ ഹൃദയഭേദകമായിരുന്നുവെന്നു് പറയപ്പെടുന്നു. തൻെറ പ്രിയപുത്രി ഡോലിയിൽ കയറി യാത്ര പറയുമ്പോൾ ഗ്രാമത്തലവനും ഗ്രാമവാസികളും കരയുന്നതുപോലെ, ബുന്ദേൽഖണ്ഡിൻെറ രാജാവും രാജധാനിലെ ജനങ്ങളും കരയാൻ തുടങ്ങി. പല്ലക്കിലിരുന്നു് താൻസേൻ, ഇതൊന്നും സഹിക്കാൻ വയ്യാതെ കണ്ണടച്ചുകളഞ്ഞു. അല്പസമയത്തിനു ശേഷം, ക്ഷണനേരത്തേക്കു് പല്ലക്കു് നിറുത്തി. താൻസേൻ വെളിയിലേക്കെത്തിനോക്കിയപ്പോൾ എന്താണു് കണ്ടതു്? ഭാവുകസംഗീതഭക്തനായ റീവാ രാജാവു്, പല്ലക്കു് വലത്തേ തോളിലേന്തിയിരിക്കുന്നു! താൻസേൻ പല്ലക്കിൽനിന്നു് ചാടിയിറങ്ങി കൊട്ടാരത്തിലേക്കു് മടങ്ങിപ്പോകണമെന്നു് റീവാ രാജാവിനോടപേക്ഷിച്ചു. താൻസേൻ ഇങ്ങനെ വാക്കുകൊടുത്തു–''മഹാരാജാധിരാജ രാമചന്ദ്രൻ! എൻെറ പല്ലക്കു് വലത്തേ തോളിലെടുത്തു്, എനിക്കു് അവർണ്ണനീയമായ ബഹുമതി നൽകിയിരിക്കുന്നു. അതുകൊണ്ടു് ഞാൻ. വലത്തെ കൈകൊണ്ടു് ഒരു ചക്രവർത്തിയേയും ഒരിക്കലും സലാം ചെയ്യുകയില്ല.''

ഫത്തേഹ്പൂർ സീക്രിയിൽ എത്തിയപ്പോൾ, സ്തുതിപാഠകനായ ഒരു സൈനികോദ്യോഗസ്ഥൻ, താൻസേൻെറ ഈ പ്രതിജ്ഞയെപ്പററി അക്ബറിനോട്ട് മറെറാരു തരത്തിൽ പറഞ്ഞു് ആവലാതിപ്പെട്ടു. മുഗൾ ദർബാറിലെത്തിയ താൻസേൻ, അക്ബറിനെ വലതു കൈ കൊണ്ടല്ല ഇടതു കൈ കൊണ്ടാണു് സലാം ചെയ്തതു്. ഇതു കണ്ടു് അക്ബർ മന്ദഹസിച്ചുകൊണ്ടു് പറഞ്ഞു:— "താൻസേൻ പുതുതായി വന്നതാണു്. എന്നാൽ വലിയ ബുദ്ധിശാലിയാണു്. വളരെ വേഗത്തിൽ മുഗൾ ദർബാറിലെ രീതികൾ പഠിച്ചുകൊള്ളും. ഇപ്പോൾ പാട്ടു് തുടങ്ങിക്കൊള്ളുക".

താൻസേനോട്ടു് നിലത്തിരുന്നു് പാടാൻ, ഒരു ഉദ്യോഗസ്ഥൻ പറഞ്ഞു. അതു്, തന്നോടുള്ള അനാദരവും സംഗീതവിദ്യയ്ക്കുള്ള അപമാനവുമായിട്ടാണു് താൻസേൻ വീക്ഷിച്ചതു്. ഇഷ്ടമില്ലാതിരുന്നിട്ടും അദ്ദേഹം, ഒരു ധ്രുപദ് ഗാനം പാടാൻ തുടങ്ങി. അദ്ദേഹത്തിൻെറ ഇമ്പവും ഗംഭീരവുമായ ശബ്ദവും മനോഹരമായ ഗാനവും കേട്ടു് എല്ലാ രാജസഭാംഗങ്ങളും ഉന്മത്തരായി തലയാട്ടിത്തുടങ്ങി. നാലുവശത്തുനിന്നും "വാഹ്-വാഹ്" എന്നും "സുബ്ഹാൻ അല്ലാഹ്" എന്നുമുള്ള വിളികൾ മുഴങ്ങിത്തുടങ്ങി. സഭ പിരിച്ചുവിട്ടശേഷം താൻസേൻ, തൻെറ കൂടാരത്തിൽ വന്നു് രോഗം നടിച്ചു് കിടന്നു. പിറേറന്നുതന്നെ അദ്ദേഹത്തിൻെറ രോഗവാർത്ത പരന്നു. ഒരു ദിവസം ചക്രവർത്തിയുടെ അടുക്കൽ നിന്നു് രാജാ ബീർബൽ, താൻസേൻെറ പക്കൽവന്നു്, സഹാനുഭൂതി നിറഞ്ഞ വാക്കുകളിൽ രോഗത്തിൻെറ കാരണമാരാഞ്ഞു. അപ്പോൾ, താൻസേൻ ഇങ്ങനെ പറഞ്ഞു:— "ഇവിടെ എൻെറ മനസ്സു് നിൽക്കുന്നില്ല. അതുകൊണ്ടു് എൻെറ ആരോഗ്യവും നശിച്ചു തുടങ്ങിയിരിക്കുന്നു. റീവാ രാജാവു്, എന്നെ 'സ്നേഹിതൻ' എന്നു വിളിച്ചു്, രാജസഭയിൽ ഉയർന്ന സ്ഥാനം നൽകിയിരുന്നു. രാജസഭയിൽ ദർബാറിൽ പരവതാനിയിലിരുന്നു് പാടിയതിനാൽ, എനിക്കു മാത്രമല്ല അനാദരവു് നേരിട്ടതു്. സംഗീതത്തെപ്പോലെ സർവ്വശ്രേഷ്ഠമായ കലയ്ക്കും അപമാനം സംഭവിച്ചിരിക്കുന്നു. ദൈവത്തെയോർത്തു് എന്നെ ഇവിടെ നിന്നു് യാത്രയയച്ചാലും"

ബീർബൽ:— അക്ബർ വലിയ ഗുണകാംക്ഷിയാണ് അങ്ങയുടെ പാട്ടിലും സഭാചാതുര്യത്തിലും മുഗ്ദ്ധനാണദ്ദേഹം. അങ്ങയെപ്പോലുള്ള കലാകാരന്മാർ ഈ രാജധാനിയിൽതന്നെ താമസിക്കേണ്ടതാവശ്യമാണ്. അങ്ങയുടെ അത്ഭുതസംഗീതം ദൈവദത്തമാണ്. ഈശ്വരകൃപ കൊണ്ടുതന്നെയാണ് അക്ബർ ഹിന്ദുസ്ഥാനിലെ ചക്രവത്തിയായിരിക്കുന്നതു്. ദർബാറിൽ അങ്ങേയ്ക്കും 'രത്ന'മെന്ന സ്ഥാനം നൽകണമെന്ന് ഞാൻ അദ്ദേഹത്തോട്ട് അപേക്ഷിക്കാം. അദ്ദേഹം, എൻെറ വാക്ക് എപ്പോഴും കേൾക്കാറുണ്ട്, വലിയ ഉദാരമതിയാണദ്ദേഹം."

ബീർബലിൻെറ ഉപദേശമനുസരിച്ച് താൻസേനെ തൻെറ ദർബാറിലെ രത്നമാക്കാനെന്ന് അക്ബർ സമ്മതിച്ചു. എന്നാൽ, ദർബാറിൽ അക്ബറിൻെറ ജന്മദിനത്തിൽ, താൻസേൻ വീണ്ടും പാടണമെന്ന് ഒരു നിബന്ധനകൂടി വച്ചു.

ഈ വാർത്ത ആഗ്രായിൽ പരന്നതോടെ, താൻസേൻെറ ഗുരുവിൻെറ മറെറാരു ശിഷ്യനായ ചാന്ദ്ഖാനും (മുമ്പ് സോമനാഥ്) സൂരജ്ഖാനും (മുമ്പ് പണ്ഡിത് ദിവാകർ) കലാമർമ്മജ്ഞരായ മററനേകം രാജസഭാംഗങ്ങളും ക്രുദ്ധരായി. അവർ, ഷേഖ് അഫ്സലും മററു മന്ത്രിമാരും വഴി, അക്ബറിനെ ഇങ്ങനെ അറിയിച്ചു:— ദർബാറിൽ എല്ലാ ഗായകന്മാരുടേയും മുമ്പിൽവെച്ച് താൻസേൻ ചാന്ദ്ഖാനേയും സൂരജ്ഖാനേയും മത്സരത്തിൽ തോല്പിക്കുകയാണെങ്കിൽ, അദ്ദേഹത്തിന് മുഗൾ ദർബാറിൽ 'രത്ന'മെന്ന പദവിയും ഭാരിച്ച ഇനാമും നൽകുന്നതാണ്.

അക്ബറിൻെറ പിറന്നാൾ പ്രമാണിച്ച്, മൂന്നു ദിവസം പാട്ടും മേളവും നടന്നുകൊണ്ടിരുന്നു. ചാന്ദ്ഖാനും സൂരജ്ഖാനും ദർബാറിൽ ഇങ്ങനെ ഉൽഘോഷിച്ചു:— "ഞങ്ങൾക്കു രണ്ടു സഹോദരന്മാർക്കും പാടാൻ വയ്യാത്ത ഏതെങ്കിലുമൊരു രാഗം താൻസേൻ കേൾപ്പിക്കട്ടെ".

താൻസേൻ ഗംഭീരസ്വരത്തിൽ ഇങ്ങനെ മറുപടി പറഞ്ഞു:— "ഈ രണ്ടു കലാമർമ്മജ്ഞരും എന്റെ ഗുരുവായ ഹരിദാസിൻെറ തന്നെ

ശിഷ്യരാണ്. നിഷ്കാപട്യത്തോടെയാണ് ഗുരുജി ഞങ്ങളെ വിദ്യ അഭ്യസിപ്പിച്ചതു്. ഇവക്ക് എന്നേക്കാൾ അധികം അറിയാമെങ്കിൽ, എനിക്കു് പാടാൻ കഴിയാത്ത ഏതെങ്കിലുമൊരു രാഗം അവർ കേൾപ്പിയ്ക്കട്ടെ."

ഇതു കേട്ടപ്പോൾ, രണ്ടു സഹോദരന്മാരും നാണിച്ചുപോയി. അപ്പോൾ, താൻസേൻ, സഭാമഞ്ചത്തിൽ കയറിയിരുന്നു്, ആർക്കും ഓർമ്മയില്ലാതിരുന്ന ഒന്നു് രണ്ടു് രാഗങ്ങൾ പാടി കേൾപ്പിച്ചു. ഇതു് കപോലകൽപ്പിതമായ രാഗമാണെന്നു്, ചാന്ദ്ഖാനും വിരോധിക്കുട്ടവും പറഞ്ഞു. എന്നാൽ താൻസേൻ, തൻെറ രാഗങ്ങൾ ശാസ്ത്രോക്തമാണെന്നു് കാണിച്ചു് എല്ലാവരേയും നിശ്ശബ്ദരാക്കി. അപ്പോൾ, ദർബാറിൽ വെച്ചു്, 'ദർബാറി രത്ന'മെന്ന പദവിയും ഒരു ലക്ഷം സ്വർണ്ണനാണയവും താൻസേനു് ഇനാമായി നൽകി. ഈ ഒരു ലക്ഷം സ്വർണ്ണനാണയം ആഗ്രായിലെ പാവപ്പെട്ട ജനങ്ങൾക്കു് താൻസേൻ പങ്കിട്ടുകൊടുത്തു. ബീർബൽ ചോദിച്ചപ്പോൾ, അദ്ദേഹം ഇങ്ങനെ പറഞ്ഞു:— ഇത്ര വലിയ ദാനം ഒരു കലാകരനും ഒരിക്കലും ചക്രവർത്തി നൽകിയിട്ടില്ല. ഇതിനു മുമ്പൊരിക്കലും ഒരു കലാകാരനും ഇത്ര വലിയ ദാനം നടത്തിയിട്ടുമില്ല.

ദർബാറിൽ ഠാകുർ സൻമുഖൻ സിംഹ് സകല വൈണികരിലും വച്ചു് ഏററവും വലിയ പ്രഭാവശാലിയായിരുന്നു. അദ്ദേഹത്തിൻെറ മധുരതരമായ വീണാലാപനത്തിൽ മുഗ്ദ്ധരായി, ജനങ്ങൾ അദ്ദേഹത്തിനു് മിസ്റീ സിംഹ് (കൽക്കണ്ട സിംഹൻ) എന്ന ഇരട്ടപ്പേരു് നൽകി. താൻസേനുമായി ഏററുമുട്ടി തോൽവിയടഞ്ഞ ശേഷം, വിരോധികൾ ഠാകുർ മിസ്റീ സിംഹനോട്ടു് ദൂഷ്യം പറയാൻ തുടങ്ങി. അങ്ങനെ ഠാകുർജി താൻസേൻെറ വിരോധിയായി. ഒരു ദിവസം അക്ബറിന്റെ "ദിവാനേ ഖാസി"ൽ (വിശിഷ്ട സഭയിൽ) ഇരുന്നു് വീണ വായിച്ചുകൊണ്ടു് ഠാകുർജി, താൻസേനെ വെല്ലുവിളിച്ചു. താൻസേൻ, ഉടൻ തന്നെ അദ്ദേഹത്തിൻെറ രാഗങ്ങൾ പാടി, അതിനുത്തരം നൽകി. ഠാകുർജിയ്ക്കു് ശുണ്ഠികയറി, അതു് അപശബ്ദമാണെന്നു് പറഞ്ഞു. ഠാകുർ

ജിയോടു പുറത്തുപോകാൻ അക്ബർ ആജ്ഞാപിച്ചു. കുറേ ദിവസം കഴിഞ്ഞു് താൻസേനും ഠാക്കൂർജിയും തമ്മിൽ മൈത്രി സ്ഥാപിക്കുന്നതിനായി അക്ബറും ബീർബലുംകൂടി, അവർ രണ്ടുപേരുടേയും പുത്രീപുത്രന്മാർ തമ്മിൽ ദാമ്പത്യം ഉണ്ടാക്കി.

ഖയാൽ ഗാനങ്ങളുടെ അദ്വിതീയ രചയിതാവു് ബദാരംഗ് ഠാക്കൂർ മിസ്റി സിംഹൻെറ വംശക്കാരനായിരുന്നു. മുപ്പത്തിയാറു് കലാമർമ്മജ്ഞരുണ്ടായിരുന്നെന്നും, അവരിൽ ഭാരതീയർ, ഇറാനികൾ, തുറാനികൾ, അറബികൾ മുതലായവർ ഉണ്ടായിരുന്നെന്നും അബുൾഫസ്ൽ *ദർബാർ ഏ അക്ബറി*യിൽ എഴുതിയിട്ടുണ്ടു്. എന്നാൽ താൻസേൻ ഇവരെയെല്ലാവരേയും മുട്ടുകുത്തിച്ചു. ആരൊക്കെ താൻസേനെ നേരിട്ടുവോ, അവരൊക്കെ ഒടുവിൽ പരാജിതരായി. അതിനു് മുമ്പത്തെ ആയിരം വർഷങ്ങൾക്കിടയിൽ, ഇങ്ങനെയുള്ള ഒരത്ഭുതഗായകൻ ജനിച്ചിട്ടില്ലെന്നാണു് പരക്കെയുണ്ടായിരുന്ന ധാരണ. ഇക്കാര്യം ജഹാംഗീർ അദ്ദേഹത്തിൻെറ തുസുക് ജഹാംഗീറി എന്ന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടു്.

ഒരു തവണ അക്ബർ താൻസേനോടു് ചോദിച്ചു:— "നിങ്ങളേക്കാൾ നല്ല ഗായകനാരുണ്ടു്?" താൻസേൻ മറുപടി പറഞ്ഞു:— "എൻെറ ഗുരുസ്വാമി ഹരിദാസ് എല്ലാവരിലുംവെച്ചു് നല്ല ഗായകനാണു്.

അപ്പോൾ, സ്വാമിജിയുടെ ഗാനാലാപം കേൾക്കാൻ അക്ബർ ആഗ്രഹം പ്രകടിപ്പിച്ചു. എന്നാൽ താൻസേൻ പറഞ്ഞു:— "എൻെറ ഗുരു, ഒരു പാദുഷായുടേയും ദർബാറിൽ പാടുകയില്ല. ശ്രീകൃഷ്ണൻെറ ബിംബത്തിൻെറ മുന്നിലിരുന്നു് മാത്രമേ പാടുകയുള്ളു."

ഒരിക്കൽ ആഗ്രായിൽനിന്നു് ദില്ലിയിലേയ്ക്കു് പോകുന്നവഴി അക്ബർ, വൃന്ദാവനത്തിലിറങ്ങി. അക്ബർ, സാധാരണ വേഷത്തിൽ താൻസേനുമൊന്നിച്ചു്, സന്ധ്യയ്ക്കു് ദീപാരാധന സമയത്തു്, സ്വാമിജിയുടെ ആശ്രമത്തിലെത്തി. സ്വാമിജി, ക്ഷേത്രത്തിലിരുന്നു്, കല്യാൺ രാഗത്തിൽ *"തു ഹി ദുഖ് ഭജ്‌രേ മൻ കൃഷ്ണ, വാസുദേവ, പത്മനാഭ,*

*പരമപുരുഷ പരമേശ്വര നാരായണ''* എന്നു ധ്രുപദ് ഗാനം പാടുകയായിരുന്നു. താൻസേനും അക്ബറും, വെളിയിലിരുന്നു് കേൾക്കാൻ തുടങ്ങി. പാട്ടു് അവസാനിച്ചപ്പോൾ, അക്ബർ കണ്ണുമടച്ചു് അതിൽ മുഴുകിയിരിക്കുകയായിരുന്നു. അക്ബർ ചക്രവർത്തിയെ തൻെറ ആശ്രമത്തിലേക്കു് കൂട്ടിക്കൊണ്ടു ചെല്ലാൻ സ്വാമിജി, താൻസേനോടു് പറഞ്ഞു. സ്വാമിജി തങ്ങളുടെ ഇംഗിതം അനുമാനിച്ചതിൽ അക്ബറും താൻസേനും അത്ഭുതപ്പെട്ടുപോയി. അക്ബറും താൻസേനും വണക്കത്തോടെ അപേക്ഷിച്ചപ്പോൾ, സ്വാമിജി പാടാൻ തുടങ്ങി. താൻസേൻ തംബുരുവിൽ ശ്രുതി മീട്ടിക്കൊണ്ടിരുന്നു.

അവിടെ നിന്നു് യാത്രപുറപ്പെട്ടപ്പോൾ, അക്ബർ താൻസേനോടു ഫലിതരൂപത്തിൽ പറഞ്ഞു:— സ്വാമിജിയുടെ സ്വരത്തോടെതിരിട്ടപ്പോൾ നിൻെറ പാട്ടു് വിളറിപ്പോയതെന്തു്?''

താൻസേൻ മറുപടി പറഞ്ഞു:— ''ഞാൻ മനുഷ്യസമുദായത്തിൻെറ പ്രസന്നത നേടാനായി പാടുന്നു. പൂജ്യസ്വാമിജി പരമാനന്ദപ്രാപ്തിക്കായി പാടുന്നു.''

താൻസേനു് അക്ബറിൻെറ ദർബാറിൽ വളരെ ബഹുമതികൾ കിട്ടി. ദേശദേശാന്തരങ്ങളിൽ അദ്ദേഹത്തിനു് വളരെ പ്രശസ്തി കൈവന്നു. എന്നിട്ടും റീവാ രാജ്യത്തു് അദ്ദേഹത്തിനു് കിട്ടിയതുപോലുള്ള ശാന്തി അക്ബറിൻെറ ദർബാറിൽ കിട്ടിയില്ല. ധർമ്മപത്നിയുടെ നിര്യാണത്തിനുശേഷം താൻസേൻ, സന്ന്യാസിയായി വൃന്ദാവനത്തിലേക്കു പോകാൻ തയ്യാറെടുത്തു. എന്നാൽ ബീർബലിൻെറ സാന്ത്വനം കൊണ്ടു് പിന്നേയും അദ്ദേഹം അവിടെത്തന്നെ താമസിച്ചു.

അദ്ദേഹത്തിനു് പല കാരണങ്ങൾകൊണ്ടും മതം മാറേണ്ടിവന്നു. എന്നാൽ, അക്കാരണത്താൽ അദ്ദേഹത്തിൻെറ സംഗീതകലയ്ക്കു് ഒരു തരത്തിലും വ്യത്യാസം വന്നില്ല. ക്രി. പി. 1589-ൽ അദ്ദേഹം ചരമമടഞ്ഞു. (അദ്ദേഹം 1588ലോ 1585 ലോ ആണു് മരിച്ചതെന്നു് ചിലർ കണക്കാക്കുന്നു.) അദ്ദേഹത്തിൻെറ അഭീഷ്ടമനുസരിച്ചു് അദ്ദേഹത്തിൻെറ ശവകുടീരവും ഗ്വാളിയറിൽ പീർ ഗൌസ് മുഹമ്മദിൻെറ ശവകുടീരത്തിനടുത്തു തന്നെ നിർമ്മിക്കപ്പെട്ടു.

"PREMALAYAM"
PUTHIYARA
CALICUT-4.



# ചാന്ദ് ബീബി

ചാന്ദ് ബീബിയെ ചാന്ദ് ബീബി എന്നല്ല ചാന്ദ് സുൽത്താന എന്നു വിളിച്ചാലും, അതിൽ അതിശയോക്തി ഒന്നുമുണ്ടാവില്ല. അത്രയ്ക്ക് സമർത്ഥയും, ധീരയും, പരാക്രമശാലിനിയുമായിരുന്നു അവർ. അക്ബറുടെ വമ്പിച്ച പടയെ അവർ, എന്തൊരു വീരത്വത്തോടെയാണ് നേരിട്ടതു്! അതിന് മറ്റൊരു മാതൃക ലോകത്തിൽ കണ്ടെത്താൻ വിഷമമാണ്.

1591-ൽ, അക്ബർ ചക്രവർത്തി, ഡക്കാൺ മുഴുവനും കീഴടക്കാൻ പദ്ധതി തയ്യാറാക്കി. അക്കാലത്തു് ഡക്കാണിൽ നാലു വലിയ രാജ്യങ്ങളുണ്ടായിരുന്നു — അഹമ്മദ്നഗർ, ഖാൻദേശ്, ബീജാപ്പൂർ, ഗോൽകൊണ്ഡ ഈ നാലു രാജ്യങ്ങളിലെ രാജാക്കന്മാരുടെ അടുത്തേയ്ക്കും അക്ബർ, ദൂതന്മാരെ അയച്ചു. അക്ബറുടെ അധീശത്വം വകവെച്ചുകൊടുക്കണമെന്നു് ദൂതന്മാർ, ആ രാജാക്കന്മാരോടു് പറഞ്ഞു.

അഹമ്മദ്നഗർ, ഗോൽകൊണ്ഡാ, ബീജാപ്പൂർ എന്നീ രാജ്യങ്ങളിലെ സുൽത്താന്മാർ ഇതിൽ വളരെ കുപിതരായി. അവർ അക്ബ-

റുടെ മേൽക്കോയ്മ സ്വീകരിയ്ക്കുന്നതിന് വിസമ്മതിച്ചു. എന്നാൽ, വളരെ ദുർബ്ബലനായിരുന്ന ഖാൻദേശത്തിലെ രാജാവു്, വമ്പിച്ച മുഗൾ സേനയെ നേരിടാൻ കഴിയാതെ, ഉടൻതന്നെ അക്ബറെ ശരണം പ്രാപിച്ചു.

ഡക്കാണിലെ മൂന്നു രാജ്യങ്ങളും അക്ബറുടെ മേൽക്കോയ്മ സ്വീകരിയ്ക്കാൻ വിസമ്മതിച്ചുവെന്നറിഞ്ഞപ്പോൾ, അക്ബർ, തന്റെ മകൻ മുറാദിനെ അവരെ കീഴടക്കാനായി അങ്ങോട്ടയച്ചു. 1595-ൽ, മുറാദിന്റെ സൈന്യം അഹമ്മദ്നഗരത്തെ നാലുവശങ്ങളിലൂടെയും വളഞ്ഞു.

അഹമ്മദ്നഗരം ഒരു തരത്തിൽ ചാന്ദ് ബീബിയാണ് ഭരിച്ചിരുന്നതു്. അക്കാലത്തു് അവരായിരുന്നു ആ രാജ്യത്തിന്റെ അനന്തരാവകാശി.

അവർ, ഹുസേൻ നിസാം ഷായുടെ മകളും അലി ആദിൽ ഷായുടെ പത്നിയുമായിരുന്നു. അവർ വളരെ ഉയന്ന വംശത്തിൽ ജനിച്ച ഒരു സദ്വൃത്തയായിരുന്നു. അവരിൽ ബുദ്ധിയും രണകൌശലവും രാജ്യതന്ത്രജ്ഞതയും ഒട്ടും കുറവല്ലായിരുന്നു. അതിനാൽ അവരെ 'നാദിരത്-ഉൽ-സമാനി' (ലോകത്തിൽ തന്റെ കാലത്തു് അനുപമയായിട്ടുള്ളവൾ) എന്നു് വിളിയ്ക്കപ്പെട്ടിരുന്നു. തന്റെ രാജ്യം കൈവിട്ടുപോകാൻ തുടങ്ങുന്നുവെന്നറിഞ്ഞപ്പോൾ, ചാന്ദ് ബീബിയുടെ രക്തം തിളയ്ക്കാൻ തുടങ്ങി. അവർ, ബുർക (മൂട്ടപടം) ധരിച്ചു്, കയ്യിൽ വാളുമേന്തി രണഭൂമിയിലേയ്ക്കു് കുതിച്ചു.

ദൌർഭാഗ്യവശാൽ, അപ്പോൾ അഹമ്മദ് നഗരത്തിലെ ജനങ്ങൾക്കിടയിൽ അന്തഃഛിദ്രം ഭവിച്ചിരുന്നു. അവിടെ രണ്ടു ചേരികളുണ്ടായിരുന്നു—ഒന്നു്, ഷിയാകളുടേയും മറ്റേതു്, സുന്നികളുടേയും. മുറാദിനെ സഹായിയ്ക്കാമെന്നു് രാജ്യദ്രോഹികൾ അദ്ദേഹത്തെ അറിയിച്ചു. അതുകാരണം, സ്ഥിതി കുറേക്കൂടി വഷളായി. പക്ഷെ ചാന്ദ് ബീബി ധൈര്യം വെടിഞ്ഞില്ല. അവർ, എല്ലാ പ്രഭുക്കന്മാരേയും ഒരിടത്തു് വിളിച്ചു വരുത്തി, വളരെ സമത്ഥമായി കാര്യങ്ങൾ പറഞ്ഞുകൊടുത്തു്, അവരെ

ശാന്തരാക്കി. അവരുടെ കണ്ണുകൾ തുറന്നു. അവരുടെ നോട്ടം അക്ബറുടെ വലിയ സേനയിൽ പതിച്ചു. മുറാദിനെ സഹായിയ്ക്കാമെന്ന് വാഗ്ദത്തം ചെയ്തതിൽ അവർ വളരെ പശ്ചാത്തപിച്ചു. ചാന്ദ് ബീബി രാജ്യത്തിൻെറ അനന്തരാവകാശിയായി കോട്ടയ്ക്കുള്ളിൽ ഇരിക്കണമെന്നും തങ്ങളെല്ലാവരും അരയും തലയും മുറുക്കി രണഭൂമിയിൽ ഇറങ്ങണമെന്നും എങ്ങനെയെങ്കിലും അഹമ്മദ്നഗർ രക്ഷിയ്ക്കണമെന്നും ജനങ്ങൾ ഒന്നിച്ചു കൂടി തീരുമാനിച്ചു.

പക്ഷെ ചാന്ദ്ബീബി വെറുതെ അടങ്ങിയിരിയ്ക്കുന്നവളായിരുന്നില്ല. അവരുടെ ഹൃദയത്തിൽ ദേശസ്നേഹം അലതല്ലിയിരുന്നു. ഏതെങ്കിലും വിധത്തിൽ ശത്രുവിനെ തോല്പിയ്ക്കാൻ അവർ ആഗ്രഹിച്ചിരുന്നു. അവർ, നാലുപാടും ചുറ്റിത്തിരിഞ്ഞു്, ധാന്യവും യുദ്ധസാമഗ്രികളും ശേഖരിയ്ക്കാൻ തുടങ്ങി. അവർ, തൻെറ സാമർത്ഥ്യവും രാജ്യതന്ത്രജ്ഞതയുംകൊണ്ടു് ദർബാറിലെ എല്ലാ പ്രഭുക്കന്മാരേയും സന്തുഷ്ടരാക്കി. അവർ തന്നത്താൻ വ്യൂഹരചന ചെയ്തു. അഹമ്മദ്നഗറിൻെറ വ്യൂഹം പൂർണ്ണമായി ശക്തിപ്പെട്ടുത്തി.

അതിനുശേഷം അവർ, ഇബ്രാഹീം ഷായുടെ മകൻ ബഹാദുർ ഷായെ പേരിനുമാത്രം സുൽത്താനാക്കി സിംഹാസനത്തിലിരുത്തുകയും ബീജാപുരിലെ ഇബ്രാഹീം ആദിൽ ഷായുമായി സന്ധിയിലേപ്പെടുകയും ചെയ്തു. ഇങ്ങനെ തയ്യാറെടുപ്പു് പൂർത്തിയായി.

ആ സമയത്തു് അഹമ്മദ്നഗറിലെ സൈന്യങ്ങളെ കണ്ടവരെല്ലാം, അതിൻെറ പിന്നിൽ ചാന്ദ് ബീബിയുടെ ദേശഭക്തിയുടെ മുദ്ര കണ്ടു. അവർ ഒരു വീരസേനാപതിയെപ്പോലെ കവചം ധരിച്ചു്, വാളും പരിചയുമേന്തി ശത്രുക്കളുമായി പൊരുതി. അവരുടെ വീരത്വം കണ്ടു് വലിയ വലിയ സൈനികർപോലും സ്തബ്ധരായി നിന്നുപോയി. അവർ തന്നെ സൈനികരുടെ മുമ്പിൽനിന്നു് അവൎക്കു് നേതൃത്വം കൊടുത്തു. യുദ്ധഭൂമിയിൽ വെച്ചു്, സൈനികരെ അഭിമുഖീകരിച്ചു്, അവർ ചെയ്ത ഉത്തേജനപൂർണ്ണമായ പ്രസംഗം കേട്ടു് ഏററവും വലിയ ഭീരുക്കൾക്കുപോലും പുറകിൽ തങ്ങി നില്ക്കാൻ കഴിഞ്ഞില്ല.

ചാന്ദ് ബീബി, രാജപുത്രവനിതകളെപ്പററിയുള്ള വളരെയധികം കഥകൾ കേട്ടിരുന്നു. ഈ റാണിമാർ, യുദ്ധസമയത്ത് സൈനികരെ അഭിമുഖീകരിച്ച് ഉത്തേജകമായ പ്രസംഗങ്ങൾ ചെയ്യാറുണ്ടായിരുന്നു വെന്നും, "പോകൂ, നാടിനുവേണ്ടി ധീരതയോടെ യുദ്ധം ചെയ്യൂ" എന്ന് പറഞ്ഞു് അവരെ ഉത്സാഹിപ്പിച്ചിരുന്നുവെന്നും അവർ കേട്ടിട്ടുണ്ടായിരുന്നു. എന്നാൽ ചാന്ദ് ബീബി അവരെക്കാൾ ഒരു ചുവട്ടുകൂടി മുന്നോട്ടുവെച്ചു. സൈനികരെ ഒരുമിച്ചുചേർത്ത്, അവർ പറഞ്ഞു: "ഇതു്, നമ്മുടെ അഭിമാനത്തിൻേറയും അപമാനത്തിൻേറയും, സ്വാതന്ത്ര്യത്തിൻേറയും അടിമത്വത്തിൻേറയും പ്രശ്നമാണ്. എന്നോടൊപ്പം വരുക. നാട്ടിനുവേണ്ടി ധൈര്യപൂർവ്വം പോരാടുക."

ഈ പരിതസ്ഥിതിയിൽ ഏതു പുരുഷനാണ്, ചാന്ദ്ബീബിയോട്ട് സഹകരിക്കാത്തതു്? ഏതു് വീരപുരുഷനാണ്, അവർ സംഹാരരൂപിണിയായി മുമ്പോട്ട് കുതിക്കുന്നതു കണ്ടു് പുറകോട്ട് മടങ്ങുക? നിർഭയയായി, ജീവൻ തൃണസമാനം കരുതി, മുന്നോട്ടുകുതിക്കുന്ന ചാന്ദ് ബീബിയുടെ ആഹ്വാനത്തിനിടക്ക്, ഏതൊരാളാണ് തൻേറ പ്രാണൻ രക്ഷിക്കാൻ ശ്രമിക്കുക?

പൂപോലെയുള്ള ചാന്ദ് ബീബി, തൻേറ സൈന്യത്തേയുംകൊണ്ടു് മുന്നോട്ടു നീങ്ങി. കഴുകനെപ്പോലെ, മുറാദിൻേറ സൈന്യത്തിൻേറ മേൽ ചാടിവീണു. ഒരു സാഹസിയും നിർഭയയുമായ സ്ത്രീ, കൈയിൽ വാളുമേന്തി അപൂർവ്വധൈര്യത്തോടെ തങ്ങളെ എതിരിടുന്നതു് കണ്ടു് ശത്രുക്കൾ അമ്പരന്നു പോയി. ഇങ്ങനെയുള്ള രണകൌശലവും ഇങ്ങനെയുള്ള സാഹസവും, അവർ അതിനുമുമ്പ് ഒരിക്കലും കണ്ടിരുന്നില്ല. അതും എപ്പോഴും കൊട്ടാരത്തിൻേറ മതിലുകൾക്കുള്ളിൽ കഴിഞ്ഞു്, പൂപോലെ വളർന്നിരുന്ന ഒരു സ്ത്രീയിൽനിന്നു്.

ഈ യുദ്ധം ഏറെനാൾ നീണ്ടുനിന്നു. ഒരു ദിവസം മുറാദിൻേറ സൈനികർ പീരങ്കിവെച്ച് ചാന്ദ് ബീബിയുടെ കോട്ടയുടെ ഒരു ചുവർ തകർത്തുകളഞ്ഞു. കോട്ടയ്ക്കുള്ളിൽ കോലാഹലമായി. എല്ലാവരും

ഓടാൻ തീരുമാനിച്ചു. എന്നാൽ, ചാന്ദ് ബീബിയുടെ സാഹസം ധന്യമായിരുന്നു! സിംഹത്തിൻെറ ഹൃദയത്തോടുകൂടിയ അവർ, മൂടുപടം വലിച്ചെറിഞ്ഞു്, വെട്ടിത്തിളങ്ങുന്ന വാളും ഊരി കൈയിൽ പിടിച്ച് കോട്ടയുടെ വാതുക്കൽ നിലയുറപ്പിച്ചു. ഒരു ദിവസം ഇങ്ങനെ സംഭവിക്കുമെന്നു് അവക്കു നേരത്തെതന്നെ അറിയാമായിരുന്നു. അതുകൊണ്ടു്, പലക, തടി, മുള മുതലായ അത്യാവശ്യസാമഗ്രികൾ നേരത്തേ കരുതിയിരുന്നു. കോട്ടയുടെ പൊളിഞ്ഞുപോയ വശത്തു് വന്നു് ചാന്ദ് ബീബി നിലയുറപ്പിച്ചു. ആളുകൾക്കു് പണം കൊടുക്കാമെന്നു് പ്രലോഭിപ്പിച്ചും ഭയപ്പെടുത്തിയും, അവർ അതിവിദഗ്ദ്ധമായി സ്ത്രീകളേയും പുരുഷന്മാരേയുംകൊണ്ടു് ജോലി ചെയ്യിപ്പിച്ചു. കുറച്ചു നേരത്തിനുള്ളിൽ കോട്ടയുടെ ഭിത്തി പൂർവ്വസ്ഥിതിയിൽ കെട്ടിപ്പൊക്കി പീരങ്കികൾ ഉറപ്പിച്ചു.

മുറാദിൻെറ സൈന്യങ്ങൾ ഈ ജോലികൾ ചെയ്തിരുന്ന ആളുകളെ ആക്രമിച്ചപ്പോൾ വെടിയുണ്ടകൾ പായിച്ചു് അവരെ പുറകോട്ടോടിച്ചുകൊണ്ടിരുന്നു.

വൈകുന്നേരം മുറാദിൻെറ സൈനികർ അവരുടെ താവളങ്ങളിൽ മടങ്ങിച്ചെന്നപ്പോൾ, ചാന്ദ് ബീബി ആയിരമായിരം പണിയാളുകളേയും കൂലിക്കാരേയും കൂട്ടി കോട്ടയുടെ അടുത്തുവന്നു നില്പായി. ഭിത്തി ദൃഢമായി കെട്ടുന്ന ജോലി തുടങ്ങി. ചാന്ദ് ബീബി കുതിരപ്പുറത്തിരിക്കുകയായിരുന്നു. നാലുഭാഗത്തും പന്തങ്ങൾ കത്തിക്കൊണ്ടിരുന്നു. കല്ലു കെട്ടുന്ന പണി ഉത്സാഹപൂർവ്വം നടന്നുകൊണ്ടിരുന്നു.

ചാന്ദ് ബീബി, ജോലിക്കാക്കു് കൈ നിറയെ രൂപയും സ്വർണ്ണനാണയങ്ങളും കൊടുത്തുകൊണ്ടിരുന്നു. ഇതു കണ്ടു് ജോലിക്കാർ കൂടുതൽ മനസ്സിരുത്തി ജോലി ചെയ്യാൻ തുടങ്ങി.

പിറേറന്നു്, ശത്രുക്കൾ വ്യൂഹത്തിനടുത്തു് വന്നപ്പോൾ, മൂന്നു വാര വീതിയും 50 വാര പൊക്കവുമുള്ള കോട്ടയുടെ മതിൽ പഴയ മട്ടിൽ തന്നെ ഉയർത്തി കെട്ടിയിരിക്കുന്നതു കണ്ടു് അവർ ആശ്ചര്യപ്പെട്ടുപോയി. അവർ മനസ്സാ ചാന്ദ് ബീബിയെ പ്രശംസിച്ചു.

ഈ യുദ്ധത്തിൽ, ഒരു പ്രാവശ്യം ചാന്ദ് ബീബിയുടെ കൈവശമുണ്ടായിരുന്ന വെടിയുണ്ട തീൎന്നുപോയി. ഭക്ഷ്യപദാർത്ഥങ്ങൾ കിട്ടാനുള്ള എല്ലാ മാർഗ്ഗങ്ങളും അടഞ്ഞുപോയിരുന്നു. ഒരിടത്തുനിന്നും ഒരു സഹായവും കിട്ടിയിരുന്നില്ല. അപ്പോൾ, ചാന്ദ് ബീബി വെള്ളിയും സ്വർണ്ണവും കൊണ്ട് ഉണ്ട ഉണ്ടാക്കിച്ച് മുറാദിൻെറ സൈന്യങ്ങളുടെ നേക്ക് പ്രയോഗിസ്സാൻ തുടങ്ങി.

ഒടുവിൽ ഈ ധീരതയ്ക്ക് ഫലമുണ്ടായി. മുറാദിൻെറ സൈന്യത്തെ തോല്പിച്ചോടിച്ചു. അങ്ങനെ അഹമ്മദ്നഗർ പൂർണ്ണമായി രക്ഷിക്കപ്പെട്ടു.

ഉദ്ദേശം സാധിക്കുകയില്ലെന്ന് കണ്ടപ്പോൾ മുറാദ്, ചാന്ദ് ബീബിയുമായി സന്ധിയിലേർപ്പെട്ടു. അതനുസരിച്ച് ചാന്ദ് ബീബി, ബീറാർ പ്രവിശ്യ അക്ബറിന്ന് വിട്ടുകൊടുത്തു.

അതിനുശേഷം അഞ്ചുവർഷത്തോളം അക്ബർ അഹമ്മദ്നഗർ പിടിച്ചെടുക്കാൻ സാഹസപ്പെട്ടതേയില്ല. അഞ്ചുവർഷത്തിനുശേഷം അക്ബർ ചക്രവർത്തിയുടെ ഇളയപുത്രൻ അഹമ്മദ്നഗർ കീഴടക്കി. അപ്പോൾ ചാന്ദ് ബീബി അവരെ എതിർത്തു നിൽക്കാൻ അവിടെ ഇല്ലാതിരുന്നതുകൊണ്ടാണ് ശത്രുവിന്ന് ജയം കിട്ടിയത്. ഈ ആക്രമണത്തിനു മുമ്പുതന്നെ അവിടുത്തെ പ്രഭുക്കന്മാരും സർദാറന്മാരും ചേൎന്ന് അവരെ കൊന്നുകഴിഞ്ഞിരുന്നു. ഇങ്ങനെയായിരുന്നു, ആ പവിത്രയും സദ്വൃത്തയും പരാക്രമശാലിനിയുമായിരുന്ന ബീഗത്തിൻെറ അന്ത്യം. ചാന്ദ് ബീബി ജീവിച്ചിരുന്നേടത്തോളം, അവർ, പ്രജകളുടെ മനസ്സിൽ ദേശസ്നേഹത്തിൻെറ ജ്വാല അണയാതെ നിർത്തിയിരുന്നു. ഏറ്റവും വലിയ ഭീരുക്കളെപ്പോലും അവർ ദേശപ്രേമികളും ധീരരുമാക്കി. ചാന്ദ് ബീബി ശത്രുക്കളുടെ മേൽ കഴുകനെപ്പോലെ ചാടിവീഴുന്നതു കണ്ട ആർക്കും അവരെ ഒരിക്കലും മറക്കാൻ കഴിഞ്ഞിരുന്നില്ല. അവർ, മററുള്ള വീരാംഗനകളെപ്പോലെ, യുദ്ധത്തിനുള്ള പദ്ധതികൾ തയാറാക്കുക മാത്രമല്ല, അവ തന്നത്താൻ നടപ്പിലാക്കുകയും കൂടി ചെയ്തു.

ചാന്ദ് ബീബിയുടെ ശത്രുക്കൾ ഉള്ളാലേ അവരെ പേടിച്ചിരുന്നു. അവരുടെ പേരു് കേട്ടാൽ വിറയ്ക്കുമായിരുന്നു. വീരതയിലും സാഹസത്തിലും പുരുഷന്മാരോടൊപ്പം നില്ക്കുക മാത്രമല്ല, അവരെ കവച്ചുവയ്ക്കുകയും കൂടി ചെയ്തു.

അക്ബർപോലും മനസ്സാ അവരെ ബഹുമാനിച്ചിരുന്നു. അതുകൊണ്ടു്, അഹമ്മദ്നഗർ ജയിച്ച ഉടനെതന്നെ അക്ബർ ആദ്യമായി ചെയ്തതു്, ബീഗമിന്റെ ഘാതകരെ അന്വേഷിക്കുകയായിരുന്നു. അവരെ ഓരോരുത്തരേയും പിടിച്ചു് കൊല്ലുന്നതുവരെ, അദ്ദേഹത്തിനു് ശാന്തത കിട്ടിയിരുന്നില്ല. ചാന്ദ് ബീബിയുടെ കൊലപാതകികളെ കഷണങ്ങളാക്കി നുറുക്കി കൊന്നുവെന്ന വാർത്ത അക്ബറെ അറിയിച്ചപ്പോൾ, അദ്ദേഹം സന്തോഷിച്ചുവെന്നു പറയപ്പെടുന്നു.

ചാന്ദ് ബീബി സ്വന്തം പ്രാണൻ ബലിയർപ്പിച്ചു് നമുക്കു് ഒരു മാതൃക കാണിച്ചുതന്നു. അതു് ഒരു ദേശഭക്തനും ഒരിക്കലും മറക്കാൻ സാദ്ധ്യമല്ല.

# ഗുരു രാമദാസ്



ശിവാജിയുടെ ഗുരുവായിരുന്നു സമർത്ഥ ഗുരു രാമദാസ്. മഹാരാഷ്ട്രസംസ്ഥാനത്തിലെ ഔറംഗബാദ് ജില്ലയിൽ ആംബഡ് എന്നു പേരുള്ള പർഗനയിൽ ജാംബ് എന്ന ഒരു ഗ്രാമമുണ്ട്. ഇവിടെ 1608-ൽ സ്വാമി രാമദാസ് ജനിച്ചു. നാരായണനെന്നായിരുന്നു അദ്ദേഹത്തിൻെറ ശരിയായ പേര്. രാമദാസ് കുട്ടിക്കാലത്ത് വലിയ കുസൃതിക്കാരനും വികൃതിയുമായിരുന്നു. സദാ സമയവും അയാൾ മച്ചിൻ പുറത്തും മരങ്ങളിലും കയറുന്നതിലും, പല ചട്ടമ്പിത്തരങ്ങൾ കാണിക്കുന്നതിലും മുഴുകിയിരുന്നു.

രാമദാസിൻെറ അച്ഛൻെറ പേര്, സൂര്യജി പന്തെന്നും അമ്മയുടെ പേര്, രണുബായിയെന്നുമായിരുന്നു. രണ്ടു പേരും വലിയ മതഭക്തരായിരുന്നു. വളരെക്കാലം അവർക്ക് കുട്ടികളുണ്ടായിരുന്നില്ല. അതുകൊ

ണ്ടു് അവരിരുവരും ദുഃഖിതരായിരുന്നു. ഒരിക്കൽ അവർ രണ്ടു പേരും ഒരു യാഗം ചെയ്തുകൊണ്ടിരുന്നപ്പോൾ, രണ്ടുബായി ഒരു സ്വപ്നം കണ്ടു. സ്വപ്നത്തിൽ ആരോ പറഞ്ഞു, അവക്കു് രണ്ടു പുത്രന്മാരുണ്ടാകുമെന്നു്. അങ്ങനെ ഉണ്ടാകുകയും ചെയ്തു. ഇളയ പുത്രൻെറ പേരു് നാരായൺ എന്നായിരുന്നു.

ഒരു ദിവസം രാമദാസിൻെറ അമ്മ അദ്ദേഹത്തോടു് വിവാഹം കഴിയ്ക്കണമെന്നു പറഞ്ഞു. അപ്പോൾ അദ്ദേഹത്തിനു് പന്ത്രണ്ടു വയസ്സേ പ്രായമുണ്ടായിരുന്നുള്ളു. അദ്ദേഹം അമ്മയുടെ ആജ്ഞ മാനിച്ചു. വലിയ ആർഭാടത്തോടെ വിവാഹച്ചടങ്ങുകൾ പൂത്തിയാകാൻ തുടങ്ങി. പാണിഗ്രഹണസമയമായപ്പോൾ "ശുഭമംഗള സാവധാൻ" എന്നമന്ത്രം (അതായതു് കാലുകളിൽ ഗൃഹസ്ഥിയുടെ വിലങ്ങു് വീഴുകയാണു്, ജാഗ്രതയോടിരിയ്ക്കു) ഉച്ചരിച്ചു. രാമദാസ്, ഈ മന്ത്രം കേട്ടപ്പോൾ വിചാരിച്ചു: "ഞാൻ ജാഗ്രതയോടാണല്ലോ ഇരിയ്ക്കുന്നതു്. ഇക്കൂട്ടക്കു് ഇനി എന്താണു് വേണ്ടതെന്നു് മനസ്സിലാകുന്നില്ല."

ഇങ്ങനെ വിചാരിച്ചു് രാമദാസ് അവിടെ നിന്നും ഓടിപ്പോയി. ആളുകൾ വളരെ ദൂരം അദ്ദേഹത്തിൻെറ പിന്നാലേ പാഞ്ഞു. പക്ഷേ ആക്കും അദ്ദേഹത്തെ പിടികിട്ടിയില്ല. അതിനു ശേഷം അദ്ദേഹം പഞ്ചവടിയിലെ ടാക്‌ലി എന്ന ഗ്രാമത്തിൽ പാക്കാൻ തുടങ്ങി. അവിടെവച്ചു് ദിവസവും ഗോദാവരി നദിയിൽ കുളിയ്ക്കാൻ പോകുമായിരുന്നു. കൂടെക്കൂടെ ഉച്ചവരേയ്ക്കും വെള്ളത്തിലിറങ്ങി ജപിച്ചുകൊണ്ടു നില്ക്കുമായിരുന്നു. മത്സ്യങ്ങൾ വന്നു് കടിച്ചാലും അറിയുകയില്ല. ഇരന്നു വാങ്ങിയാണു് അദ്ദേഹം ഭക്ഷണം കഴിച്ചിരുന്നതു്. പതിനൊന്നു വർഷത്തോളം അദ്ദേഹം ഇങ്ങനെ ജീവിതം കഴിച്ചുകൂട്ടി.

അതിനുശേഷം അദ്ദേഹം തീത്ഥയാത്രയ്ക്കായി പുറപ്പെട്ടു. അതിനിടയ്ക്കു് സന്ന്യാസിമാരേയും സജ്ജനങ്ങളേയും കണ്ടുമുട്ടുകയും അവരിൽ നിന്നു് ജ്ഞാനം സമ്പാദിയ്ക്കുകയും ചെയ്തു. അക്കാലത്തു് അദ്ദേഹം രാജ്യത്തിൻെറ സാമ്പത്തികനിലയെപ്പററി നല്ലപോലെ പഠിച്ചു.

തൻെറ വേർപാടിൽ കരഞ്ഞു കരഞ്ഞു് തൻെറ അമ്മ അന്ധയായി പ്പോയി എന്നു് ഒരു ദിവസം അദ്ദേഹം കേട്ടു. ഉടൻ തന്നെ അദ്ദേഹം അമ്മയെ കാണാൻ പുറപ്പെട്ടു. അനേകവർഷങ്ങൾക്കുശേഷം മകൻ വീട്ടിൽ മടങ്ങിവന്നതറിഞ്ഞു് അമ്മ വളരെ ആനന്ദിച്ചുവെങ്കിലും, കാഴ്ച നഷ്ടപ്പെട്ടതുകൊണ്ടു്, അവക്കു് മകനെ കാണാൻ കഴിഞ്ഞില്ല. അവർ പറഞ്ഞു: "മോനേ നാരായൺ! നീ എന്തു വലുതായിപ്പോയി? കണ്ണു കളില്ലാത്തതുകൊണ്ടു് നിന്നെ എനിക്കു് കാണാൻ കഴിയുന്നില്ല."

അമ്മയുടെ ദുഃഖം കണ്ടു് ദുഃഖിതനായി രാമദാസ്, അവരുടെ ചര ണങ്ങളിൽ വീണു.

രാമദാസ്, ചുററി സഞ്ചരിച്ചു് സമുദായത്തെ സംഘടിതമാക്കുക യും ധർമ്മോപദേശം നൽകുകയും ചെയ്തുവന്നു. മഠങ്ങളുടെ നടത്തിപ്പു് യോഗ്യരായ ശിഷ്യന്മാക്കു് വിട്ടുകൊടുത്തു്, അദ്ദേഹം മററു സ്ഥലങ്ങ ളിൽ എത്തിച്ചേരുമായിരുന്നു. ഇപ്രകാരം ദിവസംതോറും അദ്ദേഹ ത്തിൻെറ ശിഷ്യന്മാരുടെ സംഖ്യ വദ്ധിച്ചതോടൊപ്പം, അദ്ദേഹത്തിന്റെ കീത്തിയും പകൽ രണ്ടിരട്ടി, രാത്രി നാലിരട്ടി എന്ന കണക്കിനു് പര ക്കാൻ തുടങ്ങി. ഭാരതത്തിലെമ്പാടും നിന്നു് മഹാപുരുഷന്മാർ അദ്ദേ ഹത്തിൻെറ ദശ്നത്തിനായി വന്നുകൊണ്ടിരുന്നു.

രാമദാസ്, വളരെ വലിയ മഹാത്മാവായിരുന്നതോടൊപ്പം, വി ദ്വാനും കവിയും രാജ്യതന്ത്രജ്ഞനുമായിരുന്നു. അദ്ദേഹം രചിച്ച "ദാ സബോധം", പല വിഷയങ്ങളുടെ ജ്ഞാനഭണ്ഡാരമാണു്. ഒരു തര ത്തിൽ അതു ഒരു വിശ്വകോശമാണു്. എല്ലാത്തരത്തിലുമുള്ള ആചാര വിചാരങ്ങളുടേയും വിവരങ്ങൾ അതിൽ നിന്നു് കിട്ടും. അദ്ദേഹം, ഇതു കൂടാതെ മററനേകം ഗ്രന്ഥങ്ങളും എഴുതി. ഒരു രാമായണവും അദ്ദേഹ മെഴുതിയിട്ടുണ്ടു്. അതു തുളസീദാസൻെറ രാമചരിതമാനസത്തേക്കാൾ ഇരട്ടിയുണ്ടു്.

രാമദാസ് വർണ്ണാശ്രമധർമ്മത്തെ അംഗീകരിച്ചിരുന്നു. ഭഗവാ ൻെറ ദൃഷ്ടിയിൽ എല്ലാവരും തുല്യരാണെന്നു് അദ്ദേഹം പറയാറുണ്ടായി

"PREMALAYAM"
PUTHIYARA
CALICUT-4.



രുന്നു. ഭഗവാൻ, കേവലം ഭക്തി കാംക്ഷിയ്ക്കുന്നു. വ്യക്തികൾ, സ്വാത്ഥവൃത്തികളിൽ മുഴുകാതെ ഏതെങ്കിലും തരത്തിൽ സാമൂഹ്യസേവനം ചെയ്തുകൊണ്ടിരിയ്ക്കണം.

സ്വാമി രാമദാസ് ജീവിതം മുഴുവനും പരോപകാരം ചെയ്ത് ചെലവഴിച്ചു. അദ്ദേഹത്തിൻെറ ജീവിതം സേവനത്തിൻേറയും ത്യാഗത്തിൻേറയും സജീവമാതൃകയാണ്.

ഒരു തവണ സ്വാമിജിയുടെ ആശ്രമത്തിൽ അനേകം അതിഥികൾ വന്നു കൂടി. അവിടെ ആഹാരം വേണ്ടത്ര ഇല്ലായിരുന്നു. രാമദാസ് കുറെ മറാഠി കവിതകളെഴുതി ശിഷ്യന്മാരെ ഏല്പിച്ചു. അതു് അവർ പാടിപ്പാടി നടന്ന് ഭിക്ഷ വാങ്ങിക്കൊണ്ടുവന്നു. അന്ന് അവക്ക് കിട്ടിയ ഭിക്ഷ ആയിരക്കണക്കിന് അതിഥികളെ സൽക്കരിയ്ക്കാൻ മതിയായിരുന്നു. മഹാരാഷ്ട്രദേശത്ത് ഇപ്പോഴും ആയിരമായിരം ഭിക്ഷുക്കൾ ഈ പാട്ടുകളും പാടി ഭിക്ഷ വാങ്ങാറുണ്ട്.

അദ്ദേഹത്തിൻെറ ഹൃദയം, പൂപോലെ കോമളവും വജ്രം പോലെ കഠോരവുമായിരുന്നു. കർത്തവ്യത്തിൻെറ മുമ്പിൽ മറ്റൊരു കാര്യത്തെക്കുറിച്ചും അദ്ദേഹം ചിന്തിയ്ക്കാറില്ലായിരുന്നു. ശിവാജിയുമായുള്ള അദ്ദേഹത്തിൻെറ കൂടിക്കാഴ്ച 1659-ലാണ് നടന്നതു്. ആദ്യമാദ്യം ഗുരു രാമദാസ് ശിവാജിയെ കാണാതെ കഴിഞ്ഞു. എന്നാൽ ഒടുവിൽ ഒരു ദിവസം ഗുരുവിനെ ദർശിയ്ക്കാതെ താൻ ഭക്ഷണം കഴിയ്ക്കയില്ലെന്ന് ശിവാജി ശപഥം ചെയ്തപ്പോൾ, ഗുരു രാമദാസ് അദ്ദേഹത്തിൻെറ മുമ്പാകെ വന്നു. അങ്ങനെ അദ്ദേഹം ശിവാജിയെ കഠിനമായി പരീക്ഷിച്ചു. ശിവാജിയോട്ട് അദ്ദേഹത്തിന്ന് അഗാധസ്നേഹമുണ്ടായിരുന്നുവെങ്കിലും പല തവണയും അദ്ദേഹം ശിവാജിയെ പരീക്ഷിയ്ക്കുകയുണ്ടായി.

രാമദാസിൻെറ മനസ്സ് ബാല്യകാലം മുതൽ തന്നെ സന്ന്യാസത്തിലേയ്ക്ക് തിരിഞ്ഞിരുന്നു. അദ്ദേഹത്തിൻെറ അത്ഭുതകരമായ സാമത്ഥ്യം കണ്ടു് സന്ന്യാസിമാർ അദ്ദേഹത്തെ "സമത്ഥൻ" എന്നു വിളിച്ചുതുടങ്ങി.

'സമത്ഥൻ', സിത്താരാ കോട്ടയിൽ ''ജയജയ ശ്രീ രഘുവീര സമത്ഥ'' എന്ന ജയഘോഷം മുഴക്കി ഭിക്ഷ ചോദിച്ചപ്പോൾ ശിവാജി തൻെറ രാജ്യം മുഴുവനും അദ്ദേഹത്തിനു് സമർപ്പിച്ചു. ഗുരു എന്തു പറഞ്ഞിരുന്നാലും, അതൊക്കെ അദ്ദേഹത്തിൻെറ ശിഷ്യന്മാർ എഴുതിയെടുത്തിരുന്നു. അദ്ദേഹത്തിൻെറ പവിത്രവചനങ്ങൾ ഏകദേശം ഇരുപതു ഗ്രന്ഥങ്ങളിലായി സംഗ്രഹിച്ചിരിക്കുന്നു. അതു അല്പമൊന്നു് ആസ്വദിക്കുക:

1. ഉത്തമപുരുഷൻ ചെറിയ കാര്യങ്ങളെപ്പററി കലമ്പുകയില്ല; അയാൾ ശരീരത്തെ വളരെ സുഖലോലുപമാക്കാറില്ല; പ്രയത്നം ഒരിക്കലും ഉപേക്ഷിക്കുകയില്ല; കഷ്ടപ്പാടിൽ പരിഭ്രമിക്കാറില്ല.

2. മനസ്സിനെ നിയന്ത്രിക്കാൻ കഴിയാത്തവൻ ഗുരുവല്ല; പിന്നെയോ, ശിഷ്യന്മാരുടെ പുറകേ കൂടി ചുററിക്കറങ്ങുന്ന ദുർമ്മോഹിയായ യാചകനാണു്.

3. ശിഷ്യൻ, ജനനം മുതൽക്കു തന്നെ സുഖിമാനാകാൻ പാടില്ല. സംസാരദുഃഖത്തിൽ അയാൾ ദുഃഖിതനാകണം. സംസാരദുഃഖത്തിൽ ദുഃഖിക്കുന്നവൻ മാത്രമേ പരഗുണകാംക്ഷിയാകുന്നുള്ളു.

4. ജ്ഞാനത്തിൻെറ ശരിയായ അത്ഥം ആത്മജ്ഞാനമെന്നാണു്. ഏതൊരു ജ്ഞാനം കൊണ്ടാണോ മനുഷ്യൻ, തന്നെപ്പററി തന്നത്താൻ അറിയുന്നതു്, അതു മാത്രമാണു് യഥാത്ഥ ജ്ഞാനം.

5. മായയ്ക്കു് രൂപമുണ്ടു്; ബ്രഹ്മം അരൂപിയാണു്. മായ അപ്രത്യക്ഷമാകുന്നു; ബ്രഹ്മം അപ്രത്യക്ഷമാകുന്നില്ല. മായ ദൃഷിക്കുന്നു; ബ്രഹ്മം ദൃഷിക്കുന്നില്ല.

6. ചഞ്ചലമനസ്കനായ മനുഷ്യനു് എത്ര ശ്രദ്ധിച്ചാലും ഒന്നും മനസ്സിലാക്കാൻ കഴിയുകയില്ല. കാതുണ്ടെങ്കിലും, കേൾ

ക്കാൻ കഴിയുകയില്ല. ജ്ഞാനമുണ്ടെങ്കിലും, സാരവും സാരമല്ലാത്തതും തമ്മിലുള്ള ഭേദം അവനു് മനസ്സിലാകുകയില്ല. അവൻെറ മനസ്സ് ശാന്തമായാൽ അവനു് ആലസ്യം പിടിപെടുന്നു.

7. സ്വപ്നത്തിൽ കുടുങ്ങിയ മനുഷ്യൻ, ഉണരുമ്പോൾ മുക്തനാകുന്നതുപോലെ, ജ്ഞാനം സിദ്ധിയ്ക്കുമ്പോൾ ജീവികൾക്ക് മോക്ഷം കിട്ടുന്നു. അജ്ഞാനരൂപിയായ രാത്രി അവസാനിയ്ക്കുമ്പോൾ, സങ്കല്പസംബന്ധിയായ ദുഃഖം നാശമടയുന്നു.

8. സന്ന്യാസി ക്രുദ്ധനാകുന്നില്ല; അയാൾക്ക് ലോഭമുണ്ടാകുന്നില്ല; ശോകം അയാൾക്കില്ല; അയാൾ നിർഭയനായിരിയ്ക്കുന്നു; അയാളുടെ വചനം കഠോരമാകുകയില്ല; മാനാപമാനങ്ങളെപ്പറ്റി അയാൾ ശ്രദ്ധിയ്ക്കാറില്ല.

ശിവാജിയുടെ മരണത്തിൽ അദ്ദേഹത്തിന്നു് വലിയ ദുഃഖമുണ്ടായി. അതിനു ശേഷം അദ്ദേഹം പുറത്തിറങ്ങാതെയായി. മുറിയ്ക്കകത്തു് അടച്ചിരുന്നു് സദാ ഭജിച്ചുകൊണ്ടിരിയ്ക്കുമായിരുന്നു.

ശിവാജിയുടെ മരണാനന്തരം ഒരു വഷം കഴിഞ്ഞു് 1681–ൽ, ഗുരു രാമദാസും ശരീരം ത്യജിച്ചു. ആ സമയത്തു് അദ്ദേഹത്തിനു് 73 വയസ്സുണ്ടായിരുന്നു.

ഗുരു രാമദാസ് വളരെ വലിയ ഒരു സന്ന്യാസിയും മതനേതാവുമായിരുന്നു. എന്നാൽ, അദ്ദേഹത്തിനു് ഒരു പ്രത്യേകതയുണ്ടായിരുന്നു. രാജ്യത്തെ അടിമത്തത്തിൻെറ ചങ്ങലകളിൽ നിന്നു് മോചിപ്പിയ്ക്കാനുള്ള വ്രതം അദ്ദേഹമെടുത്തിരുന്നു. അവസാനം വരെ അദ്ദേഹം ആ ഉദ്ദേശ്യത്തിനായി പ്രവത്തിച്ചുകൊണ്ടിരുന്നു. ഭാഗ്യവശാൽ, അദ്ദേഹത്തിനു് ശിവാജിയെപ്പോലുള്ള ഒരു സൽപുത്രനെ ശിഷ്യനായി കിട്ടി. ശിവാജി അദ്ദേഹത്തിൻെറ സ്വപ്നം വലിയൊരതിരുവരെ യാഥാത്ഥ്യമാക്കിക്കാണിച്ചു.

# തുക്കാരാം



പതിനേഴാം നൂററാണ്ടിൽ മഹാരാഷ്ട്രത്തിന് വലിയ ഉന്നതി കൈവന്നു. ഇതു പ്രമാണിച്ച് മൂന്നു പേരുകൾ വിശേഷിച്ച് പ്രസ്താവയോഗ്യമാണ്—ശിവാജി, സമർത്ഥ ഗുരു രാമദാസ്, തുക്കാരാം.

കബീർ, സൂരദാസ്, തുളസീദാസ്, മീര എന്നിവരെപ്പോലെ തുക്കാരാമും ഒരു പ്രസിദ്ധ ഭക്തകവിയായിരുന്നു. അദ്ദേഹം ക്രിസ്ത്വബ്ദം 1608-ൽ ദേഹു ഗ്രാമത്തിൽ ജനിച്ചു. അദ്ദേഹത്തിൻെറ അച്ഛനമ്മമാർ വളരെയധികം വ്രതങ്ങളും നേർച്ചകളും അനുഷ്ഠിച്ച ശേഷമാണ് അദ്ദേഹം ജനിച്ചതെന്നു് പറയപ്പെടുന്നു.

മാതാപിതാക്കന്മാർ, വലിയ വാത്സല്യത്തോടെ തുക്കാരാമിനെ വളർത്തി. അദ്ദേഹം കുറെ വലുതായപ്പോൾ, കൂട്ടുകാരുമൊന്നിച്ച് കളികളിൽ മുഴുകി. പില്ക്കാലത്തു് ഈ കളികളെ പ്രതീകമാക്കി തുക്കാരാം അഭംഗ് (ഭക്തിഗാനം) രചിച്ചു. തുക്കാരാമിനു് ഏററവും പ്രിയപ്പെട്ട കളി 'ടിപരി' ആയിരുന്നു. ഈ കളിയിൽ പന്ത്രണ്ടോ പതിനാറോ കളിക്കാർ രണ്ടു പക്ഷത്തായി നില്ക്കും. വേറെ ഒരു കുട്ടി നടുക്ക് നിന്നു് പാടും. ഒരു പക്ഷത്തെ കുട്ടികൾ, പാട്ടിൻെറ താളത്തിനൊപ്പിച്ച് തങ്ങളുടെ കൈകളിലുള്ള ടിപാരികൾ (കൊച്ചു കൊച്ചു കമ്പുകൾ)

"PREMALAYAM"
PUTHIYARA
CALICUT 4.



കൊണ്ടു് കൊട്ടി, നടുക്കു നില്ക്കുന്ന കുട്ടിയുടെ ഇടത്തുവശത്തുകൂടെ ചുററി ക്കറങ്ങും. അയാളുടെ രണ്ടു വശത്തുമായി മറുപക്ഷത്തെ കുട്ടികൾ നില്ക്കും. താളം കൊട്ടുന്നതിൽ പിഴയ്ക്കുന്ന കുട്ടി നടുക്കു് നില്ക്കേണ്ടി വരും. നടുക്കു നില്ക്കുന്ന കുട്ടി അവൻെറ സ്ഥാനമെടുക്കും. കമ്പുകൾ കൊണ്ടു് ഒരേ ശബ്ദത്തിൽ താളം പിടിയ്ക്കുന്നതിലും താളത്തിനൊപ്പിച്ചു് കാലുയർത്തുന്നതിലുമാണു് ഈ കളിയുടെ വിദ്യ കിടക്കുന്നതു്. ഈ കളി തുക്കാരാമിന്റെ കവിത്വത്തെ വളരെയധികം പുടപാകം ചെയ്തു.

തുക്കാരാമിന്റെ കുട്ടിക്കാലം ഇങ്ങനെ കളിയും ചാട്ടവുമായിക്കഴി ഞ്ഞു. അദ്ദേഹത്തിൻെറ അച്ഛൻ, കുട്ടികളെ എഴുത്തും വായനയും കണ ക്കും പഠിപ്പിച്ചിരുന്നു. ഇക്കാര്യങ്ങളിലും തുക്കാരാമിൻെറ ബുദ്ധി കുറ വല്ലായിരുന്നു. ജോലിയുടെ എല്ലാ വശങ്ങളും അദ്ദേഹം വളരെ അവ ധാനപൂർവ്വം മനസ്സിലാക്കിയിരുന്നു. താമസിയാതെ, കടയിലേയും പണം പലിശയ്ക്കു് കൊടുക്കുന്ന ഏർപ്പാടിൻേറയും വരവുചെലവു കണക്കുകളെ ഴുതാൻ ശീലിച്ചു. ഇതു കണ്ട ഒരാൾ, ഈ കുട്ടി വലിയ ബുദ്ധിശാലി യാണെന്നും കുടുംബത്തിൻെറ പേരു് പ്രസിദ്ധമാക്കുമെന്നും കുട്ടിയുടെ പിതാവായ ബോൽഹോബയോടു് പറഞ്ഞു.

പിതാവിനു് തുക്കാരാമിനോടു് വലിയ സ്നേഹമായിരുന്നു. കട യുടേയും കച്ചവടത്തിൻേറയും കാര്യത്തിൽ അദ്ദേഹം, മൂത്തമകനായ സാവ്ജിയെക്കാൾ തുക്കാരാമിനെ അധികം വിശ്വസിച്ചിരുന്നു. തുക്കാ രാമിനു് പതിനാലു പതിനഞ്ചു് വയസ്സായപ്പോൾ അദ്ദേഹത്തിൻെറ വിവാഹം വലിയ മോടിയോടെ നടത്തി. എന്നാൽ, കുറേക്കാലം കഴി ഞ്ഞപ്പോൾ, തുക്കാരാമിൻെറ ഭാര്യയ്ക്കു് കാസരോഗമാണെന്നു് മനസ്സി ലായി. പൂനയിലെ ഒരു ഹുണ്ടികക്കച്ചവടക്കാരൻ തുക്കാരാമിനു് അ യാളുടെ മകളെ കല്യാണം കഴിച്ചു കൊടുക്കാൻ തയ്യാറായിരുന്നു. പതി നാറാം വയസ്സിൽ തുക്കാരാമിൻെറ രണ്ടാം വിവാഹം നടത്തി. ആദ്യ ത്തെ ഭാര്യയുടെ പേരു് സുഖ്മായി എന്നും, രണ്ടാമത്തവളുടെ പേരു് ജീജായിയെന്നുമായിരുന്നു.

ഇവർ രണ്ടുകൊല്ലം സുഖമായിക്കഴിഞ്ഞു. 1625ൽ തുക്കാരാമിൻെറ അച്ഛൻ മരിച്ചു. കുടുംബത്തിൻെറ സകല ഭാരവും തുക്കാരാമിൻെറ ചുമലിലായി. അദ്ദേഹം വലിയ ധൈര്യത്തോടെ എല്ലാ ജോലികളും ചെയ്തു. ഇളയ സഹോദരനായ കാൻഹോബയുടെ വിവാഹം വലിയ ആർഭാടത്തോടെ അദ്ദേഹം നടത്തി. ഈ വിവാഹത്തിനായി അദ്ദേഹം വളരെയധികം പണം ചെലവുചെയ്തതു കാരണം, അദ്ദേഹത്തിൻെറ മേൽ വലിയ കടം വന്നു കയറി.

പിറേറക്കൊല്ലം അദ്ദേഹം, അമ്മയേയും കൂട്ടി തീർത്ഥയാത്രയ്ക്കു് പുറപ്പെട്ടു. ഈ നീണ്ട യാത്രയിൽ വളരെ ചെലവുണ്ടായി. തിരിച്ചു വന്നപ്പോൾ കച്ചവടം നശിച്ചുപോയിരുന്നു. ഗ്രാമത്തിൽ മറെറാരാൾ കട തുടങ്ങിയിരുന്നു.

ദുഃഖം വരുമ്പോൾ കൂട്ടത്തോടെ എന്നാണല്ലോ ചൊല്ല്. ഇതിനുശേഷം രാജ്യത്തു് ഭയങ്കരക്ഷാമം ഉണ്ടായതുമൂലം, തുക്കാരാമിൻെറ കഷ്ടപ്പാടുകൾക്കു് അതിരില്ലായിരുന്നു. പാപ്പരായതിനാൽ കാലം വളരെ മോശമായി. അദ്ദേഹത്തെ തങ്ങളുടെ വാതുക്കൽ നില്ക്കാൻപോലും ആരും അനുവദിയ്ക്കാതെയായി. ഈ ക്ഷാമത്തിൽ അദ്ദേഹത്തിൻെറ ആദ്യത്തെ ഭാര്യയും മൂത്ത മകനും അമ്മയും അന്തരിച്ചു.

അദ്ദേഹത്തിൻെറ രണ്ടാമത്തെ ഭാര്യയായ ജിജായി ഒരു ധനികകുടുംബത്തിൽ പിറന്നവരായിരുന്നു. അവരുടെ അച്ഛൻെറ വീട്ടിലെ സുഖങ്ങളെപ്പററി ഓർമ്മിച്ചും ശ്വശ്രുരഗൃഹത്തിലെ കഷ്ടതകളെപ്പററി വിചാരിച്ചും അവർ ഉള്ളുകൊണ്ടു് വളരെ ദുഃഖിച്ചു. കോപംകൊണ്ടു് അവർ തുക്കാരാമിനോടു് കടുത്ത വാക്കുകൾ പറയുമായിരുന്നു. തുക്കാരാമിനു് കാര്യങ്ങൾ മനസ്സിലാകണമെന്നായിരുന്നു അവരുടെ ആഗ്രഹം. എന്നാൽ പത്നിയുടെ ദുർഭാഷണം കേട്ടു് അദ്ദേഹത്തിൻെറ മനസ്സു് കൂടുതൽ അസ്വസ്ഥമായി. തീക്ഷ്ണമായ വാക്കുകൾ കേട്ടു് വളരെ ദുഃഖിതനായ അദ്ദേഹം 'വിഠൽ, വിഠൽ' എന്നു പറഞ്ഞുകൊണ്ടു് ക്ഷേത്രത്തിലേയ്ക്കു് പോകുമായിരുന്നു. ഭാര്യയുടെ ദോഷാരോപണങ്ങൾ കേട്ടു്

"PREMALAYAM"
PUTHIYARA
CALICUT-4.



ദുഃഖിച്ച് ഒന്നുരണ്ടു തവണ എന്തെങ്കിലും ചെയ്യാൻതന്നെ തുക്കാരാം നിശ്ചയിച്ചു.

കടയിലെ ജോലി അനുജനായ കാൻഹോബയെ ഭാരമേല്പിച്ചശേഷം ഒരു വ്യാപാരിയുടെ വിളവ് മററൊരു ഗ്രാമത്തിലെത്തിക്കുന്ന ജോലി അദ്ദേഹം ഏറെറടുത്തു. ചാക്കുകൾ കാളകളുടെ പുറത്ത് കയററി അവയെ ഓടിച്ചുകൊണ്ട് തുക്കാരാം വീട്ടിൽനിന്ന് പുറപ്പെട്ടു. നടന്നു പൊയ്ക്കൊണ്ടിരിക്കവേ, ശ്രീ വിഠലിനെക്കുറിച്ചുള്ള കീർത്തനം പാടാൻ തുടങ്ങി. അതിൽ അദ്ദേഹം, മതിമറന്നുപോയി. ഒരു വഴിയമ്പലത്തിലെത്തിയപ്പോൾ, ഒരു കാളയുടെ പുറത്തുണ്ടായിരുന്ന ചാക്കുകളൊന്നും കണ്ടില്ല. ആ ചാക്കുകൾ, ഒന്നുകിൽ വഴിയിൽ വച്ച് കള്ളന്മാർ കട്ടിരിക്കും, അല്ലെങ്കിൽ കാള എവിടെയെങ്കിലും കളഞ്ഞതായിരിക്കും. ചരക്കെത്തിക്കുന്നതിനുള്ള കൂലി കിട്ടുന്നതിനു പകരം ചാക്കുകളുടെ വില സ്വന്തം കൈയിൽനിന്ന് കൊടുക്കേണ്ടിവന്നു. ആളുകൾ, അദ്ദേഹത്തിന് പിണഞ്ഞ വിഡ്ഢിത്തത്തെ പററിയും അദ്ദേഹത്തിന്റെ 'വിഠൽ' ഭജനത്തെയും കളിയാക്കി. വീട്ടിൽ ജിജായി അദ്ദേഹത്തെ അസഹ്യപ്പെടുത്തി. ഇനിമേൽ ഇങ്ങനെയുള്ള അലക്ഷ്യം ഒരിക്കലും ഉണ്ടാകുകയില്ലെന്ന് അദ്ദേഹം തീർച്ചപ്പെടുത്തി. എന്നാൽ അതിനുശേഷം കൂലിക്ക് സാമാനം കൊണ്ടുപോകുന്ന ജോലി അദ്ദേഹത്തിന് കിട്ടുക വിഷമമായിരുന്നു.

ഒടുവിൽ, അങ്ങുമിങ്ങും നിന്ന് കുറച്ചു പണം ശേഖരിച്ച് മുളക് വാങ്ങിച്ച് മററൊരു ഗ്രാമത്തിൽ വില്ക്കാൻ കൊണ്ടുപോയി. അവിടെ സമർത്ഥനായൊരു വ്യാപാരി, വിലയിലും തൂക്കത്തിലും ആദ്യം അദ്ദേഹത്തെ പററിച്ചു. പിന്നീട്, വില രൊക്കം പണമായി കൊടുക്കാതെ സ്വർണ്ണത്തിന്റെ രൂപത്തിൽ നൽകി. രൊക്കം പണത്തിന് പകരം സ്വർണ്ണക്കട്ടികൾ കൊണ്ടുപോകുന്നതിലാണ് അപകടം കുറവെന്ന് അയാൾ പറഞ്ഞു. എന്നാൽ, വീട്ടിൽ ചെന്നു നോക്കിയപ്പോൾ, കട്ടിയുടെ മേൽഭാഗത്ത് മാത്രമേ സ്വർണ്ണം ഉള്ളുവെന്നും അകം പിത്തള നിറച്ചിരിക്കുകയാണെന്നും കണ്ടു. ഇതെല്ലാമറിഞ്ഞ ജിജായി അദ്ദേഹത്തെ

വളരെയധികം ശകാരിച്ചു. പക്ഷെ പിന്നെ എന്തു ചെയ്യാൻ കഴിയും?

അതിനുശേഷം ജിജായി അവരുടെ അച്ഛൻെറ അടുക്കൽനിന്നു് ഇരുന്നൂറു രൂപ കൊണ്ടുവന്നു. ആ രൂപകൊണ്ടു് ഉപ്പു വാങ്ങിച്ചു് അതു് വിൽക്കാനായി തുക്കാരാമിനെ കർണ്ണാടകത്തിലേയ്ക്കയച്ചു. ഇപ്രാവശ്യം വളരെ ശ്രദ്ധാപൂർവ്വം അദ്ദേഹം കാര്യങ്ങൾ ചെയ്തു. ഇരുന്നൂറു രൂപയുടെ ഉപ്പു് ഇരുന്നൂററി അമ്പതു രൂപയ്ക്കു് വിററു. വലിയ ആഹ്ലാദത്തോടെ 'വിഠൽ' ഭജനങ്ങൾ പാടിക്കൊണ്ടു് അദ്ദേഹം മടങ്ങി. വഴിയിൽ ഒരു പാവപ്പെട്ട ബ്രാഹ്മണനെ കണ്ടുമുട്ടി. അയാൾ തൻെറ കരുണാപൂർണ്ണമായ കഥ അദ്ദേഹത്തെ കേൾപ്പിച്ചു. അയാളുടെ ദാരിദ്ര്യം കണ്ടു് തുക്കാരാമിൻെറ മനസ്സു് ആർദ്രമായി. കൈയിലുണ്ടായിരുന്ന പണത്തിൽ അധികഭാഗവും അയാൾക്കു കൊടുത്തു. വീട്ടിൽ വന്നപ്പോൾ, വീണ്ടും പഴയപോലെ നിർദ്ധനനായി. ജിജായി വിവരമറിഞ്ഞു് തന്നത്താൻ തലയ്ക്കടിച്ചു.

ഇത്തവണ തുക്കാരാം ദുഃഖിതനായി വീട്ടിൽ നിന്നിറങ്ങി, ഇന്ദ്രായണി നദിയ്ക്കു് വടക്കു് എട്ടുമൈൽ അകലത്തുള്ള മാമനാഥ മലയിൽ ചെന്നിരുന്നു. അവിടെ ഏകാന്തമായിരുന്നു്, അദ്ദേഹം ഇങ്ങനെ വിചാരിച്ചു: "ഞാൻ ഈ കുടുംബസേവനം ചെയ്തു ചെയ്തു്, ലൌകികദുഃഖങ്ങൾകൊണ്ടു് നല്ലപോലെ തപിച്ചുകഴിഞ്ഞു. എല്ലാവരും ധനലാഭത്തെപ്പററിയേ വിചാരിയ്ക്കുന്നുള്ളു. എന്നോടു് ആരും ദയ കാണിയ്ക്കുന്നില്ല. ഞാൻ ഈ ലോകവ്യവഹാരത്താൽ വല്ലാതെ കുഴങ്ങുന്നു. അതുകൊണ്ടു് പാണ്ഡുരംഗാ! ഇപ്പോൾ നീ മാത്രമാണു് എൻെറ അമ്മ. നീയേ എനിക്കു് ശരണമുള്ളു."

പതിനഞ്ചു ദിവസത്തോളം അദ്ദേഹം അവിടെ ഇരുന്നതായി പറയപ്പെടുന്നു. ജിജായി പരിഭ്രമിച്ചു. അവർ അദ്ദേഹത്തിൻെറ അനുജനായ കാൻഹോബയെ അദ്ദേഹത്തെ തിരക്കി കണ്ടുപിടിയ്ക്കാൻ പറഞ്ഞയച്ചു. അയാൾ അദ്ദേഹത്തെ പറഞ്ഞു് സമാധാനിപ്പിച്ചു്

"PREMALAYAM"
PUTHIYARA
CALICUT-4.



തിരികെ വീട്ടിൽ കൊണ്ടുവന്നു. അദ്ദേഹം, വീട്ടിൽ തുടന്ന് താമസി ച്ചെങ്കിലും, വീട്ടിലെ ജോലിയൊന്നും ചെയ്തിരുന്നില്ല. കാലത്ത് എഴ ന്നേററാലുടനെ ശ്രീ വിഠലിനെ പൂജിക്കും. പിന്നീട് എവിടെയെങ്കി ലും ഏകാന്തത്തിലിരുന്ന്, ജ്ഞാനേശ്വരിയോ ഭാഗവതമോ വായിക്കും. രാത്രിയിൽ എവിടെയെങ്കിലും ഹരികീർത്തനമുണ്ടായാൽ, അവിടെ ചെന്ന് ഭക്തന്മാരുടെ പ്രവചനം കേൾക്കും.

ജിജായിയും അദ്ദേഹത്തോടൊന്നും പറയാതായി. എന്നാൽ ഗൃഹജോലികളിൽ അദ്ദേഹത്തെ പങ്കെടുപ്പിക്കാൻ വേണ്ടി ആളുകളിൽ നിന്ന് കടം വാങ്ങിയ്ക്കുന്ന ജോലി, അവർ അദ്ദേഹത്തെ ഏല്പിച്ചു. തുക്കാരാം, ഈ ജോലി ചെയ്യാൻ തുടങ്ങിയെങ്കിലും അതിവേഗം അ തിൽ മടുപ്പുവന്നു. എന്തെന്നാൽ, കടം കൊടുക്കുന്നയാളുകൾ, അദ്ദേഹം ചെല്ലുന്നതു കണ്ടാൽ കയറി ഒളിക്കുകയോ കള്ളം പറയുകയോ ചെയ്യുന്ന തായി അദ്ദേഹം മനസ്സിലാക്കി. ഇതു കണ്ട് തുക്കാരാം ഇങ്ങനെ വി ചാരിച്ചു: "ഈ ജോലി വളരെ ചീത്തയാണ് ഈശ്വരനു പകരം പണ ത്തെപ്പററിയാണ് എനിക്ക് ചിന്തിക്കേണ്ടി വരുന്നത്. എന്നാൽ, അ തോടൊപ്പം, ആളുകളെക്കൊണ്ട് കള്ളം പറയിക്കാനും ഞാൻ കാരണ മാകുന്നു. ഈ ശരീരം ഞാൻ ഈശ്വരനിൽനിന്ന് കടമെടുത്തതാണ് ഭഗവാനോടുള്ള ഈ കടം വീട്ടാത്തിടത്തോളം മററുള്ളവരോട് കടം വീ ട്ടണമെന്ന് ആവശ്യപ്പെടാൻ എന്തവകാശം?

ഇങ്ങനെ വിചാരിച്ച്, അദ്ദേഹം പകുതി കടപ്പത്രങ്ങൾ അനുജന് കൊടുക്കുകയും തൻെറ ഭാഗം ആററിലെറിയുകയും ചെയ്തു.

ഇതോടെ തുക്കാരാം കുടുംബനാഥന്റെ സകല ബന്ധനങ്ങളിൽനി ന്നും വിമുക്തനായി. അതിനുശേഷം അദ്ദേഹം, പണം കൈകൊണ്ട് തൊട്ടിട്ടില്ല. സദാ സമയവും ശ്രീവിഠലിനെ ഭജിച്ച് കഴിച്ചുകൂട്ടി. ഗ്രാമത്തിൽ പൂർവ്വീകരുടെ ഒരു പഴയ വിഠൽ ക്ഷേത്രമുണ്ടായിരുന്നു. അതു് അദ്ദേഹം സ്വന്തം കൈകൊണ്ട് നന്നാക്കി. മുമ്പ് അദ്ദേഹം, മററുള്ളവരുടെ സ്ഥലത്ത് കീർത്തനം കേൾക്കാൻ പോകുമായിരുന്നു.

എന്നാൽ ഇപ്പോൾ അദ്ദേഹം സ്വന്തം ക്ഷേത്രത്തിൽ തന്നെ ത്താൻ കീർത്തനം പാടാൻ തുടങ്ങി. അദ്ദേഹത്തിൻെറ കീർത്തനത്തിനു് വലിയ മാധുര്യമുണ്ടായിരുന്നു. അദ്ദേഹം, ഭക്തിപൂർവ്വം അഭംഗ് (ഭക്തിഗാനം) രചിച്ചു് ഭക്തന്മാരെ കേൾപ്പിയ്ക്കുമായിരുന്നു. ഇതു മൂലം അദ്ദേഹത്തിൻെറ പ്രശസ്തി വിദൂരസ്ഥലങ്ങൾവരെ വ്യാപിച്ചു. ഇതുകേട്ടു് തുക്കാരാം, തൻെറ കീർത്തനങ്ങളിൽ നാമമാഹാത്മ്യത്തെ വർണ്ണിച്ചു് അനാദികാലം മുതൽ നടപ്പിലുള്ള വൈദികമതത്തിൽ നിന്നു് സാധുജനങ്ങളെ വിമുഖരാക്കുന്നുവെന്നും ഈശ്വരദർശനത്തെപ്പററി വീരവാദം മുഴക്കി, പാവപ്പെട്ടവരെ കുടുക്കിലാക്കുന്നുവെന്നും രാമേശ്വരഭട്ടു് എന്നു പേരുള്ള മഹാപണ്ഡിതനായ ഒരു കന്നടബ്രാഹ്മണൻ ആരോപിച്ചു. അയാൾ, ഗ്രാമത്തിലെ ഉദ്യോഗസ്ഥനോടു് പറഞ്ഞു്, തുക്കാരാമിനെ ദേഹുവിൽനിന്നു് പുറത്തുപോകാനുള്ള ഉത്തരവു് അയപ്പിച്ചു.

ഈ ഉത്തരവു് കേട്ടു് തുക്കാരാം വളരെ ദുഃഖിച്ചു. രാമേശ്വരഭട്ടിന്റെ അടുക്കൽ ഓടിച്ചെന്നു് തൻെറ അപരാധമെന്തെന്നു് ചോദിച്ചു. ആ ബ്രാഹ്മണൻ ഇങ്ങനെ പറഞ്ഞു: "നിങ്ങളുടെ 'അഭംഗ'ങ്ങളിൽ ശ്രുതികളുടെ അത്ഥം വരുന്നുണ്ടു്. നിങ്ങൾ ശൂദ്രജാതിയിൽ പിറന്നയാളാണു്. ശ്രുതികളുടെ അത്ഥം പറയാൻ നിങ്ങൾക്കു് അവകാശമില്ല. ഇങ്ങനെ ചെയ്യുന്നതുവഴി, നിങ്ങൾ കേൾക്കുന്നവരേയും നിങ്ങളെത്തന്നെയും പാപത്തിൽ പങ്കാളികളാക്കുകയാണു്. അതുകൊണ്ടു്, ഇന്നു മുതൽ 'അഭംഗ്' രചിയ്ക്കുന്നതു് മതിയാക്കുക!"

തുക്കാരാം പറഞ്ഞു: "വിഠൽ ആജ്ഞാപിച്ചിട്ടാണു് ഞാൻ കവിത എഴുതുന്നതു്. അങ്ങു് ബ്രാഹ്മണനാണു്. ദേവന്മാക്കുപോലും പൂജ്യനാണു്. അങ്ങയുടെ ആജ്ഞ ഞാനും മാനിയ്ക്കാം. ഇന്നുമുതൽ ഞാൻ 'അഭംഗ്' രചിയ്ക്കുകയില്ല. പക്ഷെ രചിച്ചുപോയ 'അഭംഗ'ങ്ങളെന്തു ചെയ്യാനാണു്?"

മറുപടി കിട്ടി: "രചിച്ച 'അഭംഗ'ങ്ങൾ നദിയിലിടുകയും ഇനി പുതിയ 'അഭംഗ'ങ്ങൾ രചിയ്ക്കാതിരിയ്ക്കുകയും ചെയ്താൽ, ഉത്തരവ് പിൻവലിയ്ക്കാൻ ഞാൻ ശുപാർശ ചെയ്യാം."

തുക്കാരാം വീട്ടിൽ തിരിച്ചെത്തിയ ഉടൻ, 'അഭംഗ'ങ്ങൾ എഴുതിയ പുസ്തകക്കെട്ട് എടുത്തു് നദിയിലെറിഞ്ഞു. ഇതു കണ്ടയാളുകൾ പറഞ്ഞു: അതു മോശമായിപ്പോയി. കടപ്പത്രം നദിയിലെറിഞ്ഞു് സ്വാർത്ഥം മുക്കിക്കളഞ്ഞു. ഇപ്പോൾ 'അഭംഗ'ങ്ങൾ എറിഞ്ഞു്, പരമാർത്ഥവും മുക്കി. അങ്ങനെ, നിങ്ങൾക്കു് ലോകവും പരലോകവും നഷ്ടപ്പെട്ടു.

തുക്കാരാം ആലോചിച്ചപ്പോൾ, അദ്ദേഹത്തിനു് ഇക്കാര്യം ശരിയ്ക്കും മനസ്സിലായി. ജീവിതത്തിൽ സ്വാർത്ഥവും ശേഷിച്ചില്ല; പരമാർത്ഥവും ശേഷിച്ചില്ല. ഇനി ജീവിച്ചതുകൊണ്ടു്, എന്തു് പ്രയോജനം? അവിടെ നദീതീരത്തു് ഒരു കല്ലിൽ കയറി, ഉപവാസമിരുന്നു് മരിയ്ക്കാൻ അദ്ദേഹം നിശ്ചയിച്ചു.

പതിമൂന്നു ദിവസത്തോളം വെള്ളംപോലും കുടിയ്ക്കാതെ, അദ്ദേഹം ഭഗവൽധ്യാനത്തിലിരുന്നു. പതിമൂന്നാം ദിവസം ഭഗവാൻ അദ്ദേഹത്തിനു് ദർശനം നൽകിയതായും അദ്ദേഹത്തിൻെറ പുസ്തകക്കെട്ട് വെള്ളത്തിൽ പൊങ്ങിക്കിടക്കുന്നതു് ജനങ്ങൾ കണ്ടതായും പറയപ്പെടുന്നു. ഉടൻ തന്നെ, ഭക്തജനങ്ങൾ നദിയിൽ ചാടി, അതെടുത്തുകൊണ്ടു് അദ്ദേഹത്തിന്റെ അടുക്കൽ വന്നു പറഞ്ഞു: "പരമാത്മാവു്, അങ്ങയുടെ ഭക്തിയിൽ സന്തുഷ്ടനായി അങ്ങയുടെ അഭംഗം വെള്ളത്തിൽ മുങ്ങിപ്പോകാതെ രക്ഷിച്ചു. എണീററു നോക്കണം."

കടലാസ്സു് ഉണങ്ങിയിരുന്നു. തുക്കാരാം, സന്തോഷത്താൽ ഗൽഗദകണ്ഠനായി. അതിനുശേഷം വീണ്ടും കീർത്തനവും അഭംഗവും രചിയ്ക്കാൻ തുടങ്ങി. ഈ സംഭവത്തെപ്പററി കേട്ട രാമേശ്വർഭട്ടു് തുക്കാരാമിൻെറ ഭക്തനായി മാറി.

തുക്കാരാം ദേഹു ഗ്രാമം കൂടാതെ മററു ഗ്രാമങ്ങളിലും വളരെയധികം ഭജന ചെയ്തിരുന്നു. ഒരു ഗ്രാമത്തലവൻ അദ്ദേഹത്തിൻെറ വലിയ

ഭക്തനായിരുന്നു. ഒരിക്കൽ അയാൾ, രോഗിയായ തൻെറ കുട്ടിയെ വീട്ടിൽ വിട്ടിട്ട്, അദ്ദേഹത്തിൻെറ കീർത്തനം കേൾക്കാൾ പോയി. ആ കുട്ടി മരിച്ചു. അമ്മ, ക്രോധാവേശത്താൽ കുട്ടിയുടെ ശവമെടുത്തുകൊണ്ട്, ഭക്തജനസ്ഥലത്തേക്കു് ചെന്നു. തുക്കാരാം പാടിക്കൊണ്ടിരിയ്ക്കവേ, ശ്രീ വിഠലിൻെറ പേരു് വിളിക്കാൻ തുടങ്ങി. സദസ്സിലുണ്ടായിരുന്നവരെല്ലാം താളം പിടിച്ചു് 'വിഠൽ, വിഠൽ' എന്നു പറഞ്ഞു് ഭജിയ്ക്കാൻ തുടങ്ങി. കുട്ടിയ്ക്കു് ജീവൻ വീണു. അതു് കണ്ണു തുറന്നു് കൊച്ചു കൈകൊണ്ടു് താളം പിടിയ്ക്കാൻ തുടങ്ങി.

തുക്കാരാമിനെ സംബന്ധിച്ചു് ഇങ്ങനെ പല കഥകളും പ്രസിദ്ധമാണു്. അദ്ദേഹത്തിൻെറ കീർത്തി, ദൂരസ്ഥലങ്ങളിലേയ്ക്കു് വ്യാപിച്ചു. ആളുകൾ, ധാരാളമായി വന്നു് അദ്ദേഹത്തിൻെറ 'അഭംഗ'ങ്ങൾ എഴുതിയെടുത്തു് കൊണ്ടുപോകാൻ തുടങ്ങി. ഇവ, മഹാരാഷ്ട്രത്തിലെല്ലായിടത്തും വലിയ ഭക്തിയോടെ പാടി വരുന്നു.

ഇങ്ങനെ സിദ്ധനായിരിയ്ക്കവേ, 42-ാംവയസ്സിൽ മേടമാസത്തിൽ കൃഷ്ണപക്ഷത്തിൽ ദ്വിതീയ തിഥിയിൽ തുക്കാരാം മരണമടഞ്ഞു. തുക്കാരാമിന്റെ പേരു് മൂലം ദേഹു ഗ്രാമം മഹാരാഷ്ട്രത്തിലെ തീർത്ഥാടനസ്ഥാനമായി കണക്കാക്കപ്പെടുന്നു. അവിടെ മേടമാസത്തിൽ കൃഷ്ണപക്ഷത്തിൽ ദ്വിതീയ തൊട്ടു് അഞ്ചു ദിവസത്തോളം ഓരോ വർഷവും ആയിരക്കണക്കിനു് ആളുകൾ അദ്ദേഹത്തിൻെറ ചരമവാർഷികം ആഘോഷിയ്ക്കാനായി ഒന്നിച്ചു ചേരുന്നു. ദേഹു ഗ്രാമത്തിൽ തുക്കാരാമിൻെറ ക്ഷേത്രം പണികഴിപ്പിച്ചിട്ടുണ്ടു്. തുക്കാരാം മറാഠിയ്ക്കു് പുറമേ ഹിന്ദിയിലും കുറെ കവിതകൾ എഴുതിയിട്ടുണ്ടു്. അദ്ദേഹത്തിൻെറ ഹിന്ദി കവിതകളിൽ മറാഠിയുടേയും ഗുജറാത്തിയുടേയും നിഴലാട്ടം കാണാം.

അഭിമാനവും സ്നേഹവും ഭക്തിയും കൊണ്ടു് തുക്കാരാം, തൻെറ ശത്രുക്കൾക്കും മിത്രങ്ങൾക്കും ഒരുപോലെ പ്രിയപ്പെട്ടവനും പൂജനീയനുമായെന്നുള്ളതാണു് അദ്ദേഹത്തിൻെറ ജീവിതത്തിൻെറ സവിശേഷത. ക്രോധ, ലോഭ, മോഹങ്ങളിൽനിന്നു് ഓടി അകന്നു്, ശരിയായ അർത്ഥത്തിൽ സംസാരത്യാഗിയായ, ഒരു സന്ന്യാസിയായിരുന്നു അദ്ദേഹം.

"PREMALAYAM"
PUTHIYARA
CALICUT 4.



# ശിവാജി

ശിവാജിയുടെ പേരു്, ഭാരതത്തിലെ കൊച്ചുകുട്ടികൾക്കു് പോലു മറിയാം. എല്ലാ വീടുകളിലും അമ്മമാർ അവരുടെ കുട്ടികളെ അദ്ദേഹത്തിൻെറ വീരത്വത്തെപ്പററിയുള്ള കഥകൾ പറഞ്ഞു കേൾപ്പിക്കാറുണ്ടു്. അദ്ദേഹത്തെപ്പോലുള്ള വീരന്മാർക്കു് ജന്മം നൽകിയതു കാരണം ഭാരതമാതാവിനെ വീരജനനി എന്നു് വിളിക്കുന്നു. ശിവാജി ആദർശശാലിയായ മാതൃഭക്തനും സമർത്ഥനും ഭരണാധിപനും അദ്വിതീയവീരനും രാഷ്ട്രനിർമ്മാതാവുമായിരുന്നു. ഇക്കാരണത്താൽ ലോകത്തിലെ മഹാപുരുഷന്മാരിലൊരാളായി അദ്ദേഹം ഗണിക്കപ്പെടുന്നു.

ഭാരതവർഷത്തിൻെറ തെക്കുപടിഞ്ഞാറു ഭാഗത്തു് സ്ഥിതിചെയ്യുന്ന മഹാരാഷ്ട്രസംസ്ഥാനത്തിലാണു് ശിവാജി ജനിച്ചതു്. അദ്ദേഹത്തിൻെറ അച്ഛൻെറ പേരു് ശാഹ്ജി ഭോംസ്‌ലേ എന്നും അമ്മയുടെ പേരു് ജീജാ ബായി എന്നുമായിരുന്നു. ഇവരുടെ വിവാഹത്തിൻെറ കഥ വളരെ രസമുള്ളതാണു്. ജീജാ ബായിയുടെ പിതാവു് ലഖുജി യാദവ് റാവു അഹമ്മദ്നഗർ രാജ്യത്തിലെ സേനാപതിയും ഒരു വലിയ

ജാഗീർദാരുമായിരുന്നു. ശാഹ്ജിയുടെ പിതാവ് മലോജി യാദവ് റാവു വിൻെറ സേനയിൽ ഒരു കുതിരസവാരിക്കാരനായിരുന്നു. ശാഹ്ജി വളരെ സുന്ദരനായ ഒരു ബാലനായിരുന്നു. യാദവ് റാവു ആ ബാലനെ വളരെ സ്നേഹിച്ചിരുന്നു.

ഒരിക്കൽ ഹോളി ദിവസം സേനാപതിയുടെ വീട്ടിൽ പാട്ടും നൃത്തവും നടന്നുകൊണ്ടിരിക്കുകയായിരുന്നു. അഞ്ചു വയസ്സുള്ള ശാഹ്ജിയും മൂന്നുവയസ്സുള്ള ജീജാ ബായിയും ചുവന്ന പൊടികൊണ്ട് ഹോളികളിക്കുകയായിരുന്നു. യാദവ് റാവു ചിരിച്ചുകൊണ്ട് പറഞ്ഞു: ഈശ്വരൻ ഈ പെണ്ണിന്ന് എന്തൊരു സൌന്ദര്യമാണ് നൽകിയിരിക്കുന്നത്! ശാഹ്ജിയും അത്ര തന്നെ സുന്ദരനാണ്. ഭഗവാൻ, യോഗ്യയെ യോഗ്യനോട്ട തന്നെ യോജിപ്പിച്ചു.

മാലോജി, കളി കാര്യമാക്കി. ഈ രണ്ടു കുട്ടികളുടേയും വിവാഹനിശ്ചയം കഴിഞ്ഞുവെന്ന് അയാൾ പറയാൻ തുടങ്ങി. ജീജാബായിയുടെ അമ്മ ഗിരിജാബായി വലിയ വീരയും ബുദ്ധിശാലിനിയുമായിരുന്നു. ഈ വാർത്ത കേട്ട്, അവർ ഭർത്താവിനോട്ട് പറഞ്ഞു:—ഈ ദരിദ്രവാസിയും തെണ്ടിയും സാധാരണക്കാരനുമായ കുതിരസവാരിക്കാരൻ്റെ മകനുമായി എൻെറ മകളുടെ സംബന്ധം നടക്കുമോ? തുല്യരായിട്ടുള്ളവർ തമ്മിലാണ് വിവാഹം നടക്കാറുള്ളതു്. അങ്ങ്, എന്തൊരു മണ്ടത്തരമാണ് കാണിച്ചതു്?

യാദവ് റാവു രണ്ടു ദിവസം കഴിഞ്ഞു് മാലോജിയെ ജോലിയിൽ നിന്നു് പിരിച്ചു വിട്ടു.

മാലോജി, പിന്നീട്ട് തൻെറ ഗ്രാമത്തിൽവന്നു് കൃഷി ചെയ്യാൻ തുടങ്ങി. ഒരു ദിവസം രാത്രിയിൽ വിളവു കൊണ്ടിട്ടുമ്പോൾ, ഒരു വലിയ സർപ്പം, അതിൻെറ മാളത്തിൽനിന്നു് ഇറങ്ങി, അല്പസമയം കഴിഞ്ഞു്, തിരിച്ച് അതിൽവന്നു കയറുന്നതു് മാലോജി കണ്ടു. അത്യധികമായ ധനമോഹത്താൽ മാലോജി, ആ സ്ഥാനം കുഴിച്ചു. അവിടെ അയാൾ, സ്വർണ്ണനാണയങ്ങൾ നിറച്ച ഏഴ് ഇരുമ്പ് പാത്രങ്ങൾ കണ്ടെ

ത്തി. പിന്നെന്തു വേണം? ഏതാനും ദിവസങ്ങൾക്കുള്ളിൽ മാലോജി നിസാമിൻെറ സേനാപതിയായി നിയമിക്കപ്പെട്ടു. ഇങ്ങനെ മാലോജി, യാദവ്റാവുവിനു് തുല്യനായ ശേഷം ശാഹ്ജിയും ജീജാ ബായിയും തമ്മിൽ വലിയ ഉത്സവാഘോഷങ്ങളോടെ വിവാഹം നടന്നു.

ശിവാജി, 1627 ഏപ്രിൽ 27-ാംനു ജനിച്ചു. (1627 ഏപ്രിൽ 6-ാംനു യോ 10-ാംനുയോ ആണു് അദ്ദേഹം ജനിച്ചതെന്നു് ചില ചരിത്രകാരന്മാർ കണക്കാക്കുന്നു.) ഈ സമയത്തു് അദ്ദേഹത്തിൻെറ അമ്മ ജൂന്നർ നഗരത്തിന്നടുത്തു് ശിവനേരി മലയിലെ കോട്ടയ്ക്കുള്ളിൽ താമസിക്കുകയായിരുന്നു. അല്പകാലം മുമ്പു് അവർ, സന്താനത്തിൻെറ ഭാവിശ്രേയസ്സിനായി കോട്ടയിലെ ശിവാ ഭവാനിദേവിക്കു് വഴിപാടു നേർന്നിരുന്നു. ഇക്കാരണത്താൽ, അവർ പുത്രനു് ശിവാ എന്ന പേരിട്ടു. ശാഹ്ജി, ആ സമയത്തു് യുദ്ധങ്ങളിലും കലഹങ്ങളിലും തൻെറ സ്ഥിതിയുടെ പരിവൎത്തനങ്ങളിലും കടുങ്ങിക്കഴിഞ്ഞിരുന്നതിനാൽ, അദ്ദേഹത്തിനു് വീട്ടിൽ താമസിക്കുവാൻ കഴിഞ്ഞിരുന്നില്ല. അദ്ദേഹം, വളരെ ധനം സമ്പാദിക്കുകയും വലിയ വലിയ ഭൂസ്വത്തുക്കൾ നേടുകയും ചെയ്തു. ഇക്കാലത്തു് തുക്കാബായി മോഹിതേയുമായി അദ്ദേഹം, രണ്ടാം വിവാഹം നടത്തി. അവരേയും കൂട്ടി പുതിയ ജാഗീറിൽ താമസിക്കാൻ തുടങ്ങി. ജീജാബായി ഇതിൽ വളരെ ദുഃഖിച്ചു. അവർ ശിവാജിയേയുമെടുത്തു് പൂനയ്ക്കടുത്തു് ഒരു കൊച്ചു ജാഗീറിൽ താമസിക്കാനായി വന്നു. അങ്ങനെ, ജനിച്ചതു മുതല്ക്കു് പത്തുവയസ്സുവരെ ശിവാജി തൻെറ പിതാവിനെ വളരെക്കുറച്ചേ കണ്ടിരുന്നുള്ളു. അതിനു ശേഷം ശാഹ്ജി, തീരെ വേർപെട്ടു പോകുകയും ചെയ്തു.

ശാഹ്ജി, തൻെറ വിശ്വസ്തജോലിക്കാരനായ ദാദാജി കൊണ്ഡദേവിനെ ഈ ജാഗീറിൻെറ നടത്തിപ്പുകാരനായി നിയമിച്ചു. ശാഹ്ജി ഭാര്യയേയും പുത്രനേയും തീരെ ശ്രദ്ധിക്കാതെയായി. ദാദാജി ഇവർ രണ്ടുപേക്കും താമസിക്കാനായി 'ലാൽ മഹൽ' എന്നു പേരുള്ള ഒരു വലിയ കെട്ടിടം പണിയിച്ചു. ജീജാബായിയുടെ ജീവിതം ശുഷ്കവും സന്ന്യാസിനിയുടേതുപോലെ നിഷ്കപടവുമായി. അവരുടെ മനസ്സ്, മതപരമായ

കാര്യങ്ങളിലേയ്ക്കു് തിരിഞ്ഞു. ബാലനായ ശിവാജിയുടെ മേൽ അതു് വളരെ സ്വാധീനം ചെലുത്തി. മാതാവു്, പുത്രനു് രാമായണത്തിലേയും മഹാഭാരതത്തിലേയും അനേകം കഥകൾ പറഞ്ഞുകൊടുക്കുമായിരുന്നു. അയാളുടെ വീരോചിതമായ ഉത്സാഹം അങ്ങനെ വർദ്ധിപ്പിച്ചുകൊണ്ടിരുന്നു. ശിവാജിയ്ക്കു് എഴുതാനും വായിക്കാനും കഴിഞ്ഞില്ലെങ്കിലും, ഭാരതീയമായ ആദർശങ്ങളും സംസ്കാരവും അദ്ദേഹം നല്ലതുപോലെ ഗ്രഹിച്ചിരുന്നു. എവിടെയെങ്കിലും കഥാകാലക്ഷേപമോ ശാസ്ത്രോപദേശമോ നടന്നാൽ, ശിവാജി വലിയ ശ്രദ്ധയോടും ഭക്തിയോടും കൂടി അവിടെ ഓടി എത്തുമായിരുന്നു. ഇങ്ങനെ അദ്ദേഹം, ഭാരതത്തിന്റെ പ്രാചീനജ്ഞാനധർമ്മങ്ങളുടേയും കഥകളുടേയും യഥാർത്ഥ ഉദ്ദേശം പൂർണ്ണമായി മനസ്സിലാക്കി. മാത്രമല്ല, തന്റെ രാജ്യനീതി, ധർമ്മനീതി, യുദ്ധസമ്പ്രദായം, ഭരണസമ്പ്രദായം എന്നിവയ്ക്കും ഈ ജ്ഞാനം ആധാരമാക്കുകയും ചെയ്തു.

ശിവാജി, കുട്ടിക്കാലം മുതൽക്കുതന്നെ, തന്റെ ജോലികൾ തന്നത്താൻ ചെയ്യാൻ പഠിച്ചു. അതിനാൽ. അദ്ദേഹത്തിന്റെ ബുദ്ധിയും കർമ്മകുശലതയും സഹനശീലവും അത്ഭുതകരമായി വികസിച്ചു. അതേ കാരണത്താൽ അദ്ദേഹത്തിന്റെ മനസ്സിൽ സ്വാതന്ത്ര്യമോഹവും ഉദിച്ചു. അദ്ദേഹത്തിന്റെ ജീവിതം കരുപ്പിടിപ്പിക്കുന്നതിൽ ഏററവും വലിയ കയ്യ് അദ്ദേഹത്തിന്റെ അമ്മയ്ക്കായിരുന്നു. ദാദാജി കൊണ്ഡദേവ്, അദ്ദേഹത്തെ അത്യന്തശക്തിമാനും, വീരനും, സമരതന്ത്രങ്ങളിൽ നിപുണനുമായ ഒരു യുവനേതാവാക്കിത്തീർത്തു. സമർത്ഥ ഗുരു രാമദാസ് അദ്ദേഹത്തെ ഒരു കർമ്മകുശലനായ രാജനീതിജ്ഞനും ധർമ്മസംരക്ഷകനായ ഒരു ഭരണകർത്താവും രാഷ്ട്രനിർമ്മാതാവുമാക്കി മാററി.

പൂനാ ജില്ലയുടെ പടിഞ്ഞാറൻ ഭാഗത്തു് 'മാവൽ', അതായതു് സൂര്യാസ്തമയത്തിന്റെ രാജ്യം എന്നു വിളിയ്ക്കപ്പെട്ടിരുന്ന ഒരു വലിയ ഭൂവിഭാഗമുണ്ടായിരുന്നു. അവിടെ 'കോളി' എന്നു പേരുള്ള ഒരു അപരിഷ്കൃതവർഗ്ഗം താമസിച്ചിരുന്നു. അവർ കൊള്ളയും കൊലയും കവച്ച്

യുംകൊണ്ടാണ് അവരുടെ ജീവിതം കഴിച്ചുവന്നതു്. ദാദാജി കൊണ്ഡദേവ്, ഈ വർഗ്ഗക്കാരെ പരിഷ്കൃതരാക്കി, കൃഷിചെയ്യാൻ പരിശീലിപ്പിക്കുകയും അവരുടെ ജീവിതത്തിൽ അടുക്കും ചിട്ടയും ഉണ്ടാക്കുകയും ചെയ്തു. ഈ ആളുകളാണ് ശിവാജിയുടെ സൈനികരായതും വലിയ വലിയ സൈനികപദവികളിലെത്തിയതും. ദാദാജി, സമർത്ഥനായ ഒരു ജാഗീർ നടത്തിപ്പുകാരനും സംഘാടകനും മതഭക്തനുമായിരുന്നു. ശിവാജി അദ്ദേഹത്തെ പിതാവിനു തുല്യം ആദരിച്ചു. ദാദാജിയും ശിവാജിയെ പുത്രനു് സമമായിട്ടാണ് കണക്കാക്കിയിരുന്നതു്. അദ്ദേഹം, ശിവാജിയെ കുതിരസവാരി ചെയ്യാനും, അസ്ത്രവും വാളും പ്രയോഗിക്കാനും അഭ്യസിപ്പിച്ചു. ചെറുപ്രായത്തിൽതന്നെ ദാദാജി അദ്ദേഹത്തെ അത്ര നിപുണനാക്കിയതു് കാരണം, ഈ വിദ്യകളിൽ പ്രസിദ്ധരായവർക്കു പോലും ശിവാജിയോടു് എതിരിടാൻ കഴിഞ്ഞില്ല.

ശിവാജി സ്വാതന്ത്ര്യസ്നേഹിയായിരുന്നു. തന്റെ പിതാവിനെപ്പോലെ ഏതെങ്കിലും സുൽത്താന്റെ ജാഗീർദാരായി കഴിയാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നില്ല. എത്ര ചെറുതായാലും, സ്വതന്ത്രമായൊരു രാജ്യം സ്വന്തമായി സ്ഥാപിക്കുകയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. ഈ ഉദ്ദേശത്തോടെ വിശ്വസ്തരായ മാവ്ലാ വീരന്മാരുടെ ഒരു സേന അദ്ദേഹം രൂപീകരിച്ചു. തന്റെ കുറെ കൂട്ടുകാരേയുംകൊണ്ടു് അദ്ദേഹം കൊങ്കൺ പർവ്വതപ്രദേശത്തു് ചുറ്റി സഞ്ചരിച്ചു. അവിടത്തെ വിവിധ ദുർഗ്ഗങ്ങളിലെ രഹസ്യമാർഗ്ഗങ്ങൾ കണ്ടു മനസ്സിലാക്കി. അവിടങ്ങളിലെ കാവൽക്കാരുടെ ശരിയായ എണ്ണവും സാധനങ്ങളെക്കുറിച്ചുള്ള അറിവും കരസ്ഥമാക്കി, അവയിൽ ചിലതു് കൈവശപ്പെടുത്താനുള്ള ഒരു പദ്ധതിയും തയ്യാറാക്കി.

1646ൽ, ബീജാപുർ രാജ്യത്തിന്റെ സ്ഥിതി വളരെ മോശമായി. ശിവാജി ഇതു് ശരിക്കും മുതലെടുത്തു. മാവ്ലാ തലവന്മാരുടെ സഹായത്തോടുകൂടെ തോരൺ എന്നു പേരുള്ള കോട്ടയുടെ കാവൽക്കാരനെ വെട്ടിച്ചു് ആ കോട്ട അധീനപ്പെടുത്തി. അവിടത്തെ കൊട്ടാരഖജനാവിൽ രണ്ടു ലക്ഷം ഹോണം (ഏകദേശം എട്ടു ലക്ഷം രൂപാ) സംഭരിച്ചിരു

ന്നു. അതും അദ്ദേഹം കൈവശപ്പെടുത്തി. തോരണിൽനിന്നു് ഏതാണ്ടു് അഞ്ചുമൈൽ തെക്കുകിഴക്കായി, മലയുടെ മറ്റൊരു കൊടുമുടിയിൽ അദ്ദേഹം, പുതിയൊരു കോട്ട കെട്ടിച്ചു. അതിനു് രാജ്ഘട്ട് എന്നു് പേരിട്ടു. അതിൻെറ താഴെ നാലുവശവും കോട്ടമതിൽ കെട്ടി മൂന്നു് സ്ഥലത്തു് ജനങ്ങളെ പാർപ്പിച്ചു.

1647 മാർച്ച് 7-ാംനു ദാദാജി, ശിവാജിയോടു് പറഞ്ഞു:- ഭവാനീ ദേവി നിങ്ങൾക്കു കാണിച്ചു തന്നിട്ടുള്ള മഹത്തായ ആദർശങ്ങളനുസരിച്ചു് ജീവിക്കുക. നിങ്ങളുടെ മനോരഥം സഫലമാകും.

ദാദാജിയുടെ വാക്കുകൾ കേട്ടു്, ശിവാജിയുടെ ഉത്സാഹം ഇരട്ടിയായി. ഒരു വർഷത്തിനുള്ളിൽ കോട്ടയുടെ കാവൽക്കാരെച്ചേർത്തു് ബീജാപൂർ സുൽത്താൻെറ കോൺഢാനാ കോട്ട അധീനപ്പെടുത്തി. അതിനുശേഷം ശിവാജി ബീജാപൂർ രാജ്യത്തെ വളരെയധികം സ്ഥലം പിടിച്ചെടുത്തു് തൻെറ രാജ്യവിസ്തൃതി വളരെ വദ്ധിപ്പിച്ചു. അദ്ദേഹം കോൺഢാനാ കോട്ടയുടെ പേരു് സിംഹഗഢ് എന്നാക്കി.

എന്നാൽ ഈ സമയത്തു് ശിവാജി ഒരു വലിയ വിഷമത്തിലായി. ബീജാപൂർ സുൽത്താൻ അദ്ദേഹത്തിൻെറ അച്ഛനായ ശാഹ്ജിയെ തടവിലാക്കുകയും അദ്ദേഹത്തിൻെറ സേനയേയും സ്വത്തുക്കളും ജപ്തി ചെയ്യുകയും ചെയ്തു. അച്ഛൻെറ പ്രാണരക്ഷയ്ക്കായി ശിവാജിക്കു് ബംഗളൂർ, കോൺഢാനാ, കന്ദപി എന്നീ മൂന്നു കോട്ടകൾ ഉപേക്ഷിച്ച് ബീജാപൂർ സുൽത്താനുമായി സന്ധി ചെയ്യേണ്ടിവന്നു. പിന്നീടു് 1650 മുതൽ 1655 വരെ ശിവാജി ആക്രമണമൊന്നും നടത്തിയില്ല. സമാധാനത്തോടെ തൻെറ രാജ്യം സുസംഘടിതമാക്കുന്നതിലും സൈനിക ശക്തി വദ്ധിപ്പിക്കുന്നതിലും മുഴുകി. എന്നാൽ, അക്കാലത്തു് അദ്ദേഹം, പുരന്ദർ കോട്ട അധീനപ്പെടുത്തുകയും അതിൻെറ ഉടമസ്ഥരായ മൂന്നു സഹോദരന്മാർക്കു് ഉപജീവനത്തിനായി ഒരു ഗ്രാമവും അവരിൽ ഒരു സഹോദരനായ പീലാജിക്കു് തൻെറ സേനയിൽ ഉയർന്ന സ്ഥാനവും നൽകുകയും ചെയ്തു.

ശിവാജിക്കു് രാജ്യവിസ്തൃതി വദ്ധിപ്പിക്കുന്നതിൽ ഒരു വലിയ പ്രതിബന്ധമുണ്ടായി. ജാവ്ലിയിലെ രാജാ ചന്ദ്രറാവു ആയിരുന്നു ഈ പ്രതിബന്ധം. ശിവാജി എത്ര ശ്രമിച്ചിട്ടും, ഒരു തരത്തിലും അദ്ദേഹവുമായി സഹകരിക്കാൻ അയാൾ തയ്യാറായില്ല. അതുകൊണ്ടു്, വിവശനായ ശിവാജി തൻെറ വഴിയിൽനിന്നു് ആ മുള്ളു് എടുത്തുമാററി. അതിൻെറ ഫലമായി വളരെ വലിയ പ്രദേശവും ധാരാളം പണവും അദ്ദേഹത്തിൻെറ പക്കൽ വന്നു ചേർന്നു. അതോടെ, അദ്ദേഹത്തിൻെറ രാജ്യത്തിൻെറ അടിത്തറ ദൃഢമായി. ജാവ്ലിയിൽനിന്നു് രണ്ടുമൈൽ ദൂരത്തു് പ്രതാപ്ഗഢ് എന്ന പേരിൽ ഒരു പുതിയ കോട്ട അദ്ദേഹം കെട്ടിയുണ്ടാക്കി. അവിടെ അദ്ദേഹം ഭവാനീക്ഷേത്രം പണിതു. ഭവാനി അദ്ദേഹത്തിൻെറ ഇഷ്ടദേവതയായിരുന്നു.

1658-ൽ ദില്ലി സിംഹാസനത്തിനുവേണ്ടി മുഗൾ രാജകുമാരന്മാർ തമ്മിൽ ഘോരയുദ്ധം നടന്നു. ശിവാജി, ഈ അവസരം വേണ്ടപോലെ മുതലെടുത്തു. പശ്ചിമഘട്ടം കടന്നു് അദ്ദേഹം, വടക്കൻ കൊങ്കണത്തിൽ പ്രവേശിച്ചു. ബീജാപൂർ രാജ്യത്തിലെ കല്യാൺ, ഭിവാണ്ഡി എന്നീ രണ്ടു പട്ടണങ്ങൾ അദ്ദേഹം പിടിച്ചെടുത്തു. അതോടൊപ്പം, അദ്ദേഹത്തിനു് വളരെയധികം പണവും കിട്ടി. അതിനുശേഷം അദ്ദേഹം, കൊളാബാ ജില്ലയുടെ കുറേ ഭാഗങ്ങൾ അധീനപ്പെടുത്തുകയും വളരെയധികം കോട്ടകൾ പണി കഴിപ്പിക്കുകയും ചെയ്തു. പോർത്തുഗീസുകാരുടെ അനവധി ഗ്രാമങ്ങൾ കൊള്ളയടിച്ചു് ശിവാജിയുടെ സേന ആസിരി ക്കോട്ടയിൽ സ്ഥിരം സങ്കേതങ്ങൾ പണിതു. ശിവാജി കല്യാൺ ഉൾക്കടലിൽ കപ്പലുകളും പണിയിച്ചു. അങ്ങനെ, തൻെറ നാവികസേനക്കും അടിത്തറയിട്ടു.

ശിവാജിയുടെ ജീവിതം മുഴുവനും, വീരത്വത്തിൻെറ അത്ഭുതസംഭവങ്ങളാൽ നിറഞ്ഞിരുന്നു. അവയിൽ പല സംഭവങ്ങളും, ലോകപ്രസിദ്ധങ്ങളും രസപ്രദങ്ങളുമാണു്. അവയിലൊന്നാണു്, അഫ്സൽഖാൻെറ വധം. ഔറംഗ്സേബ് തെക്കുനിന്നു തിരിച്ചുപോയതോടെ, ബീജാപൂർ രാജ്യത്തിനു് അല്പം ശാന്തി കൈവന്നു. ബീജാപൂർ സുൽത്താൻ

തൻെറ നഷ്ടപ്പെട്ട സ്ഥലങ്ങൾ വീണ്ടെടുക്കാമെന്ന വിചാരത്തിൽ ശിവാജിയെ തൻെറ മുമ്പിൽ ഹാജരാക്കാൻ ശാഹ്ജിയോട്ട് കല്പിച്ചു. ശാഹ്ജി മറുപടി പറഞ്ഞു:— ഞാൻ ഉപേക്ഷിച്ച മകനാണ് ശിവാ. അവനെ പിടിച്ച് എന്തു ശിക്ഷവേണമെങ്കിലും കൊടുത്തുകൊള്ളുക. എന്നെപ്പററി വിചാരപ്പെടേണ്ട.

ബീജാപൂർ സുൽത്താൻ ദർബാറിൽ ശപഥമെടുത്തുകൊണ്ട് പറഞ്ഞു:- ഈ യുദ്ധത്തിൽ സേനാപതിയാകാൻ ആഗ്രഹിക്കുന്നയാൾ ഈ വെററില എടുക്കട്ടെ.

ബഹുമാന്യസേനാപതിയായ അഫ്സൽ ഖാൻ എഴുന്നേററു പറഞ്ഞു:— ഞാൻ, കുതിരപ്പുറത്തിരുന്ന് ശിവാജിയെ തോല്പിച്ച് കെട്ടിയെടുത്ത് ഇവിടെ കൊണ്ടുവരാം.

'സ്നേഹത്തിൻെറ മിരട്ട കാണിച്ച്, ശിവാജിയെ വഞ്ചിച്ച്, പിടിച്ചുകെട്ടിക്കൊണ്ടുവാ' എന്ന് ബീജാപുരിലെ അമ്മറാണി, അഫ്സൽ ഖാനോട്ട് പറഞ്ഞതായി അക്കാലത്തെ ഇംഗ്ലീഷ് വ്യാപാരികളുടെ കത്തിൽ വ്യക്തമായി എഴുതിയിട്ടുണ്ട്.

അഫ്സൽ ഖാൻ വരുന്നുവെന്ന് കേട്ട് ശിവാജിയും അദ്ദേഹത്തിൻെറ കൂട്ടുകാരും വലിയ ചിന്തയിലാണ്ടു. "കുഞ്ഞേ, നീ ഭയപ്പെടരുത്, ഞാൻ നിന്നെ രക്ഷിക്കും, നീ അഫ്സൽ ഖാനെ ആക്രമിക്കുക, നീ തന്നെ ജയിക്കും" എന്ന് ഒടുവിൽ ഭവാനി ശിവാജിക്ക് സ്വപ്നം കാണിച്ചു പറഞ്ഞതായി ഒരു ഐതിഹ്യമുണ്ട്.

ശിവാജിയുടെ അമ്മ ജീജാബായിയും പറഞ്ഞു:— നീ തന്നെ ജയിക്കും.

തദനന്തരം, അഫ്സൽഖാൻ, ശിവാജിയുടെ അടുക്കൽ വേഗത്തിൽ ഒരു ബ്രാഹ്മണദൂതനെ അയച്ച്, ബീജാപൂർ സുൽത്താൻ അദ്ദേഹത്തോട്ട ഒരു തരത്തിലും വിശ്വാസവഞ്ചന കാണിക്കാൻ ആഗ്രഹിക്കുന്നില്ലെന്ന് പറഞ്ഞു വിശ്വസിപ്പിച്ചു. എന്നാൽ അഫ്സൽഖാൻെറ ഉദ്ദേശം നല്ലതല്ലെന്ന് ആ ദൂതൻ ഒടുവിൽ സമ്മതിച്ചു.

ഒടുവിൽ ശിവാജിയും അഫ്സൽ ഖാനും തമ്മിൽ കൂടിക്കാഴ്ച നടത്താമെന്ന് രണ്ടു ഭാഗക്കാരും സമ്മതിച്ചു. അഫ്സൽ ഖാൻ പല്ലക്കിലിരുന്നാണ് വന്നതു്. അയാളുടെ അരയിൽ വാൾ തൂക്കിയിട്ടിരുന്നു. ശിവാജി നിരായുധനായിട്ടാണ് കാണപ്പെട്ടതു്. എന്നാൽ, അദ്ദേഹം ഇടതുകൈയിൽ പുലിനഖം ധരിച്ചിരുന്നു, കുപ്പായത്തിനടിയിൽ ഇരുമ്പുചട്ടയിട്ടിരുന്നു. തലക്കെട്ടിനടിയിൽ ഉരുക്കുതൊപ്പി വെച്ചിരുന്നു. രണ്ടു പേരുടെയും കൂടെ നന്നാല് അംഗരക്ഷകരുണ്ടായിരുന്നു. രണ്ടുപേരും ആലിംഗനത്തിനായി അടുത്തു വന്നു. മെലിഞ്ഞു്, പൊക്കം കുറഞ്ഞ ശിവാജി, അഫ്സൽഖാൻെറ തോൾവരെ മാത്രമേ ഉണ്ടായിരുന്നുള്ളു. തടിച്ച് കൊഴുത്തു്, ഉയരം കൂടിയ അഫ്സൽ ഖാൻ, ശിവാജിയുടെ കഴുത്ത് പിടിച്ച് ഞെരിച്ചു. അതോടൊപ്പം അദ്ദേഹത്തിൻെറ ഒരു ഭാഗത്ത് വാളുകൊണ്ട് വെട്ടി. എന്നാൽ ഇരുമ്പുചട്ടകാരണം ശിവാജി രക്ഷപ്പെട്ടു. അദ്ദേഹം, അതിവേഗത്തിൽ അഫ്സൽ ഖാൻെറ വയറ്റിൽ പുലിനഖം കുത്തിക്കയററി, അയാളുടെ വയറ് വലിച്ചു് പിളർന്നു് കുടൽമാല പുറത്തേക്കു വലിച്ചെടുത്തു. പിന്നീട് ഖാൻെറ കയ്യിൽനിന്നു് തൻെറ കഴുത്തു വിടീച്ചു് വെളിയിൽ വരുകയും തൻെറ കൂട്ടുകാരോട് ചെന്നു ചേരുകയും ചെയ്തു.

കുറേ നിമിഷങ്ങൾക്കു ശേഷം താഴത്തെ ഗ്രാമത്തിനടുത്തു് കുററിക്കാടുകളിൽ ഒളിച്ചിരുന്ന മറാഠാസേന ബിജാപൂർസേനയെ ആക്രമിച്ചു. യുദ്ധം മൂന്നു മണിക്കൂർ നീണ്ടുനിന്നു, അതിൽ ബിജാപുരിലെ മൂവായിരത്തോളം യോദ്ധാക്കൾ കൊല്ലപ്പെട്ടു. ഈ യുദ്ധത്തിൽനിന്നു് ശിവാജിക്കു് വലിയ ലാഭമുണ്ടായി, അഫ്സൽഖാൻെറ പീരങ്കികൾ, തോക്കുകൾ, കൂടാരങ്ങൾ, 65 ആന, 4000 കുതിര, 1200 ഒട്ടകം, 2000 കെട്ട് തുണി, രൊക്കം പണം, ആഭരണങ്ങൾ എന്നിവ ശിവാജിക്കു് കിട്ടി.

അതിനുശേഷം ശിവാജി മുന്നോട്ടു നീങ്ങി, കൊൽഹാപൂർ ജില്ലയെ ആക്രമിച്ചു; പൻഹാലാ കോട്ട അധീനപ്പെടുത്തി. പിന്നീട് രുസ്തമേ ജമാൻെറ രാജ്യത്തുവെച്ചു് ബിജാപുരിൻെറ മറ്റൊരു സേനയെ

തോല്പിച്ചു. അതിനുശേഷം, തെക്കൻ കൊങ്കണത്തിലെ രത്നഗിരി ജില്ലയിലെ തുറമുഖങ്ങളേയും ഗ്രാമങ്ങളേയും കൊള്ളയടിച്ചു.

ശിവാജി, തുക്കാരാമിൽനിന്ന് ഗുരു രാമദാസിൻെറ മഹത്വത്തെപ്പററി കേട്ടു. അദ്ദേഹത്തിൽനിന്നു് ദീക്ഷ സ്വീകരിക്കണമെന്നു് ശിവാജിക്കു് ആഗ്രഹമുണ്ടായി. അക്കാലത്തു്, ഗുരു രാമദാസ്, ഒരിടത്തും രണ്ടു മൂന്നു ദിവസത്തിൽ കൂടുതൽ താമസിക്കാറില്ലായിരുന്നു. അതുകൊണ്ടു്, ശിവാജിക്കു് അദ്ദേഹത്തിൻെറ ദർശനം കിട്ടാൻ വളരെ താമസമുണ്ടായി. ഒടുവിൽ ഒരു ദിവസം മഹാത്മാ രാമദാസിനെ കാണാതെ, ജലപാനം കഴിക്കുകയില്ലെന്നു് ശിവാജി ശപഥംചെയ്തു. താമസിയാതെ കാട്ടിൻെറ നടുവിൽ അത്തിമരച്ചുവട്ടിൽ ഇരുന്നിരുന്ന ഗുരുദേവൻെറ ദർശനം അദ്ദേഹത്തിനു കിട്ടി. രാമദാസ് ശിവാജിക്കു് "ശ്രീരാം ജയറാം ജയ ജയ രാം" എന്ന മന്ത്രം ഉപദേശിച്ചു. സർവ്വവും ത്യജിച്ചു്, അദ്ദേഹത്തെ സേവിച്ചു കഴിയാൻ ശിവാജി അനുമതി ചോദിച്ചപ്പോൾ, ഗുരു രാമദാസ് പറഞ്ഞു: "ഇതിനായിട്ടാണോ നിങ്ങൾ എൻെറയടുത്തു വന്നിരിക്കുന്നതു്? നിങ്ങൾ കർമ്മവീരനായ ക്ഷത്രിയനാണു്. രാജ്യത്തേയും ജനങ്ങളേയും രക്ഷിക്കുകയും ഗോബ്രാഹ്മണസേവ ചെയ്യുകയുമാണു് നിങ്ങളുടെ ജോലി. അതാണു് ശ്രീരാമചന്ദ്രൻെറ ആജ്ഞ. ഭഗവൽ ഗീതയിൽ ശ്രീകൃഷ്ണൻ അർജ്ജുനനു് നൽകിയ ഉപദേശം ഓർമ്മിക്കുക. യോദ്ധാവിൻെറ കർത്തവ്യമാർഗ്ഗത്തിലൂടെ ചലിക്കുക. കർമ്മയോഗം അനുഷ്ഠിക്കുക."

ശിവാജി വലിയ ഗുരുഭക്തനായിരുന്നു. ഗുരുവിൻെറ അനുമതി കൂടാതെ പുതിയ ജോലിയൊന്നും ഏറെറടുത്തിരുന്നില്ല. രാജപദം അദ്ദേഹം തീരെ മോഹിച്ചിരുന്നില്ല. അദ്ദേഹം, ശരിയായ കർമ്മയോഗിയായിക്കഴിഞ്ഞിരുന്നു. ഒരു തവണ അദ്ദേഹം തൻെറ രാജ്യം മുഴുവൻ ദാനമായിട്ടെഴുതി, അതിൽ തൻെറ മുദ്ര പതിച്ചു്, ഗുരുദേവനു് ഭാണ്ഡത്തിൽ ഇട്ടുകൊടുത്തിട്ടു്, ഗുരുജിയോടൊപ്പം ഭിക്ഷ യാചിക്കാനായി പുറപ്പെട്ടു. ഇതു കണ്ടു്, ഗുരുദേവൻ ചിരിച്ചുകൊണ്ടു പറഞ്ഞു:—

കൊള്ളാം, രാജ്യം ഞാനെടുത്തു. നിങ്ങൾ എൻെറ പ്രതിനിധിയായി രാജ്യം ഭരിയ്ക്കുക.

അന്നു മുതൽക്കു് ശിവാജി തൻെറ കൊടിയുടെ നിറം കാവിയാക്കി. രാജ്യം ഗുരു രാമദാസിൻേറതാണെന്നും ശിവാജി അദ്ദേഹത്തിൻെറ സേവകൻ മാത്രമാണെന്നും വിളംബരം ചെയ്തു.

ശിവാജിയുടെ സ്വഭാവം, വളരെ ദൃഢവും ഉജ്വലവുമായിരുന്നു. അദ്ദേഹം എല്ലാ മതങ്ങളേയും ആദരിച്ചിരുന്നു. മുസ്ലീം പള്ളികൾക്കൊന്നും അദ്ദേഹം ഹാനി വരുത്തിയില്ല. ഏതെങ്കിലും യുദ്ധത്തിനിടയിൽ മുസ്ലീങ്ങളുടെ മഹൽഗ്രന്ഥമായ ഖുറാൻ കയ്യിൽ കിട്ടിയാൽ, അതു് വളരെ ആദരവോടെ സൂക്ഷിയ്ക്കുകയും ഏതെങ്കിലും മുസൽമാനു് ദാനമായി നൽകുകയും ചെയ്യുമായിരുന്നു. അദ്ദേഹത്തിനു് മുസൽമാൻ ജോലിക്കാരുണ്ടായിരുന്നു. അദ്ദേഹം ആത്മസംയമനമുള്ള ആളായിരുന്നു. അദ്ദേഹത്തിൻെറ മതം സത്യമായ മനുഷ്യധർമ്മമായിരുന്നു. മറാഠകൾ, കല്യാൺ കീഴടക്കുകയും അവിടത്തെ പ്രവിശ്യാധികാരിയെ തടവിലാക്കുകയും ചെയ്തപ്പോൾ, സൈന്യാധിപനായ ആഹാജി സോൻദേവ് അധികാരിയുടെ അത്യന്തം സുന്ദരിയായ മരുമകളെ ശിവാജിയ്ക്കു് കാഴ്ചവയ്ക്കാനുള്ള ആഗ്രഹം പ്രകടിപ്പിച്ചു. ശിവാജി, ഇതു കേട്ടു് റാണിയുടെ മുമ്പിൽ കൈകൂപ്പിക്കൊണ്ടു് പറഞ്ഞു:— സഹോദരീ, എൻെറ അമ്മയും ഇതുപോലെ സുന്ദരിയായിരുന്നെങ്കിൽ, ഞാനും സുന്ദരനായേനെ.

അതിനുശേഷം ആ സ്ത്രീയ്ക്കു് വളരെയധികം ആഭരണങ്ങളും വസ്ത്രങ്ങളും ഉപഹാരമായികൊടുത്തു്, അവരെ അവരുടെ അച്ഛൻെറ അടുത്തേയ്ക്കയച്ചു.

ശിവാജിയുടെ ക്രമപ്രവൃദ്ധമായ ശക്തി കണ്ടു് മുഗൾ ചക്രവത്തിയായ ഔറംഗസേബ്, അദ്ദേഹത്തെ അമച്ച് ചെയ്യാനായി, തന്റെ അമ്മാവനായ ശായാസ്താ ഖാനെ ദക്ഷിണഭാരതത്തിൽ അധികാരിയായി നിയോഗിയ്ക്കുകയും മഹാരാജാ ജസ്വന്ത്സിംഹനെ അയാളുടെ സഹായത്തി

നായി അയയ്ക്കുകയും ചെയ്തു. മുഗൾ സേനയെ നേരിടാൻ ശിവാജിയ്ക്ക് കഴിയുമായിരുന്നില്ല. അതുകൊണ്ട് അദ്ദേഹം മുഗളന്മാർക്ക് സ്വപ്ന ത്തിൽ പോലും ചിന്തിയ്ക്കാൻ കഴിയാതിരുന്ന ഒരു തന്ത്രം പ്രയോഗിച്ചു.

ശായസ്താ ഖാൻ പൂനയിൽ വന്ന് ശിവാജിയുടെ ലാൽ മഹലിൽ താമസമായി. രേഖാമൂലമായ അനുവാദമില്ലാതെ പട്ടണത്തിൽ പ്രവേ ശിക്കാൻ ഒരു മറാഠായ്ക്കും അവകാശമില്ലായിരുന്നു. സായുധരായ ഏതാ നും ഭടന്മാരും ഒന്നിച്ച് വിവാഹഘോഷയാത്ര നടത്താനുള്ള അനുവാ ദം ശിവാജിയുടെ ആളുകൾ കൈയ്ക്കലാക്കി. റംസാൻെറ കാലമായിരു ന്നു. ഇരുൾ നിറഞ്ഞ രാത്രിയിൽ ഒരു യാമം കഴിഞ്ഞപ്പോൾ ശിവാജി യും അദ്ദേഹത്തിൻെറ കൂട്ടകാരും നഗരത്തിൽ പ്രവേശിച്ചു. ലാൽ മഹ ലിനടുത്തു ചെന്നപ്പോൾ കുറെയാളുകൾ ഇരുട്ടത്തു് അവിടെത്തന്നെ ഒളി ച്ചു. വിവാഹഘോഷയാത്ര മുന്നോട്ടു നീങ്ങി.

ഇരുട്ടത്തു് ഈ ആളുകൾ, ഒരു ചുമരിന്റെ ഇഷ്ടികകൾ ഇളക്കിമാ ററി, കെട്ടിടത്തിനുള്ളിൽ പ്രവേശിച്ച്, അകത്തു കയറി നാലുപാടും വ്യാപിച്ച് യുദ്ധം ചെയ്യാൻ തുടങ്ങി. ശായസ്താ ഖാൻെറ മകൻ കൊല്ല പ്പെട്ടു. ശായസ്താ ഖാൻ വളരെ പ്രയാസപ്പെട്ട് ജീവനും കൊണ്ടോടി. എന്നാൽ അദ്ദേഹത്തിൻെറ ഒരു വിരലററുപോയി.

ശായസ്താ ഖാൻ ചക്രവത്തിയുടെ അടുക്കൽ തൻെറ സേനയുടെ കൊള്ളരുതായ്മയെപ്പററിയും മഹാരാജാ ജസ്വന്തസിംഹൻെറ വി ശ്വാസവഞ്ചനയെപ്പററിയും എഴുതി അറിയിച്ചു. രണ്ടുപേരും അയോ ഗ്യരാണെന്നു് മനസ്സിലാക്കി ചക്രവത്തി, അവരെ ദില്ലിയിലേയ്ക്ക് മടക്കി വിളിച്ചു. തൻെറ മകനായ മുഅസ്സമിനെ ദക്ഷിണ ഭാരതത്തിലെ അധികാരിയായി നിയോഗിച്ചു.

മുഗൾ ചക്രവത്തി, ശിവാജിയെ അമച്ച് ചെയ്യാനായി മഹാരാജ ജയസിംഹനെ അയച്ചു. ഒരു ഹിന്ദുവുമായി യുദ്ധം ചെയ്യാൻ ശിവാജി ഇഷ്ടപ്പെട്ടിരുന്നില്ല. അതുകൊണ്ട്, അദ്ദേഹം പൂനായ്ക്കടുത്തു് കൂടാരമടി ച്ചിരുന്ന മഹാരാജാവിനെ കാണാൻ ചെന്നു. ജയസിംഹൻ പറഞ്ഞത

"PREMALAYAM"
PUTHIYARA
CALICUT-4.



നുസരിച്ചു് ശിവാജി ചക്രവർത്തിയെ കാണാമെന്നു് സമ്മതിച്ചു. ഭരണത്തിനു വേണ്ട ഏർപ്പാടുകൾ ചെയ്തശേഷം അദ്ദേഹം ആഗ്രയിലേക്കു് യാത്ര തിരിച്ചു.

ആഗ്രയിൽ ചെന്ന ശിവാജിയെ പാദുഷാ, വേണ്ടപോലെ സല്ക്കരിച്ചില്ല. ഒരു കെട്ടിടത്തിൽ അദ്ദേഹത്തെ തടവുകാരനാക്കി. അവിടെ നിന്നു് ശിവാജി, തൻെറ കൌശലംകൊണ്ടു് രക്ഷപ്പെട്ടു. ആദ്യം അദ്ദേഹം രോഗമാണെന്നു് നടിച്ചു. പിന്നീട്, രോഗം ഭേദപ്പെട്ടതിൽ സന്തോഷിക്കുന്ന മട്ടിൽ മധുരപലഹാരങ്ങൾ പല കുട്ടകളിൽ നിറച്ച് പുറത്തേയ്ക്കയക്കാൻ തുടങ്ങി. ഒരു ദിവസം അദ്ദേഹം തൻെറ മകനായ സംഭാജിയുമൊന്നിച്ചു് ഒരു വലിയ കുട്ടയിൽ കയറിയിരുന്നു് പട്ടണത്തിനു വെളിയിൽ വരുകയും വേഷംമാറി റായ്ഗഡിലെത്തിച്ചേരുകയും ചെയ്തു.

ശിവാജി അനേകം യുദ്ധങ്ങൾ പൊരുതിയിട്ടുണ്ടു്. അവയിൽ സിംഹഗഡിലെ യുദ്ധം വളരെ പ്രസിദ്ധമാണു്. അക്കാലത്തു് സിംഹഗഡ് കോട്ടയുടെ പേരു് കോൺഢാനയെന്നായിരുന്നു. അതു് മുഗൾ പാദുഷായുടെ രാജപുത്രസേനയുടെ അധീനത്തിലായിരുന്നു. ശിവാജി, അതു കീഴടക്കാൻ വേണ്ടി തൻെറ മാവ്ലാ സേനാനായകനായ താനാജി മാലൂസരേയെ നിയമിച്ചു. താനാജി, തെരഞ്ഞെടുക്കപ്പെട്ട മുന്നൂറു് സൈനികരുമൊന്നിച്ചു് ഇരുൾ നിറഞ്ഞ രാത്രിയിൽ കയറേണിവഴി മലമുകളിൽ കയറി വെളിയിൽ നിന്നിരുന്ന പാറാവുകാരെ കൊന്നു് രഹസ്യമാർഗ്ഗം വഴി കോട്ടയ്ക്കകത്തു് കയറി. ഇവരുടെ മുമ്പിൽ വന്ന രാജകുമാരന്മാരെ 'ഹരഹര മഹാദേവ്' എന്നു് വിളിച്ചുകൊണ്ടു് അവർ ആക്രമിച്ചു. രാജപുത്രസൈന്യാധിപനായ ഉദയഭാനു, താനാജിയെ ദ്വന്ദ്വയുദ്ധത്തിനു് വിളിച്ചു. രണ്ടുപേരും അന്യോന്യം വാളാൽ വെട്ടി മരണമടഞ്ഞു. വിജയം മറാഠകൾക്കാണു് കിട്ടിയതു്. ശിവാജി അവിടെ എത്തിയപ്പോൾ പറഞ്ഞു:- കോട്ട കിട്ടി; പക്ഷെ സിംഹം നഷ്ടപ്പെട്ടു.

താനാജിയുടെ ഓർമ്മയ്ക്കായി ഈ കോട്ടയ്ക്കു് അദ്ദേഹം സിംഹഗഡ് എന്നു് പേരിട്ടു.

1674 ജൂൺ 6-ാംനു ശിവാജി, ഹൈന്ദവാചാരപ്രകാരം സിംഹാസനസ്ഥനായി. വെൺകൊററക്കുട, ചാമരം എന്നിവയോടെ ആനപ്പുറത്തു് കയറി, സേനകളുടെ അകമ്പടിയോടുകൂടി റായ്ഗഡ് വഴി അദ്ദേഹം ഘോഷയാത്രയായിപ്പോയി. മുമ്പിൽ രണ്ടാനകളുടെ പുറത്തായി രണ്ടു കൊടികൾ പിടിച്ചിരുന്നു. അവയിലൊന്നു് ഗുരു രാമദാസിന്റെ കാവി വസ്ത്രത്തിൻെറ കഷണമായിരുന്നു.

1680 ഏപ്രിൽ 3-ാംനു ശിവാജി സ്വർഗ്ഗസ്ഥനായി. അപ്പോൾ അദ്ദേഹത്തിനു് 53 വയസ്സ് പ്രായമുണ്ടായിരുന്നു. മഹാരാഷ്ട്രം മുഴവൻ ഇടിവെട്ടേററപോലെ ഞെട്ടി. ശിവാജി ഭാരതത്തിൻെറ ഒരു അനശ്വര സന്താനമാണു്. അദ്ദേഹത്തിൻെറ സ്മരണ നമ്മുടെ ഹൃദയങ്ങളിൽ സദാ അമരമായിരിക്കും.

# നാനാ ഫഡ്നവീസ്



എല്ലാ മഹാന്മാരും, വത്തമാനകാലത്തിൻെറ കണ്ണിലുണ്ണികളും ഭൂത കാലത്തിന്റെ അനന്തരാവകാശികളും ഭാവിയുടെ സ്രഷ്ടാക്കളും ആകുന്നു. ബാലാജി ജനാർദ്ദനഭാനു (നാനാ ഫഡ്നവീസ്) വിനെ സംബന്ധിച്ചും ഇതു് പരമാർത്ഥമാണ്. മറാഠാ ഭരണം ജന്മമരുളിയ പ്രഭാവശാലികളും സമർത്ഥരുമായ രാജ്യതന്ത്രജ്ഞരിൽ ഒരാളായിരുന്നു, നാനാ.

'നാനാ' 1742 ഫെബ്രുവരി 12-ാംനു ജനിച്ചു. 'നാനാ'യുടെ അച്ഛൻെറ പേരു് ജനാർദ്ദന പന്തു് എന്നും അമ്മയുടെ പേരു് രുഗ്മിണീ ബായി എന്നും ആയിരുന്നു. നാലാം വയസ്സിൽ നാനായുടെ ഉപനയനം കഴിഞ്ഞു. കുട്ടിക്കാലത്തു് ക്ഷേത്രങ്ങളിൽ കണ്ട ബിംബങ്ങൾ നാനാ കളിമണ്ണിൽ നിർമ്മിക്കുമായിരുന്നു. അതിൽ അദ്ദേഹത്തിനു് അത്ഭുതകരമായ അഭിരുചി ഉണ്ടായിരുന്നു. ആ ബിംബങ്ങളെ പൂജിക്കുകയും ഭജിക്കുകയും അവക്കു് നൈവേദ്യം അർപ്പിക്കുകയും ചെയ്തിരുന്നു. പത്താം വയസ്സിൽ നാനാക്കു് യശോദാബായിയെ വിവാഹം കഴിച്ചു കൊടുത്തു. പതിന്നാലാം വയസ്സിൽ നാനാ കുതിരപ്പുറത്തുനിന്നു് വീണെങ്കിലും, ഭാഗ്യവശാൽ മരണത്തിൽനിന്നു് രക്ഷപ്പെട്ടു.

നാനായുടെ ജീവിതത്തിലെ മഹത്തായ സംഭവം, 1756 മാർച്ച് 30-ാംനു ആണ് നടന്നതു്. അന്നു് അദ്ദേഹം, ബാലാജി ബാജിറാവു (നാനാ സാഹബ്) പേഷ്വായുമൊന്നിച്ചു് കൊങ്കണം ആക്രമിയ്ക്കാനായി പുറപ്പെട്ടു. ആ വർഷം നാനായുടെ പിതാവു് മരിച്ചു. നിയമപ്രകാരം നാനാ, അച്ഛന്റെ സ്ഥാനത്തു് നിയുക്തനായി. അദ്ദേഹത്തിനു് ഫഡ്നവീസു് എന്ന സ്ഥാനത്തിന്റെ ഉടയാടകൾ സമർപ്പിക്കപ്പെട്ടു. നാനായ്ക്കു് നിയമജ്ഞത, നിശ്ചയദാർഢ്യം, കർത്തവ്യബോധം എന്നീ മഹത്തായ ഗുണങ്ങളുണ്ടായിരുന്നു. അവ, ജന്മനായുള്ള സാമർത്ഥ്യവുമായി സമ്മേളിച്ചു. ഈ ചെറുപ്രായത്തിൽ ഗുണങ്ങളുടെ അസാധാരണമായ ഈ സമ്മേളനം അപൂർവ്വമായേ കാണാറുള്ളൂ. ഈ ഗുണങ്ങൾ കാരണം നാനാ, പേഷ്വായുടെ മാത്രമല്ല, ജനങ്ങളുടെ പോലും ഹൃദയം കവർന്നു. പേഷ്വാകളുടെ കൊട്ടാരത്തിൽ കൂടെക്കൂടെ വരാനും പോകാനുമുള്ള അവസരം നാനായ്ക്കു് കിട്ടിയിരുന്നു. അതുകൊണ്ടു്, മനുഷ്യരേയും, അവരുടെ ജീവിതത്തിൽ വന്നുചേരുന്ന സംഭവങ്ങളേയും സൂക്ഷ്മമായി കണ്ടറിയാനുള്ള സൂക്ഷ്മദൃഷ്ടി നാനായ്ക്കു് ലഭിച്ചു.

ബാലാജി ബാജിറാവു പേഷ്വാ നാനായെ തന്റെ കൂടെ ശ്രീരംഗപട്ടണത്തേയ്ക്കു് കൊണ്ടുപോയി. അവിടെനിന്നു് മടങ്ങി വന്നു്, ഏതാണ്ടു് ഒരാണ്ടിനുള്ളിൽ അദ്ദേഹത്തിനു് ഒരു മകനുണ്ടായി. ഏതാനും മാസങ്ങൾക്കുള്ളിൽ ആ കുട്ടി മരിച്ചു. ഈ സംഭവം നടന്നു് കുറച്ചു ദിവസങ്ങൾക്കുശേഷം, നാനാ തന്റെ അമ്മയേയും ഭാര്യയേയും കൂട്ടി ഗോദാവരീ തീരത്തുള്ള പുണ്യക്ഷേത്രങ്ങൾ സന്ദർശിയ്ക്കാൻ പുറപ്പെട്ടു. ഗംഗാസ്നാനത്തിനു പോകാനും അദ്ദേഹം ഉദ്ദേശിച്ചിരുന്നു, പക്ഷെ അദ്ദേഹത്തിനു് പേഷ്വയുടെ ചിറ്റപ്പന്റെ മകനായ സദാശിവറാവുവിന്റെ കൂടെ പാനിപ്പത്തിലേയ്ക്കു് യുദ്ധത്തിനു പോകേണ്ടിവന്നു. നാനാ എത്ര മതനിഷ്ഠാതനായിരുന്നുവോ, അത്രതന്നെ കർത്തവ്യനിരതനുമായിരുന്നുവെന്നു് ഇതു് സ്പഷ്ടമാക്കുന്നു. മററു മറാഠാ സൈനികരെപ്പോലെ നാനായും തന്റെ അമ്മയേയും ഭാര്യയേയും കൂട്ടി പാനിപ്പത്തിലേയ്ക്കു് തിരിച്ചു. നാനായുടെ ആത്മകഥയിൽ 1761-ലെ ഈ യുദ്ധവും

"PREMALAYAM"
PUTHIYARA
CALICUT-4.



അതിലുണ്ടായ ദുഷ്ഫലപൂർണ്ണമായ തോൽവിയും ദീർഘമായി വർണ്ണിച്ചിട്ടുണ്ട്. യുദ്ധക്കളത്തിലുണ്ടായ കഠിനമായ തോൽവിക്കുശേഷം അവിടെനിന്ന് ഓടിപ്പോകാൻ കിട്ടിയ ആജ്ഞ അദ്ദേഹത്തിന് ഒരു തരത്തിൽ അപമാനകരമായിത്തോന്നി. തൻെറ യജമാനനായ സദാശിവറാവു ഭാവുവിനെക്കുറിച്ച് യുദ്ധക്ഷേത്രത്തിൽ ഒരിടത്തുനിന്നും ഒരു വിവരവും കിട്ടാതായ ശേഷമാണ് നാനാ, തൻെറ കുതിരയുടെ മുഖം യുദ്ധക്കളത്തിൽനിന്ന് തിരിച്ചതു്. ഇത്ര ആപൽക്കരവും ദുർഘടവുമായ സമയത്തുപോലും, നാനായുടെ മനസ്സിൽ എത്ര ഉറച്ച സ്വാമിഭക്തിയാണ് ഉണ്ടായിരുന്നതെന്ന് ഈ സംഭവം വെളിപ്പെടുത്തുന്നു.

നാനാ, യുദ്ധക്കളത്തിൽനിന്ന് പാനിപ്പത്ത് ഗ്രാമത്തിൽ തിരിച്ചു വന്നപ്പോൾ, അദ്ദേഹത്തിൻെറ ഭാര്യയേയും അമ്മയേയും അവിടെങ്ങും കാണാനില്ലായിരുന്നു. മററുള്ളവരുടെ കൂട്ടത്തിൽ അവരും, എങ്ങോ ഓടിപ്പോയിരുന്നു. നാനാ ദുഃഖാർത്തനായി. പൂനയിലേയ്ക്ക് മടങ്ങുന്ന വഴി, അവരുടെ വിവരം തേടാൻ നിശ്ചയിച്ച്, സകലതും അവിടെ ഉപേക്ഷിച്ചശേഷം ഒരു ലങ്കോട്ടി ധരിച്ചുകൊണ്ട് അദ്ദേഹം അവിടെനിന്ന് പുറപ്പെട്ടു. ഒടുവിൽ, അങ്ങനെയിങ്ങനെ, അദ്ദേഹം ബുക്കീസ്റായിയിൽ എത്തി. ഒരു സ്നേഹിതൻെറ സഹായത്തോടെ തൻെറ ഭാര്യ ആപത്തൊന്നും കൂടാതെ ജിംജിയിലെത്തിയിട്ടുണ്ടെന്ന് അദ്ദേഹത്തിനറിവു് കിട്ടി. ജിംജിയിൽ ചെന്ന് അദ്ദേഹം, ഭാര്യയെ കണ്ടു. അവിടെനിന്ന് ദീഗിലെത്തുകയും ചെയ്തു. അമ്മയുടെ വിവരം കിട്ടാനായി, അദ്ദേഹം ഉഴറി. തൻെറ അമ്മ അബ്ദാലിയിലെ സൈനികത്താവളത്തിൽ തടങ്കലിൽ കിടക്കുകയാണെന്ന്, ഏറെത്താമസിയാതെ അദ്ദേഹത്തിന് വിവരം കിട്ടി.

അമ്മയുടെ മാനവും ജീവനും രക്ഷിച്ച്, അവരെ സുരക്ഷിതയായി തിരിച്ചെത്തിക്കാൻ, തൻെറ ജീവൻപോലും ത്യജിക്കാൻ തയ്യാറാണെന്ന് നാനാ, തന്റെ ഒരു കൂട്ടുകാരനെഴുതി. എന്നാൽ, അമ്മ മരിച്ചുപോയതായി, താമസിയാതെ, അദ്ദേഹത്തിന് അറിവുകിട്ടി. ഈ വാർത്ത കേട്ട്, നാനാ അത്യന്തം ദുഃഖിച്ചു. ഈ ലോകം വെടിയാമെന്നുവരെ

അദ്ദേഹം വിചാരിച്ചു. സന്ന്യാസം സ്വീകരിക്കാനായി, കാശി വാസത്തിന്ന് പുറപ്പെടാൻ അദ്ദേഹം ഒരുങ്ങി. എന്നാൽ കൂട്ടുകാർ, അദ്ദേഹത്തെ സമാധാനിപ്പിച്ച് അതിൽനിന്ന് പിൻതിരിപ്പിച്ചു.

ദുഃഖഭരിതമായ ഹൃദയവും താങ്ങിക്കൊണ്ട് നാനാ, പൂനാ വഴി ബുർഹാൻപുരിലെത്തി. അവിടെവച്ച്, സദാശിവറാവു ഭാവുവിനെ സഹായിക്കാനായി, വലിയൊരു സേനയേയും കൂട്ടി പാനിപ്പത്തിലേക്ക് പൊയ്ക്കൊണ്ടിരുന്ന പേഷ്വാ ബാലാജി റാവുവിനെ നാനാ കണ്ടുമുട്ടി. യുദ്ധക്ഷേത്രത്തിൽ മറാഠാ സേനക്കുണ്ടായ നാശവും ഭയങ്കര ജീവനഷ്ടവും നാനാ, പേഷ്വായെ പറഞ്ഞു കേൾപ്പിച്ചു. ഇതുകേട്ട്, പേഷ്വാ വളരെ ദുഃഖിച്ചു. അദ്ദേഹം, പൂനയിലേക്ക് തിരിച്ചുപോയി. നർമ്മദയിലേക്ക് പോകാൻ പേഷ്വാ, നാനായോട്ട് ആജ്ഞാപിച്ചു. തന്റെ ദുഃഖം മറക്കാനായി നാനാ അവിടെവച്ച് വളരെ ദാനകർമ്മങ്ങളും പുണ്യകർമ്മങ്ങളും ചെയ്യുകയും മതപരമായ കാര്യങ്ങളിൽ സംബന്ധിക്കുകയും അനേകം ദേവന്മാരെ ഉപാസിക്കുകയും ചെയ്തു.

നർമ്മദാതീരത്തുനിന്ന്, നാനാ പൂനയിലേക്ക് തിരിച്ചു. പാർണേറിലെത്തിയപ്പോൾ, പേഷ്വാ ബാലാജിറാവു 1761 ജൂൺ 24-ാംനു പൂനയിൽ വച്ച് മരിച്ചതായി അറിവു കിട്ടി. അദ്ദേഹത്തോട്ട് പൂനയിലേക്ക് ചെല്ലാൻ രഘുനാഥറാവു പറഞ്ഞയച്ചിരുന്നു. അദ്ദേഹം അവിടെ എത്തിയപ്പോൾ രഘുനാഥ റാവു ആദരപൂർവ്വം അദ്ദേഹത്തെ സ്വീകരിച്ചു. ബാലാജി റാവുവിന്റെ മരണശേഷം അദ്ദേഹത്തിന്റെ മകൻ മാധവ റാവു പേഷ്വയായി. അക്കാലത്ത് മാധവ റാവുവിന്ന് പതിനേഴും നാനായ്ക്ക് പത്തൊൻപതും വയസ്സ് പ്രായമായിരുന്നു. ചെറുപ്രായം മുതല്ക്കുതന്നെ അവർ ഉററമിത്രങ്ങളായിരുന്നു. മാറിയ പരിതസ്ഥിതിയിൽ നാനാ വല്ലാതെ കുഴങ്ങി. മാധവറാവുവിന്റെ പിതൃവ്യൻ രഘുനാഥ റാവു, പൂന അധീനപ്പെടുത്താൻ ആഗ്രഹിച്ചിരുന്നു. ഈ അധികാരവടംവലിയിൽ രഘുനാഥ റാവു, നാനായെ ഫഡ്നവീസ് പദത്തിൽനിന്നും മാററി. എന്നാൽ താമസിയാതെ, മാധവറാവു രഘുനാഥറാവുവിന്റെ ഈ നടപടി തിരസ്കരിച്ചു. 1763 സെപ്ററം

ബർ 2-ാംനു- നാനായെ വീണ്ടും ഫഡ്നവീസ് ആയി നിയോഗിച്ചു.

എന്നാൽ, വീണ്ടും ഫഡ്നവീസ് ആയ ശേഷം നാനായെ ഏല്പിച്ച പുതിയ ജോലികൾ, അദ്ദേഹത്തിൻെറ പഴയ ചുമതലകളിൽനിന്ന് വളരെ വ്യത്യസ്തമായിരുന്നു. മുമ്പ്, അദ്ദേഹത്തിന് ഭരണവും ശിക്ഷയും സംബന്ധിച്ച അധികാരങ്ങളുണ്ടായിരുന്നു. ഇപ്പോൾ അദ്ദേഹത്തിൻെറ ചുമതലകൾ രണ്ടായി വിഭജിയ്ക്കപ്പെട്ടു. ഒന്ന്, പേഷ്വയുടെ രാജധാനിയായ പൂനായിലെ വരവുചെലവു കണക്കുകൾ സൂക്ഷിയ്ക്കുക, അവ പരിശോധിയ്ക്കുക, വരവുചെലവ് അടങ്കൽ തയ്യാറാക്കുക, രാജധാനിയിൽ നടക്കുന്ന ഭരണപരമായ കാര്യങ്ങളുടെ മേൽനോട്ടം വഹിയ്ക്കുക തുടങ്ങിയ ഫഡ്നവീസിൻെറ എല്ലാ ചുമതലകളും; രണ്ട്, എപ്പോഴെങ്കിലും പേഷ്വ യുദ്ധത്തിന് പോകുമ്പോൾ അദ്ദേഹത്തിൻെറ സൈനികത്താവളത്തിൽ നടക്കുന്ന ഇതുപോലുള്ള ചുമതലകൾ. ഇങ്ങനെ പുതിയ നിയോഗം മൂലം നാനായുടെ കൈകളിൽ പേഷ്വായുടെ ഭരണപരമായ കാര്യങ്ങളെ സംബന്ധിച്ച വളരെ വ്യാപകമായ അധികാരങ്ങൾ വന്നുചേർന്നു. പേഷ്വായും അദ്ദേഹത്തിൻെറ ചിററപ്പനായ രഘുനാഥറാവുവും തമ്മിൽ ശത്രുത്വവും അഭിപ്രായവ്യത്യാസവും ഉണ്ടാകാനുള്ള സന്ദർഭങ്ങൾ പൊന്തിവന്നു. ഇങ്ങനെയുള്ള അവസരങ്ങളിൽ നാനായ്ക്ക് തൻെറ യോഗ്യത തെളിയിക്കാനുള്ള അവസരവും പൂർണ്ണമായ സൌകര്യവും കിട്ടിയിരുന്നു. നാനായുടെ സാഹസപൂർണ്ണമായ ജീവിതവും ഭരണകാര്യത്തിലുള്ള ദൃഢതയും കണ്ട് പേഷ്വാ വളരെ സന്തുഷ്ടനാകുകയും തൻെറ രാജ്യത്തെ ഭരണം നടത്താനുള്ള പൂർണ്ണാധികാരം നാനായെ ഏല്പിയ്ക്കുകയും ചെയ്തു. ഈ അവസ്ഥയിൽ അടുത്ത പത്തുകൊല്ലങ്ങൾക്കുള്ളിൽ നാനാ ഫഡ്നവീസ് പേഷ്വയുടെ പ്രധാനമന്ത്രിയായി തീർന്നുവെന്നതിൽ ആശ്ചര്യപ്പെടാനൊന്നുമില്ല. പേഷ്വ തന്നിലർപ്പിച്ച വിശ്വാസത്തിന് താൻ എല്ലാവിധത്തിലും അർഹനാണെന്ന് നാനായുടെ കർത്തവ്യനിഷ്ഠ പൂർണ്ണമായും തെളിയിച്ചു.

1772-ൽ പേഷ്വാ മാധവ റാവു മരിച്ചു. അദ്ദേഹത്തിൻെറ അനുജൻ നാരായണറാവു പേഷ്വയുടെ സ്ഥാനമേററു. എന്നാൽ നാരായണറാവുവിനു് പ്രായം വളരെ കുറവായിരുന്നു. അദ്ദേഹത്തിനു് ഭരണപരമായ കാര്യങ്ങളിൽ ഒരു പരിചയവുമില്ലായിരുന്നു എന്നുതന്നെ പറയാം. രാജ്യഭരണത്തിൻെറ സകല ഉത്തരവാദിത്വവും നാനായുടേയും സഖാറാം ബാപ്പുവിൻേറയും മേൽ വന്നുചേർന്നു. സഖാറാം ബാപ്പു നാനായേക്കാൾ വളരെ പ്രായം ചെന്ന ആളായിരുന്നു. പലപ്പോഴും പേഷ്വ, തൻെറ അമ്മ പറഞ്ഞതു കേട്ടു്, പല തീരുമാനങ്ങളും എടുക്കുകയും, അവ കാരണം ജനങ്ങൾ അസന്തുഷ്ടി പ്രകടിപ്പിയ്ക്കുകയും ചെയ്തിരുന്നു. നാരായണറാവുവിൻെറ ചിററപ്പൻ രഘുനാഥറാവുവിനു് പേഷ്വാപദത്തിൽ കയറാൻ ആഗ്രഹമുണ്ടായിരുന്നു. അയാൾ, ജനങ്ങളുടെ ഈ അസന്തുഷ്ടി മുതലെടുത്തു. അയാൾ, പേഷ്വാ നാരായണറാവുവിൻെറ വധത്തിനിടയാക്കി. നാനാ, ഉടൻതന്നെ പരിതസ്ഥിതികൾ തൻെറ നിയന്ത്രണത്തിലാക്കി. പൂനയെ കൊള്ളയിൽനിന്നും കവർച്ചയിൽനിന്നും തീവെയ്പിൽനിന്നും രക്ഷിയ്ക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്തു. ഭാവിയിൽ എന്തു ചെയ്യണമെന്നു് നിശ്ചയിയ്ക്കാനായി നഗരത്തിലെ പ്രമുഖവ്യക്തികളുടേയും ഭരണാധികാരികളുടേയും ഒരു സമ്മേളനം നാനാ ഉടനടി വിളിച്ചുകൂട്ടി. ഈ സമ്മേളനത്തിൻെറ തീരുമാനമനുസരിച്ചു്, നാനായും ബാപ്പുവും കൂടി രാജ്യത്തെ 12 വൻകിട നേതാക്കളുടെ ഒരു സംഘടന കെട്ടിപ്പടുത്തു. അതു് പിൽക്കാലത്തു് 'ബാർ ഭായി' എന്ന പേരിൽ പ്രസിദ്ധമായി. പേഷ്വാപദത്തിൽ രഘുനാഥറാവുവിൻെറ ആരോഹണം നിയമവിരുദ്ധമായി പ്രഖ്യാപിയ്ക്കാൻ നാനാ, സത്താറാ രാജാവിനെ പ്രേരിപ്പിച്ചു. ഇടയ്ക്കു് നിസാം തുടങ്ങിയ വലിയ രാജാക്കന്മാരേയും നവാബുമാരേയും 'ബാർ ഭായി'യുടെ വശത്താക്കി. ഒടുവിൽ നാരായണറാവുവിൻെറ മകൻ സവായി മാധവറാവുവിനെ അനന്തരാവകാശിയായി പ്രഖ്യാപിയ്ക്കുന്നതിലും, പേഷ്വാപദത്തിൽ അവരോധിയ്ക്കുന്നതിലും നാനാ വിജയിച്ചു. പേഷ്വാഭരണത്തിൽ ആരംഭിച്ച ഈ അരാജകത്വത്തിൽനിന്നു് മുതലെടുക്കാനായി, ഇംഗ്ലീഷുകാർ,

"PREMALAYAM"
PUTHIYARA
CALICUT-4.

മറാഠാ രാജ്യത്തിന്റെ മേൽ ആക്രമണം പ്രഖ്യാപിച്ചു. എന്നാൽ നാനാ, അവരെ കഠിനമായി തോല്പിച്ചു. അവരുമായി സന്ധിയുണ്ടാക്കി, സമാധാനം സ്ഥാപിച്ചു. ഈ ഉടമ്പടി, 'പുരന്ദർ ഉടമ്പടി' എന്നു പറയപ്പെടുന്നു. ഈ സംഭവത്തിൽ ഇംഗ്ലീഷുകാർ അനധികൃതമായി ആക്രമിച്ചുവെന്നു് നാനാ ആരോപിക്കുകയും ഇംഗ്ലീഷുകാർ അതു് സ്വീകരിക്കുകയും ചെയ്തു. ഇപ്രകാരം നാനായുടെ ഉയന്ന തോതിലുള്ള സംഘടനാക്ഷമത കാരണം മറാഠാ ഭരണകൂടം രക്ഷിക്കപ്പെട്ടു. പിന്നീടൊരിക്കൽകൂടി ഇംഗ്ലീഷുകാർ തലപൊക്കി രഘുനാഥ റാവുവിനെ പേഷ്വാപദത്തിൽ അവരോധിക്കാൻ ശ്രമിച്ചു. എന്നാൽ നാനാ ബഡുഗാവിൽവച്ചു് അവരെ വീണ്ടും തോല്പിച്ചു്, സകല ആശകളും നശിപ്പിച്ചു.

അക്കാലത്തു് യൂറോപ്പിൽ, ഇംഗ്ലീഷുകാരുടെ സ്ഥിതി വളരെ പരുങ്ങലിലായിരുന്നു. അമേരിക്കയുടെ സ്വാതന്ത്ര്യസമരം തുടർന്നുകൊണ്ടിരുന്നു. ഫ്രഞ്ചുകാരുടെ ഭാഗ്യനക്ഷത്രം ഉയരുകയായിരുന്നു. ഫ്രഞ്ചുകാരുടെ രാജദൂതൻ സെൻറു് ലൂബേങ് ഭാരതത്തിൽ വന്നു. നാനായും ഫ്രഞ്ചുകാരും തമ്മിൽ എഴുത്തുകുത്തു് നടന്നു. നാനാ ആദരപൂർവ്വം സെൻറു് ലൂബേങിനെ സ്വാഗതം ചെയ്തു. ഫ്രഞ്ചുകാരുമായി മൈത്രീബന്ധം സ്ഥാപിക്കാൻ നാനാ ആഗ്രഹിച്ചിരുന്നു. എന്നാൽ, ഇതിനു് വലിയൊരു തടസ്സമുണ്ടായിരുന്നു. 'ബാർ ഭായി' സംഘടനയിലെ ഒരംഗമായിരുന്ന നാനായുടെ ചിററപ്പന്റെ മകൻ മൊറോബാ, രഹസ്യമായി ഇംഗ്ലീഷുകാരുടെ പക്ഷത്തു് ചേർന്നു. മൊറോബാ പ്രതിബന്ധമുണ്ടാക്കാതിരിക്കാനായി, സെൻറു് ലൂബേങ് വാസ്തവത്തിൽ ഫ്രഞ്ചുകാരുടെ രാജപ്രതിനിധിയല്ലെന്നു് നാനാ, ഒരു വാർത്ത പരത്തി. ഇതു് സത്യമാണെന്നു് ബന്ധപ്പെട്ട എല്ലാവരും ധരിച്ചു. എന്നാൽ ഇതിനിടയ്ക്കു്, കർമ്മകുശലനായ നാനാ, ഫ്രഞ്ചുരാജദൂതനായ സെൻറു് ലൂബേങുമായി ഒരു സൌഹാർദ്ദ ഉടമ്പടി ഉണ്ടാക്കി. നാനായുടെ ഈ തന്ത്രം വളരെ ദിവസം കഴിഞ്ഞു്, ഇംഗ്ലീഷുകാർ മനസ്സിലാക്കി. പക്ഷേ അപ്പോഴേക്കും കൈയിൽ നിന്നു് കിളി പറന്നുകഴിഞ്ഞിരുന്നു. ഇങ്ങനെ

നാനാ, തൻെറ കൌശലത്താൽ, ഇംഗ്ലീഷുകാരുൾപ്പെടെ സകല ശത്രുക്കളേയും അടിയറവു് പറയിച്ചു. എന്നാൽ അന്താരാഷ്ട്രീയമണ്ഡലത്തിൽ അതിനിടയ്ക്കുണ്ടായ അപ്രതീക്ഷിതമായ മാററം കാരണം, നാനാ ഫ്രഞ്ചുകാരുമായുണ്ടാക്കിയ സൌഹാർദ്ദ ഉടമ്പടി, മറാഠാ ഭരണത്തിനു് ഒരു തരത്തിലും പ്രയോജനപ്പെട്ടില്ല.

നാനായുടെ കൂടതന്ത്രത്താൽ ഉത്തേജിതരായി ഇംഗ്ലീഷുകാർ മറാഠാകളെ വശീകരിക്കാനും നാനായെ അദ്ദേഹത്തിൻെറ സ്ഥാനത്തുനിന്നു് നീക്കാനും നിശ്ചയിച്ചു. എന്നാൽ ഹൈദരലി, നിസാം, പോർത്തുഗീസുകാർ, ഡച്ചുകാർ, ഫ്രഞ്ചുകാർ, ദില്ലിയിലെ മുഗൾ പാദുഷാ, ജംജീരയിലെ സിദ്ദി എന്നിവരെ തൻെറ പക്ഷത്തു് ചേർത്തു്, നാനാ, പ്രബലമായ ഒരു കൂട്ടുകെട്ടുണ്ടാക്കി. അങ്ങനെ, ഇംഗ്ലീഷുകാർ തീരെ ഒററപ്പെട്ടു. ഇംഗ്ലീഷുകാർ മറാഠാത്തലവന്മാരെ വശീകരിക്കാൻ പലതവണ ശ്രമിച്ചെങ്കിലും ഒന്നും ഫലിച്ചില്ല. ഒടുവിൽ തോൽവി സമ്മതിച്ചു്, 'സാൽബായ്'യിലെ ഉടമ്പടിക്കു് സമ്മതിക്കേണ്ടി വന്നു.

അക്കാലത്തു് ദില്ലിയിലെ സ്ഥിതി ദിവസം ചെല്ലുന്തോറും വഷളായിക്കൊണ്ടിരുന്നു. എന്നാൽ, നാനായും മഹാദജി ശിൻദേയും നാശോന്മുഖമായ ഈ പരിതസ്ഥിതി വളരെ നിപുണമായി നിയന്ത്രിക്കുകയും മുഗൾ പാദുഷാക്കു് സംരക്ഷണം നൽകി മുഗൾ ഭരണത്തിൻെറ മേൽ മാറാഠകളുടെ സ്വാധീനം ചെലുത്തുകയും ചെയ്തു. ഈ സ്ഥിതിയിൽ, ശാഹ് ആലം പാദുഷായെ ഇംഗ്ലീഷുകാരുടെ പിടിയിൽനിന്നു് രക്ഷിക്കാനായി, നാനാ ജാഗ്രതയോടെ ചെയ്ത ഉപായങ്ങളിൽനിന്നു് അദ്ദേഹത്തിൻെറ രാഷ്ട്രീയ ദൂരവീക്ഷണം നല്ലവണ്ണം മനസ്സിലാക്കാം.

നാനാക്കു് പുതിയൊരു സംഘർഷത്തെ നേരിടേണ്ടിവന്നു. മൈസൂരിലെ ടിപ്പുസുൽത്താൻ മറാഠാ പ്രദേശത്തെ അതിക്രമിക്കാൻ തുടങ്ങി. ഏകദേശം അമ്പതിനായിരം ഹിന്ദുക്കളെ ടിപ്പു, ബലാൽക്കാരമായി ഇസ്ലാംമതത്തിൽ ചേർത്തു. അതു കൂടാതെ 'നർഗുന്തിലെ' ഏതാനും സ്ത്രീപുരുഷന്മാരുടെ മേൽ, ഹീനമായ കട്ടംകൈകൾ കാണിച്ചു.

അതിനാൽ, ടിപ്പുവിനെ ശിക്ഷിയ്ക്കണമെന്നു് നാനാ നിശ്ചയിച്ചു. ഇംഗ്ലീഷുകാർ ടിപ്പുവുമായി ചേർന്നാൽ, മറാഠാകൾക്കു് കൂടുതൽ ദോഷമുണ്ടാകുമെന്നു് നാനാ വിചാരിച്ചു. ടിപ്പുവിനെ ആക്രമിയ്ക്കുന്നതിൽ മറാഠാകളെ സഹായിയ്ക്കാമെന്നൊരു വാഗ്ദത്തം നാനാ വലിയ കൌശലത്തോടെ ഇംഗ്ലീഷുകാരിൽനിന്നു് നേടി. എന്നാൽ ഒടുവിൽ ഇംഗ്ലീഷുകാർ അവരുടെ വാക്കു പാലിച്ചില്ല. യുദ്ധത്തിൽ ടിപ്പു തോററു. ഗജേന്ദ്രഗഢിലെ ഉടമ്പടി വഴി, സമാധാനം സ്ഥാപിയ്ക്കപ്പെട്ടു. അങ്ങനെ നാനാ, ടിപ്പുവിനെ തോല്പിയ്ക്കുക മാത്രമല്ല, ഇംഗ്ലീഷുകാരുടെ വിശ്വാസവഞ്ചന പൊളിച്ചുകാണിയ്ക്കുകയും ചെയ്തു. അതിനിടയ്ക്കു്, ഇംഗ്ലീഷുകാരും ടിപ്പുവും തമ്മിൽ വീണ്ടും സമരം തുടങ്ങി. ടിപ്പു പരസ്യമായി ഫ്രഞ്ചുകാരെ സഹായിച്ചുവെന്നതായിരുന്നു കാരണം. ടിപ്പുവിനെതിരായി തങ്ങളെ സഹായിയ്ക്കണമെന്നു് ഇംഗ്ലീഷുകാർ, നാനായോടു് അഭ്യർത്ഥിച്ചു. വളരെക്കാലം അതു് പരിഗണിയ്ക്കാതിരുന്നശേഷം ഒടുവിൽ ഇംഗ്ലീഷുകാരെ സഹായിയ്ക്കാമെന്നു് നാനാ സമ്മതിച്ചു. എന്തെന്നാൽ, അപ്പോഴേയ്ക്കും മറാഠാകളുടെ വളരെയധികം സ്ഥലങ്ങൾ ടിപ്പുവിൻെറ അധീനത്തിലാവുകയും അവയെ അയാളുടെ പിടിയിൽനിന്നും മോചിപ്പിയ്ക്കേണ്ടതു് ആവശ്യമായി വരുകയും ചെയ്തു. എന്നാൽ ഇംഗ്ലീഷുകാർ ടിപ്പുവിനെ പൂർണ്ണമായും തോല്പിയ്ക്കാനിടയാകരുതെന്നായിരുന്നു നാനായുടെ സ്പഷ്ടമായ നയം. ഒടുവിൽ, മൈസൂർ രാജ്യവുമായി ഇംഗ്ലീഷുകാർ യുദ്ധം തുടങ്ങുകയും ടിപ്പു അതിൽ തോല്പിയ്ക്കപ്പെടുകയും ചെയ്തു. മറാഠാ പ്രദേശം വീണ്ടെടുക്കുന്നതിൽ നാനാ വിജയിച്ചു.

ഈ യുദ്ധത്തിൽനിന്നു് നാനാ വിമുക്തനായില്ല, അതിനുമുമ്പേ നിസാം, മറാഠാ പ്രദേശത്തു് കുഴപ്പമുണ്ടാക്കാൻ തുടങ്ങി. എന്നാൽ ഖർഡാ യുദ്ധത്തിൽ അയാൾ തോല്പിയ്ക്കപ്പെടുകയും, 1795-ൽ സമാധാനം സ്ഥാപിതമാവുകയും ചെയ്തു.

ഈ മറാഠാ-നിസാം യുദ്ധത്തിൽനിന്നു് നാനാ വിമുക്തനായതേയുള്ളു, അപ്പോഴേയ്ക്കും, പേഷ്വാ സവായി മാധവ റാവു, ആത്മഹത്യ ചെയ്തു. അതോടെ എപ്പോഴത്തേയുംപോലെ, പേഷ്വാ സ്ഥാനത്തിനു

ള്ള വഴക്കു തുടങ്ങി. നാനായുടെ മനസ്സമാധാനം നശിച്ചു. അവസാനം ബാജിറാവു രണ്ടാമൻ പേഷ്വയായി. ആ സമയത്ത് മഹാദജി ശിൻദേയും സ്വർഗ്ഗസ്ഥനായി. അദ്ദേഹത്തിൻെറ സ്ഥാനത്ത് ദൌലത്ത്റാം ശിൻദേ, അവരോധിക്കപ്പെട്ടു. ബാജിറാവു രണ്ടാമനും ദൌലത്ത്റാം ശിൻദേയും ഏതെങ്കിലും നയമോ അഭിപ്രായമോ ഉള്ളവരല്ലായിരുന്നു. നാനായുമായി അവക്ക് യോജിപ്പില്ലായിരുന്നു. ഒടുവിൽ ശത്രുത പെരുകിയതിൻെറ ഫലമായി, അവർ നാനായെ തടവുകാരനാക്കി. പിന്നീട് വിട്ടയച്ചു. ഇതുമൂലം നാനായുടെ മനസ്സു മടുത്തു. എന്നിട്ടും, നാനാ പേഷ്വാഭരണത്തോട് കൂറുള്ളവനായിരുന്നു. ഭരണത്തിലുണ്ടായ ഈ കുഴപ്പത്തിലും തോന്ന്യാസത്തിലും നിന്ന് മുതലെടുത്ത് ഇംഗ്ലീഷുകാർ പേഷ്വായുടെ കഴുത്തിൽ 'സബ്സിഡിയറി' സഖ്യത്തിൻെറ കുടുക്ക് തൊടുത്താൻ ആഗ്രഹിച്ചിരുന്നു. എന്നാൽ നാനാ ജീവിച്ചിരുന്നിടത്തോളം, ഇംഗ്ലീഷുകാരുടെ ഇത്തരത്തിലുള്ള കുടുക്കിൽ കുടുങ്ങാൻ അദ്ദേഹം പേഷ്വകളെ സമ്മതിച്ചില്ല. ബാജിറാവു രണ്ടാമന്റേയും ദൌലത്ത്റാമിന്റേയും പക്കൽനിന്ന് പലതരത്തിൽ അപമാനങ്ങളും നിന്ദയും സഹിച്ചശേഷം, നാനാ 1800 മാർച്ച് 13-ാംനു ഇഹലോകം വെടിഞ്ഞു.

നാനായുടെ മരണത്തിൽ വെല്ലസ്ലി, തൻെറ അഭിപ്രായം ഇങ്ങനെ പ്രകടിപ്പിച്ചിരിക്കുന്നു: "തൻെറ ബുദ്ധിവൈഭവവും മഹത്തായ ഗുണങ്ങളും വിവിധ പ്രകാരത്തിലുള്ള യോഗ്യതകളും കാരണം മഹാനായിട്ടുള്ള ഒരു വ്യക്തി നഷ്ടപ്പെട്ടതുമൂലം, എല്ലായിടത്തും ദുഃഖമുളവാകുന്നു. താങ്കളുടെ ദർബാറിലെ യോഗ്യനായ മന്ത്രി ബാലാജി പണ്ഡിതൻ (നാനാ) മരിച്ചതായുള്ള ദുഃഖവാർത്ത കേട്ട്, എനിക്ക് അതീവ ദുഃഖവും വ്യസനവുമുണ്ടായി."

ഹൈദരലി തൻെറ ഒരു കത്തിൽ നാനായെപ്പററി ഇങ്ങനെ എഴുതിയിരിക്കുന്നു: "നാനാ, വലിയ ദൂരവീക്ഷണവും ഉരുക്കുപോലെ വിശ്വാസവുമുള്ള വ്യക്തിയാണ്. ഇംഗ്ലീഷുകാരുടെ കുടതന്ത്രങ്ങളേയും ചതിപ്പണികളേയും പററി അദ്ദേഹത്തിന് നല്ലപോലെ പരിചയമാ

"PREMALAYAM"
PUTHIYARA
CALICUT-4.



യിരുന്നു. അവരുടെ പ്രത്യക്ഷമായ വിലപേശലുകളുടെ അടവുകളിൽ കുടുങ്ങുന്ന ആളല്ലായിരുന്നു നാനാ."

നാനായെക്കുറിച്ച് അഹില്യാബായി ബോൽക്കർ ഇങ്ങിനെ അഭിപ്രായപ്പെട്ടിരിക്കുന്നു: "രാഷ്ട്രീയമണ്ഡലത്തിന്റെ എല്ലാ രംഗങ്ങളിലും, ഇംഗ്ലീഷുകാരുമായി, അത്യധികമായ സാമർത്ഥ്യത്തോടും നെഞ്ഞൂക്കോടും ഏററുമുട്ടാൻ നാനാ ഒരാൾ മതിയായിരുന്നു."

നാനായുടെ സമകാലികനും അദ്ദേഹത്തിന്റെ സഹപ്രവർത്തകനുമായിരുന്ന മഹാദജി ശിൻദേ ഒരു കത്തിൽ ഇങ്ങനെ എഴുതിയിരുന്നു: "എന്റെ ഏററവും വലിയ ആവശ്യത്തിലും; എന്റെ നിതാന്തസുഹൃത്തായ നാനായല്ലാതെ; മററാരും എന്നെ സഹായിച്ചിട്ടില്ല."

നാനാക്കു് എന്തൊക്കെ ഗുണങ്ങളുണ്ടായിരുന്നോ; അതൊക്കെ, മേൽപറഞ്ഞ ഉദാഹരണങ്ങളിൽനിന്നു് നല്ലവണ്ണം സ്പഷ്ടമാകുന്നുണ്ടു്. ഭരണത്തിൽ നടക്കുന്ന ഓരോ സംഭവത്തിന്റേയും സൂക്ഷ്മവിവരം കണ്ടുപിടിക്കാനായി നാനാ കെട്ടിപ്പടുത്ത ചാരസംഘത്തെ, നാനായുടെ ഭരണത്തിന്റെ വിജയം ആശ്രയിച്ചിരുന്നു. നാനാ, കേവലം കടുത്ത ദേശീയവാദി മാത്രമല്ലായിരുന്നു. അദ്ദേഹത്തിന്റെ കാര്യക്ഷമതയും വളരെ ഉയർന്നതായിരുന്നു. അദ്ദേഹം നേരിട്ടു് മേൽനോട്ടം വഹിച്ചിരുന്ന കാര്യങ്ങൾ കണക്കാക്കിയാൽ, നാം അതിശയിച്ചു പോകും. 1762 മുതൽ 1800 വരെ അദ്ദേഹം ആകെ 14,122 എഴുത്തുകൾക്കു് തീർപ്പു കല്പിച്ചു. ഇവയിൽ രണ്ടായിരത്തിലധികം എഴുത്തുകൾ, ഇംഗ്ലീഷിലും ശേഷമുള്ളതു്, മറാഠിയിലുമാണു് എഴുതിയിരുന്നതു്. നിലവിലുള്ള മറാഠാ ചരിത്രത്തിന്റെ ഏറിയ പങ്കും നാനായുടെ വൈദഗ്ദ്ധ്യം വെളിപ്പെടുത്തുന്നതാണു്.

ഇംഗ്ലീഷുകാരുടെ നയങ്ങളെ അപ്പപ്പോൾ ശരിയായി പരിശോധിച്ചറിയുന്നതിൽ നാനാ പ്രകടിപ്പിച്ച അസാമാന്യബുദ്ധിശക്തി അദ്ദേഹത്തിന്റെ രാഷ്ട്രീയമഹത്വത്തിന്റെ ശരിയായ വില കാണിക്കുന്നു. ഇതിനെക്കുറിച്ചു് നാനാ ഇങ്ങനെ പറഞ്ഞിരിക്കുന്നു: "പ്രാരംഭത്തിൽ

ഇംഗ്ലീഷുകാരുടെ മധുരമായ സംഭാഷണവും എഴുത്തും കാരണം, എല്ലാവരും അവരുടെ ഔദാര്യപൂർണ്ണമായ വിശ്വപ്രേമത്തിൻെറ ശബ്ദവലയത്തിൽ കുടുങ്ങി, ലോകത്തിലെ സത്യത്തിൻേറയും സൽപ്രവൃത്തിയുടേയും ഖജനാവു് ഈശ്വരൻ, അവർക്കു മാത്രമായി കൊടുത്തിരിയ്ക്കുകയാണെന്നു് വിശ്വസിച്ചു തുടങ്ങുന്നു. ഇക്കൂട്ടരുടെ സംഭാഷണരീതി വളരെ വിനയാന്വിതവും പ്രലോഭനജനകവുമാണു്. എന്നാൽ പ്രത്യക്ഷത്തിൽ അനുഭവിയ്ക്കുമ്പോഴേ, ഈ പൂച്ചയുടെ സ്വാത്ഥപൂരിതമായ നഖം പുറത്തു ചാടാറുള്ളു. ഒരുത്തനെ പ്രലോഭിപ്പിച്ചിട്ടു് മററൊരുത്തനെ നിലത്തടിയ്ക്കുക, അതു് ഇക്കൂട്ടരുടെ സ്വഭാവവിശേഷമാണു്. വഞ്ചനകൊണ്ടു് ഭരണം നടത്തുകയാണു് ഇവരുടെ നയം.''

മേൽപ്പറഞ്ഞ കാര്യങ്ങളിൽനിന്നു്, നാനായുടെ ഈശ്വരഭക്തി, ദേശഭക്തി, മാതൃഭക്തി, ദേശബന്ധുക്കളോടുള്ള നിഷ്ഠ, കത്തവ്യനിഷ്ഠ, എന്നിവയുടെ ബലത്തിലാണു് അദ്ദേഹത്തിൻെറ പേരു് ഈ രാജ്യത്തിൻെറ ചരിത്രത്തിൽ ചിരന്തനവും അനശ്വരവുമായതെന്നു് സ്പഷ്ടമാണു്. നാനായുടെ ജീവിതകഥ വായിയ്ക്കുമ്പോൾ നമുക്കു് ഓമ്മ വരുന്നതു് ഇതാണു്: ''നിങ്ങൾ സ്വകത്തവ്യം നല്ലവണ്ണം അനുഷ്ഠിയ്ക്കുക, എന്തെന്നാൽ ബഹുമതിയും പ്രശംസയും എല്ലാം അതിലാണു് അടങ്ങിയിരിയ്ക്കുന്നതു്.''

# അഹല്യാ ബായി



അഹല്യാ ബായി മഹാരാഷ്ട്രസംസ്ഥാനത്തു് പാഥർടി എന്ന ഗ്രാമത്തിൽ ക്രിസ്ത്വബ്ദം 1735-ൽ ജനിച്ചു. അവരുടെ അച്ഛൻെറ പേരു് മൻകോജി സിന്ധിയാ എന്നായിരുന്നു. മൻകോജി ഒരു സാധാരണ ഗൃഹസ്ഥനായിരുന്നു.

ഒരു പ്രാവശ്യം ഇന്ദോറിലെ മഹാരാജാവു് മൽഹാർ റാവു ഹോൽക്കർ പൂനയിലേയ്ക്കു് പോകുമ്പോൾ, ഭാഗ്യവശാൽ, ഈ ഗ്രാമത്തിലെ ശിവമന്ദിരത്തിൽ താവളമടിച്ചു. അവിടെ അദ്ദേഹം, ഭാവിശ്രേയസ്സിൻെറ ലക്ഷണമുള്ള ഈ പെൺകുട്ടിയെ കണ്ടു. കന്യകയെ അദ്ദേഹത്തിനു് വളരെ ഇഷ്ടപ്പെട്ടു. അദ്ദേഹം മൻകോജി സിന്ധിയയെ വിളിച്ചു്, ഇപ്രകാരം പറഞ്ഞു: "ഞാൻ ഇവളെ എൻെറ മകനു് വിവാഹം കഴിച്ചുകൊടുക്കാൻ ആഗ്രഹിയ്ക്കുന്നു".

മൻകോജി അതിനു് തയ്യാറായിരുന്നു. മൽഹാർ റാവു, ആ കന്യകയെ തൻെറ കൂടെ ഇന്ദോറിലേക്കു് കൊണ്ടുവന്നു്, തൻെറ പുത്രൻ ഖണ്ഡേറാവുവിനു് അവളെ വലിയ ആർഭാടത്തോടെ കല്യാണം കഴിച്ചു കൊടുത്തു.

അഹല്യാ ബായി കാഴ്ചയ്ക്ക് വളരെ സുന്ദരിയായിരുന്നില്ല. അവരുടെ നിറം കറുപ്പായിരുന്നു; വലിയ ഉയരമുണ്ടായിരുന്നില്ല. എന്നാലും അവരിൽ ചില നല്ല ഗുണങ്ങൾ കണ്ടതുകൊണ്ടാണ് മൽഹാർ റാവു അഹല്യാ ബായിയെ തൻെറ പുത്രവധുവാക്കിയതു്.

ശ്വശുരഗൃഹത്തിൽ വന്നപ്പോൾ തന്നെ അവൾ തൻെറ ഭർത്താവിനേയും ശ്വശുരനേയും ശ്വശ്രൂവിനേയും പരിചരിക്കുന്നതിൽ മുഴുകി. അവളുടെ സേവനം കാരണം ശ്വശുരനും അമ്മായി അമ്മയ്ക്കും അവളോട്ട് വലിയ സ്നേഹമായി. കുടുംബിനിയുടെ ഗൃഹജോലികൾ നിർവ്വഹിക്കുന്നതിൽ അവർ അത്ര നിപുണയായിരിക്കുന്നതു കണ്ടു്, മൽഹാർ റാവു രാജധാനി വിട്ട് വെളിയിൽ പോകുമ്പോഴൊക്കെ, ചില രാജ്യകാര്യങ്ങൾ അവളെ ഭരമേല്പിച്ച് പോകുമായിരുന്നു. തിരിച്ചു വന്നു് നോക്കുമ്പോൾ, അഹല്യാ ബായിയെ ഏല്പിച്ചിരുന്ന ജോലികൾ വളരെ ഭംഗിയായി ചെയ്തിരിക്കുന്നതു കണ്ടു്, അദ്ദേഹം വളരെ സന്തോഷിക്കുമായിരുന്നു. ഇതിനിടയ്ക്കു്, അഹല്യാ ബായിക്കു് രണ്ടു കുട്ടികളുണ്ടായി, ഒരു മകനും ഒരു മകളും. മകനു് മാലീറാവു എന്നും, മകൾക്കു് മുക്താ ബായി എന്നും പേരിട്ടു. ഇങ്ങനെ ശ്വശുരൻെറയും ശ്വശ്രൂവിൻെറയും ഭർത്താവിൻെറയും പുത്രീപുത്രന്മാരുടേയും കൂടെ അഹല്യാ ബായി ഒമ്പതു വർഷം കഴിച്ചു. ഈ ഒമ്പതു വർഷങ്ങൾ മാത്രമേ അവർ, സുഖമായും ആനന്ദമായും കഴിച്ചുള്ളു. പിന്നീട്ട് ഒന്നിനു പുറകേ ഒന്നായി ദുഃഖങ്ങൾ വന്നുകൂടി. എങ്കിലും ഈ ദുഃഖങ്ങൾക്കിടയിലും അഹല്യാ ബായി തൻെറ കർത്തവ്യങ്ങൾ ധൈര്യത്തോടും ഔചിത്യത്തോടും കൂടി നിർവഹിച്ചതു കാരണം, അവരെ ഭാരതീയ മഹിളാരത്നങ്ങളിൽ ഒന്നായി കണക്കാക്കിത്തുടങ്ങുകയും, അവരുടെ പേരു് അനശ്വരമാവുകയും ചെയ്തു.

മറാഠാകളുടെ മേൽക്കോയ്മ ആയിരുന്നു അക്കാലത്തു്. പേഷ്വായുടെ നേതൃത്വത്തിൽ അവർ തങ്ങളുടെ രാജ്യവിസ്തൃതി വർദ്ധിപ്പിച്ചുകൊണ്ടിരുന്നു. ഭാരതത്തിലെ എല്ലാ രാജ്യങ്ങളിൽ നിന്നും അവർ "ചൌഥ" എന്ന കരം ഈടാക്കിയിരുന്നു. ഭരത്പുരിനടുത്ത പ്രദേ

"PREMALAYAM"
PUTHIYARA
CALICUT-4.



ശം ജാട്ടുകളുടെ രാജ്യമായിരുന്നു. ജാട്ടുകൾ ''ചൌഥ'' കൊടുക്കുവാൻ വിസമ്മതിച്ചു; അവർ യുദ്ധത്തിന്ന് തയ്യാറായി. അപ്പോൾ, പേഷ്വാ യുടെ ആജ്ഞപ്രകാരം മൽഹാർ റാവു, തൻെറ പുത്രൻ ഖണ്ഡേറാവു വും ഒരുമിച്ച് ഭരത്പൂർ ആക്രമിച്ചു. ദീഗിനടുത്തുള്ള കുംഭേർ കോട്ട അവർ വളഞ്ഞു. ഈ യുദ്ധത്തിൽ ഖണ്ഡേറാവു, കൊല്ലപ്പെട്ടു. പുത്ര ൻെറ മരണവാർത്ത അറിഞ്ഞപ്പോൾ മൽഹാർറാവു, യുദ്ധഭൂമിയിൽ മൂർഛിച്ചു വീണു. അദ്ദേഹത്തിൻെറ വീരഭടന്മാർ അദ്ദേഹത്തെ ഒരു സുരക്ഷിതസ്ഥാനത്തേയ്ക്കു് കൊണ്ടുപോയി. അദ്ദേഹത്തിന്ന് ബോധം വീണപ്പോൾ, അഹല്യാ ബായി പതിവിയോഗത്തിൽ അത്യ ന്തം ദുഃഖിതയായിരിയ്ക്കുന്നതു കണ്ടു് അദ്ദേഹം, സ്വന്തം ദുഃഖം മറന്നു്, അവരെ ആശ്വസിപ്പിച്ചു. അഹല്യാബായി അന്നു് ഖണ്ഡേറാവു വിൻെറ ചിതയിൽ ചാടി മരിയ്ക്കുന്നതു് അദ്ദേഹം, വളരെ പ്രയാസ പ്പെട്ടു് തടഞ്ഞു, അദ്ദേഹം പറഞ്ഞു:- ''മകളേ, നീയേ എനിയ്ക്കാശ്രയ മുള്ളു. നീ ജീവിച്ചിരുന്നില്ലെങ്കിൽ, ഞാൻ ഇത്ര ഭാരമേറിയ രാജ്യ കാര്യങ്ങൾ എങ്ങനെ നടത്തും?''

ഭർത്താവിനോടൊപ്പം തീയിൽ ചാടി മരിയ്ക്കുന്നതിനേക്കാൾ ജനങ്ങൾക്കു് ഉപകാരം ചെയ്യുന്നതാണു് നല്ലതു് എന്നു് അഹല്യാ ബായി വിചാരിച്ചു. അതുകൊണ്ടു്, ശ്വശുരൻെറ ആജ്ഞപ്രകാരം അവർ രാജ്യകാര്യങ്ങളിൽ ശ്രദ്ധിയ്ക്കാൻ തുടങ്ങി.

പാനിപ്പത്തിലെ പരാജയത്തോടെ, ഉത്തരേന്ത്യയിൽ മറാഠാ കളുടെ ശക്തി കുറഞ്ഞു തുടങ്ങിയിരുന്നു. അതു് വീണ്ടും വർദ്ധിപ്പിയ്ക്കാ നായി അവർ, ഉത്തരേന്ത്യയിൽ കൂടുതൽ കടന്നു കയറാൻ നിശ്ചയിച്ചു. ഇക്കൂട്ടത്തിൽ മൽഹാർ റാവുവും ഉണ്ടായിരുന്നു. പക്ഷെ, പുത്രൻെറ മര ണത്തിൽ ദുഃഖിതനായി അദ്ദേഹം ഗ്വാളിയറിനടുത്തു് ആലംപുരിൽ തങ്ങി; അവിടെ വച്ചു് ചെവി വേദനമൂലം കഷ്ടപ്പെട്ടു് മരണമടഞ്ഞു. ഭർത്താവിൻെറ മരണശേഷം ശ്വശുരൻെറ മരണവും അഹല്യാബായി ധൈര്യപൂർവ്വം സഹിച്ചു. അവിടെ അവർ, ശ്വശുരൻെറ പേരിൽ

ഒരു ധർമ്മശാല പണികഴിപ്പിച്ചു. അതിന്റെ നിത്യച്ചെലവിനായി 30,000 രൂപാ വില വരുന്ന ഗ്രാമങ്ങൾ ഏർപ്പെടുത്തി.

അഹല്യാബായിയുടെ മകൻ മാലിറാവു രാജാവായി. അയാൾ നിർദ്ദയനും ദുഷ്ടനുമായിരുന്നു. അയാൾ, പ്രജകളോട് നിർദ്ദയമായി പെരുമാറിയിരുന്നു. അതിൽ അഹല്യാബായി വളരെ ദുഃഖിച്ചു. ഒമ്പതുമാസം കഴിഞ്ഞപ്പോൾ, അഹല്യാബായിയുടെ ഈ പുത്രനും നിര്യാതനായി. എന്നാൽ, പ്രജാസേവനത്തിനായി ശ്വശുരൻ തന്നെ ഏല്പിച്ചിരുന്ന ചുമതലകളിൽ എല്ലാ ദുഃഖങ്ങളും മറന്നു് അഹല്യാബായി മുഴുകി. പേഷ്വായുടെ അഭിപ്രായമനുസരിച്ച് അവർ, ഗംഗാധര റാവുവിനെ തൻെറ മന്ത്രിയാക്കി, രാജ്യകാര്യങ്ങൾ നിർവഹിച്ചു തുടങ്ങി. പക്ഷെ, ഗംഗാധര റാവു സ്വാർത്ഥനും കുടിലനുമായിരുന്നു. ഭഗവാനെ ഭജിച്ചുകൊണ്ടു് ജീവിതശിഷ്ടം കഴിക്കുവാനും ഏതെങ്കിലും ബാലനെ ദത്തെടുത്തു് രാജ്യകാര്യങ്ങൾ അവനെ ഏല്പിക്കുവാനും ഗംഗാധര റാവു അഹല്യാ ബായിയോടു് പറഞ്ഞു. അഹല്യാ ബായി, അതു് കൂട്ടാക്കിയില്ല. രാജ്യകാര്യങ്ങളിൽ യോഗ്യത കാണിക്കുന്നയാൾക്കു് മാത്രമേ തൻെറ മരണശേഷം രാജ്യം കൊടുക്കുകയുള്ളുവെന്നായിരുന്നു അവരുടെ നിശ്ചയം. ഇതിൽ കോപിച്ചു് ഗംഗാധര റാവു പേഷ്വയുടെ ചിററപ്പൻ രഘുനാഥ റാവുവിനെക്കൊണ്ടു് ഇന്ദോർ ആക്രമിപ്പിച്ചു. രണ്ടു പേരും കൂടി ഇങ്ങനെ രാജ്യം അപഹരിച്ചെടുക്കണമെന്നായിരുന്നു നിശ്ചയം. ഇതു കണ്ടു് അഹല്യാ ബായി, തൻെറ സൈന്യാധിപന്മാരേയും എല്ലാ ഗ്രാമത്തലവരേയും വിളിച്ചു് ഒരു സഭ കൂടി. രാജ്യഭരണത്തിൻെറ ചുമതല അഹല്യാ ബായി തന്നെ വഹിക്കണമെന്നും രഘുനാഥ റാവു വരുകയാണെങ്കിൽ എതിർക്കണമെന്നും എല്ലാവരും അഭിപ്രായപ്പെട്ടു. അക്കാലത്തു് അഹല്യാ ബായിയുടെ സേനാപതി തുക്കോജി റാവു ഹോൽക്കർ ആയിരുന്നു. അയാൾ, സൈന്യത്തേയും കൂട്ടി, ക്ഷിപ്രാനദിയുടെ തീരത്തു് താവളമുറപ്പിച്ചു. വളരെ ആലോചിച്ചശേഷം വേണം, നദി കടന്നു് ഇക്കരയിൽ വരാൻ എന്നു് തുക്കോജി പറഞ്ഞയച്ചു. ഇതുകേട്ടു് ഭയന്നു്, രഘുനാഥറാവു മടങ്ങിപ്പോയി.

രാജ്യത്തിന്റെ മേലുള്ള ഒരാപത്ത്ു് മാറിയപ്പോൾ, മറ്റൊന്നു് വന്നു. ഗ്രാമങ്ങളിലും നഗരങ്ങളിലും കള്ളന്മാരും കൊള്ളക്കാരും ജനങ്ങളെ ഉപദ്രവിയ്ക്കാൻ തുടങ്ങി. കൊള്ളക്കാരിൽ നിന്നു് ജനങ്ങളെ എങ്ങിനെ രക്ഷിയ്ക്കണമെന്നുള്ള ആലോചനയ്ക്കായി അഹല്യാ ബായി വീണ്ടും ഒരു സഭ വിളിച്ചുകൂട്ടി. അതു കൂടാതെ, കൊള്ളക്കാരെ അമച്ച് ചെയ്യുന്ന ആളിനു് തൻെറ മകൾ മുക്താബായിയെ വിവാഹം ചെയ്തു കൊടുക്കാമെന്നും ആ വീരസ്ത്രീ, വിളംബരം ചെയ്തു. അപ്പോൾ ഒരു മറാഠാ യുവാവു് എണീററു. സൈന്യവും ധനവും തന്നു് സഹായിയ്ക്കാമെങ്കിൽ, താൻ കൊള്ളക്കാരെ അമർച്ച ചെയ്യാമെന്നു് അയാൾ പറഞ്ഞു. അഹല്യാ ബായി, ആ അപേക്ഷ സ്വീകരിച്ചു. ആ യുവാവിൻെറ പേരു് യശ്വന്ത റാവു ഫൺശേ എന്നായിരുന്നു. രണ്ടു വഷത്തിനുള്ളിൽ അയാൾ എല്ലാം നേരെയാക്കി. അഹല്യാ ബായി തൻെറ വാഗ്ദത്തമനുസരിച്ചു് തൻെറ മകൾ മുക്താ ബായിയെ അയാൾക്കു് വിവാഹം കഴിച്ചു കൊടുത്തു.

ഇന്ദോർ സംസ്ഥാനത്തിൽ കള്ളന്മാരേയും കൊള്ളക്കാരേയും കുറിച്ചുള്ള ഭയം അകന്നു തുടങ്ങി. അതിൻെറ ഫലമായി അന്യരാജ്യങ്ങളിൽനിന്നു് സേട്ടുകൾ, പണം കടം കൊടുക്കുന്നവർ, വ്യാപാരികൾ മുതലായവർ ഇന്ദോറിൽ വന്നു് താമസിയ്ക്കാൻ തുടങ്ങി. ഇന്ദോർ ഒരു വൻനഗരമായിത്തീന്നു. അവിടെ വ്യാപാരം വളരെ പുരോഗമിച്ചു. എല്ലാ ജനങ്ങളും സുഖമായും സമാധാനത്തിലും താമസിച്ചു തുടങ്ങി.

അഹല്യാ ബായിയുടെ ശ്രദ്ധ ഭരണപരിഷ്ക്കാരങ്ങളിലേയ്ക്കു് തിരിഞ്ഞു. സംസ്ഥാനത്തൊട്ടാകെ അവർ, വലിയ റോഡുകൾ, അമ്പലങ്ങൾ, ധമ്മശാലകൾ, കിണറുകൾ മുതലായവ നിർമ്മിച്ചു. തൻെറ സംസ്ഥാനത്തു് മാത്രമല്ല, അതിനു് വെളിയിലും വലിയ വലിയ തീത്ഥസ്ഥാനങ്ങളിൽ വലിയ ക്ഷേത്രങ്ങളും ധമ്മശാലകളും അവർ പണികഴിപ്പിച്ചു. അവിടെ അവരുടെ സംസ്ഥാനത്തിലെ ആൾക്കാർക്കു് മാത്രമല്ല, അന്യക്കും താമസിയ്ക്കാമായിരുന്നു. വേനൽക്കാലത്തു് സംസ്ഥാനത്തൊട്ടാകെ, അവിടവിടെയായി, വഴിപോക്കക്കു് വെള്ളം കൊടു

ക്കുവാനായി പന്തലുകൾ കെട്ടിയിരുന്നു. അതുമൂലം ആളുകൾക്കും മൃഗങ്ങൾക്കും വെള്ളത്തിനു് ബുദ്ധിമുട്ടുണ്ടായില്ല.

അഹല്യാ ബായിയുടെ സംസ്ഥാനത്തിൽ സന്താനമില്ലാത്തവർക്കു് കുട്ടികളെ ദത്തെടുക്കാമായിരുന്നു. അവർക്കിഷ്ടമുള്ളവർക്കു് അവരുടെ സ്വത്തു് കൊടുക്കാമായിരുന്നു. വിധവകൾക്കു് ഭർത്താക്കന്മാരുടെ സ്വത്തു് കിട്ടിയിരുന്നു. ആ സംസ്ഥാനത്തു് ദേവീ ചന്ദ് എന്നൊരാളുണ്ടായിരുന്നു. അയാൾ പണം കടം കൊടുക്കുന്നയാളായിരുന്നു. അയാളുടെ മരണശേഷം നിയമമനുസരിച്ച് തുക്കോജി അയാളുടെ ധനം മുഴുവൻ രാജ്യഭണ്ഡാരത്തിലേയ്ക്കു് കണ്ടുകെട്ടാൻ ആഗ്രഹിച്ചു. എന്നാൽ, ഭർത്താവിൻെറ സ്വത്തുമുഴുവൻ തനിക്കു് നല്ലണമെന്നു് അയാളുടെ വിധവ അഹല്യാ ബായിയോടു് അപേക്ഷിച്ചു. ദേവീചന്ദിൻെറ പണം കണ്ടുകെട്ടുന്നതു് അഹല്യാ ബായി തടയുകയും, അതു മുഴുവനും അയാളുടെ വിധവയ്ക്കു് കൊടുപ്പിക്കുകയും ചെയ്തു. ഇപ്രകാരമുള്ള അനവധി കഥകളുണ്ടു്.

അഹല്യാ ബായിയുടെ ജീവിതം വളരെ ലളിതമായിരുന്നു. തനിക്കുവേണ്ടി അവർ ഒന്നും ചെലവാക്കിയിരുന്നില്ല. രാജഭണ്ഡാരത്തിലേയ്ക്കു് വരുന്ന ധനം മുഴുവനും തൻെറ ജനങ്ങളുടെ സേവനങ്ങൾക്കായി വിനിയോഗിച്ചു. അവർ ആത്മപ്രശംസയും മുഖസ്തുതിയും തീരെ ഇഷ്ടപ്പെട്ടിരുന്നില്ല. ഒരു പ്രാവശ്യം ഒരു ബ്രാഹ്മണൻ അവരെ പ്രശംസിച്ച് ഒരു പുസ്തകം എഴുതി; അഹല്യാ ബായി അതു് ആററിൽ വലിച്ചെറിഞ്ഞു.

ഇങ്ങിനെയുള്ള പുണ്യാത്മാവിനു് ഒന്നിനു പുറകെ ഒന്നായി ദുഃഖങ്ങൾ അനുഭവിക്കേണ്ടി വന്നതെന്താണാവോ? ഭർത്താവു്, ശ്വശുരൻ, പുത്രൻ എന്നിവർ അവരുടെ കൺമുമ്പിൽവെച്ച് മൃതിയടഞ്ഞു. അവരുടെ പുത്രി മുക്താ ബായിയുടെ പതിനാറുവയസ്സുള്ള പുത്രനും അവരുടെ മുമ്പിൽവച്ചു് മരിച്ചു. ഒരു വർഷത്തിനു് ശേഷം മുക്താ ബായിയുടെ ഭർത്താവും നിര്യാതനായി. പുത്രനും, അതിനുശേഷം ഭർത്താവും മരി

"PREMALAYAM"
PUTHIYARA
CALICUT-4.

ച്ചപ്പോൾ, മുക്താ ബായി അവശയായി. തൻെറ പതിയുടെ ശവത്തോടൊപ്പം ചിതയിൽ ചാടി മരിയ്ക്കുവാൻ നിശ്ചയിച്ച്, അഹല്യാബായിയോട്ട് അനുവാദം ചോദിച്ചു. അഹല്യാ ബായി, അവരെ നല്ലവണ്ണം കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി. അവർ പറഞ്ഞു: "മോളേ, ഇപ്പോൾ നീയേ എനിയ്ക്കാശ്രയമുള്ളു. നീയും ജീവിച്ചിരുന്നില്ലെങ്കിൽ ഞാൻ എങ്ങിനെ കഴിയും?"

ഇതു കേട്ട് മുക്താബായി പറഞ്ഞു: "അമ്മേ, അമ്മ പറഞ്ഞതു് ശരിയാണ്. പക്ഷെ ഒന്നാലോചിക്കൂ! അമ്മയുടെ അവസാനകാലമാണ്. ഞാൻ ഇനിയും വളരെ നാൾ ജീവിച്ചെന്നു വരാം; അമ്മയുടെ കാലശേഷം, എനിക്ക് ആരും സഹായത്തിനുണ്ടാവില്ല. എൻ്റെ കാലശേഷം അമ്മയ്ക്ക് കുറച്ചു നാൾ മാത്രമെ കഴിച്ചുകൂട്ടേണ്ടതായി വരികയുള്ളൂ. ഇപ്പോൾ, ഞാൻ സതി അനുഷ്ഠിച്ചില്ലെങ്കിൽ, അമ്മയുടെ കാലശേഷം ഞാൻ എത്ര നാൾ ജീവിയ്ക്കുമെന്നും, എനിക്ക് എന്തു് സംഭവിയ്ക്കുമെന്നും അറിഞ്ഞുകൂടാ".

മകൾ അമ്മയുടെ വാക്ക് ഒരു തരത്തിലും കേൾക്കുകയില്ലെന്ന് വന്നപ്പോൾ, അഹല്യാ ബായി മകൾക്ക് സതി അനുഷ്ഠിക്കാൻ അനുവാദം നല്കി. തൻെറ കൺമുമ്പിൽ വെച്ച് മകൾ സതി അനുഷ്ഠിയ്ക്കുന്നതു് അഹല്യാ ബായി കണ്ടു. ആ സമയത്തു് അവർക്കുണ്ടായ ദുഃഖം അവർണ്ണനീയമാണ്.

അറുപതാമത്തെ വയസ്സിൽ അഹല്യാ ബായി അന്തരിച്ചു. അവർക്കുശേഷം, രാജ്യകാര്യങ്ങളിൽ അവരുടെ കൂടെയുണ്ടായിരുന്ന അവരുടെ സേനാപതി തുക്കോജി റാവു ഹോൾക്കർ ഇന്ദോറിലെ രാജാവായി. തുക്കോജി റാവു അഹല്യാ ബായിയുടെ പ്രതിമകൾ ഉണ്ടാക്കി, അവ ഇന്ദോർ, പ്രയാഗ, നാസിക്, ഗയ, അയോദ്ധ്യ, മഹേശ്വർ എന്നീ ക്ഷേത്രങ്ങളിൽ പ്രതിഷ്ഠിച്ചു. യശ്വന്ത് റാവു ഹോൾക്കർ മഹേശ്വരത്തു് അവരുടെ പേരിൽ ഒരു സത്രം ഉണ്ടാക്കി. ഈ മണ്ഡപം മുപ്പത്തിനാലു വർഷം കൊണ്ടാണ് പൂർത്തിയായതു്. ഇതിന് ഒന്നരക്കോടി രൂപ ചിലവായി. ഇതിനെ മദ്ധ്യഭാരതത്തിലെ 'താജ് മഹൽ' എന്നു പറയാം.

# ടിപ്പു സുൽത്താൻ



മൈസൂരിൻെറ പുരാതന തലസ്ഥാനമായ ശ്രീരംഗപട്ടണത്തിനു് വെളിയിൽ, ലാൽബാഗിൽ, ടിപ്പു, അദ്ദേഹത്തിൻെറ അഛൻ ഹൈദർ, അദ്ദേഹത്തിൻെറ അമ്മ ഫാത്തിമ എന്നിവരുടെ ശവകുടീരങ്ങൾ ഒരേ സ്ഥലത്തു് ഒരേ മച്ചിൻ കീഴിൽ പണികഴിപ്പിച്ചിരിക്കുന്നു. ടിപ്പുവിനെക്കുറിച്ചു് അവിടെ എഴുതി വെച്ചിട്ടുള്ള കവിതകളിൽ അദ്ദേഹത്തെ ''ശാഹേ ശഹ്ദാ'' എന്നും ''നൂരേ ഇസ്ലാമോദിൻ'' എന്നും വിവരിച്ചിരിക്കുന്നു. ഇവയുടെ അർത്ഥം രക്തസാക്ഷികളുടെ ചക്രവർത്തിയെന്നും ഇസ്ലാമിൻേറയും മതത്തിൻെറയും വെളിച്ചമെന്നുമാണു്. വാസ്തവത്തിൽ, ടിപ്പു ഭാരതചരിത്രത്തിൽ എന്നെന്നേയ്ക്കും അമരനായിക്കഴിഞ്ഞിട്ടുണ്ടു്.

മഹാപ്രതാപനായ ഹൈദരലിയുടെ മൂത്ത മകനാണു് ചരിത്രത്തിൽ ടിപ്പു സുൽത്താൻ എന്ന പേരിൽ പ്രസിദ്ധനായിട്ടുള്ളതു്. അദ്ദേഹത്തിൻെറ പൂർണ്ണനാമം ഫത്തിഹ് അലി ടിപ്പു എന്നായിരുന്നു. ഒരു മുസ്ലീം ഫക്കീറായിരുന്ന ടിപ്പു മസ്താനാ ഔലിയയുടെ ഓർമ്മയ്ക്കായിട്ടാണു്

"PREMALAYAM"
PUTHIYARA
CALICUT-4.

ഈ പേരിട്ടതു്. ഈ ഫക്കീറിൻെറ അനുഗ്രഹത്താലാണു്, ക്രി. പി. 1753-ൽ ടിപ്പു ജനിച്ചതെന്നു് പറയപ്പെടുന്നു.

ഹൈദരലിയുടെ പരാക്രമവും യുദ്ധകൌശലവും ചരിത്രപ്രസിദ്ധമാണു്. അനേകം യുദ്ധങ്ങളിൽ അദ്ദേഹം ഇംഗ്ലീഷുകാരെ തോല്പിച്ചു. അവരെ മൈസൂരിലൊരിടത്തും കാലുകുത്താൻ സമ്മതിച്ചില്ല. ഹൈദരലിയുടെ പുത്രൻ ടിപ്പു ശൈശവത്തിൽ തന്നെ പ്രദശിപ്പിച്ച വീരതയും സാഹസവും യുദ്ധകൌശലവും കാരണം, അദ്ദേഹത്തിൻെറ അച്ഛൻെറ കീർത്തി പതിന്മടങ്ങു് ശോഭിച്ചു.

ടിപ്പുവിൻെറ പതിനെട്ടാമത്തെ വയസ്സിൽ അദ്ദേഹം, ഇംഗ്ലീഷുകാരോട്ടു് എതിരിട്ടു് ആദ്യത്തെ യുദ്ധം ജയിച്ചു. മദ്രാസിൻെറ അതിത്തിയിൽ വെച്ചായിരുന്നു ആ യുദ്ധം. ഹൈദരലി, ഇംഗ്ലീഷ് സേനാപതിയായ സ്മിത്തിനെ തുരത്താനൊരു ചതി പ്രയോഗിച്ചു. അദ്ദേഹം, അയ്യായിരം സൈനികരുമായി ടിപ്പുവിനെ മദ്രാസ്സിലേയ്ക്കയച്ചു. സ്വപ്നം കാണാൻ പോലും കഴിയാത്ത വേഗത്തിൽ ടിപ്പു മദ്രാസ്സിലെത്തി.

ആ സമയത്തു്, ബ്രിട്ടീഷ് ഗവണ്ണരും കൂട്ടരും കടൽപ്പുറത്തു് ഒരു തോട്ടത്തിൽ കാററുകൊള്ളാനും, വിരുന്നു കഴിയ്ക്കാനുമായി ഒന്നിച്ചുകൂടിയിരിയ്ക്കുകയായിരുന്നു. ടിപ്പു എത്തിയ വിവരം കിട്ടിയ ഉടൻ തന്നെ അവർ, അവിടെ നിന്നു് പാഞ്ഞുചെന്നു്, അടുത്തു നിന്ന കപ്പലിൽ കയറി, എങ്ങിനെയോ പ്രാണനും കൊണ്ടു് രക്ഷപ്പെട്ടു.

ടിപ്പു, മദ്രാസ്സിൽ നിന്നും അഞ്ചുമൈൽ അകലെയുള്ള സെൻറു് തോമസ്സ് മല പിടിച്ചടക്കി; അവിടെ ദൃഢമായ ഒരു കോട്ട കെട്ടുകയും ചുററുമുള്ള സ്ഥലങ്ങൾ പിടിച്ചെടുക്കാൻ തുടങ്ങുകയും ചെയ്തു.

നിസാം തക്ക സമയത്തു് യുദ്ധഭൂമിയിൽവെച്ചു് ഹൈദരലിയോട്ടു് വിശ്വാസവഞ്ചന കാണിച്ചു്, ഇംഗ്ലീഷുകാരോട്ടു് സഖ്യത്തിലേപ്പെട്ടു. അയാൾ, തൻെറ സൈന്യത്തെ യുദ്ധഭൂമിയിൽനിന്നു് പിൻവലിച്ചു. ഹൈദരലിയ്ക്കു് ഒററയ്ക്കു് സ്മിത്തിനോട്ടു് എതിരിടേണ്ടി വന്നു. ഈ പരിതസ്ഥിതിയിൽ, സൈന്യത്തിൻെറ രക്ഷയ്ക്കായി അവരെ പിൻവലി

ക്കാൻ ഹൈദരലി നിർബന്ധിതനായി. അപ്പോൾ, ഹൈദരലി തോററതായി ശത്രുക്കൾ ഒരു വ്യാജവാർത്ത പരത്തി. ഹൈദരലിയുടെ വൃദ്ധയായ അമ്മ അവിടെ നിന്നും ഇരുന്നൂറ് മൈൽ ദൂരെയുള്ള ഹൈദർ നഗരിലായിരുന്നു. മകൻെറ തോൽവി അവക്ക് സഹിയ്ക്കാൻ കഴിഞ്ഞില്ല. തൻെറ മകനെ ഉത്സാഹിപ്പിയ്ക്കാനായി അവർ, പല്ലക്കിൽ കയറി, യുദ്ധഭൂമിയിലേയ്ക്ക് പുറപ്പെട്ടു. മഴക്കാലം! ദുർഘടപൂർണ്ണമായ നീണ്ട വഴി!! യുദ്ധക്കളം!!! ഒന്നിനും അവരെ ഭയപ്പെടുത്താൻ കഴിഞ്ഞില്ല. അവരുടെ കൂടെ ആയിരം കുതിരപ്പട്ടാളക്കാരും, പല്ലക്കിൻെറ മുമ്പിൽ കുതിരപ്പുറത്ത് മൂടുപടം ധരിച്ച ഇരുന്നൂറ് സ്ത്രീകളും സവാരി ചെയ്തിരുന്നു. യുദ്ധഭൂമിയിൽ ഹൈദരലിയെ സഹായിയ്ക്കാനായി പുറപ്പെട്ടതാണവർ. വയസ്സായ അമ്മ, മകനെസമീപിച്ച് അദ്ദേഹത്തെ ധൈര്യപ്പെടുത്തുകയും, വിജയത്തിനായി പ്രാത്ഥിയ്ക്കുകയും ചെയ്തു.

മംഗലാപുരത്ത് വെച്ച് ടിപ്പുവും ബ്രിട്ടീഷുസേനകളുമായി വേറൊരു ഭയങ്കര ഏററുമുട്ടൽ ഉണ്ടായി. മംഗലാപുരത്തെ ജനങ്ങൾ, ടിപ്പുവിനെ ഹാർദ്ദമായി സ്വാഗതം ചെയ്തു. അതിഭയങ്കരമായ ഒരു യുദ്ധത്തിനുശേഷം, ടിപ്പുവിനോടെതിരിട്ട ബ്രിട്ടീഷ് സൈന്യം പിൻതിരിഞ്ഞോടി. വിജയോന്മത്തനായ ടിപ്പു മദ്രാസ്സിലെ കോട്ടവാതലിൽ ഒരു പടം എഴുതിവെപ്പിച്ചിട്ടുണ്ട്. അതിൽ, ഹൈദർ സിംഹാസനത്തിൽ ഇരിക്കുന്നതായും, ബ്രിട്ടീഷുകാർ ഉടമ്പടിപത്രവും കയ്യിൽ പിടിച്ചുകൊണ്ട് ഹൈദരുടെ മുമ്പിൽ നില്ക്കുന്നതായുമാണ് കാണിച്ചിരിയ്ക്കുന്നത്. സ്മിത്തിൻെറ മൂക്കിൽ ആനയുടെ തുമ്പിക്കൈ വരച്ചിട്ടുണ്ട്. അതിൽ നിന്ന് ഹൈദരലിയുടെ മുമ്പിൽ സ്വർണ്ണനാണയങ്ങൾ വീഴുന്നതായി കാണിച്ചിരിയ്ക്കുന്നു.

വാറൻ ഹേസ്റ്റിംഗ്സ് പ്രഭു, യുദ്ധത്തിൽ ബ്രിട്ടീഷ്കാക്ക് പിണഞ്ഞ ദുരവസ്ഥയെപ്പററി കേട്ട്, പരിഭ്രമിച്ചു. അദ്ദേഹം ആയർകൂട്ടിൻെറ നേതൃത്വത്തിൽ ഒരു വലിയ സേനയും പതിനഞ്ച് ലക്ഷം രൂപയും ബംഗാളിൽ നിന്ന് അയച്ചു. ഏഴുലക്ഷം രൂപ ആക്കാട്ട്

നവാബിൽനിന്നു് വസൂലാക്കി. പക്ഷെ, ആയർക്കൂട്ട്, തുടർച്ചയായി മൂന്നു യുദ്ധങ്ങളിൽ തോററു്, മടങ്ങിപ്പോയി. ഹൈദരലിയുടെ പുറത്തു് ഒരു പരു വന്നതുകൊണ്ടു് ആർക്കാട്ടു് കോട്ടയിലേക്കു് മടങ്ങിവന്നു. പരു ഉണങ്ങുന്നില്ലെന്നുകണ്ടു് ഹൈദർ, മൂത്തമകൻ ടിപ്പുവിനെ വിളിച്ചു്, അദ്ദേഹത്തെ സുൽത്താനാക്കി. ആ മഹാനായ വീരൻ 1782 ഡിസംബർ 7-ാംനു ദിവംഗതനായി.

ഭാരതത്തിനു് അതു് വലിയ കഷ്ടകാലമായിരുന്നു. ഒരു ഭാഗത്തു് സിന്ധിയാ, ഭോംസ്‌ലേ, ഗയക്‌വാഡ് എന്നിവരും, മറുഭാഗത്തു് നിസാമും ബ്രിട്ടീഷുകാരുടെ മുമ്പിൽ തല കുനിച്ചു് കഴിഞ്ഞിരുന്നു. നാനാഫഡ്നവീസിൻെറ മുമ്പിലും സന്ധിയുടെ ചട്ടങ്ങൾ സമർപ്പിച്ചിരുന്നു. അദ്ദേഹം, ഹൈദരലിയെ കാണാൻ വെമ്പി. അങ്ങനെയുള്ള ഒരു പ്രതിസന്ധിയിലാണു് വീരനായ ടിപ്പുവിനു് സുൽത്താനാകേണ്ടിവന്നതു്. എന്നാൽ അച്ഛൻെറ സ്വപ്നങ്ങൾ സാക്ഷാല്ക്കരിക്കുമെന്നു് ടിപ്പു ശപഥം ചെയ്തു.

ബ്രിട്ടീഷുകാർ വാറൻ ഹേസ്റ്റിംഗ്‌സിനു് പകരം, കോൺവാലീസിനെ ഗവർണ്ണർ ജനറലാക്കി, പ്രത്യേക അധികാരം കൊടുത്തു് ഭാരതത്തിലേക്കു് അയച്ചു. അദ്ദേഹം, ഇവിടെ വന്നയുടൻതന്നെ, ടിപ്പു സുൽത്താനുമായി യുദ്ധം പ്രഖ്യാപിച്ചു. കോൺവാലീസിൻെറ സൈന്യവുമായുള്ള ടിപ്പു സുൽത്താൻെറ ആദ്യത്തെ ഏററുമുട്ടൽ ചരിത്രത്തിൽ രണ്ടാം മൈസൂർ യുദ്ധമെന്നപേരിൽ അറിയപ്പെടുന്നു.

1784-ൽ ഇംഗ്ലീഷുകാർ, ടിപ്പുവുമായി ഒരു സന്ധി ചെയ്തു. അതിൽ, അദ്ദേഹത്തെ ഹൈദരുടെ പിൻഗാമിയായി കണക്കാക്കാമെന്നും ഇനിമേൽ അദ്ദേഹത്തിൻെറ രാജ്യത്തെ ആക്രമിക്കുകയില്ലെന്നും ഉറപ്പു നല്കിയിരുന്നു. ഉടമ്പടിയിലെ മഷി ഉണങ്ങും മുമ്പു് ഇംഗ്ലീഷുകാർ, അതു് ലംഘിച്ചു. അതിനു കാരണം, ഇംഗ്ലീഷുകാർ ടിപ്പുവിനെ വല്ലാതെ ഭയപ്പെട്ടിരുന്നുവെന്നുള്ളതാണു്. ഇംഗ്ലീഷു അമ്മമാർ, "ടിപ്പു രാക്ഷസൻ വന്നു" എന്നു പറഞ്ഞു്, തങ്ങളുടെ വികൃതിക്കുട്ടികളെ പേടി

പ്പിച്ചിരുന്നതായി, ഡബ്ലിയൂ. എച്ച്. ഹട്ടൻ എന്നൊരു ഇംഗ്ലീഷു പാതിരി എഴുതിയിരിക്കുന്നു.

ടിപ്പുവിനെതിരായി യുദ്ധം ചെയ്യാൻ പ്രത്യേകിച്ചൊരു കാരണം, ആ സമയത്ത് അമേരിക്ക ഇംഗ്ലണ്ടിൽ നിന്ന് സ്വാതന്ത്ര്യമായെന്നുള്ളതായിരുന്നു. ഇതുമൂലം ഇംഗ്ലണ്ടിൻെറ അഭിമാനത്തിന് തട്ടിയ കോട്ടത്തിന് പകരം വീട്ടുന്നത്, ഭാരതത്തിലാകാമെന്ന് അവർ നിശ്ചയിച്ചു. ഇവിടെ തങ്ങളുടെ സാമ്രാജ്യം ഉറപ്പിക്കാനുള്ള ശ്രമങ്ങളിൽ അവർ മുഴകി. അവരുടെ വഴിയിലെ ഏററവും വലിയ മുള്ള്, ടിപ്പു സുൽത്താനായിരുന്നു. വീരനായിരുന്നതുപോലെ തന്നെ ടിപ്പു, സത്യസന്ധനും വിശ്വസ്തനുമായിരുന്നു. എന്നാൽ, അദ്ദേഹത്തിന് കൂടതന്ത്രങ്ങളിൽ പരിചയമുണ്ടായിരുന്നില്ല. ഇംഗ്ലീഷുകാരുമായി ചെയ്ത സന്ധിയിൽ അദ്ദേഹം പൂർണ്ണമായി വിശ്വസിച്ചിരുന്നു. പക്ഷേ, ഇംഗ്ലീഷുകാർ അദ്ദേഹത്തെ ആക്രമിക്കാൻ ഒളിവിൽ വലിയ ഒരുക്കങ്ങൾ ചെയ്തുകൊണ്ടിരുന്നു. മറാഠാകളും നിസാമുമായുണ്ടായിരുന്ന അദ്ദേഹത്തിൻെറ ശത്രുത അവർ പ്രയോജനപ്പെടുത്തി. നിസാമിനെക്കൊണ്ട് അദ്ദേഹത്തെ ആക്രമിക്കാൻ തയ്യാറെടുപ്പിച്ചു. മറുഭാഗത്ത്, മറാഠാകളെ പ്രേരിപ്പിച്ച് തങ്ങളുടെ പക്ഷത്ത് ചേർത്തുകഴിഞ്ഞിരുന്നു. നിസാമും മറാഠാകളും കൂടെ ചേർന്നാലും ടിപ്പുവിനെ എതിർക്കാൻ മതിയാവുകയില്ലെന്ന് ഇംഗ്ലീഷുകാർക്കറിയാമായിരുന്നു. ടിപ്പുവിൻെറ പക്കൽ നിന്ന് പിടിച്ചെടുക്കുന്ന പ്രദേശങ്ങൾ രണ്ടു കൂട്ടർക്കും തുല്യമായി വീതിച്ചു കൊടുക്കാമെന്നു പറഞ്ഞു്, നിസാമിനേയും മറാഠാകളേയും പ്രലോഭിപ്പിച്ചു.

ടിപ്പുവിന്നെതിരായി ചെയ്ത ഈ ഒരുക്കങ്ങൾ, ഒരു സത്യസന്ധനായ രാജാവിനെ നശിപ്പിക്കാൻ കൊള്ളക്കാർ നടത്തിയ ഒരുക്കങ്ങളായിരുന്നുവെന്ന് ഇംഗ്ലീഷ് ചരിത്രകാരനായ ഫാക്സ് സമ്മതിച്ചിട്ടുണ്ട്. ബംഗാളിൽ നിന്നും, മദ്രാസിൽ നിന്നുമുള്ള സൈന്യങ്ങളെ ടിപ്പു, വളരെ വീര്യത്തോടെ നേരിട്ട്, അവരെ മദ്രാസുവരെ പുറകോട്ടോടിച്ചു. മൂന്നു ശത്രുക്കളെ നേരിട്ട ടിപ്പുവിൻെറ ആദ്യത്തെ വലിയ വിജയമായിരുന്നു അതു്. ഈ വമ്പിച്ച തോൽവിയെപ്പററിയുള്ള വാർത്ത കേട്ട

"PREMALAYAM"
PUTHIYARA
CALICUT-4.

കോൺവാലീസ് ലജ്ജിച്ചുപോയി, ഡിസംബർ 12-ാംനു ഒരു വലിയ സൈന്യവുമായി അദ്ദേഹം, കല്കത്തയിൽ നിന്നു് മദ്രാസിലേയ്ക്കു് തിരിച്ചു. മറുഭാഗത്തു്, നിസാമിൻേറയും മറാഠാകളുടേയും വലിയ സേനകളും ടിപ്പുവിനെ ആക്രമിച്ചു. അവർ ടിപ്പുവിൻെറ ചില പ്രഭുക്കളേയും സർദാർമാരേയും വലിയ തുകകൾ രൊക്കമായി കൊടുത്തു് പാട്ടിലാക്കി. അദ്ദേഹത്തെ വഞ്ചിയ്ക്കാനുള്ളവരേയും അദ്ദേഹത്തിൻെറ സേനയിൽ കടത്തിവിട്ടു, അകത്തു നിന്നും പുറത്തു നിന്നും അദ്ദേഹത്തെ വഞ്ചിയ്ക്കാനുള്ള പഴുതുകളൊന്നും അവർ വിട്ടില്ല. നാലു ഭാഗവും വളയപ്പെട്ടതുകൊണ്ടും, രാജ്യത്തിനകത്തു് വിശ്വാസവഞ്ചനയുണ്ടായതുകൊണ്ടും ടിപ്പുവിനു് പിന്മാറേണ്ടിവന്നു. പക്ഷേ ടിപ്പു അധൈര്യപ്പെട്ടില്ല. ഒടുവിൽ, സോമർപീട്ട് സ്തൂപത്തിൽ വച്ചുണ്ടായ വലിയ തോൽവിയ്ക്കു ശേഷം ഇംഗ്ലീഷുകാർ സന്ധിയ്ക്കു് തയാറായി. മറുഭാഗത്തു് മറാഠാകളും യുദ്ധം തുടരാനിഷ്ടമില്ലാതെ, സന്ധിയ്ക്കു് ആഗ്രഹിച്ചു.

1792 ഫെബ്റുവരി 23-ാംനു ഉടമ്പടി ഒപ്പിട്ടു. ടിപ്പുവിൻെറ പകുതി രാജ്യം, ഇംഗ്ലീഷുകാരും മറാഠാകളും നിസാമും കൂടി പങ്കിട്ടെടുത്തു. മൂന്നു കോടി രൂപ നഷ്ടപരിഹാരമായി കൊടുക്കാൻ ടിപ്പു നിർബ്ബന്ധിതനായി. അപ്പോൾ തന്നെ ബ്രിട്ടീഷുകാർ അതിൽ ഒരു കോടി രൂപ വസൂലാക്കി. എട്ടും പത്തും വയസ്സ് പ്രായമുള്ള തൻെറ കുട്ടികളെ ഇംഗ്ലീഷുകാരുടെ പക്കൽ ജാമ്യമായി വയ്ക്കാൻ ടിപ്പു നിർബന്ധിതനായി.

ഈ ഉടമ്പടി അക്ഷരംപ്രതി പാലിച്ചുകൊണ്ടു്, ശേഷിച്ച നഷ്ടപരിഹാരത്തുകയും, രണ്ടു കൊല്ലം കൊണ്ടു് നിശ്ചിതസമയത്തിനുള്ളിൽ അദ്ദേഹം കൊടുത്തു. അതോടൊപ്പം, തൻെറ രാജ്യത്തിൻേറയും രാജധാനിയുടേയും രക്ഷയ്ക്കായി ടിപ്പു പുതിയ കോട്ടകൾ കെട്ടുകയും, സൈന്യബലം വദ്ധിപ്പിയ്ക്കുകയും ചെയ്തു. രണ്ടു വഷത്തിനുള്ളിൽ തൻെറ പക്കൽ ശേഷിച്ച രാജ്യത്തെ അദ്ദേഹം സമ്പൽസമൃദ്ധവും സന്തുഷ്ടവുമാക്കി.

വീരയോദ്ധാവെന്നപോലെ, ഭരണനിപുണനുമായിരുന്നു അദ്ദേഹം. ടിപ്പുവിനു് നിശ്ചിതസമയത്തിനുള്ളിൽ നഷ്ടപരിഹാരം നൽ

കാൻ കഴിയുകയില്ലെന്നും അതിനു പകരം അദ്ദേഹത്തിൻെറ ശേഷിച്ച രാജ്യവും പിടിച്ചടക്കാമെന്നുമായിരുന്നു ഇംഗ്ലീഷുകാരുടെ ഗൂഢാലോചന. എന്നാൽ ഈ ആലോചന ഫലിച്ചില്ല. പക്ഷേ ടിപ്പുവിൻെറ ക്രമപ്രവൃദ്ധമായ ബലവും പ്രതാപവും ഇംഗ്ലീഷുകാക്ക് തീരെ രസിച്ചില്ല. ഫ്രഞ്ചുകാരെ എല്ലായിടത്തും തോല്പിച്ച്, രാജ്യത്താകമാനം ഇംഗ്ലീഷുകാർ അധികാരമുറപ്പിച്ചുകഴിഞ്ഞിരുന്നു. ടിപ്പുവിൻെറ രാജ്യം മാത്രമേ സ്വതന്ത്രമായി ശേഷിച്ചുള്ളു. കോൺവാലീസിനു ശേഷം വെല്ലസ്ലി, ആക്രമണത്തിന് തയ്യാറെടുത്തു. ടിപ്പുവിനെതിരായി മറാഠാകളും നിസാമും തന്നെ സഹായിക്കുകയില്ലെന്നായിരുന്നു അവരുടെ ഭയം. ആ രണ്ടു കൂട്ടരേയും ദുർബ്ബലരാക്കാനുള്ള ശ്രമങ്ങൾ നടത്തി. മറാഠാകളെ തമ്മിലടിപ്പിച്ചു. നിസാമിന് സൈന്യസഹായത്തിനായി രൊക്കം തുക നൽകാമെന്ന് പറഞ്ഞ് വ്യാമോഹിപ്പിച്ചു. ടിപ്പുവിൻെറ മേൽ ആക്രമണം നടത്താൻ ഇംഗ്ലീഷുകാർ, വ്യാജമായ കാരണങ്ങൾ കെട്ടിച്ചമച്ചുതുടങ്ങി. അദ്ദേഹം ഫ്രഞ്ചുകാരുമായി ഗൂഢാലോചന നടത്തുന്നുവെന്ന് അവർ ഒരു കള്ളക്കുററം ചുമത്തി.

1799 ഫെബ്രുവരി 3-ാനു- ഇംഗ്ലീഷ് സേന ടിപ്പുവിൻെറ രാജ്യത്തിൻെറ നേക്ക് ചാടി വീണു. ടിപ്പു നഷ്ടപരിഹാരം നല്ലാമെന്ന് സന്ദേശമയച്ചു; ആ സന്ദേശം വീണ്ടും വീണ്ടും ആവർത്തിച്ചു. വെല്ലസ്ലി അതു് ശ്രദ്ധിച്ചതേയില്ല; ഫെബ്രുവരി 22-ാനു- യുദ്ധം പ്രഖ്യാപിച്ചു. കരയിൽ നിന്നും കടലിൽ നിന്നും അദ്ദേഹത്തെ വളഞ്ഞു. ടിപ്പു, മരിക്കുന്ന നിമിഷംവരെ വലിയ ശൌര്യത്തോടും പരാക്രമത്തോടും ഇംഗ്ലീഷുകാരോടെതിത്തു. ഇംഗ്ലീഷ് സേന വഞ്ചനയും കാപട്യവും കൊണ്ടാണ് ടിപ്പുവിൻെറ മേൽ വിജയം നേടിയതു്.

ബംഗാൾ, മദ്രാസ്, ബോമ്പെ എന്നിവിടങ്ങളിൽനിന്നും, നിസാമിൻെറ പക്കൽ നിന്നുമായി ഏകദേശം മുപ്പതിനായിരം ഭടന്മാർ ഈ യുദ്ധത്തിൽ പങ്കെടുത്തു. ടിപ്പുവിനെ ഓരോ കാൽവെയ്പിലും തൻെറ ഉദ്യോഗസ്ഥന്മാരുടേയും സൈന്യാധിപരുടേയും കയ്യിൽ നിന്ന് ചതിയും വി

ശ്വാസവഞ്ചനയും കാപട്യവും നേരിടേണ്ടി വന്നു. വെല്ലസ്ലി, നാലുഭാഗത്തുനിന്നും അതിനുള്ള വല വീശിയിരുന്നു.

മഹതാബ് ബാഗിൽ വെച്ച് ഭയങ്കര യുദ്ധം നടന്നു. അവിടെയും ചതിയും വഞ്ചനയും കൊണ്ട് ഇംഗ്ലീഷുകാർ വിജയിച്ചു. രാജധാനിയുടേയും കോട്ടയുടേയും മുഖ്യപ്രവേശനദ്വാരമായിരുന്ന മഹതാബ് ബാഗ്. ടിപ്പുവിൻെറ വിശ്വാസപാത്രമായിരുന്ന മീർ സാദിക്കെന്ന കൂട്ടകാരനും ഇംഗ്ലീഷുകാരുടെ പക്ഷത്ത് ചേർന്നു. അവർ അയാളുടെ സഹായത്തോടെ കോട്ടയുടെ പൊളിഞ്ഞ ചുമരിനിടയിൽക്കൂടെ അകത്തു കടന്നു. എന്നിട്ടും ടിപ്പു, എതിർത്തുനില്ക്കാനുള്ള ഒരു അന്ത്യശ്രമം നടത്തി. ശേഷിച്ച ഏതാനും ഭടന്മാരേയും ചേർത്ത് അദ്ദേഹം സമരം തുടർന്നു. ഒടുവിൽ ടിപ്പുവിൻെറ നെഞ്ചിൽ ഇടതുഭാഗത്ത് ഒരു വെടിയുണ്ടയേററു. മുറിവേററിട്ടും ടിപ്പു, വെടി വച്ചുകൊണ്ടിരുന്നു. അല്പസമയത്തിനുള്ളിൽ, ഒരു വെടിയുണ്ട അദ്ദേഹത്തിൻെറ വലതുനെഞ്ചിൽ ഏററു. ടിപ്പുവിൻെറ കുതിര മുറിവേററു നിലംപതിച്ചു. ടിപ്പുവിൻെറ നെഞ്ചിൽനിന്നു് രണ്ടു രക്തധാരകൾ പ്രവഹിച്ചു. എന്നിട്ടും അദ്ദേഹം ആയുധമേന്തി ശത്രുവിനെ എതിരിട്ടു കൊണ്ടിരുന്നു.

അദ്ദേഹത്തെ പല്ലക്കിലിരുത്തി, ഒരു വളച്ചുവാതലിൻെറ കീഴിൽ കൊണ്ടെത്തിച്ചു. ഈ സ്ഥിതിയിലും അദ്ദേഹം തല കുനിയ്ക്കാൻ തയ്യാറില്ലായിരുന്നു. കുറേ ഇംഗ്ലീഷുകാർ പല്ലക്കിനടുത്തെത്തി. ഒരു ഇംഗ്ലീഷുകാരൻ അദ്ദേഹത്തിൻെറ കല്ലു പതിച്ച ബെൽററു് അഴിച്ചെടുക്കാൻ ശ്രമിച്ചു. നിമിഷത്തിനിടയിൽ അദ്ദേഹം അയാളെ വാളുകൊണ്ട് വെട്ടി വീഴ്ത്തി. ഉടൻ ഒരു വെടിയുണ്ട ടിപ്പുവിൻെറ വലത്തേ ചെന്നിയിലേററു. ആ വീരൻ മരണമടഞ്ഞു. രാത്രിയിൽ ശവങ്ങളുടെ കൂമ്പാരത്തിൽ നിന്നു് അദ്ദേഹത്തിൻെറ മൃതശരീരമെടുത്തുകൊണ്ടു പോകുമ്പോഴും വാൾ അദ്ദേഹത്തിൻെറ പിടിയിലമർന്നിരുന്നു. ഇരുന്നൂറു വർഷം പെണ്ണാടിനെപ്പോലെ ജീവിയ്ക്കുന്നതിനേക്കാൾ രണ്ടു ദിവസം സിംഹത്തെപ്പോലെ ജീവിയ്ക്കുന്നതാണ് എത്രയോ നല്ലതെന്നു് അദ്ദേഹം എപ്പോഴും പറയുമായിരുന്നു.

ടിപ്പു വീരയോദ്ധാവും, ഉന്നത സൈന്യാധിപനുമായിരുന്നു. സ്വാതന്ത്ര്യപ്രേമിയും വിദേശാധിപത്യത്തിൻെറ കഠിനശത്രുവുമായിരുന്നു അദ്ദേഹം. വാസ്തവത്തിൽ, ഹൈദരും ടിപ്പുവും ഇംഗ്ലീഷ് വാഴ്ചയുടെ അക്കാലത്തെ ഏററവും വലിയ വിരോധികളായിരുന്നു. തങ്ങളുടെ രാജ്യത്തിൻെറ ഉജ്വലമായ ചരിത്രത്തിൻെറ സ്വർണ്ണത്താളുകൾ ഈ പിതാവും പുത്രനും പതിച്ച വീരതയുടേയും, ശൌര്യത്തിൻേറയും അഭിമാനപൂർണ്ണമായ മുദ്രകൾ ഒരിക്കലും മായുകയില്ല.

"PREMALAYAM"
PUTHIYARA
CALICUT 4.



# ത്യാഗരാജൻ

തെക്കേ ഇന്ത്യ, പണ്ടു മുതല്ക്കേ സംഗീതത്തിനു് പ്രസിദ്ധമാണു്. തഞ്ചാവൂരിനടുത്തു് തിരുവയ്യാർ എന്നു പേരുള്ള ഒരു ഗ്രാമമുണ്ടു്. അവിടെ പണ്ടു് രാമബ്രാഹ്മണൻ എന്നു പേരുള്ള ഒരു ശ്രീരാമഭക്തൻ പാർത്തിരുന്നു. കുട്ടിക്കാലത്തു് അദ്ദേഹം വേദങ്ങളിലും ശാസ്ത്രങ്ങളിലും നല്ലവണ്ണം അദ്ധ്യയനം നടത്തിയിരുന്നു. അദ്ദേഹത്തിൻെറ മൂന്നു പുത്രന്മാരിൽ ഏററവും ഇളയവനായിരുന്നു ത്യാഗരാജൻ. ത്യാഗരാജൻെറ ജീവിതകാലം ഏതാണ്ടു് 1767 മുതൽ 1847 വരെയായിരുന്നുവെന്നു് കണക്കാക്കപ്പെടുന്നു.

കാവേരിയും അതിൻെറ കൈവഴികളും കാരണം, തിരുവയ്യാറിനെ പഞ്ചനദക്ഷേത്രമെന്നു് പറഞ്ഞുവരുന്നു. രാമബ്രഹ്മൻ തൻെറ മക്കളെ വിദ്യാഭ്യാസം ചെയ്യിക്കുവാനായി ഇവിടെ വന്നു താമസമായി.

ത്യാഗരാജൻ കുട്ടിക്കാലം മുതല്ക്കേ കുശാഗ്രബുദ്ധിയായിരുന്നു. അല്പകാലത്തിനുള്ളിൽ അദ്ദേഹം, മഹാഭാരതം, ഭാഗവതം, പുരാണങ്ങൾ, രാമായണം എന്നിവ പഠിച്ചു. എന്നാൽ എല്ലാററിലും വെച്ചു് രാമായ

ണമായിരുന്നു അദ്ദേഹത്തിനേററവും ഇഷ്ടം. ഈ ആസക്തി കാരണം, അദ്ദേഹം അതിവേഗം ശ്രീരാമഭക്തനായി.

അദ്ദേഹം, നേരം വെളുക്കും മുമ്പേ എഴുന്നേററു്, കാവേരിയിൽ പോയി കുളിയ്ക്കുക, പൂജ കഴിഞ്ഞു് രാമായണം വായിയ്ക്കുക, രാമനാമമെഴുതിയശേഷം അച്ഛൻെറ അടുക്കൽ പഠിയ്ക്കാൻ പോവുക എന്നിവ ചെയ്യുവന്നു. വൈകുന്നേരം ഭജനകൾ പാടിപ്പാടി, ഭക്തജനങ്ങളെ ഭഗവാൻെറ ലീലകൾ വർണ്ണിച്ചു കേൾപ്പിക്കുമായിരുന്നു.

അദ്ദേഹത്തിൻെറ കണ്ഠം മധുരതരമായിരുന്നു. അതുകൊണ്ടു്, ജനങ്ങൾ, അദ്ദേഹത്തിൻെറ ഭജനകൾ വലിയ ആനന്ദത്തോടെ കേട്ടുകൊണ്ടിരിയ്ക്കുമായിരുന്നു.

തഞ്ചാവൂരിലെ രാജസദസ്സിൽ അതിമനോഹരമായി വീണ വായിയ്ക്കുന്ന ഒരു രാജഗായകനുണ്ടായിരുന്നു. വെങ്കടരമണയ്യ എന്നായിരുന്നു അദ്ദേഹത്തിൻെറ പേരു്. ഭാഗ്യവശാൽ, ത്യാഗരാജൻ പാർത്തിരുന്ന അതേ തെരുവിലായിരുന്നു അദ്ദേഹത്തിൻേറയും വീടു്. ത്യാഗരാജനു് യാതൊരു ഗുരുവിൽ നിന്നും സംഗീതാഭ്യാസം കിട്ടിയിരുന്നില്ല. അദ്ദേഹത്തിൻെറ സംഗീതാസക്തിയിലും മധുരസ്വരത്തിലും മുഗ്ദ്ധനായി വെങ്കിടരമണയ്യ അദ്ദേഹത്തെ തൻെറ ശിഷ്യനാക്കുകയാണുണ്ടായതു്.

ഒരു വഷത്തിനുള്ളിൽ ത്യാഗരാജൻ, തൻെറ ഗുരുവിൽ നിന്നു് സകല വിദ്യകളും പഠിച്ചു; സ്വയം രാഗാലാപനം നടത്താനും, സ്വരവിസ്താരം ചെയ്യാനും, സ്വരങ്ങൾ രചിയ്ക്കാനും തുടങ്ങി.

ത്യാഗരാജൻ ഭക്തനായിരുന്നു. അക്കാരണത്താൽ, ലൌകിക വ്യവഹാരങ്ങളിൽ അദ്ദേഹം അജ്ഞനായിരുന്നു. അച്ഛനമ്മമാർ മരിയ്ക്കുമ്പോൾ, അദ്ദേഹത്തിനു് പതിനഞ്ചു വയസ്സേ ഉണ്ടായിരുന്നുള്ളു. രണ്ടു ജ്യേഷ്ഠന്മാരും കൂടി, അദ്ദേഹം ശാന്തശീലനാണെന്നു കണ്ടു്, സ്വത്തുക്കൾ മുഴുവൻ അപഹരിച്ചെടുത്തു. ത്യാഗരാജനു് ഒരു ചെറിയ വീടും, ശ്രീരാമൻെറ ഒരു പൂജാബിംബവും, ഒരു പൂജാദണ്ഡും മാത്രം നൽകി.

"PREMALAYAM"
PUTHIYARA
CALICUT-4.



എന്നിട്ടും ത്യാഗരാജൻ സന്തുഷ്ടനായിരുന്നു. അദ്ദേഹത്തിനു് കൂടുതൽ എന്തു വേണം?

ത്യാഗരാജന്റെ ഗാനങ്ങൾക്കു് 'കീർത്തനങ്ങൾ' എന്നു പറയുന്നു. അദ്ദേഹത്തിന്റെ പാട്ടുകൾ കേൾക്കാനായി ദൂരസ്ഥലങ്ങളിൽനിന്നു് ആളുകൾ വരുമായിരുന്നു. അദ്ദേഹത്തിന്റെ ഭക്തി വിഖ്യാതമായിരുന്നു. ആ ഖ്യാതി നാലുപാടും പരന്നിരുന്നു. സംഗീതകലയുടെ മററു് ആചാര്യന്മാർ അദ്ദേഹത്തിന്റെ പ്രസിദ്ധിയിൽ അസൂയാലുക്കളായി. അവർ, അദ്ദേഹത്തിനു് കഷ്ടതയുളവാക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. ഈ വിദ്വാന്റെ സ്വരലഹരി, കുടിലുകളിൽ നിന്നു ഉയന്നു്, രാജകൊട്ടാരങ്ങളിൽ കൂടി മുഴങ്ങണമെന്നു് അദ്ദേഹത്തിന്റെ ഗുണകാംക്ഷികളായ കുറേയാളുകൾ ആഗ്രഹിച്ചു. അതുകൊണ്ടു്, അവർ ത്യാഗരാജനെ രാജ്യസഭയിൽ ചെല്ലാൻ പ്രേരിപ്പിച്ചുകൊണ്ടിരുന്നു.

ക്രമേണ ത്യാഗരാജന്റെ സംഗീതത്തെപ്പററിയുള്ള ചച്ച കൊട്ടാരത്തിലുമെത്തി. അക്കാലത്തു് ശരഫോജി തഞ്ചാവൂർ രാജാവായിരുന്നു. ഇത്ര വലിയ കലാകാരൻ തന്റെ ദർബാർ അലങ്കരിച്ചെങ്കിൽ എത്ര നന്നായിരുന്നേനെയെന്നു് രാജാവു് ആഗ്രഹിച്ചു. രാജാവു്, ധാരാളം പണവും പാരിതോഷികങ്ങളും കൊടുത്തു്, കുറെ ഉദ്യോഗസ്ഥന്മാരെ ത്യാഗരാജന്റെ അടുക്കലേക്കയച്ചു. എന്നാൽ, രാമചരണങ്ങളെ സേവിക്കുന്നയാളിനെ ലൌകിക മായക്കു് എങ്ങനെ പ്രലോഭിക്കാൻ കഴിയും? ത്യാഗരാജന്റെ സഹോദരന്മാർ അദ്ദേഹത്തോടു് ഒരുപാടു പറഞ്ഞുനോക്കി. എന്നാൽ, അദ്ദേഹം, അവരുടെ ഉപദേശം ചെവിക്കൊള്ളാതെ, തന്റെ അഭിപ്രായം ഇപ്രകാരം പാട്ടിലൂടെ പ്രകടിപ്പിച്ചു. *'നിധി ചാല സുഖമാ, രാമുനി സന്നിധി ചാല സുഖമാ?'* അതായതു്, സുഖം ധനത്തിലോ, അതോ രാമനെ പ്രാപിക്കുന്നതിലോ? ഈ നിഷ്ഠ കാരണം, അദ്ദേഹം രാജകൊട്ടാരത്തിൽ പോയില്ല.

ഈ ശ്രീരാമപ്രേമി ഭിക്ഷ യാചിച്ചാണു് തന്റെ കുടുംബം പുലർത്തിയതു്. രാമഭജനകൾ പാടുകയും, ആഴ്ചയിലൊരുദിവസം വീടുകൾ

തോറും കയറി ഭിക്ഷ യാചിക്കുകയും ചെയ്തുവന്നു. ആ ദിവസം കിട്ടുന്നതുകൊണ്ട് ബാക്കി ദിവസങ്ങൾ കഴിയുമായിരുന്നു. ധനലാഭമൊന്നുമില്ലാത്തതിനാൽ അദ്ദേഹത്തിൻെറ സഹോദരന്മാർ അദ്ദേഹത്തോട്ട് വളരെ ദേഷ്യപ്പെട്ടിരുന്നു.

ഒരിക്കൽ ഒരു രാത്രി ത്യാഗരാജൻ ഗാഢനിദ്രയിലാണ്ടിരുന്നപ്പോൾ, അദ്ദേഹത്തിൻെറ ജ്യേഷ്ഠന്മാർ വിചാരിച്ചു: "ഇവൻെറ ബിംബങ്ങളെടുത്ത് കാവേരിയിലെറിഞ്ഞാൽ, എല്ലാം ശരിയാകും. പിന്നീട് ത്യാഗരാജൻ പാട്ടുകൾ പാടി ധനം സമ്പാദിക്കും." ഈ ആഗ്രഹത്തോടെ അവർ ബിംബങ്ങൾ മോഷ്ടിച്ചെടുത്ത്, കാവേരിയിലെറിഞ്ഞു. പ്രഭാതമായപ്പോൾ, തൻെറ ഇഷ്ടദേവതയുടെ ബിംബങ്ങൾ കാണാത്തതിനാൽ ത്യാഗരാജൻ വളരെ ദുഃഖിച്ചു. അദ്ദേഹം പൊട്ടിക്കരയാൻ തുടങ്ങി. അദ്ദേഹം ഭഗവാനെ വിളിച്ചു കരഞ്ഞു. പക്ഷെ, ഈ സമയത്ത് ഭഗവാൻ ത്യാഗരാജനെ പരീക്ഷിയ്ക്കുകയായിരുന്നെന്ന് തോന്നുന്നു.

ത്യാഗരാജൻ വീട്ടിൽ നിന്നും ഇറങ്ങി. ബിംബങ്ങൾ കണ്ടു കിട്ടുന്നതുവരെ വീട്ടിൽ കാലെടുത്തു കുത്തുകയില്ലെന്ന് അദ്ദേഹം നിശ്ചയിച്ചു. വളരെയധികം സ്ഥലങ്ങളിൽ പരതി നോക്കി. പക്ഷെ ബിംബങ്ങളുടെ യാതൊരു വിവരവും കിട്ടിയില്ല. നിരാശ മൂത്ത്, അദ്ദേഹം വിഷണ്ണനായിരുന്നു. ഒരു ദിവസം അദ്ധരാത്രിയിൽ ത്യാഗരാജൻ ഒരു ക്ഷേത്രത്തിൽ കിടന്നുറങ്ങുമ്പോൾ, പൊടുന്നനവേ രാമലക്ഷ്മണന്മാർ തൻെറ മുമ്പിൽ വന്ന് നിന്ന്, ഇങ്ങിനെ പറയുന്നതായി അദ്ദേഹത്തിന് തോന്നി: "എഴുന്നേല്ക്ക്! നിൻെറ ബിംബങ്ങൾ കാവേരി നദിയിൽ മണലിൽ പുതഞ്ഞു് കിടക്കുന്നുണ്ട്. അത് പോയി എടുക്ക്!" കുബേരൻെറ ഖജനാവ് തുറന്നു കിട്ടിയതുപോലെ ത്യാഗരാജന് തോന്നി. ബിംബങ്ങൾ തിരിച്ചുകിട്ടിയപ്പോൾ, അദ്ദേഹത്തിൻെറ ഹൃദയം സന്തോഷം കൊണ്ട് തുള്ളിച്ചാടി. കണ്ണുകളിൽ നിന്ന് ആനന്ദാശ്രു പ്രവഹിച്ചു. ബിംബങ്ങളുമായി വീട്ടിൽ മടങ്ങിച്ചെന്നപ്പോൾ, അദ്ദേഹത്തിൻെറ ഭാര്യയും വളരെ പ്രസന്നയായി.

അദ്ദേഹത്തിന്റെ ഭക്തിപ്രഭാവം അദ്ദേഹത്തിന്റെ സഹോദരന്മാരുടെ മേലും പതിച്ചതുകൊണ്ടു് അവരും ശ്രദ്ധാപൂർവ്വം വണങ്ങി.

ത്യാഗരാജന്റെ വലിയ ഭക്തനായി സുന്ദരേശ മുതലിയാർ എന്നൊരാളുണ്ടായിരുന്നു. ഒരു ദിവസം ത്യാഗരാജനെ അയാൾ തന്റെ വീട്ടിൽ വിളിച്ചു്, നല്ലവണ്ണം ആദരിക്കുകയും, സല്ക്കരിക്കുകയും ചെയ്തു. അവിടെനിന്നു് പോകുന്ന സമയത്തു് മുതലിയാർ, ത്യാഗരാജനറിയാതെ, അദ്ദേഹത്തിന്റെ പല്ലക്കിൽ ആയിരം രൂപയുടെ കിഴി വച്ചുകൊടുത്തു. ആ വഴിക്കു് കവർച്ചക്കാരുടെ ഒരു സംഘം പോകുന്നുണ്ടായിരുന്നു. അവർ പല്ലക്കിന്റെ നേർക്കു് കല്ലെറിയാൻ തുടങ്ങി. ഈ കവർച്ചക്കാർ ഇങ്ങനെ കല്ലെറിയുന്നതു കൊണ്ടു്, അവർക്കെന്തു കിട്ടാനാണെന്നു് ത്യാഗരാജൻ അത്ഭുതപ്പെട്ടു. അപ്പോൾ, ഏതോ ശിഷ്യൻ അദ്ദേഹത്തോടു് പറഞ്ഞു, മുതലിയാർ പല്ലക്കിൽ ആയിരം രൂപയുടെ ഒരു കിഴി വച്ചിട്ടുണ്ടെന്നു്.

ത്യാഗരാജൻ വിചാരിച്ചു: "ഞാൻ ഇത്രയും രൂപ കൊണ്ടെന്തു ചെയ്യും?" അതുകൊണ്ടു്, അദ്ദേഹം കള്ളന്മാരുടെ തലവനെ വിളിച്ചിട്ടു്, ആ രൂപ എടുത്തോളാൻ പറഞ്ഞു:

തലവൻ കൈകൂപ്പി പറഞ്ഞു: "എന്റെ ശരീരത്തിൽ എത്ര മുറിവുണ്ടെന്നു് നോക്കുക. ഞങ്ങൾ അങ്ങയുടെ മേൽ എറിഞ്ഞ കല്ലുകൾ ഏതോ രണ്ടു് വീരരാജകുമാരന്മാർ ഞങ്ങളുടെ മേൽ തിരിച്ചെറിഞ്ഞു. അതുകൊണ്ടു്, തിരുമേനീ, ഞങ്ങൾക്കു് മാപ്പു തരിക."

ശ്രീരാമഭഗവാൻ ലക്ഷ്മണനുമൊന്നിച്ചു് വന്നു്, തന്നെ രക്ഷിച്ചതാണെന്നു് ത്യാഗരാജൻ വിചാരിച്ചു. അദ്ദേഹം കള്ളന്മാരോടു് പറഞ്ഞു: "നിങ്ങൾക്കു് ഭഗവൽദർശനമുണ്ടായിരിക്കുന്നു."

കള്ളന്മാർ നാണിച്ചുപോയി. അവർ പല്ലക്കു് ചുമലുകളിലേന്തി, ത്യാഗരാജനെ കാഞ്ചീപുരംവരെ എത്തിച്ചു.

ത്യാഗരാജൻ ജീവിച്ചിരിയ്ക്കുവേതന്നെ, അദ്ദേഹത്തിൻെറ ഭാര്യ മരിച്ചു. ശോകപൂർണ്ണമായ ഈ സംഭവത്തിനു ശേഷം, അദ്ദേഹം സന്ന്യാസം വരിച്ചു.

പൌഷമാസത്തിലെ കറുത്ത പക്ഷത്തിൽ പഞ്ചമിനാൾ. ത്യാഗരാജൻ സന്ന്യാസമെടുത്തിട്ട് പത്താം പക്കമായിരുന്നു അന്ന്. അദ്ദേഹം സമാധിയിലിരുന്നു. അതു് അന്തിമസമാധിയായിരുന്നു. ഈ ദിവസം രാജ്യമൊട്ടുക്കും അദ്ദേഹത്തിൻെറ ഓർമ്മയ്ക്കായി കൊണ്ടാടപ്പെടുന്നു.

ത്യാഗരാജൻ "ശതരാഗ രത്നമാലിക" എന്ന പേരിൽ ഒരു സംഗീതഗ്രന്ഥം രചിച്ചിട്ടുണ്ട്. എന്നാൽ, ദൌർഭാഗ്യവശാൽ, ആ ഗ്രന്ഥം ഇന്ന് കിട്ടാനില്ല. അദ്ദേഹം രണ്ടു കവിതാഗ്രന്ഥങ്ങളും രചിച്ചു. ഒന്ന്, പ്രഹ്ലാദചരിതവും മറേറതു്, ശ്രീകൃഷ്ണൻേറയും ഗോപിമാരുടേയും യമുനാനദിയിലെ വിഹാരങ്ങളുടെ വർണ്ണനയും.

കാവേരിക്ഷേത്രം, മൂന്നു മഹാസംഗീതജ്ഞക്ക് ജന്മമരുളി — ത്യാഗരാജൻ, മുത്തുസ്വാമി ദീക്ഷിതർ, ശ്യാമശാസ്ത്രി. അവർ മൂന്നുപേരും സമകാലികരായിരുന്നു. മൂന്നുപേരും തങ്ങളുടെ ജന്മദേശത്തിൻെറ സൌന്ദര്യത്തേയും മഹത്ത്വത്തേയും പററി പാട്ടുകളെഴുതി; അവിടത്തെ അഞ്ചുനദികളുടേയും ക്ഷേത്രങ്ങളുടെയും ബിംബങ്ങളുടേയും വൈശിഷ്ട്യങ്ങളെപ്പററി പാടി.

ത്യാഗരാജൻ, തൻെറ ജീവിതകാലത്തു്, ആയിരക്കണക്കിന് ഗാനങ്ങൾ രചിയ്ക്കുകയുണ്ടായി. ഈ പാട്ടുകൾ യശസ്സിനോ, ധനത്തിനോ വേണ്ടി രചിച്ചതല്ല. ഭഗവാനോടുള്ള അനന്യഭക്തിമൂലമെഴുതിയതാണ്. മററു സംഗീത രചയിതാക്കളെപ്പോലെ അദ്ദേഹത്തിനു് രാജാക്കന്മാരുടെ ആശ്രയം കിട്ടിയിരുന്നില്ല. വാസ്തവത്തിൽ, പല രാജാക്കന്മാരും അദ്ദേഹത്തെ അവരുടെ ദർബാറുകളിലേയ്ക്കു് ക്ഷണിച്ചിരുന്നു. എന്നാൽ, അദ്ദേഹം പോകാൻ തീർത്തും വിസമ്മതിക്കുകയാണുണ്ടായതു്. സ്വജീവിതകാലത്തുതന്നെ വളരെ പ്രസിദ്ധനായതു കാരണം,

അനേകായിരം ശിഷ്യന്മാർ അദ്ദേഹത്തിൻെറ സമീപത്തു് താമസമുറപ്പിച്ചു. അദ്ദേഹത്തിൻെറ കൃതികളിൽ കവിതയും സംഗീതവും സമ്മേളിച്ചിരിയ്ക്കുന്നു. അദ്ദേഹം ആയിരക്കണക്കിനു് ഭക്തിഗീതങ്ങൾ പാടി പക്ഷെ, അവയെല്ലാം നിർഭാഗ്യവശാൽ കിട്ടാനില്ല.

ശ്രീരാമഭക്തനായിരുന്ന ത്യാഗരാജൻെറ ഭൂരിപക്ഷം ഗാനങ്ങളും രാമനെക്കുറിച്ചുള്ളതാണു്. മററു ദേവന്മാരെക്കുറിച്ചുള്ള ചില പദങ്ങളുമുണ്ടു്. ചില പാട്ടുകളിൽ അദ്ദേഹം സംഗീതത്തെ വാദ്യാമന്നും പൂജാസാമഗ്രിയെന്നും, നാദത്തെ 'നാദസുധാരസ'മെന്നും വർണ്ണിച്ചിട്ടുണ്ടു്. തൻെറ ഭക്തി പ്രകടിപ്പിയ്ക്കാനായി ഈ നാദബ്രഹ്മം സ്വായത്തമാക്കിയതു കാരണം, ത്യാഗരാജൻ സമസ്തഭാരതത്തിൻേറയും സ്വാതന്ത്ര്യ വിഹായസ്സിൽ വിഹരിച്ചുകൊണ്ടിരിയ്ക്കുന്നു.

# രാം മോഹൻ റോയ്



ബംഗാളിൽ രാധാ നഗർ ഗ്രാമത്തിൽ ക്രി. പി. 1774ൽ രാം മോഹൻ ജനിച്ചു. (1772ലാണു് അദ്ദേഹം ജനിച്ചതെന്നു് ചിലയാളുകൾ പറയുന്നു.) അദ്ദേഹത്തിൻെറ അച്ഛൻെറ പേരു് രമാകാന്ത റോയിയെന്നും, അമ്മയുടെ പേരു് താരിണി ദേവിയെന്നുമായിരുന്നു. രാം മോഹൻ ഒരു അസാധാരണപുരുഷനാകുമെന്നു് താരിണീദേവിയുടെ പിതാവു് പ്രവചിച്ചിരുന്നു. അങ്ങനെ ആവുകയും ചെയ്തു.

രാം മോഹനു് ഓർമ്മശക്തി വളരെ അധികമായിരുന്നു. ഏതു വാചകം കേട്ടാലും അതു്, അങ്ങനെതന്നെ ഓർമ്മയിലൊതുക്കാൻ കഴിഞ്ഞിരുന്നു. ചെറുപ്രായത്തിൽ തന്നെ അദ്ദേഹം ഫാർസിയിലും അറബിയിലും നല്ല അറിവു് സമ്പാദിച്ചു. പന്ത്രണ്ടാം വയസ്സിൽ രാംമോഹൻ സംസ്‌കൃതം പഠിയ്ക്കാനായി കാശിയിലേയ്ക്കു് പോയി. അവിടെവച്ചു് വേദാന്തവും ഉപനിഷത്തുകളും പഠിച്ചപ്പോൾ, അദ്ദേഹത്തിനു് വിശ്വാസമായി, ബ്രഹ്മം അനാദിയാണെന്നും, അതിൻെറ ഉപാസന ശ്രേഷ്ഠമാണെന്നും. പതിനാറു വയസ്സായ യുവാവു്, തൻെറ അഭിപ്രായം ഗ്രന്ഥങ്ങൾ വഴി പ്രചരിപ്പിയ്ക്കാൻ തുടങ്ങി. ലോകരെ ഭയന്നു്, രാം മോഹൻ റോയിയുടെ അച്ഛനമ്മമാർ അദ്ദേഹത്തെ വീട്ടിനു് പുറത്താക്കി. പതി

"PREMALAYAM"
PUTHIYARA
CALICUT-4.



നാറു വയസ്സായ രാം മോഹൻ നടന്നു് നടന്നു് തിബ്ബത്തിലെത്തി. തിബ്ബത്തിൽ പ്രചാരത്തിലിരുന്ന മതത്തിലും രാം മോഹൻ സന്തുഷ്ടനായില്ല. അതിൻെറ ദോഷങ്ങളും അദ്ദേഹം തുറന്നു കാണിക്കാൻ തുടങ്ങി. അക്കാരണത്താൽ, അനേകം തിബ്ബത്തുകാർ രാം മോഹൻെറ ശത്രുക്കളായി. അവർ, അദ്ദേഹത്തെ വധിക്കാൻ ഉദ്യമിച്ചു. ഭാഗ്യവശാൽ, ദയാലുക്കളായ ചില സ്ത്രീകളുടെ സഹായം കൊണ്ടു്, രാം മോഹൻെറ ജീവൻ രക്ഷപ്പെട്ടു.

രാം മോഹൻ റോയിക്കു് പഠിക്കാനും എഴുതാനും വലിയ താല്പര്യമായിരുന്നു. തീക്ഷ്ണബുദ്ധിയായിരുന്ന അദ്ദേഹം. പതിനാറാം വയസ്സിൽ അദ്ദേഹം, ബംഗാളിക്കു് പുറമേ, ഉർദ്ദു, ഫാർസി, സംസ്കൃതം, എന്നിവയും നല്ലതുപോലെ വശമാക്കി. വായനയിൽ മുഴുകിയാൽ പിന്നെ, ആഹാരാദികളെപ്പററി അദ്ദേഹത്തിനു് ചിന്തയേ ഉണ്ടാകാറില്ലായിരുന്നു. ഒരു ദിവസം കുളിയും നനയും കഴിഞ്ഞു്, സംസ്കൃതത്തിലുള്ള വാല്മീകി രാമായണം വായിക്കാനിരുന്നിട്ടു്, ഏഴു കാണ്ഡങ്ങളും വായിച്ചു തീരുന്നതുവരെ, അദ്ദേഹം എഴുന്നേററതേയില്ല. അതായിരുന്നു അദ്ദേഹത്തിൻെറ അധ്യയനശീലം.

അദ്ദേഹം വിദ്വാനായിരുന്നു; മതത്തിൽ നല്ലപോലെ അവഗാഹം നേടിയിരുന്നു. അതുകൊണ്ടു്, അദ്ദേഹം ബിംബാരാധനയ്ക്കെതിരായി ശബ്ദമുയർത്തിയപ്പോൾ, കാശിയിലെ കപടപണ്ഡിതന്മാർക്കു് അദ്ദേഹത്തിന്റെ അഭിപ്രായങ്ങളെ ഖണ്ഡിക്കാൻ സാധിച്ചില്ല. അദ്ദേഹത്തെ നാസ്തികനെന്നും, മതവിരോധിയെന്നും പറഞ്ഞു്, ദുഷ്പേരുണ്ടാക്കുന്നതിൽ അവർ ഒരു കുറവും വരുത്തിയില്ല.

നിലവിലിരുന്ന മതവിശ്വാസങ്ങൾക്കെതിരായി പ്രചാരണം നടത്തിയതിനു് നാട്ടുകാർ, ആദ്യം മുതല്ക്കു്, രാം മോഹൻെറ വിരോധികളായിരുന്നു. എന്നാൽ അദ്ദേഹം സതി (മരിച്ച ഭർത്താവിൻെറ ചിതയിൽ ഭാര്യയും ചാടി മരിക്കുന്ന ഏർപ്പാടു്) യ്ക്കെതിരായി പ്രചാരണം നടത്തിയതോടെ, രാം മോഹൻെറ വിരോധികളുടെ എണ്ണം കുറേക്കൂടി

വദ്ധിച്ചു. പിതാവ് രാം മോഹനെ വീണ്ടും വീട്ടിൽ നിന്ന് പുറത്താക്കി.

അച്ഛൻെറ മരണശേഷം രാം മോഹന് പൂർണ്ണസ്വാതന്ത്ര്യം കിട്ടി. എന്നാൽ, അദ്ദേഹത്തെ ശല്യപ്പെടുത്താനായി, അദ്ദേഹത്തിന്റെ പൈതൃകസമ്പത്ത് തട്ടിയെടുക്കുന്നതിന് വിരോധികൾ അമ്മയെക്കൊണ്ട് കേസ് കൊടുപ്പിച്ചു. രാം മോഹൻ മതഭ്രഷ്ടനാണെന്നും, അതുകൊണ്ട് അക്കാലത്തെ നിയമമനുസരിച്ച് അദ്ദേഹത്തിന് പൈതൃകസമ്പത്ത് നഷ്ടപ്പെടുത്തുമെന്നും അവർ പറഞ്ഞു. താൻ പൈതൃകമതത്തിൽ നിന്ന് വേർപിരിഞ്ഞിട്ടില്ലെന്നും, നേരേ മറിച്ച് അതിനെ ഉയർത്താൻ യത്നിക്കുകയാണെന്നും രാം മോഹൻ പ്രമാണസഹിതം തെളിയിച്ചു. രാം മോഹൻ കേസ് ജയിച്ചു. പക്ഷെ, പൈതൃകസമ്പത്ത് അദ്ദേഹം അമ്മയ്ക്ക് തിരികെ കൊടുത്തു.

ഉയന്ന രാജപദം കിട്ടിയാൽ, ജനങ്ങൾ തന്നെ ബഹുമാനിക്കുമെന്നും, ഭയപ്പെടുമെന്നും രാം മോഹൻ വിചാരിച്ചു. നീതിക്കായുള്ള സമരം കാരണം, പല ഇംഗ്ലീഷുകാരും രാം മോഹനുമായി പരിചയപ്പെട്ടിരുന്നു. അദ്ദേഹം, രംഗ്പുരിയിലെ ഡെപ്യൂട്ടി മജിസ്റ്റ്റേട്ടിൻെറ മുമ്പിൽ ചെന്ന്, സർക്കാർ ജോലിചെയ്യാനുള്ള ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ, മജിസ്റ്റ്റേട്ട് വളരെ സന്തോഷിച്ചു. രാം മോഹന് ഉടനെ സർക്കാർ ജോലി കിട്ടി. അദ്ദേഹം, തൻെറ ഡിപ്പാർട്ട്മെന്റിനെ വളരെ അഭിവൃദ്ധിപ്പെടുത്തി. എന്നാൽ, സാമൂഹ്യസേവനത്തിന് സമയം കിട്ടാഞ്ഞതിനാൽ, പതിനാല്പകൊല്ലത്തെ സർക്കാർ സേവനത്തിനുശേഷം അദ്ദേഹം ഉദ്യോഗം രാജി വെച്ചു.

ജോലിയിൽ നിന്ന് വിമുക്തനായ രാം മോഹൻ റോയ്, ബ്രഹ്മജ്ഞാനത്തിൻെറ പ്രചാരത്തിൽ മുഴകി; വേദാന്തവും, ഉപനിഷത്തുകളും ബംഗാളിയിലും, ഇംഗ്ലീഷിലും തർജ്ജമ ചെയ്തു. ഹിന്ദുമതത്തിന്റെ കപടവ്യവഹാരങ്ങളെ ഖണ്ഡിച്ചുകൊണ്ട്, അദ്ദേഹം അനേകം ഗ്രന്ഥങ്ങളെഴുതി. അതുകാരണം, ജനങ്ങൾ അദ്ദേഹത്തിൻെറ ആജന്മശത്രു

ക്കളായി. അദ്ദേഹത്തിൻെറ അഭിപ്രായങ്ങളെ ഖണ്ഡിയ്ക്കാനായി, കൽക്കത്തയിലെ ഒരു ഭട്ടാചാര്യ "വേദാന്ത ചന്ദ്രിക" എന്ന പേരിൽ ഒരു പുസ്തകം പ്രസിദ്ധപ്പെടുത്തി. എന്നാൽ, രാം മോഹൻ റോയ് ഉണ്ടോ മിണ്ടാതിരിയ്ക്കുന്നു? തൻെറ അഭിപ്രായങ്ങൾ പ്രതിപാദിച്ചുകൊണ്ടു്, ബ്രഹ്മോപാസനയാണ് ഹിന്ദുമതത്തിൽ ഏററവും ശ്രേഷ്ഠമായി കരുതപ്പെടേണ്ടതെന്നു് അദ്ദേഹം തെളിയിച്ചു.

നാല്പതാം വയസ്സിൽ രാം മോഹൻ നാട്ടുമ്പുറത്തെ വീട്ട് വിട്ടു്, കൽക്കത്തയിൽ വന്നു. അവിടെ മാണിക്കതല്ലയിൽ ഒരു കെട്ടിടം വാങ്ങി. ഈ കെട്ടിടത്തിൽ അദ്ദേഹം "ആത്മീയസഭ" എന്ന പേരിൽ ഒരു സഭ ഏപ്പെടുത്തി. ഈ സഭയിൽ ബ്രഹ്മോപാസനയാണ് നടന്നിരുന്നതു്. അപ്പോൾ ഗുണവാന്മാരും, ധനികരും, ഉന്നതസ്ഥാനീയരുമായ അനേകം ഹിന്ദുക്കൾ രാം മോഹൻെറ കൂടെയായി. ഇപ്രകാരം ബ്രഹ്മധർമ്മത്തെ മാനിയ്ക്കുന്നവരുടെ എണ്ണം ദിനംപ്രതി പെരുകി. ഇതു കാരണം, ക്രിസ്തുമതത്തിൽ ചേരുന്നവരുടെ എണ്ണം കുറഞ്ഞു. അതുകൊണ്ടു് പാതിരിമാർ രാം മോഹനെ നേരിട്ടു. എന്നാൽ, രാം മോഹൻ കരളുറപ്പോടെ അവരെ എതിർത്തു. ആദ്യമൊക്കെ കുറെയാളുകൾ സനാതനികളുടെ യജ്ഞാദികർമ്മങ്ങളുടെ കാഠിന്യം കൊണ്ടു് വലഞ്ഞു്, ക്രിസ്തുമതത്തിൽ ചേരുന്നുണ്ടായിരുന്നു. എന്നാൽ, ബ്രഹ്മസമാജം സ്ഥാപിച്ചതോടെ, ആളുകൾ അങ്ങോട്ടു പോകാതെ, ബ്രഹ്മസമാജികളാകാൻ തുടങ്ങി. ഇക്കാലത്തു് വില്യം ആഡം എന്നു പേരുള്ള ഒരു പാതിരി, രാം മോഹനെ ക്രിസ്തുമതത്തിൻെറ സ്വാധീനത്തിൽ പെടുത്താൻ ശ്രമിച്ചു. എന്നാൽ നേരെ മറിച്ചു്, പാതിരിയുടെ മേൽ രാം മോഹൻെറ സിദ്ധാന്തങ്ങളും, ചിന്തകളും വളരെ വലിയ സ്വാധീനം ചെലുത്തിയതു കാരണം, പാതിരി അദ്ദേഹത്തിന്റെ അനുയായിയായി. അതു കാരണം, ക്രിസ്ത്യാനികൾക്കിടയിൽ വലിയ ഒച്ചപ്പാടുണ്ടായി.

ആത്മീയസഭയുടെ ജോലി വലിയ ഉത്സാഹത്തോടെ നടന്നു കൊണ്ടിരുന്നു. രാം മോഹൻ റോയ് സുബ്രഹ്മണ്യശാസ്ത്രിയെപ്പോലുള്ള പണ്ഡിതന്മാരെ ശാസ്ത്രാർത്ഥത്തിൽ നിശ്ശബ്ദരാക്കിയപ്പോൾ, അദ്ദേഹ

ത്തിൻെറ ഖ്യാതി പതിന്മടങ്ങ് വർദ്ധിച്ചു. അദ്ദേഹത്തിൻെറ ഉപദേശങ്ങളിൽ സത്യത്തിൻേറയും പരമാത്ഥത്തിൻേറയും പ്രകാശം കണ്ടു്, ഉദാരമനസ്ക്കരായ അനവധി ഹിന്ദുക്കൾ, മതത്തിൻെറ രക്ഷയ്ക്കായി അദ്ദേഹത്തിൻെറ സംഘത്തിൽ ചേൎന്നു.

രാം മോഹൻ അനേകം സാമൂഹ്യപരിഷ്കാരങ്ങൾ നിർവ്വഹിച്ചു. സതിസമ്പ്രദായം അശാസ്ത്രീയമാണെന്നു്, ഹിന്ദുശാസ്ത്രങ്ങളുദ്ധരിച്ചു്, ഇന്ത്യാ വൈസ്രോയി ലോർഡ്ഢ് ബെൻടിങ്കിനോടു്, രാം മോഹൻ പറഞ്ഞു. സർക്കാർ, നിയമനിമ്മാണം മൂലം ഈ സമ്പ്രദായം നിൎത്തലാക്കി. പുരുഷന്മാരുടെ ബഹുഭാര്യാത്വം തുടങ്ങിയ ദൂഷിച്ച സമ്പ്രദായങ്ങൾ നിൎത്തലാക്കാനും രാം മോഹൻ വളരെ പരിശ്രമിച്ചു. സ്ത്രീകൾക്കു് കുടുംബസ്വത്തു് വീതിച്ചുകൊടുക്കുന്നതു് സംബന്ധിച്ചും രാം മോഹൻ റായ് വളരെ വിമൎശനങ്ങൾനടത്തി. അതിൻെറ ഫലമായി ഭൎത്താവു് മരിച്ചതിനുശേഷം, ഭാര്യയുടെ സംരക്ഷണത്തിനു് സമുദായത്തിൻെറ അംഗീകാരം ലഭിച്ചു. പെൺകുട്ടികളെ വിൽക്കുന്നതിനെതിരായും അദ്ദേഹം, ശബ്ദമുയൎത്തി. ഭാരതത്തിൽ ഇംഗ്ലീഷ് ഭാഷ പ്രചരിപ്പിയ്ക്കാഞ്ഞാൽ, രാജ്യത്തു് നിന്നു് അജ്ഞാനവും അനാചാരങ്ങളും അപ്രത്യക്ഷമാകുകയില്ലെന്നു് കണ്ടതിനാൽ, ഇംഗ്ലീഷ് വിദ്യാഭ്യാസം നടപ്പാക്കാൻ അദ്ദേഹം പ്രയത്നിച്ചു തുടങ്ങി. വിദ്യാഭ്യാസമേധാവി ഡേവിഡ് ഹെയറിൻേറയും രാം മോഹൻെറയും പ്രയത്നഫലമായി, കൽക്കത്തയിൽ പ്രസിദ്ധമായ ഹിന്ദു കോളേജ് സ്ഥാപിതമായി. രാം മോഹൻെറ പരിശ്രമം കൊണ്ടു് ഇന്ത്യയിലെ കോടതികളിൽ എല്ലാ ജാതിക്കാൎക്കും 'ജൂറി'കളാകാമെന്നായി.

മതപരിഷ്കാരത്തിലും, സാമൂഹ്യപരിഷ്കാരത്തിലും മുഴുകിയതിനാൽ, രാം മോഹനു് രാഷ്ട്രീയത്തിലും പങ്കെടുക്കേണ്ടിവന്നു. ജനപ്രതിനിധികൾ തന്നെ രാജ്യത്തിനാവശ്യമുള്ള നിയമങ്ങൾ നിൎമ്മിയ്ക്കുന്നതാണു് ഉചിതമെന്നും, ഇന്ത്യയിൽ പഴയപഞ്ചായത്തു് സമ്പ്രദായം വീണ്ടും നടപ്പാക്കണമെന്നും ഭാരതത്തിലെ ബ്രിട്ടീഷ് ഗവമ്മെൻറിനെ അദ്ദേഹം ഉൽബോധിപ്പിച്ചു.

"PREMALAYAM"
PUTHIYARA
CALICUT-4.

ഇംഗ്ലണ്ടിൽ പോയി, ഇന്ത്യക്കാരുടെ ദുഃഖപൂർണ്ണമായ കഥകൾ ചക്രവർത്തിയുടെ നാട്ടുകാരോട്ട് പറയണമെന്നു് രാംമോഹൻ വിചാരിച്ചു. ഇക്കാര്യത്തിനായി അതിനു മുമ്പൊരിക്കലും ഒരു ഭാരതീയനും ഇംഗ്ലണ്ടിൽ പോയിട്ടില്ല. രാം മോഹൻ ഇംഗ്ലണ്ടിൽ പോകാനുള്ള തക്കം നോക്കിയിരിക്കുമ്പോൾ, ദില്ലി ചക്രവർത്തി ഈസ്റ്റിൻഡ്യാ കമ്പനിയുമായുള്ള കലഹത്തിൽ തൻെറ പ്രതിനിധിയായി ഇംഗ്ലണ്ടിൽ അയയ്ക്കാൻ യോഗ്യതയുള്ള വ്യക്തിയെ അന്വേഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. രാം മോഹൻ അനുയോജ്യനായ ആളാണെന്നു് കണ്ടു്, ചക്രവർത്തി അദ്ദേഹത്തിനു് 'രാജാ' എന്ന ബഹുമതി നല്കി, ഇംഗ്ലണ്ടിലേക്കയച്ചു.

അവിടെ ചെന്നു് രാജാ രാം മോഹൻ റോയ്, ഭാരതീയരുടെ അവസ്ഥയെപ്പററി ഇംഗ്ലീഷുകാരെ നല്ലവണ്ണം വർണ്ണിച്ചുകേൾപ്പിച്ചു. ഭാരതീയരെ ഉയർന്ന രാജ്യകാര്യങ്ങളിൽ പങ്കെടുപ്പിക്കണമെന്നു് ബ്രിട്ടീഷ് ഗവണ്മെൻറിനോട്ട് അദ്ദേഹം അഭ്യർത്ഥിച്ചു.

വിദേശത്തു് രാം മോഹൻ റോയിക്കു് ഹാർദ്ദമായ സ്വാഗതം ലഭിച്ചു. അദ്ദേഹത്തിൻെറ പ്രസംഗങ്ങൾ അവിടത്തെ ജനങ്ങളെ ആവേശം കൊള്ളിച്ചു. വലിയ വലിയ വിദ്വാന്മാരും, പാതിരികളും അദ്ദേഹത്തെ കാണാൻ ചെന്നു. ഒരു പാതിരി, അദ്ദേഹത്തിൻെറ മഹത്വത്തിൽ മയങ്ങി. തൻെറ കുട്ടിയുടെ മാമൂദീസാകർമ്മത്തിനു് അദ്ദേഹത്തെ വിളിക്കുകയും, മകനു് രാം മോഹൻ റോയ് എന്നു് പേരിട്ടു്, അദ്ദേഹത്തെ ബഹുമാനിക്കുകയും ചെയ്തു. അവിടത്തെ പത്രങ്ങളിൽ അദ്ദേഹത്തെ പ്രശംസിച്ചു്, ലേഖനങ്ങൾ വന്നു. കുറച്ചുദിവസം അദ്ദേഹം ബ്രിസ്റ്റലിൽ പോയി താമസിച്ചു. അദ്ദേഹം അവിടത്തെ ജനങ്ങളുമായി ഇടപഴകുകയും, അവരുടെ ഹൃദയങ്ങളിൽ ജനസേവനത്തിൻെറ വിത്തു് വിതക്കുകയും ചെയ്തു. 1833 സെപ്തംബർ 27-ാംനു ആ നഗരത്തിൽ വച്ചു് രാം മോഹൻ അന്തരിച്ചു.

ഭാരതത്തിൻെറ നവോത്ഥാനത്തിൽ രാം മോഹനു് വലിയ കയ്യുണ്ടായിരുന്നു. ജനങ്ങൾ അന്ധവിശ്വാസത്തിൻേറയും അജ്ഞാന

ത്തിൻേറയും വേട്ടസ്ഥിരയായിരുന്ന അക്കാലത്തു്, മതപരിഷ്കാരം, സാമൂഹ്യപരിഷ്കാരം, വിദ്യാഭ്യാസപ്രചാരണം എന്നിവയ്ക്കായി ശബ്ദമുയർത്തുകയും, എല്ലാവിധ പ്രതിബന്ധങ്ങളേയും എതിർപ്പുകളേയും നേരിടുകയും ചെയ്തുകൊണ്ടു്, തൻെറ മാർഗ്ഗത്തിൽ മുമ്പോട്ടു് മുമ്പോട്ടു് പോകുകയെന്നതു് വലിയ സാഹസപ്രവൃത്തിയായിരുന്നു. കത്തവ്യനിർവ്വഹണത്തിലുള്ള ആസ്ഥയും, സൽസ്വഭാവവും കാരണമാണു് രാം മോഹൻ ലക്ഷ്യത്തിൽ വിജയിച്ചതു്. അദ്ദേഹം, തൻെറ അധികാരാതിർത്തിയിൽ പെട്ട ജനങ്ങൾ കഷ്ടപ്പെടാൻ അനുവദിച്ചില്ല. ശരിയായ അർത്ഥത്തിൽ അദ്ദേഹം ധർമ്മാത്മാവും, പരിഷ്കർത്താവും, ദേശഭക്തനുമായിരുന്നു.

"PREMALAYAM"
PUTHIYARA
CALICUT 4



# മഹാരാജാ രൺജീത് സിംഹൻ

മഹാറാണാ രൺജീത് സിംഹനെ "പഞ്ചാബ് സിംഹം" എന്ന് വിളിയ്ക്കപ്പെട്ടു വരുന്നു. അദ്ദേഹത്തിൻെറ ഗർജ്ജനം കേട്ട്, ചുററുപാടുമുണ്ടായിരുന്ന രാജാക്കന്മാരും, മഹാരാജാക്കന്മാരും, ഭാരതത്തിലെ അന്നത്തെ ഇംഗ്ലീഷ് ഭരണാധിപന്മാരും നടുങ്ങിയിരുന്നു.

ക്രിസ്തബ്ദം 1780ൽ അദ്ദേഹം ജനിച്ചപ്പോൾ, പഞ്ചാബ് കൊച്ചു കൊച്ചു രാജ്യങ്ങളായി വിഭജിയ്ക്കപ്പെട്ടിരുന്നു. അവയിൽ സിക്കുകാരുടെ പന്ത്രണ്ടു് രാജ്യങ്ങൾ ഉണ്ടായിരുന്നു. രൺജീത് സിംഹൻെറ അച്ഛൻ മഹാ സിംഹൻ ഈ പന്ത്രണ്ടു് രാജ്യങ്ങളിൽ ഒന്നിൻെറ തലവനായിരുന്നു. അവ ഒന്നിച്ചു് ചേർത്തു്, ഒരു വിശാല സിക്കു രാജ്യം സ്ഥാപിയ്ക്കാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നു, എന്നാൽ, അതിൽ അദ്ദേഹം വിജയിച്ചില്ല.

മഹാരാജാ രൺജിത് സിംഹനു് പന്ത്രണ്ടു് വയസ്സുള്ളപ്പോൾ, അദ്ദേഹത്തിൻെറ പിതാവു് മഹാ സിംഹൻ സ്വർഗ്ഗസ്ഥനായി. ഈ ചെ

റുപ്രായത്തിൽതന്നെ അദ്ദേഹത്തിൻെറ മനസ്സിൽ യോദ്ധാവാകണമെന്ന മോഹം ഉദിച്ചു. ആരെത്ര ശ്രമിച്ചിട്ടും, അതു് അമത്താൻ കഴിഞ്ഞില്ല.

മഹാരാജാ രൺജിത് സിംഹൻ കാഴ്ചയ്ക്ക് തീരെ സുന്ദരനല്ലായിരുന്നു. അദ്ദേഹത്തിനു് പൊക്കം കുറവായിരുന്നു. മുഖത്തു് വസൂരിക്കലയുണ്ടായിരുന്നു. വസൂരി കാരണം, ഒരു കണ്ണു് നഷ്ടപ്പെട്ടിരുന്നു. അദ്ദേഹത്തിൻെറ അച്ഛനെ കാണാൻ വരുന്ന ആളുകൾ, ഇതിൽ ദുഃഖം പ്രകടിപ്പിയ്ക്കുമായിരുന്നു. എന്നാൽ, മഹാസിംഹൻ അവരെ വെല്ലുവിളിച്ചുകൊണ്ടു് പറയുമായിരുന്നു. "എൻെറ മകൻ സുന്ദരനല്ലെന്ന കാര്യത്തിൽ എനിക്കു് ഒട്ടും തന്നെ സങ്കടമില്ല. സൌന്ദര്യം പെൺകുട്ടികളിലേ നോക്കേണ്ടതുള്ളു. ആൺകുട്ടികൾ വീരന്മാരായിരിയ്ക്കണം. എൻെറ മകൻ വീരനാകും."

അദ്ദേഹം, രൺജീത്സിംഹനെ തൻെറ കൂടെ കുതിരപ്പുറത്തു് കയററിക്കൊണ്ടുപോകുമായിരുന്നു. തന്നത്താൻ തോക്കുകൊണ്ടു് ഉന്നം നോക്കിവെടിവയ്ക്കാൻ പഠിപ്പിക്കുമായിരുന്നു; കുട്ടിക്കാലത്തെ ഈ കളി ജീവിതകാലം മുഴുവൻ അദ്ദേഹം കളിച്ചുകൊണ്ടിരുന്നു. എഴുത്തും വായനയും അഭ്യസിയ്ക്കാൻ അദ്ദേഹത്തിനു് സമയം കിട്ടിയില്ല. അക്കാലങ്ങളിൽ യോദ്ധാക്കൾക്കു് എഴുത്തും വായനയും ആവശ്യമാണെന്നു് കരുതപ്പെട്ടിരുന്നില്ല.

പിതാവിൻെറ മരണശേഷം ലഖ്പത് റായ് ദിവാനും, രൺജീത് സിംഹൻെറ അമ്മ അദ്ദേഹത്തിന്റെ സംരക്ഷകയുമായി. കുട്ടിക്കാലത്തു് തന്നെ രൺജിത്സിംഹന്റെ വിവാഹവും നടത്തിക്കഴിഞ്ഞിരുന്നു. അദ്ദേഹത്തിൻെറ മാതാവു്, ശ്വശ്രൂ, ദിവാൻ എന്നിവരെല്ലാം രൺജീത് സിംഹനെ തങ്ങളുടെ കളിപ്പാവയാക്കാൻ ആഗ്രഹിച്ചിരുന്നു. എന്നാൽ അഞ്ചുവഷം കഴിഞ്ഞു്, അദ്ദേഹത്തിനു് പതിനേഴ് വയസ്സായപ്പോഴേയ്ക്കും, ഇവരെല്ലാവരിൽ നിന്നും സ്വതന്ത്രനായി, രൺജീത് സിംഹൻ തന്നത്താൻ രാജ്യകാര്യങ്ങൾ നടത്താൻ തുടങ്ങി.

അക്കാലത്താണ് ഷാഹസ്മാൻ അഫ്ഗാനിസ്ഥാനിലെ രാജാവായതു്. അയാൾ പഞ്ചാബ് ആക്രമിക്കുകയും, ലാഹ്ലർ പിടിച്ചടക്കുകയും ചെയ്തു. അപ്പോൾ, സിക്കുകൾക്കു് അഫ്ഗാനികളോട്ട് നേരിട്ട് യുദ്ധം ചെയ്യാൻ ശക്തിയില്ലായിരുന്നു. എന്നിട്ടും, രൺജിത്സിംഹൻ, ഝെലം നദിയിലെ വെള്ളപ്പൊക്കത്തിൽ മുങ്ങിപ്പോയ പന്ത്രണ്ട് അഫ്ഗാനികളുടെ പീരങ്കികൾ അവക്ക് തിരിച്ചുകൊടുത്തു. ഇതിൽ നിന്നു് ഷാഹസ്മാൻ വിചാരിച്ചു, ഇന്നല്ലെങ്കിൽ നാളെ, രൺജീത് സിംഹൻ തീച്ച്യയായും തന്നോട്ട് യുദ്ധം ചെയ്യുമെന്നു്. അതുകൊണ്ട് അയാൾ ലാഹോർ അദ്ദേഹത്തെ ഏല്പിച്ചിട്ട് മടങ്ങിപ്പോയി.

രൺജീത് സിംഹൻ ലാഹോറിനെ രാജധാനിയാക്കി. താമസിയാതെ, അദ്ദേഹം പഞ്ചാബിലെ കൊച്ചു കൊച്ചു രാജ്യങ്ങളെയെല്ലാം ഒന്നിച്ചുചേർത്തു് ഒരു പ്രബല സിക്ക്‌രാജ്യം രൂപീകരിച്ചു. അപ്പോൾ ഇംഗ്ലീഷുകാരും മറാഠികളും കാബൂളികളുമെല്ലാം പരിഭ്രാന്തരാകാൻ തുടങ്ങി. ഇംഗ്ലീഷുകാക്ക് വേണ്ടി മിൻറോ പ്രഭു, 1803ൽ അമൃത്സറിൽ വച്ച് രൺജീത് സിംഹനുമായി സന്ധി ചെയ്തു. അതനുസരിച്ച്, മഹാരാജാ രൺജീത് സിംഹൻ, സത്‌ലജ് നദിക്കു് കിഴക്കോട്ട് തൻെറ രാജ്യം വ്യാപിപ്പിക്കുകയില്ലെന്നു് നിശ്ചയിച്ചു. മഹാരാജാ രൺജീത് സിംഹൻ ആജീവനാന്തം ഈ ഉടമ്പടി പാലിച്ചു. കിഴക്കോട്ട് ആ രാജ്യം വ്യാപിപ്പിച്ചില്ല. എന്നാൽ പടിഞ്ഞാറും, വടക്കും വളരെ പ്രദേശങ്ങൾ അദ്ദേഹം ജയിച്ചടക്കി.

1806ൽ അഫ്ഗാനിസ്ഥാനിലെ പാദുഷാ ഷാഹ്ഷൂജാ സിംഹാസനഭ്രഷ്ടനാക്കപ്പെട്ടതുകാരണം, അയാൾ രൺജീത് സിംഹനെ ശരണം പ്രാപിച്ചു. അദ്ദേഹം അയാളെ സഹായിച്ചു. പകരം അയാൾ, അദ്ദേഹത്തിനു് കോഹിനൂർ രത്നം സമ്മാനിച്ചു. ക്രമേണ, അദ്ദേഹം അട്ടക്ക്, കാംഗ്ഡാ, മുൽത്താൻ, കാശ്മീർ, പെഷാവാർ എന്നീ സ്ഥലങ്ങൾ വരെ തൻെറ രാജ്യം വ്യാപിപ്പിച്ചു.

തീരെ വിദ്യാഭ്യാസം ഇല്ലാതിരുന്നിട്ടും മഹാരാജാ രൺജീത് സിംഹനു് ഇത്ര നേട്ടങ്ങൾ എങ്ങിനെയുണ്ടായി? അദ്ദേഹം വീരയോദ്ധാവാ

യിരുന്നതോടൊപ്പം, എല്ലാ മനുഷ്യരേയും എല്ലാ മതങ്ങളേയും അദ്ദേഹം ആദരിച്ചിരുന്നു; സിക്കുകാരേയും ഹിന്ദുക്കളേയും മുസ്ലീങ്ങളേയുമെല്ലാം തുല്യമായി കണ്ടിരുന്നു. അദ്ദേഹത്തിൻെറ ദർബാറിൽ എല്ലാ പ്രകാര ത്തിലുമുള്ള ആളുകൾ ഉണ്ടായിരുന്നു. എല്ലാവക്കും ദർബാറിൽ ചെല്ലാനും തങ്ങളുടെ സങ്കടങ്ങൾ പറഞ്ഞു കേൾപ്പിയ്ക്കാനും സ്വാതന്ത്ര്യമുണ്ടായിരുന്നു.

അദ്ദേഹത്തിൻെറ രാജസഭാംഗങ്ങളിൽ ഏററവുമധികം മതിപ്പ് നേടിയതു് ജമേദാർ ഖുശാൽ സിംഹനായിരുന്നു. അയാൾ മേററ് ജില്ലാക്കാരനായിരുന്നു. ഉപജീവനത്തിനായി ലാഹോറിലേയ്ക്ക് പോയ അയാൾ മഹാരാജാ രൺജീത് സിംഹൻെറ സേനയിൽ ചേന്നു. ഒരു രാത്രിയിൽ അയാൾ പാറാവു് നിന്നിരുന്നപ്പോൾ, മഹാരാജാവു് കൊട്ടാരത്തിനു് വെളിയിൽ തനിച്ചു് ചുററി സഞ്ചരിയ്ക്കുകയായിരുന്നു; അദ്ദേഹത്തെ തിരിച്ചറിയാതെ അറസ്ററു ചെയ്തു. പിറേറന്നു് പ്രഭാതത്തിൽ ആളെ തിരിച്ചറിഞ്ഞപ്പോൾ, അയാൾ വല്ലാതെ പേടിച്ചു. എന്നാൽ, മഹാരാജാവു് അയാളിൽ വളരെ സന്തുഷ്ടനായി. എന്തെന്നാൽ, അയാൾ തൻെറ കത്തവ്യം പാലിയ്ക്കുകയായിരുന്നല്ലോ? മാത്രമല്ല, രാജാവു് അയാളെ തൻെറ പ്രധാന ദ്വാരപാലകനും, രാജസഭാംഗവുമായി നിയമിച്ചു.

ഹിന്ദുക്കളെപ്പോലെ തന്നെ മുസൽമാൻമാക്കും അദ്ദേഹത്തിൻെറ രാജസഭയിൽ ആദരണീയമായ സ്ഥാനങ്ങൾ നല്കപ്പെട്ടിരുന്നു. മുസ്ലീം രാജസഭാംഗങ്ങളിൽ ഫക്കീർ അസീബ് ഉദ്ദീൻ മുഖ്യനായിരുന്നു. അദ്ദേഹത്തിൽ അത്രയേറെ വിശ്വാസമുണ്ടായിരുന്നതുകാരണം, രാജാവു് ഒരു തവണ അദ്ദേഹത്തെ തൻെറ ദൂതനായി ഇംഗ്ലീഷുകാരുടെ അടുക്കലേയ്ക്കു് അയയ്ക്കുകയുണ്ടായി.

പ്രജകളുടെ നന്മയിലും അദ്ദേഹം തല്പരനായിരുന്നു. ഒരു തവണ അദ്ദേഹം ഒരു കൃഷിക്കാരൻെറ വയലിനു് നടുവിലൂടെ കുതിര ഓടിച്ചുകൊണ്ടു് പോവുകയായിരുന്നു. അയാളുടെ വിളവിനു് കുറെ നാശമു

"PREMALAYAM"
PUTHIYARA
CALICUT-4.



ണ്ടായി. കൃഷിക്കാരനു് അദ്ദേഹത്തെ മനസ്സിലായി. അയാൾ മുന്നോട്ടു കയറി, ഇങ്ങനെ ശകാരിച്ചു: ഹേ! കുതിരക്കാരാ!, കൃഷിക്കാൎക്കു് നാശമുണ്ടാക്കുന്നവൎക്കു് കഠിനശിക്ഷ നല്കുന്ന മഹാരാജാ രൺജീത് സിംഹൻെറ ഭരണമാണു് ഈ രാജ്യത്തുള്ളതെന്നു് നിനക്കു് അറിഞ്ഞുകൂടെ?

മഹാരാജാവു്, കൃഷിക്കാരൻെറ ഈ വാക്കുകൾ കേട്ടു്, മടങ്ങിപ്പോന്നു.

അദ്ദേഹം, തന്റെ സേന യൂറോപ്യൻ രീതിയിലാണു് സംഘടിപ്പിച്ചിരുന്നതു്. ഇക്കാര്യത്തിൽ ഫ്രഞ്ചു് ജനറൽ വേണ്ടൂരയിൽ നിന്നും ഇംഗ്ലീഷ് ജനറൽമാരായ എലാർഡ്, കോർട്ടു് എന്നിവരിൽനിന്നും അദ്ദേഹം സഹായം നേടി. അദ്ദേഹത്തിൻെറ സേനയിൽ അമ്പതിനായിരം കുതിരസ്സവാരിക്കാരും, അത്രതന്നെ കാലാൾപ്പടയാളികളും, മുന്നൂറു പീരങ്കികളുമുണ്ടായിരുന്നു.

കിഴക്കുനിന്നു് ഇംഗ്ലീഷുകാരും, പടിഞ്ഞാറുനിന്നു് കാബൂളികളും പഞ്ചാബിൽ ആധിപത്യം സ്ഥാപിക്കുവാനായി പൂർണ്ണശക്തി പ്രയോഗിച്ചുകൊണ്ടിരുന്നപ്പോൾ, മഹാരാജാ രൺജീത് സിംഹൻ തൻെറ വീരത്വവും, സൈനികസംഘടനയും, കൂടതന്ത്രവും കൊണ്ടു് രണ്ടു കൂട്ടരുടേയും ശ്രമം വിഫലമാക്കുകയും, പഞ്ചാബിനെ ഒരു പ്രബലരാജ്യമാക്കുകയും ചെയ്തു. ഇതു്, അദ്ദേഹത്തിൻെറ ഏററവും വലിയ വിജയമായിരുന്നു. ഇക്കാരണത്താൽ, ഭാരതചരിത്രത്തിലെ മഹാപുരുഷന്മാരിലൊരാളായിട്ടാണു് അദ്ദേഹത്തെ കണക്കാക്കുന്നതു്.

ഒടുവിൽ, അദ്ദേഹത്തിനു് പക്ഷവാതം പിടിപെട്ടു. അദ്ദേഹത്തിൻെറ ശരീരം മുഴുവനും തളൎന്നുപോയി, സംസാരിക്കാൻ വയ്യാതെയായി. എന്നാൽ, ആ അവസ്ഥയിലും, പല്ലക്കിലിരുന്നു് തൻെറ സേനയുടെ പരേഡു് അദ്ദേഹം കാണുമായിരുന്നു. കാരണം, ദേശരക്ഷയിൽ സൈനികസംഘടനയ്ക്കു് അദ്ദേഹം വലിയ സ്ഥാനം നൽകിയിരുന്നു.

പക്ഷവാതം മൂർഛരിച്ച്, 1839 ജൂൺ 27-ാംനു- അദ്ദേഹം സ്വർഗ്ഗസ്ഥനായി.

അദ്ദേഹത്തിനുശേഷം സിക്കു് പഞ്ചാബിൻെറ ഐക്യം ഉറപ്പിച്ചുനിത്താൻ ആക്കും കഴിഞ്ഞില്ല. അന്യോന്യമുള്ള അവിശ്വാസവും, പരസ്പര വൈരവും കാരണം സിക്കു് രാജ്യം അസ്തമിച്ചു. മഹാരാജാ രൺജീത് സിംഹൻ സ്ഥാപിച്ച പഞ്ചാബിൻെറ ആ ഐക്യം സിക്കുകൾ നില നിത്തിയിരുന്നെങ്കിൽ, ബ്രിട്ടീഷുകാർ 1857 ൽ തന്നെ ഭാരതത്തിൽനിന്നു് കെട്ട കെട്ടിയേനെ.

ഇന്നു് ഭാരതം ഒരു സ്വതന്ത്ര്രരാഷ്ട്രത്തിൻെറ രൂപത്തിൽ ഉന്നതി നേടിക്കൊണ്ടിരിയ്ക്കുമ്പോൾ, നാം മഹാരാജാ രൺജീത് സിംഹൻെറ ജീവചരിത്രം അറിഞ്ഞിരിയ്ക്കുകയെന്നുള്ളതു് ഒഴിച്ചുകൂടാൻ വയ്യാത്ത ആവശ്യമാണു്.

# മിർസാ ഗാലിബ്



ഉർദുവിലെ ഒരു പ്രസിദ്ധനിരൂപകനായ റഷീദ് അഹമ്മദ് സിദ്ദിക്കി ഒരിടത്തു് ഇങ്ങനെ എഴുതിക്കാണുന്നു: "മുഗൾ സാമ്രാജ്യം നമുക്കു് മൂന്നു കാര്യങ്ങൾ തന്നിട്ടുണ്ടു്; താജ് മഹൽ, ഉർദു, ഗാലിബ്." ഗാലിബ് ഉർദുവിലെ വളരെ പ്രസിദ്ധനായ കവിയായിരുന്നു; കേവലം ഉർദുവിലെ മാത്രമല്ല, ഫാർസിയിലേയും കവിയായിരുന്നു.

അസദുള്ളാ ബേഗ്ഖാൻ ഗാലിബ് എന്നായിരുന്നു അദ്ദേഹത്തിന്റെ മുഴുവൻ പേരു്. അദ്ദേഹത്തിന്റെ അപ്പൂപ്പൻ കൗക്കാൻ ബേഗ്ഖാൻ അച്ഛനുമായി പിണങ്ങി, ഷാ ആലമിന്റെ കാലത്തു് സമർകണ്ഡിൽ നിന്നും ഹിന്ദുസ്ഥാനിൽ വന്നു. കൗക്കാൻ ബേഗ്ഖാനു് നാലു പുത്രന്മാരും മൂന്നു പുത്രിമാരുമുണ്ടായിരുന്നു. മിർസാ ഗാലിബ് മുൻഷി നബീ ബഖ്ശ് ഫക്കീറിനയച്ച ഒരു എഴുത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു: "സഹോദരാ, ഞാനും അങ്ങയോടു് സഹതപിക്കുന്നു. ചൊവ്വാഴ്ച വൈകുന്നേരം എന്റെ അച്ഛന്റെ സഹോദരി മരിച്ചു. കുട്ടിക്കാലം മുതൽ ഇന്നുവരെ ഞാൻ അവരെ അമ്മയെന്നു കരുതിയിരുന്നു. അവരും എന്നെ മകനെന്നാണു് കരുതിയിരുന്നതു്. താങ്കൾക്കറിയാം, മിനിഞ്ഞാന്നു് എന്റെ ഒൻപതു ബന്ധുക്കൾ, മൂന്നു അമ്മാവിമാർ, മൂന്നു

ചിററപ്പന്മാർ, അച്ഛൻ, ഒരപ്പൂപ്പൻ, ഒരമ്മൂമ്മ ഇവരെല്ലാവരും സ്വർഗ്ഗസ്ഥരായതുപോലെ തോന്നി. അപ്പച്ചി ജീവിച്ചിരുന്നപ്പോൾ ഈ ഒൻപതു പേരും ജീവിച്ചിരുപ്പുള്ളതായി എനിക്കു് തോന്നിയിരുന്നു."

ഗാലിബിൻെറ അച്ഛൻെറ പേരു് മിർസാ അബ്ദുള്ളാ ബേഗ് ഖാൻ എന്നായിരുന്നു. അദ്ദേഹം ആഗ്രയിലുള്ള ഖാജാ മിർസാ ഗുലാം ഹുസൈൻ ഖാൻ കമിദാൻെറ പുത്രിയെ വിവാഹം കഴിച്ചു. ഗാലിബ് ക്രി. പി, 1797–ൽ ആഗ്രയിൽ ജനിച്ചു. അദ്ദേഹത്തിൻെറ കുട്ടിക്കാലം അവിടെയാണു് കഴിച്ചതു്.

ഗാലിബ് കുട്ടിയായിരിക്കുമ്പോൾ തന്നെ, അദ്ദേഹത്തിൻെറ അച്ഛൻ മിർസാ അബ്ദുള്ളാ ബേഗ്ഖാൻ അന്തരിച്ചു. അദ്ദേഹത്തിന്റെ ചിററപ്പനായ മിർസാ നസറുള്ളാ ബേഗ്ഖാൻ അദ്ദേഹത്തെ വളർത്തി. ഗാലിബിന്നു് എട്ടു വയസ്സുള്ളപ്പോൾ, അദ്ദേഹത്തിൻെറ ചിററപ്പനും സ്വർഗ്ഗസ്ഥനായി. ലോഹാരുവിലെ നവാബായ അഹമ്മദ് ബഖ്ശ് ഖാനു് ഗാലിബിൻെറ ചിററപ്പനായ മിർസാ നസറുള്ളാ ബേഗ്ഖാൻ മരിച്ചപ്പോൾ, അതിയായ ദുഃഖമുണ്ടായി. ചിററപ്പൻെറ മരണത്തോടെ അനാഥരായ ചെറിയ ചെറിയ കുട്ടികളോടു് അദ്ദേഹത്തിനു് അനുകമ്പ തോന്നി. അദ്ദേഹം ലോർഡ് ലേക്കിനോടു് ശുപാശ ചെയ്തു്, അവക്കു് പെൻഷൻ അനുവദിപ്പിച്ചു. ഈ പെൻഷൻ മിർസാ നസറുള്ളാ ബേഗ് ഖാൻെറ ബന്ധുക്കൾക്കും കൂടിയായിരുന്നു. വഷത്തിലെ 5000 രൂപയിൽ മിർസാ ഗാലിബിനു് പ്രതിവഷം 750 രൂപാ ഓഹരിയായി കിട്ടിയിരുന്നു.

മിർസാ, ആഗ്രയിലെ മൌലവിയായ മുഹമ്മദ് മുഅസ്സമിൽ നിന്നും, ഒരു ഇറാനി മുള്ളയായ അബ്ദുസമദിൽ നിന്നും ഫാർസി പഠിച്ചു. ഈ അദ്ധ്യാപകരുടെ ചുററുപാടാണു് ഗാലിബിൽ കൂടുതൽ സ്വാധീനം ചെലുത്തിയതു്. മിർസായുടെ കുട്ടിക്കാലം കഴിച്ചുകൂട്ടിയ ആഗ്രയിലെ വാസകേന്ദ്രത്തെ ഗുലാബ് ഖാനയെന്നു് വിളിക്കപ്പെട്ടുന്നു. ആ സ്ഥലം അക്കാലത്തു് ഫാർസി ഭാഷയുടെ കേന്ദ്രമായിരുന്നു.

"PREMALAYAM"
PUTHIYARA
CALICUT-4.

അച്ഛൻേറയും ചിററപ്പൻേറയും മേൽനോട്ടം വിട്ടപ്പോൾ, ഗാലിബ് യൗവനലീലകളിൽ മുഴുകി. അദ്ദേഹത്തെ തടയാൻ ആരുമുണ്ടായിരുന്നില്ല. ഈ ലീലകളെക്കുറിച്ച് അദ്ദേഹം അനേകം ലേഖനങ്ങളിൽ സൂചിപ്പിച്ചിട്ടുണ്ട്. പതിമൂന്നാമത്തെ വയസ്സിൽ ഗാലിബ് നവാബായ അഹമ്മദ് ബഖ്ശ് ഖാൻെറ ഇളയ സഹോദരനായ ഇലാഹി ബഖ്ശ് ഖാൻ 'മാരൂഫി'ൻെറ 11 വയസ്സുള്ള പുത്രി ഉംറാവ് ബേഗമിനെ വിവാഹം ചെയ്തു. കല്യാണം കഴിഞ്ഞു് രണ്ടു മൂന്നു വഷത്തിനു ശേഷം, അദ്ദേഹം ദില്ലിയിൽ സ്ഥിരമായി താമസിയ്ക്കാൻ തുടങ്ങി. ഈ വിവാഹത്തെക്കുറിച്ച് ഒരു സ്ഥലത്തു് ഗാലിബ് എഴുതിയിരിയ്ക്കുന്നു: "ഹിജറാ വഷം 1225 രജബ് 7-ാംനു- എനിക്കു് ജീവപര്യന്തം തടവുശിക്ഷ കിട്ടി. ഒരു വിലങ്ങു് എൻെറ കാലുകളിലിട്ടു. ദില്ലി പട്ടണത്തെ കാരാഗൃഹമാക്കി. എന്നെ ഈ കാരാഗൃഹത്തിലടച്ചു."

ഗാലിബ് ആഗ്രയിലായിരുന്നപ്പോൾ, അദ്ദേഹത്തിനു് ചെലവിനു് ബുദ്ധിമുട്ടൊന്നുമുണ്ടായിരുന്നില്ല. വാസ്തവത്തിൽ, പണം ധാരാളമുണ്ടായിരുന്നു. ദില്ലിയിൽ വന്നപ്പോൾ, അദ്ദേഹത്തിൻെറ 750 രൂപയുടെ പെൻഷൻ എപ്പോഴും അദ്ദേഹത്തെ വേദനിപ്പിച്ചുകൊണ്ടിരുന്നു. ചിലപ്പോൾ അതു നിൽക്കും, ചിലപ്പോൾ കിട്ടും. ഈ പെൻഷൻ കൊണ്ടു് ഗാലിബിനു് ജീവിക്കാൻ തന്നെ വിഷമമായിത്തുടങ്ങി. പെൻഷൻ തീരുമാനിയ്ക്കുന്നതിൽ തന്നോടു് നീതി കാണിച്ചില്ലെന്നു് ഗാലിബിനു് തോന്നി. നീതി കിട്ടാനായി അദ്ദേഹം കൽക്കത്തയിൽ പോകാൻ നിശ്ചയിച്ചു. 1828-ൽ അദ്ദേഹം കല്ക്കത്തയിലെത്തി. ആ സമയത്തു് ട്രെയിനില്ലായിരുന്നു. സഞ്ചാരം അധികവും കുതിരപ്പുറത്തായിരുന്നു. ഇടയ്ക്കു് ചിലപ്പോൾ കുതിരവണ്ടിയിലോ വള്ളത്തിലോ സഞ്ചരിയ്ക്കും. കല്ക്കത്തയിലും അദ്ദേഹത്തിനു് പ്രയോജനം സിദ്ധിച്ചില്ല; അവിടെയുള്ള സാഹിത്യകാരന്മാരുമായി അദ്ദേഹം വിവാദത്തിലേപ്പെട്ടു. അവയിൽ മിർസാ കതീലും അദ്ദേഹത്തിൻെറ ശിഷ്യന്മാരുമായുള്ള ഗാലിബിൻെറ വഴക്കു് പ്രസിദ്ധമാണ്.

ഗാലിബിൻെറ പെൻഷൻ സംബന്ധിച്ച കേസ് 1828 മുതൽ 1844 വരെ തുടൎന്നു. അതിനു വേണ്ടി അദ്ദേഹത്തിന് ആയിരക്കണക്കിന് രൂപ ചെലവായി. അതിൽ ഒരു വലിയ ഭാഗം അദ്ദേഹം ജന്മിമാരിൽ നിന്നു് പലിശയ്ക്കു് കടം വാങ്ങിയതായിരുന്നു. ദൌർഭാഗ്യവശാൽ കോടതിയുടെ വിധി അദ്ദേഹത്തിനെതിരായി. ശേഷിച്ച ജീവിതം കടം വീട്ടുന്നതിൽ ചെലവായി.

ഗാലിബ് വലിയ അഭിമാനിയായിരുന്നു. ഇതു് ഒരൊററ ഉദാഹരണം കൊണ്ടു് മനസ്സിലാക്കാം. 1842-ൽ ദില്ലി കോളേജിൽ ഫാർസിയുടെ പ്രധാനാദ്ധ്യാപകനായി അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു. പക്ഷേ, അഭിമാനം മൂലം അദ്ദേഹം അതു് നിരസിച്ചു. ലെഫ്ററനൻറ് ഗവൎണ്ണർ ശ്രീ തോംസൺ കോളേജ് കാണാൻ വന്നപ്പോൾ, അദ്ദേഹത്തെ വിളിപ്പിച്ചു. അടുത്ത ദിവസം ഗാലിബ് പല്ലക്കിൽ കയറി ബംഗളാവിലെത്തി; ആരെങ്കിലും സ്വാഗതം ചെയ്യാൻ വരുമെന്നു് പ്രതീക്ഷിച്ചു്, വാതുക്കൽ നിന്നു. ആരോ വന്നു്, അദ്ദേഹത്തോടു് പുറത്തിറങ്ങി വരാൻ പറഞ്ഞപ്പോൾ, തന്നെ കൂട്ടിക്കൊണ്ടുപോകാൻ ആരെങ്കിലും വന്നാൽ ഇറങ്ങാമെന്നു് അദ്ദേഹം പറഞ്ഞു.

ഇതു കേട്ടു്, ശ്രീ തോംസൺ തന്നത്താൻ പുറത്തിറങ്ങി വന്നു്, ഇങ്ങനെ പറഞ്ഞു: താങ്കൾ ഔപചാരികസന്ദൎശനത്തിനായി വന്നതല്ല, സേവനത്തിനായി വന്നതാണു്. അതുകൊണ്ടു് എതിരേല്ക്കാൻ ആരെങ്കിലും വരുന്നതെങ്ങനെയാണു് ?

മിർസാ പറഞ്ഞു: എൻെറ ബഹുമാനം വർദ്ധിയ്ക്കാനായിട്ടാണു് ഞാൻ സേവനത്തിനു് വന്നതു്. മുമ്പുണ്ടായിരുന്നതിൽ കുറവു വരാനല്ല.

ഇത്രയും പറഞ്ഞിട്ടു് പല്ലക്കു് ചുമക്കുന്നവരോടു് മടങ്ങിപ്പോകാൻ ഗാലിബ് ആജ്ഞാപിച്ചു.

1850 ജൂലൈ 4-ാംനു മിർസാ ഗാലിബ് പാദുഷാ ബഹാദുർ ഷാ സഫറിൻെറ ദർബാറിലേയ്ക്കു് വിളിക്കപ്പെട്ടു. പാദുഷാ ഗാലിബിനു്

നജ്മുദ്ദൌലാ ദബീരുൽ മുൽക് നിസാം എന്ന ബിരുദം നൽകി. മാസം 50 രൂപ ശമ്പളവും നിശ്ചയിച്ചു. ഗാലിബിൻെറ ആവശ്യങ്ങൾക്കു മുമ്പിൽ ഈ 50 രൂപ എന്താകാനാണ്? അതും, കിട്ടുന്നതു് ആറു മാസത്തിലൊരിക്കൽ. ആദ്യത്തെ ആറു മാസം വല്ല വിധവും കഴിച്ചുകൂട്ടി.

1857-ലെ ലഹളയ്ക്കു ശേഷം ഈ വേതനവും നിലച്ചു. രാംപുരിലെ നവാബായ യൂസഫ് അലി ഖാൻ മിർസാ ഗാലിബിൻെറ പേരുകേട്ട ശിഷ്യന്മാരിലൊരാളായിരുന്നു. അദ്ദേഹം 1859-ൽ മിർസയ്ക്കു് മാസം 100 രൂപാ ശമ്പളം കൊടുക്കാൻ തീരുമാനിച്ചു. ഇതിലും അദ്ദേഹത്തിൻെറ സാമ്പത്തികത്തളർച്ച അവസാനിച്ചില്ല. അദ്ദേഹം എപ്പോഴും അതോർത്തു് പുലമ്പിക്കൊണ്ടിരുന്നു. അദ്ദേഹം പതിവായി മദ്യം കുടിച്ചിരുന്നു. അതുമൂലം തലയിൽ കടം വന്നു കയറി, ഒടുവിൽ ആരോഗ്യവും നശിച്ചു.

1869 ഫെബ്റുവരി 15-ാംനു അദ്ദേഹം അന്തരിച്ചു. അദ്ദേഹം ഒരു വശത്തുകൂടെ ഈ നാട്ടിലെ ഫാർസിസാഹിത്യത്തെ ഉച്ചകോടിയിലെത്തിച്ചു. മറുഭാഗത്തുകൂടെ ഉർദു ഗദ്യത്തേയും പദ്യത്തേയും പുരാതന പാരമ്പര്യത്തിൻെറ വിലങ്ങുകളിൽ നിന്നും മോചിപ്പിച്ചു്, പുതിയ രീതിയുടെ അസ്ഥിവാരമിട്ടു. അതു് പലരും അനുകരിച്ചെങ്കിലും, ആരും വിജയിച്ചില്ല.

മിർസയ്ക്കു് പുത്രന്മാരും പുത്രികളുമായി ഏഴു കുട്ടികളുണ്ടായെങ്കിലും, പതിനഞ്ചു മാസത്തിൽ കൂടുതൽ ഒരു കുട്ടിയും ജീവിച്ചില്ല. തന്റെ ഭാര്യയുടെ സഹോദരീപുത്രനായ മിർസാ ആരിഫിനെ ഗാലിബ് തൻെറ മകനാക്കി. പക്ഷേ, ആ കുട്ടിയും 1852-ൽ ഗാലിബിനു മുമ്പേ അന്തരിച്ചു.

ഒരു പ്രഭുവിൻെറ പുത്രനായിരുന്ന മിർസാ ഒരു പ്രഭുവിനെപ്പോലെയാണു് പെരുമാറിയിരുന്നതു്. പ്രഭുക്കളുമായി ബന്ധപ്പെട്ടും, കൂട്ടുകൂടിയും നടന്നു. പാദുഷാകളുടേയും നവാബുകളുടേയും അദ്ധ്യാപകനായിരുന്നു. അതുകൊണ്ടു്, ആർഭാടം അദ്ദേഹത്തിന്റെ സ്വഭാവമായിത്തീർന്നു.

വീട്ടിലും അദ്ദേഹം ദില്ലിയിലെ പ്രഭുക്കന്മാരെപ്പോലെ പൈജാമയും, തുറന്ന കൈയോട്ടുകൂടിയ നീണ്ട കുർത്തയും അല്ലെങ്കിൽ അംഗർഖയും ധരിച്ചിരുന്നു. തലയിൽ സാധാരണ രീതിയിലുള്ള, കനം കുറഞ്ഞ മൽമൽ കൊണ്ടുള്ള, കസവുപൂക്കൾ തുന്നിയ തൊപ്പി ധരിച്ചിരുന്നു. തണുപ്പുകാലത്തു് കമ്പിളിപ്പൈജാമയും ജാക്കറ്റും ഇട്ടിരുന്നു. വെളിയിൽ പോകുമ്പോൾ, മുറുക്കമുള്ള പൈജാമയും കുർത്തയും കൈയില്ലാത്ത ഒരു തരം ജാക്കറ്റും ധരിച്ചിരുന്നു. മുകളിൽ കനം കൂടിയതും, വില കൂടിയതുമായ, കാലുവരെ നീണ്ടുകിടക്കുന്ന, ഒരു തരം കോട്ടും, അതിൻെറ പുറത്തു് ഉടുപ്പും. കാലുകളിൽ വില കൂടിയ ചെരിപ്പുകളാണണിഞ്ഞിരുന്നതു്. കൈയിൽ പിടിയുള്ള ഒരു നീണ്ട വടിയും കൊണ്ടുനടക്കുമായിരുന്നു.

വിരിമാറു്, നല്ല ഉയരം, ഒതുങ്ങിയ ശരീരം, കൊഴുത്തുരുണ്ട കൈകാലുകൾ, ശില്പഭംഗിയുള്ള മുഖം, സുന്ദരമായ ആകാരം, വീതിയുള്ള നെററിത്തടം, നീണ്ടെഴുന്ന നാസിക, ഉയന്ന കപാലങ്ങൾ, കറുത്തിരുണ്ട ഇട തൂർന്ന പുരികങ്ങൾ, ബാദാം പോലെയുള്ള വലിയ കണ്ണുകൾ, വലിയ ചെവികൾ, ഇളം ചുമപ്പുനിറം ഇങ്ങനെയായിരുന്നു ഗാലിബിൻെറ ശരീരപ്രകൃതി. ചെറുപ്പത്തിൽ താടി വളർത്തിയിരുന്നില്ല. നര വന്നപ്പോൾ, താടി വടിക്കാതായി.

അദ്ദേഹം സ്നേഹിതർക്കും ശിഷ്യന്മാക്കും ബന്ധുക്കൾക്കുമയച്ചിരുന്ന ഉർദുവിലുള്ള കത്തുകൾ സമാഹരിച്ചു്, "ഉർദു-എ-മുഅല്ല", "ഊദേഹിന്ദി", "മകാതീബേ ഗാലിബ്" എന്നീ പേരുകളിൽ ഗ്രന്ഥരൂപത്തിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. അദ്ദേഹത്തിൻെറ ഉർദു കവിതകൾ "ദീവാൻ-എ-ഗാലിബ്" എന്ന പേരിലുള്ള സുപ്രസിദ്ധ സംഗ്രഹത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. അദ്ദേഹം ഒരു ഫലിതചക്രവത്തിയായിരുന്നു. അദ്ദേഹത്തിൻെറ സംഭാഷണത്തിൽ ഒരിക്കലും നമ്മകഥകളോ, ഹാസ്യഗുളികകളോ ഉണ്ടാകാതിരിക്കില്ലായിരുന്നു. അദ്ദേഹത്തിൻെറ ശിഷ്യന്മാരിൽ എല്ലാ മതക്കാരുമുണ്ടായിരുന്നു. മൗലാനാ ഹാലി, സൈഫുൾ ഹക്ക് അദീബ്, ഇസ്മായിൽ മേററി, ബഹാദുർ ഷാ സഫർ എന്നിവരോടൊപ്പം ഹർഗോപാൽ തഫ്തിബാൽ മുകുന്ദ്

"PREMALAYAM"
PUTHIYARA
CALICUT-4.

ബേസ്ബർ, ശിവനാരായണ ആരാം, ജവാഹർസിംഹ് ജൌഹർ, ഹീരാസിംഹ് ദർദ് എന്നിവരും ഗാലീബിൻെറ ശിഷ്യന്മാരായ ഉൽകൃഷ്ടസാഹിത്യകാരന്മാരായിരുന്നു. പഴയ സമ്പ്രദായങ്ങൾ വിട്ട്, പുതിയ മാർഗ്ഗങ്ങൾ സ്വീകരിച്ചുവെന്നതാണ് ഗാലീബിൻെറ കവിതകളുടെ ഏററവും വലിയ സവിശേഷത. അദ്ദേഹത്തിൻെറ ഈരടികൾ ഇന്നും ജനങ്ങൾക്ക് കാണാപ്പാഠമാണ്. ആ കവിതകളിൽ മനോവിജ്ഞാനം, മനുഷ്യൻെറ മാനസികവ്യാപാരങ്ങളുടെ ഗതിവിഗതികൾ, ഈശ്വരനും പ്രേമികയുമായുള്ള നർമ്മചർച്ചകൾ, ഹാസ്യോക്തികൾ എന്നിവയുടെ അമൂല്യ മാതൃകകൾ കാണാം.

—



# സ്വാതി തിരുനാൾ

കേരളം സംഗീതപാരമ്പര്യത്തിന്ന് എല്ലായ്പ്പോഴും പ്രസിദ്ധമായിരുന്നു. ഇവിടെ ജനങ്ങളുടെ സാമൂഹ്യജീവിതത്തിലും മതപരമായ ജീവിതത്തിലും സംഗീതം മഹത്തായൊരു സ്ഥാനം കരസ്ഥമാക്കിയിട്ടുണ്ടെന്നതാണ് അതിന്ന് കാരണം. അതുകൊണ്ട് ഇവിടെ നൃത്തം, സംഗീതം മുതലായവക്ക് വിടന്ന് വികസിയ്ക്കുന്നതിന്ന് സ്വാഭാവികമായ അവസരം കിട്ടി. ഇവിടത്തെ അനേകം രാജാക്കന്മാർ ആ കലകളിൽ വിദഗ്ദ്ധരും മർമ്മജ്ഞരുമായിരുന്നുവെന്നതാണ് അവയുടെ ബഹുമുഖമായ ഈ ഉന്നതിയ്ക്ക് ഒരു കാരണം. തിരുവിതാംകൂർ മഹാരാജാവ് സ്വാതി തിരുനാൾ രാമവർമ്മ അവരിൽ ഒരാളായിരുന്നു.

സ്വാതി തിരുനാൾ ക്രിസ്ത്വബ്ദം 1813 ഏപ്രിൽ 16-ാംനു ജനിച്ചു. പതിമൂന്നു വയസ്സുള്ളപ്പോൾ തന്നെ അദ്ദേഹം മലയാളം, സംസ്കൃതം, ഫാർസി, ഇംഗ്ലീഷ്, തെലുങ്ക്, മറാഠി, കന്നഡ, ഹിന്ദുസ്ഥാനി എന്നീ ഭാഷകളിൽ പ്രത്യേകമായ അറിവ് നേടി. പതിനാറു വയസ്സായപ്പോൾ, അദ്ദേഹം രാജാവായി. ഏകദേശം പതിനെട്ടു വർഷം രാജ്യം ഭരിച്ചു.

ഈ ഹ്രസ്വകാലത്തിനുള്ളിൽ, അദ്ദേഹം ജനങ്ങളുടേയും രാജ്യത്തിന്റേയും സർവ്വതോമുഖമായ ഉന്നതിക്കായി വളരെ പ്രയത്നിച്ചു. അദ്ദേഹത്തിന്റെ ഭരണകാലത്ത് രാജ്യത്ത് സുഖസമൃദ്ധിയും ശാന്തിയും കളിയാടി. അതുകൊണ്ട്, ഇന്ന്, സ്വാതി തിരുനാൾ വിദഗ്ദ്ധനും, ദയാലുവുമായ ഒരു ഭരണാധികാരിയെന്ന നിലയ്ക്ക് മാത്രമല്ല അറിയപ്പെടുന്നത്. പിന്നെയോ, ഏററവും മേലേക്കിടയിലുള്ള ഒരു വിദ്വാനും, കലാകാരനും, സംഗീതജ്ഞനുമായിട്ടുകൂടി അദ്ദേഹം കണക്കാക്കപ്പെടുന്നു. അദ്ദേഹം വേദപുരാണപാരംഗതനായിരുന്നു; ഉന്നതനായ ഒരു കവിയും, കലാമർമ്മജ്ഞനും ആയിരുന്നു. രാജാവിനുള്ളതിനേക്കാൾ വലിയ സ്ഥാനമാണ് കവിക്കുള്ളതെന്ന് ചക്രവർത്തിമാരായ ഹർഷനേയും ഭോജനേയും പോലെ സ്വാതി തിരുനാളും തെളിയിച്ചു.

അദ്ദേഹം കർണ്ണാടക-ഹിന്ദുസ്ഥാനി സംഗീതസമ്പ്രദായങ്ങളും, അതിലെ കൃതികളും നല്ലവണ്ണം മനസ്സിലാക്കിയിരുന്നു. കീർത്തനമായാലും, വർണ്ണമായാലും, പദമായാലും, തില്ലാനയായാലും, ധ്രുപദ് ആയാലും, ഖയാലായാലും വിഭിന്നരംഗങ്ങളിലുള്ള അദ്ദേഹത്തിന്റെ വഴി സമാനരൂപത്തിലായിരുന്നു. ഈ രാജകീയകലാകാരൻ ഹിന്ദുസ്ഥാനിഭാഷയിലും സംഗീതത്തിലും വിദഗ്ദ്ധനായിരുന്നു. ഇത് ഒരു നൂററാണ്ടു കാലത്തിനു മുമ്പായിരുന്നുവെന്നോർക്കേണ്ടതുണ്ട്. അദ്ദേഹം അക്കാലത്തെ വിവിധ സംഗീതജ്ഞരെ എല്ലാവിധ സഹായങ്ങളും നൽകി പ്രോത്സാഹിപ്പിച്ചു. തന്റെ കൃതികൾ കൊണ്ട് ഹിന്ദുസ്ഥാനി സംഗീതത്തെ പോഷിപ്പിച്ചു.

സ്വാതി തിരുനാൾ രചിച്ച ഏകദേശം മുന്നൂററിയമ്പതു് പാട്ടുകൾ ഇന്ന് കിട്ടാനുണ്ട്. അദ്ദേഹത്തിന്റെ കൃതികളിൽ കേവലം കീർത്തനങ്ങൾ മാത്രമല്ല, പദം, വർണ്ണം, തില്ലാന എന്നിവയുമുണ്ട്. സ്വാതി തിരുനാളിന്റെ കർണ്ണാടകസംഗീതശൈലിയിൽ ത്യാഗരാജകൃതികൾ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. അക്കാലത്ത് തിരുവിതാംകൂറിൽ പ്രചാരത്തിലിരുന്ന സോപാനരീതിയിൽ മഹാരാജാവ് സമൂലപരിവർത്തനം വരുത്തി. ഈ നവീനപദ്ധതി ഇന്നും അവിടത്തെ ക്ഷേ

ത്തുങ്ങളിൽ പ്രചാരത്തിലിരിയ്ക്കുന്നു. തിരുവിതാംകൂറിൽ അന്നുവരെ ജനങ്ങൾക്കു് ഹിന്ദുസ്ഥാനിസംഗീതം അപരിചിതമായിരുന്നു. അതിനെ ജനസമ്മതിയുള്ളതാക്കിയതു് സ്വാതി തിരുനാൾ ആണു്. രണ്ടു രീതികളിലും തുല്യവൈദഗ്ദ്ധ്യം നേടിയ അദ്ദേഹം തിരുവിതാംകൂറിൽ കർണ്ണാടകസംഗീതത്തിനു് വലിയ ഉന്നതി കൈവരുത്തി. സ്വാതി തിരുനാൾ ഗാനങ്ങളിൽ സുന്ദരമായ താളലയങ്ങൾക്കൊപ്പിച്ചു് തിരഞ്ഞെടുത്ത വാക്കുകളിൽ ഭാവാർത്ഥങ്ങൾ പ്രകടിപ്പിച്ചു. അങ്ങനെ അദ്ദേഹം സംഗീതശാസ്ത്രത്തിനു് വേണ്ടി അപൂർവ്വസേവനം അനുഷ്ഠിച്ചു.

കർണ്ണാടകസംഗീതരചനകളെ അഞ്ചു ഭാഗങ്ങളായി തിരിയ്ക്കാം: കീർത്തനം, പ്രബന്ധം, വർണ്ണം, പദം, തില്ലാന.

മഹാരാജാവു് പ്രത്യേകിച്ചു് ഭരദേവതയെ സ്തുതിച്ചാണു് കീർത്തനങ്ങൾ രചിച്ചതു്. ഇവയിൽ നവരാത്രി കീർത്തനവും നവരത്നമാലയും മഹത്തരമാണു്. നവരാത്രികീർത്തനത്തിൽ ഒൻപതു പാട്ടുകളുണ്ടു്. അതു് എല്ലാ വർഷവും നവരാത്രികാലത്തു് പാടുന്നു. നവരത്നമാല ഒൻപതു പാട്ടുകൾ കോർത്തിണക്കിയ ഹാരമാണു്. ഭാഗവതത്തിൽ പറഞ്ഞിരിയ്ക്കുന്ന ഒൻപതു വിധത്തിലുള്ള ഭക്തിയുമായി ബന്ധപ്പെട്ടതാണു് ആ പാട്ടുകൾ. അതിനു ശേഷം ഏകദേശം മുപ്പത്തിയഞ്ചു് ധനകീർത്തനങ്ങളാണു്. ഈ പ്രസിദ്ധകീർത്തനങ്ങളുടെ പ്രത്യേകത സ്വരാക്ഷരങ്ങൾ വളരെ ഭംഗിയായി പ്രയോഗിച്ചിട്ടുണ്ടെന്നതാണു്. ഇതു കൂടാതെ പ്രബന്ധം, വർണ്ണം, പദം, തില്ലാന എന്നിവയും സ്വാതി തിരുനാൾ രചിച്ചു. അവ സംസ്കൃതം, തെലുങ്കു്, മലയാളം എന്നീ ഭാഷകളിലാണു് എഴുതിയിട്ടുള്ളതു്.

ഇനി ഹിന്ദുസ്ഥാനി സംഗീതരചനകളിലേയ്ക്കു് കടക്കാം. ഇവയിൽ 37 എണ്ണത്തിനെപ്പററി മാത്രമേ നമുക്കു് അറിഞ്ഞുകൂടു. ഇവ അച്ചടിച്ചു് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. ധ്രുപദും, ഖയാലും, ടപ്പയും ഇവയിൽ സമ്മേളിച്ചിരിയ്ക്കുന്നു. ധനാശ്രീ രാഗത്തിലുള്ള *'നന്ദ നന്ദ ബ്രജപൂർണ്ണ'* എന്ന കൃതിയും *'ചലിയേ കുഞ്ജൻ മേ തും'* എന്ന സാരംഗ രാഗത്തിലുള്ള കൃതിയും അദ്ദേഹം രചിച്ച രണ്ടു മനോഹര ധ്രുപദങ്ങളാണു്.

വിഭിന്നരാഗങ്ങളുടെ പേരുകളുള്ള ഒരു രാഗമാലികയാണ് മററൊരു ധ്രുപദ്. ഇതിൽ നിന്ന് മഹാരാജാവിന് കർണ്ണാടക-ഹിന്ദുസ്ഥാനി പദ്ധതികളിൽ ഒരുപോലെ വൈദഗ്ദ്ധ്യമുണ്ടായിരുന്നെന്നു കാണാം.

പന്ത്രണ്ടോളം വരുന്ന അദ്ദേഹത്തിൻെറ ഖയാലുകൾ അവയുടെ മാധുര്യത്തിന് പുകഴ്പെററവയാണ്. *'ബാജത് ബധായീ നഗരീ രഘുരായീ'* എന്ന ഭജനയിലും, *'രാമചന്ദ്രപ്രഭു'* എന്ന ഭജനയിലും മീരാഭജനകളുടെ പവിത്രതയും, മാധുര്യവും സ്പഷ്ടമായി വിളങ്ങുന്നു.

സ്വാതി തിരുനാൾ വിഭിന്നപ്രകാരത്തിലുള്ള രാഗങ്ങളിൽ സംഗീതം രചിച്ചിട്ടുണ്ട്. അവയിൽ മറാഠിയിലേയും ഹിന്ദുസ്ഥാനിയിലേയും ചില അപൂർവ്വരാഗങ്ങളുമുണ്ട്. പല ഭാരതീയഭാഷകളിലും അവഗാഹം നേടിയിരുന്നതുകാരണം, കുറഞ്ഞതു് ഏഴ ഭാഷകളിലെങ്കിലും അദ്ദേഹം ഗാനങ്ങൾ രചിയ്ക്കുകയുണ്ടായി. മൂന്നിൽ രണ്ടു ഭാഗത്തിലേറെ കീർത്തനങ്ങളും സംസ്കൃതത്തിലാണ്. സ്വാതി തിരുനാൾ അനുപ്രാസത്തേയും പദ്യരചനയേയുംകുറിച്ച് പണ്ഡിതോചിതമായ ഒരു ഗ്രന്ഥം രചിച്ചിട്ടുണ്ട്. ഇതു് മലയാളത്തിൽ പ്രസിദ്ധീകരിച്ചിട്ടില്ല. ഇതിൻെറ സംസ്കൃതവിവർത്തനം കുറേ കൊല്ലം മുമ്പ് പ്രസിദ്ധം ചെയ്തു.

മഹാരാജാവ് യോഗ്യരായ കലാകാരന്മാർക്ക് ആശ്രയം നൽകി, കലയ്ക്കും, സാഹിത്യത്തിനും വേണ്ടി പ്രത്യേകസേവനമനുഷ്ഠിച്ചു. ദില്ലി, ഗ്വാളിയർ, മൈസൂർ എന്നിവിടങ്ങളിലെ ഹിന്ദുസ്ഥാനി സംഗീതജ്ഞർ അദ്ദേഹത്തിൻെറ ദർബ്ബാറിൽ സ്ഥിരമായി താമസിച്ച്, പ്രോത്സാഹനം നേടി. മേരുസ്വാമി, വടിവേലു എന്നിവരെപ്പോലുള്ള സംഗീതവിശാരദർ അദ്ദേഹത്തിൻെറ ദർബാറിൻെറ ശോഭ വർദ്ധിപ്പിച്ചിരുന്നു. ഗോവിന്ദമാരാരെപ്പോലുള്ള അസാധാരണസംഗീതജ്ഞരും, ഇരയിമ്മൻ തമ്പിയെപ്പോലുള്ള ഗാനരചയിതാക്കളും രാജസഭയിൽ സംരക്ഷണം കിട്ടിയവരുടെ കൂട്ടത്തിലുണ്ടായിരുന്നു. സ്വാതി തിരുനാൾ ഒരു സംഗീത സഭയും സ്ഥാപിച്ചു.

മഹാരാജാവ് മുപ്പത്തിനാലാമത്തെ വയസ്സിൽ അകാലമരണം പ്രാപിച്ചു. അദ്ദേഹം പൊതുജനസമ്മതനായ ഭരണാധികാരിയായിരുന്നു.

ജനങ്ങളുടെ സ്നേഹാദരങ്ങൾ ആർജ്ജിച്ചിരുന്നു. രാജസഭയുടെ മേന്മ നിലനിർത്തുന്നതിൽ അദ്ദേഹം വളരെയധികം ശ്രദ്ധിച്ചിരുന്നു,

ചുരുക്കത്തിൽ, സ്വാതി തിരുനാൾ മഹാരാജാവ് നാനാമുഖമായ പ്രതിഭകളുള്ള ഒരു വ്യക്തിയായിരുന്നു. അദ്ദേഹം ഭാഷാപണ്ഡിതനും, സംഗീതജ്ഞനും, ഗാനരചയിതാവുമായിരുന്നു. എല്ലാററിലുമുപരി, അദ്ദേഹം നീതിനിഷ്ഠനും, അഭിമാനഭരിതനുമായ രാജാവായിരുന്നു. തിരുവിതാംകൂറിലെ ഏററവുമധികം ജനസമ്മതി നേടിയ ഭരണാധിപന്മാരിൽ ഒരാളായി സ്വാതി തിരുനാളിനെ കണക്കാക്കാം,



# താത്യാ ടോപ്പേ

താത്യാ ടോപ്പേ ഭാരതത്തിലെ ഒരു വീരസേനാനി ആയിരുന്നു. ക്രി. പി. 1857-ലെ സൈനിക വിപ്ലവത്തിൽ അദ്ദേഹം വളരെ വീരത്വത്തോടും, ചാതുര്യത്തോടും ഇംഗ്ലീഷുകാരെ എതിരിട്ടു. അക്കാലത്തു് ഇംഗ്ലണ്ടിൽ അദ്ദേഹത്തിൻെറ പേരു് വലിയ ഇംഗ്ലീഷു് ജനറൽമാരേക്കാളും പ്രസിദ്ധമായിരുന്നു.

ക്രിസ്തുവബ്ദം 1814-ൽ താത്യാ ടോപ്പേ ജനിച്ചു. അദ്ദേഹത്തിന്റെ ശരിയായ പേരു് രാമചന്ദ്രപാണ്ഡുരംഗനെന്നായിരുന്നു. അദ്ദേഹത്തിൻെറ അച്ഛൻെറ പേരു് പാണ്ഡുരംഗ ഭട്ടു് എന്നായിരുന്നു. പാ

ണ്ഡുരംഗഭട്ട് ബാജിറാവു പേഷ്വായുടെ ധനസഹായ വകുപ്പ് മേധാവിയായിരുന്നു. ഇംഗ്ലീഷുകാരുമായി ചെയ്ത സന്ധിയനുസരിച്ച്, ബാജിറാവു ലഖ്നൌവിൽ താമസിയ്ക്കാൻ വന്നപ്പോൾ, അദ്ദേഹത്തോടൊപ്പം പാണ്ഡുരംഗ ഭട്ടും വന്നു. അങ്ങനെ ബാജിറാവുവിൻെറ ദത്തുപുത്രനായ നാനാ സാഹേബും താത്യയോടൊപ്പം കുട്ടിക്കാലം മുതൽ ഒരുമിച്ചു കളിച്ച് വളർന്നു വന്നു.

ക്രി. പി. 1857-ൽ സൈനിക വിപ്ലവമുണ്ടായപ്പോൾ, താത്യാ ടോപ്പേ നാനാസാഹേബ് പേഷ്വായുടെ ഒരു സാധാരണ ക്ലാക്ക് ആയിരുന്നു. കാൻപുരിൽ ഇംഗ്ലീഷുകാരുടെ തോൽവിയ്ക്കുശേഷം നാനാ സാഹേബ് പേഷ്വാ സിംഹാനസ്ഥനായപ്പോഴും, താത്യാ ടോപ്പേ പഴയ ജോലിയിൽ തന്നെ തുടർന്നു. എന്നാൽ, കാൻപുരിൽ ഇംഗ്ലീഷുകാർ വീണ്ടും ആധിപത്യം സ്ഥാപിയ്ക്കുകയും, നാനായ്ക്കു് തോൽവി പററുകയും ചെയ്തപ്പോൾ, താത്യാ ടോപ്പേ പേന താഴെ വെച്ച് വാളെടുത്തു.

അദ്ദേഹം നാനാസാഹേബിനോട്ട് ബിഠൂർ വിട്ട്, ഫത്തേഹ്പുരിൽ പോകാൻ ഉപദേശിയ്ക്കുകയും, സ്വയം ഇംഗ്ലീഷുകാരോട്ട് യുദ്ധം തുടരുകയും ചെയ്തു. തോല്പിക്കപ്പെട്ട നാനായുടെ സൈന്യങ്ങൾ പുതിയ രീതിയിൽ സംഘടിച്ച്, ബിഠൂരിൽ അധികാരം പിടിച്ചെടുത്തു. ഈ വിവരമറിഞ്ഞു് ഇംഗ്ലീഷ് ജനറൻ ഹാവ്ലക്ക് ലഖ്നൗവിൽ യുദ്ധം നിർത്തി, കാൻപുരിൽ വന്നു. താത്യായുടേയും ഹാവ്ലക്കിൻേറയും സൈന്യങ്ങൾ തമ്മിൽ ഭയങ്കര യുദ്ധം നടന്നു. ഈ യുദ്ധത്തിൽ താത്യാ തോററു. ആ സമയത്തു് ബ്രിട്ടീഷ് സേന താത്യായുടെ മുമ്പിൽ ഉറച്ചു നിന്നു്, അദ്ദേഹത്തെ പിറകോട്ട് ഓടിച്ചുകൊണ്ടിരുന്നു. പുറകിൽ ഗംഗാനദി വെള്ളപ്പൊക്കം മൂലം കര കവിഞ്ഞൊഴുകിയിരുന്നു. താത്യാ, കുറച്ച് ഭടന്മാരെ ഇംഗ്ലീഷുകാരോട്ട് പൊരുതാൻ വിട്ടിട്ട്, ശേഷിച്ച സൈന്യത്തോട്ട് ഗംഗയിൽ ചാടാൻ പറയുകയും, തന്നത്താൻ ചാടുകയും ചെയ്തു. ഇങ്ങനെ ആഗസ്റ്റ് 16-ാനു- തൻെറ സൈന്യത്തോടൊപ്പം, കവിഞ്ഞൊഴുകുന്ന ഗംഗയിൽ കൂടി നീന്തി, അദ്ദേഹം ഫത്തേഹ്പുരിലെത്തി. അവിടെ സൈന്യത്തെ പുതിയ രീതിയിൽ

"PREMALAYAM"
PUTHIYARA
CALICUT-4.



സംഘടിപ്പിച്ച്, അവരെ നാനായുടെ നേതൃത്വത്തിൽ വിട്ടിട്ട്, കാൽപിയിൽ പോയി. അവിടെ മറെറാരു സൈന്യത്തെ സംഘടിപ്പിച്ച്, താത്യാ കാൽപികോട്ട അധീനത്തിലാക്കി. കാൽപിയിൽ ഇംഗ്ലീഷുകാരുടെ കൂടെയുണ്ടായിരുന്ന ഭാരതീയ ഭടന്മാരെല്ലാം താത്യായുടെ സൈന്യത്തിൽ ചേന്ന. അവിടെ വച്ച് നാനാ സാഹേബിൻെറ സൈന്യവും അദ്ദേഹത്തിൻെറ കൂടെ ചേർന്നു. രണ്ടു കൂട്ടരും ചേർന്ന് കാൻപൂർ ആക്രമിക്കുകയും, മൂന്നു ദിവസത്തെ ഭയങ്കരയുദ്ധത്തിനു ശേഷം കാൻപൂർ വീണ്ടും അധീനപ്പെടുത്തുകയും ചെയ്തു. എന്നാൽ, ലഖ്നൗവിൽ നിന്നും, അലഹബാദിൽ നിന്നും പുതിയ പുതിയ ഇംഗ്ലീഷ് സേനകൾ കാൻപുരിലേയ്ക്കു് നീങ്ങി. താത്യായും, നാനാ സാഹേബും ഉറച്ചു നിന്ന് അവരെ നേരിട്ടു. പക്ഷെ, അവരുടെ ശക്തി ക്ഷയിച്ചുകൊണ്ടിരുന്നു. ഇംഗ്ലീഷ് സേനയുടെ ശക്തി കൂടിക്കൊണ്ടിരുന്നു. അപ്പോൾ, നാനാ സാഹേബിനെ പൊരുതാൻ വിട്ടിട്ട്, താത്യാ പുതിയ സൈന്യം സംഘടിപ്പിയ്ക്കാൻ കാൽപിയിൽ പോയി. ലഖ്നൗവിൽ നിന്ന് ജനറൽ കാംബെലും കാൻപുരിലേയ്ക്കു് പോയി. ഡിസംബർ 1 മുതൽ 6 വരെയുള്ള അതിഭയങ്കര യുദ്ധത്തിനുശേഷം ഇംഗ്ലീഷുകാർ കാൻപൂർ അധീനപ്പെടുത്തി. നാനാ സാഹേബ് ഷാജഹാൻപുരിലേയ്ക്കു് ഓടി രക്ഷപ്പെട്ടു. അദ്ദേഹവും താത്യായും വീണ്ടും ഏതെങ്കിലും സ്ഥലത്തുവച്ച് ഒരുമിച്ചു ചേരുക അസാദ്ധ്യമായിത്തീർന്നു.

താത്യാ ടോപ്പേ കാൽപിയിലെത്തി, വളരെ വലിയ ഒരു സൈന്യം രൂപീകരിച്ചു. പേഷ്വായെ ഓടിച്ചുകൊണ്ടിരുന്ന ഇംഗ്ലീഷ് സൈന്യത്തെ നാനാ സാഹേബ് പുറകിൽ കൂടി ആക്രമിയ്ക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ പദ്ധതി. എന്നാൽ, അക്കാലത്തു് ഝാൻസിയിലെ റാണി ലക്ഷ്മീബായി ഇംഗ്ലീഷു് ജനറൽ സർ ഹ്യൂ റോസിനോട്ട് യുദ്ധം ചെയ്യാൻ ഒരുങ്ങുകയായിരുന്നു. മാർച്ച് 24-ാംനു സർ ഹ്യൂ റോസ് ഝാൻസി ആക്രമിച്ചു. എട്ടു ദിവസത്തെ ഭയങ്കരയുദ്ധത്തിനുശേഷം റാണി താത്യാ ടോപ്പായുടെ സഹായം ആവശ്യപ്പെട്ടു. അപ്പോൾ താത്യാ ലഖ്നൗവിലേയ്ക്കു് നീങ്ങാനുള്ള വിചാരം ഉപേക്ഷിച്ച്, റാണിയെ സഹാ

യിയ്ക്കാനായി ഝാൻസിയിലേയ്ക്ക് പുറപ്പെട്ടു. അപ്പോൾ, അദ്ദേഹത്തിന്റെ കൂടെ പതിനാലായിരത്തിലധികം ഭടന്മാരുണ്ടായിരുന്നു. ഝാൻസി കുറച്ചുകലെയായിരുന്നു. എന്നാൽ, താത്യാ, റാണിയുടെ സഹായത്തിനായി വരുന്നുണ്ടെന്ന് അറിയിയ്ക്കാനായി, വഴിയിൽ ഉയന്ന മലകളിൽ ഉയരത്തിൽ തീ കൊളുത്തി. ഇതു കണ്ടു്, റാണിയ്ക്കും അവരുടെ സൈന്യത്തിനും ഉത്സാഹം വർദ്ധിച്ചു. രാത്രിയിൽ സർ ഹ്യൂ റോസിന്റെ സൈന്യത്തെ പുറകിൽ കൂടി ആക്രമിയ്ക്കാൻ അവർ ആഗ്രഹിച്ചു. സർ ഹ്യൂ റോസിനു് ഈ വിവരം കിട്ടി. അദ്ദേഹം ഝാൻസി കോട്ടയുടെ പുറകു വശത്തു് വലിയ വലിയ പീരങ്കികൾ വച്ചു. താത്യായുടെ സൈന്യം മുന്നോട്ടു നീങ്ങി. അപ്പോൾ പീരങ്കികൾ പ്രവർത്തിച്ചു തുടങ്ങി. അതു് വകവയ്ക്കാതെ താത്യായുടെ ഭടന്മാർ, ജീവനെ തൃണവൽഗണിച്ചു മുന്നോട്ടു നീങ്ങി. അവരുടെ ഉന്നം സർ ഹ്യൂ റോസിന്റെ പീരങ്കികൾ പിടിച്ചെടുക്കുകയായിരുന്നു. പക്ഷെ, ഈ യത്നത്തിൽ താത്യായുടെ ഭൂരിപക്ഷം ഭടന്മാരും കൊല്ലപ്പെട്ടു. അദ്ദേഹത്തിനു് തിരിച്ചുപോകേണ്ടി വന്നു. താത്യായുടെ സഹായം എത്തിച്ചേരാതെ വന്നപ്പോഴും, വീരാംഗനയായ ലക്ഷ്മീബായി പൊരുതിക്കൊണ്ടിരുന്നു. അവർ സർ ഹ്യൂവിനെ അടിച്ചോടിയ്ക്കുകയായിരുന്നു. എന്നാൽ, ഝാൻസിയിലെ ഒന്നു രണ്ടു രാജ്യദ്രോഹികൾ തെക്കു വശത്തെ കോട്ടവാതൽ തുറന്നിട്ടു. അങ്ങനെ, ഇംഗ്ലീഷ് സൈന്യം കോട്ടയ്ക്കകത്തു് കയറാൻ തുടങ്ങി. രക്ഷയ്ക്കു് വേറെ ഉപായമൊന്നും കാണാതായപ്പോൾ, റാണി കോട്ടയ്ക്കു് പുറത്തിറങ്ങി, കാൽപിയിൽ താത്യായെ പോയി കണ്ടു.

അപ്പോൾ സർ ഹ്യൂ കാൽപിയുടെ നേർക്കു് നീങ്ങി. ഗ്വാളിയറിലെ സൈന്യത്തെ തന്റെ വശത്താക്കണമെന്നും, ഗ്വാളിയർ അധീനപ്പെടുത്തിക്കൊണ്ടു്, അവിടെ നിന്നും യുദ്ധം ചെയ്യാമെന്നും ഒരു പദ്ധതി താത്യാ ടോപ്പേ ഉണ്ടാക്കി.

ഗ്വാളിയർ രാജാവായ സിന്ധിയാ ഇംഗ്ലീഷുകാരുടെ സഹായിയായിരുന്നു. എന്നാൽ താത്യായെ കണ്ടപ്പോൾ തന്നെ സിന്ധിയയുടെ സൈന്യം രാജാവിനെ കൈവിട്ടു. 1858 ജൂണിൽ ഗ്വാളിയർ കോട്ട അനാ

യാസേന താത്യാ ടോപ്പേയുടെ അധീനത്തിലായി. സിന്ധിയ ഓടിപ്പോയി. സർ ഹ്യൂ റോസ് സിന്ധിയയെക്കൂട്ടി ഗ്വാളിയർ ആക്രമിച്ചു. ഈ യുദ്ധം പലദിവസങ്ങൾ നീണ്ടു നിന്നു. ഇതിനിടയ്ക്കു് ലഹളയുടെ തീ മററു സ്ഥലങ്ങളിലും കെട്ടുകഴിഞ്ഞിരുന്നു. ദില്ലി, കാൻപൂർ, ലഖ്നൗ, അലഹബാദ് എന്നിവ ഇംഗ്ലീഷുകാരുടെ അധീനത്തിലായി ഈ സ്ഥലങ്ങളിൽ നിന്നും വിട്ടുതൽ കിട്ടിയ ഇംഗ്ലീഷ് സൈന്യം ഗ്വാളിയറിലേയ്ക്കു് വന്നു. ജൂൺ 18-ാംനു ഗ്വാളിയറിൽ യുദ്ധം ചെയ്തുകൊണ്ടുതന്നെ റാണി ലക്ഷ്മീബായി വീരഗതി പ്രാപിച്ചു. താത്യായുടെ പക്കൽ അപ്പോഴും പതിനാലായിരം ഭടന്മാരുണ്ടായിരുന്നു. അദ്ദേഹം നാഗ്പൂരിലെത്തി, യുദ്ധത്തിനു് പുതിയ വ്യൂഹമുണ്ടാക്കാൻ നിശ്ചയിച്ചു. അദ്ദേഹത്തെ നർമ്മദാ കടക്കാനനുവദിയ്ക്കരുതെന്നു് ഇംഗ്ലീഷുകാർ ആഗ്രഹിച്ചിരുന്നു. എന്നാൽ, ആ വീര രണനിപുണൻ ഇംഗ്ലീഷുകാരുടെ എല്ലാ തന്ത്രങ്ങളേയും വിഫലമാക്കികൊണ്ടു്, നർമ്മദ കടന്നു്, നാഗ്പൂരിലെത്തി. വിപ്ലവം വിഫലമായതുകാരണം, താത്യാ ആശിച്ചതുപോലെ നാഗ്പൂരിൽ സഹായം കിട്ടിയില്ല. അദ്ദേഹം വീണ്ടും നർമ്മദ കടന്നു്, ഇക്കരെ തിരിച്ചു വന്നു്, ഇംഗ്ലീഷുകാരുടെ മേൽ ആകസ്മികാക്രമണം നടത്തി. നാലു ഭാഗത്തു നിന്നും ഇംഗ്ലീഷ്സൈന്യം അദ്ദേഹത്തെ വളഞ്ഞുകൊണ്ടിരുന്നു. എന്നാൽ, അദ്ദേഹത്തെ തടവുകാരനായി പിടിയ്ക്കാനുള്ള അവരുടെ എല്ലാ ഉപായങ്ങളും വിഫലമായിപ്പോയി.

ഇതിനിടയ്ക്കു് വിപ്ലവത്തിൻെറ തീ നിശ്ശേഷം കെട്ടടങ്ങി. ഭൂരിപക്ഷം വിപ്ലവകാരികളും ആത്മബലിയർപ്പിച്ചു. എന്നിട്ടും, താത്യാ ടോപ്പേ യുദ്ധം ചെയ്തുകൊണ്ടിരുന്നു. തൻെറ പടയാളികളെ ഓരോ ദിവസവും അറുപതു് മൈൽ വീതം ഓടിച്ചുകൊണ്ടുപോകത്തക്കവണ്ണം അത്ര നല്ല അറിവു് മദ്ധ്യഭാരതത്തിലെ ഘോരവനങ്ങളേയും, നദികളേയും, തോടുകളേയും, പർവതങ്ങളേയും, നിമ്നോന്നതപ്രദേശങ്ങളേയും കുറിച്ചു് അദ്ദേഹത്തിനുണ്ടായിരുന്നു. ഇംഗ്ലീഷുകാർ അദ്ദേഹത്തെ തടവുകാരനാക്കുകയെന്നതു് അസാധ്യമായിരുന്നു. എപ്പോൾ, എവിടുന്നു്

താത്യാ തങ്ങളെ ആക്രമിയ്ക്കുമെന്നു് അറിയാതെ, അവർ ഭയപ്പെട്ടു കഴിഞ്ഞു. അപ്പോൾ അവർ ചതി പ്രയോഗിച്ചു. താത്യായെ തടവുകാരനായി പിടിച്ചുകൊടുക്കാമെങ്കിൽ, താത്യായുടെ ഉററമിത്രമായ സർദാർ മാനസിംഹന് മാപ്പുകൊടുക്കാമെന്നും, നരവർ രാജ്യം അയാൾക്കു് കൊടുക്കാമെന്നും പറഞ്ഞു്, അവർ മാനസിംഹനെ പ്രലോഭിപ്പിച്ചു. മാനസിംഹൻ ഇതിൽ കുടുങ്ങിപ്പോയി. ആ സമയത്തു് താത്യാ അയാളുടെ കൂടെ പാരാ കാടുകളിൽ ഒളിച്ചിരിയ്ക്കുകയായിരുന്നു. ക്രിസ്ത്വബ്ദം 1859 ഏപ്രിൽ 1-ാംനു- അദ്ധരാത്രി താത്യാ ഗാഢനിദ്രയിലാണ്ടിരിയ്ക്കുമ്പോൾ മാനസിംഹൻ ഇംഗ്ലീഷു് ഭടന്മാരെ കൂട്ടിക്കൊണ്ടുവന്നു്, അദ്ദേഹത്തെ തടവുകാരനാക്കി. പിറേറ ദിവസം മേജർ മീഡിയുടെ കൂടാരത്തിൽ കൊണ്ടുവരപ്പെട്ടു. അദ്ദേഹത്തിൻെറ കാലുകളിൽ ഭാരിച്ച ചങ്ങലകളിട്ടിരുന്നു. മൂന്നു ദിവസം അദ്ദേഹത്തോടു് ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരുന്നു. ഒരു ഇംഗ്ലീഷുകാരൻ പറഞ്ഞതനുസരിച്ചു്, അദ്ദേഹം തൻെറ ഡയറി എഴുതി, സൈനികകോടതിയിൽ അദ്ദേഹത്തിൻെറ അന്യായം ഹാജരാക്കി. താത്യാ തൻെറ മൊഴിയിൽ പറഞ്ഞു: "ഞാൻ ചെയ്തതെല്ലാം എൻെറ യജമാനൻെറ ആജ്ഞയനുസരിച്ചാണു്. യുദ്ധഭൂമിയിലല്ലാതെ, ഒരു ഇംഗ്ലീഷുകാരനേയും ഞാനോ, നാനായോ കൊന്നിട്ടില്ല. ഇംഗ്ലീഷുകാരുടെ കോടതിയിൽ എനിക്കു് ന്യായം കിട്ടുകയില്ലെന്നു് എനിക്കു് അറിയാം. ഈ കേസിൽ കൂടുതൽ പങ്കെടുക്കാൻ ഞാൻ ആഗ്രഹിയ്ക്കുന്നില്ല."

ഇംഗ്ലീഷുകാരുടെ ആ സൈനികകോടതി അദ്ദേഹത്തെ തൂക്കിക്കൊല്ലാൻ വിധിച്ചു. താത്യാ ചിരിച്ചുകൊണ്ടു്, ആ വിധിയെ സ്വാഗതം ചെയ്തു. 1859 ഏപ്രിൽ 18-ാംനു- അദ്ദേഹത്തെ തൂക്കിക്കൊന്നു. അദ്ദേഹം വളരെ ധൈര്യത്തോടെ, തൂക്കുമരത്തിന്റെ പലകയിൽ കയറി, സ്വന്തം കൈകൊണ്ടു് കൊലക്കയറു് പിടിച്ചു്, തൻെറ കഴുത്തിലിട്ടു. ആ സമയത്തു് അദ്ദേഹത്തിൻെറ മനസ്സിൽ എന്തെങ്കിലും ആഗ്രഹമുണ്ടെങ്കിൽ പറയാൻ അദ്ദേഹത്തോടു് ആവശ്യപ്പെട്ടു. താത്യാ പറഞ്ഞു: "ഒരേ ഒരു കാര്യമേ ഞാൻ ആഗ്രഹിയ്ക്കുന്നുള്ളു. എൻെറ വയസ്സായ അ

"PREMALAYAM"
PUTHIYARA
CALICUT-4.

ക്കുന്നും, കുട്ടംബത്തിനും എൻെറ പ്രവൃത്തികളുമായി യാതൊരു ബന്ധ വുമില്ല. ഞാൻ കാരണം അവരെ ഉപദ്രവിക്കരുതു്."

ഇങ്ങനെ ഏപ്രിൽ 18-ാനു തൂക്കുപലകയിൽ നിന്നാടി, താന്ത്യാ തൻെറ ജീവിതലീല സമാപിച്ചു. ദിവസം മുഴുവൻ കഴിഞ്ഞിട്ടും, അദ്ദേ ഹത്തിൻെറ ശവം ആടിക്കൊണ്ടിരുന്നുവെന്നതു് വിദേശീയാധിപത്യ ത്തിനു് ദേശഭക്തിയുടെ ഏററവും വലിയ ഉപഹാരമായിരുന്നു. പാറാ വു് മാറിയപ്പോൾ, ഇംഗ്ലീഷു് ഭടന്മാർ അദ്ദേഹത്തിനു നേരേ തല താഴ് ത്തി. അവർ അദ്ദേഹത്തിൻെറ മുടി വെട്ടിയെടുത്തു് ഓർമ്മയ്ക്കായി കൊ ണ്ടുപോയി.

പിന്നീടു്, ആരെത്ര ശ്രമിച്ചിട്ടും അണയ്ക്കാൻ കഴിയാത്ത, ഉജ്വല മായ സ്വാതന്ത്ര്യവഹ്നിയാണു് താന്ത്യാ ടോപ്പേ തൻെറ ആത്മബലിയിൽ നിന്നു് ഭാരതീയരുടെ ഹൃദയത്തിൽ കൊളുത്തിയതു്.

—

# ലക്ഷ്മീബായി



1857-ലെ വിപ്ലവം വാസ്തവത്തിൽ ഭാരതത്തിൻെറ ആദ്യത്തെ സ്വാതന്ത്ര്യ സമരമായിരുന്നു. റാണി ലക്ഷ്മീബായി, ആ യുദ്ധത്തിൻെറ പ്രാണനും പ്രേരണയുമായിരുന്നു. ശത്രുക്കൾപോലും അവരുടെ വീരതത്തേയും, ഗുണങ്ങളേയും മുക്തകണ്ഠം പ്രശംസിച്ചിട്ടുണ്ട്. സർ ഹ്യൂ റോസ് റാണിയെ പ്രശംസിച്ചുകൊണ്ട്, തന്റെ ഡയറിയിൽ ഇങ്ങനെ കുറിച്ചിരിക്കുന്നു: "മഹാറാണിയുടെ ഉന്നതകുടുംബം, ആശ്രിതരോടും ഭടന്മാരോടുമുള്ള അവരുടെ അതിരില്ലാത്ത ഔദാര്യം, ഏററവും ദുർഘടം പിടിച്ച സമയത്തും അവക്കുണ്ടായിരുന്ന ഉൽക്കടമായ ധൈര്യം എന്നിങ്ങനെയുള്ള അവരുടെ ഗുണങ്ങൾ അവരെ ഞങ്ങളുടെ അജയ്യയായ എതിരാളിയാക്കിയിരുന്നു. അവർ ശത്രുദലത്തിൻെറ ഏററവും ധീരയും, സർവ്വശ്രേഷ്ഠയുമായ സേനാനായികയായിരുന്നു." അവർ ഫ്രാൻസിലെ ജോൻ ഓഫ് ആക്കിനു് തുല്യയായ ഒരു വീര ദേശഭക്തയായിരുന്നുവെന്നു് ഒരു ലേഖകൻ അവരെപ്പററി എഴുതിയിരിക്കുന്നു.

എന്നാൽ, അക്കാലത്ത് അവരുടെ സഹപ്രവർത്തകർ അവരുടെ പ്രാധാന്യം മനസ്സിലാക്കിയില്ല. റാവു സാഹേബ് തുടങ്ങിയവർ അവരുടെ നേതൃത്വം സ്വീകരിച്ചിരുന്നെങ്കിൽ, 1857-ലെ സമരത്തെ ഇന്ന് "ലഹള"യെന്ന് പറയുമായിരുന്നില്ല.

അവർ സ്ത്രീയായിരുന്നെങ്കിലും, സമരമുറകളിൽ പ്രവീണയായിരുന്നു. നെഞ്ചിൽ വെടിയുണ്ടകൾ ഏററാലും, അതു് സഹിക്കാൻ അവർക്ക് കഴിവുണ്ടായിരുന്നു. സമരരംഗത്തിൽ സിംഹത്തെപ്പോലെ ഗർജ്ജിക്കുമായിരുന്നു. സുന്ദരിയും, മൃദുലമായിരുന്നെങ്കിലും, അവർ വീരന്മാരെ മുട്ടു കുത്തിക്കുമായിരുന്നു. തൻെറ രണകൌശലംകൊണ്ടു് അവരെ അത്ഭുതപ്പെടുത്തുമായിരുന്നു. അവർ ഒരു പതിവ്രതയായ ഭാര്യയും, പുത്രവത്സലയായ മാതാവുമായിരുന്നു. ഭർത്താവു് കഴിഞ്ഞാൽ തന്റെ കർത്തവ്യത്തെ പ്രാണനു് തുല്യം കരുതി, അവർ അതു് നിർവ്വഹിച്ചിരുന്നു. റാണി തന്റെ ദത്തുപുത്രനായ ദാമോദർ റാവുവിനെ പടക്കളത്തിൽ തൻെറ മുതുകിനോടു് ചേർത്തു് കെട്ടി ഇരുത്തിയാണു് പോരാടിയതു്.

അവർ മതഭക്തയായിരുന്നെങ്കിലും, ഇടുങ്ങിയ മനസ്ഥിതി അവരെ തീണ്ടിയിരുന്നുപോലുമില്ല. അവരുടെ സേനയിലെ മുസ്ലീങ്ങളും,



പഠാണികളും അവരുടെ വിശ്വാസപാത്രമായിരുന്നു. അവരുടെ നേതൃത്വത്തിൽ ഹിന്ദുക്കളും, മുസൽമാൻമാരും തോളോട്ട തോൾ ചേർന്നു നിന്നു് പോരാടി.

പൂനയിൽ പേഷ്വായുടെ ആധിപത്യകാലമായിരുന്നു. അവിടെ കൃഷ്ണറാവു താംബേ എന്നു പേരുള്ള ഒരു മറാഠാ ബ്രാഹ്മണബാലനുണ്ടായിരുന്നു. അവൻ പേഷ്വാകളുടെ വലിയ വിശ്വാസപാത്രമായിരുന്നു. ഈ ബ്രാഹ്മണൻെറ മകൻ ബലവന്തറാവു താംബേ പേഷ്വായുടെ സേനയിൽ ഒരു ഉയന്ന ഉദ്യോഗസ്ഥനായിരുന്നു. അയാളുടെ മകനായ മോറോ പന്തിൻ്റെ വീട്ടിലാണു് നമ്മുടെ കഥാനായികയായ മനുബായി ജനിച്ചതു്.

ബാജിറാവു പേഷ്വായെ സ്ഥാനഭ്രഷ്ടനാക്കിയശേഷം, ചിമ്നാജി അപ്പയെ പേഷ്വായാക്കി തോന്ന്യാസം കാണിയ്ക്കാൻ ഇംഗ്ലീഷുകാർ ആഗ്രഹിച്ചപ്പോൾ, ആത്മാഭിമാനമുള്ള ചിമ്നാജി, മോറോ പന്തിനേയും കൂട്ടിക്കൊണ്ടു്, കുടുംബസമേതം കാശിയിലെത്തി. ബനാറസിൽ വച്ചു് 1835 നവംബർ 19-ാംനു ലക്ഷ്മീബായി ജനിച്ചു. ജാതകം നോക്കിയ ജോത്സ്യന്മാർ, ഈ കുട്ടിയ്ക്കു് രാജയോഗമുണ്ടെന്നു് പ്രവചിച്ചു.

ലക്ഷ്മീബായിയുടെ ബാല്യകാലത്തെ പേരു് മണികർണ്ണികയെന്നോ, മനു ബായി എന്നോ ആയിരുന്നു. അവൾക്കു് നാലു വയസ്സായപ്പോൾ, അവളുടെ അമ്മയായ ഭാഗീരഥീ ബായി അന്തരിച്ചു. മോറോ പന്തു് മനു ബായിയേയുംകൊണ്ടു്, ബാജിറാവു താമസിച്ചിരുന്ന ബിഠൂരിലെത്തി. മനു ബായി ബാല്യത്തിൽതന്നെ ധീരയും, സാഹസികയും, നിഷ്കളങ്കയുമായിരുന്നു; കാഴ്ചയ്ക്കു് അതിസുന്ദരിയായിരുന്നു. കൊട്ടാരത്തിൽ സകലരുടേയും കണ്ണിലുണ്ണിയായിരുന്നു; 'സുന്ദരിപ്പെണ്ണെ'ന്നാണു് എല്ലാവരും അവളെ വിളിച്ചിരുന്നതു്. മനു ബായിയുടെ കുട്ടിക്കാലം പേഷ്വായുടെ ദത്തുപുത്രനായ നാനാ സാഹേബുമൊന്നിച്ചുള്ള കളികളിൽ കഴിഞ്ഞു. അമ്പെയ്യുന്നതിലും, കുതിര സവാരിയിലും, നീന്തലിലും, എഴുത്തിലും വായനയിലും അവൾ നാനായ്ക്കു് പിന്നിലല്ലായി

രുന്നു. ചെറുപ്പം മുതൽതന്നെ അവൾ വലിയ അഭിമാനിനിയായിരുന്നു.

മന്വ ബായി രണ്ടാമത്തെ തിഥിയിലെ ചന്ദ്രനെപ്പോലെ വളരാൻ തുടങ്ങി. ഏഴെട്ടു വയസ്സ് പ്രായമുള്ളപ്പോൾതന്നെ അവരുടെ ശരീരദാർഢ്യം കണ്ടുതുടങ്ങി. അക്കാലത്ത് ഝാൻസിയിൽനിന്ന് ദീക്ഷിതനെന്നു പേരുള്ള ഒരു കൊട്ടാരജോത്സ്യൻ ദർബാറിൽ വന്നു. മോറോപന്ത് അയാളോട്ട് ഈ കന്യകയ്ക്കു് ഒരു വരനെ നിർദ്ദേശിക്കണമെന്ന് പറഞ്ഞു. ദീക്ഷിതന്ന് മന്വ ബായിയുടെ ജാതകത്തിൽ മതിപ്പ് തോന്നി. ഝാൻസിയിൽ മടങ്ങിച്ചെന്ന്, അവിടത്തെ മഹാരാജാവായ ഗംഗാധരറാവുവിനോട്ട് ഈ പെൺകുട്ടിയെപ്പററി അയാൾ വളരെ പ്രശംസിച്ചു് പറഞ്ഞു. ഗംഗാധര റാവു മന്വ ബായിയെ വിവാഹം കഴിച്ചു. വിവാഹത്തിനുശേഷം മന്വ ബായിയുടെ പേരു് ലക്ഷ്മീബായിയെന്നായി.

അക്കാലത്ത് ഭാരതത്തിലെ സ്ഥിതി വളരെ മോശമായിരുന്നു. കമ്പനിയുടെ ആധിപത്യമായിരുന്നു നാലുപാടും. കുറെ രാജ്യങ്ങളൊഴികെ, ഇന്ത്യയുടെ മുഴവൻ കടിഞ്ഞാൺ കമ്പനിയുടെ കൈയിലായിരുന്നു. ദില്ലി പാദുഷായുടെ ഭരണം ദുർബ്ബലമായിരുന്നു. പഞ്ചാബിലെ സിക്കുകാരും, ബംഗാളിലെ നവാബും, മഹാരാഷ്ട്രത്തിലെ പേഷ്വായുമെല്ലാം മുട്ടു കുത്തിക്കഴിഞ്ഞു. എന്തെങ്കിലും മിരട്ടു പറഞ്ഞു്, അതല്ലെങ്കിൽ അനന്തരാവകാശി ഇല്ലാതായിട്ട്, പല രാജ്യങ്ങളും കമ്പനിയുടെ ആധിപത്യത്തിലായി. യോഗങ്ങൾ, വിവാഹങ്ങൾ, ദത്തു് എന്നിങ്ങനെയുള്ള വ്യക്തിപരമായ കാര്യങ്ങളിൽപോലും രാജ്യങ്ങൾക്കു് കമ്പനിയുടെ അനുവാദം വാങ്ങേണ്ടിവന്നു. ഗംഗാധര റാവുവും കമ്പനി സർക്കാറിൻെറ കൈയിലെ ഒരു പാവയായി മാറി. അയാളുടെ രാജ്യത്തും കമ്പനി, സേനയെ നിർത്തിയിരുന്നു. അതിനുള്ള ചെലവ്, ഝാൻസി രാജ്യം കൊടുക്കേണ്ടിയുമിരുന്നു. എന്നാൽ, ഇങ്ങനെയുള്ള കഷ്ടകാലത്തും ഗംഗാധർ പ്രജാഹിതം മറന്നിരുന്നില്ല. രാജ്യത്തെ കടത്തിൽനിന്നും മോചിപ്പിച്ചു്, പ്രജാസുഖത്തിനും പരിഷ്കാരങ്ങൾക്കുമായി പണം ചെലവാക്കി. നല്ല ഉദ്യോഗസ്ഥന്മാരെ നിയമിച്ചു. അദ്ദേഹ

ത്തിന്റെ രാജസദസ്സിൽ വിദ്വാന്മാരുടെ സഭയുണ്ടായിരുന്നു. ഝാൻസിയുടെ അടുത്തുള്ള രാജ്യങ്ങളിലും ഗംഗാധര റാവു വളരെ ആദരിക്കപ്പെട്ടിരുന്നു.

അസ്വാസ്ഥ്യങ്ങളിൽനിന്ന് വിമുക്തനായ രാജാവ്, ലക്ഷ്മീബായിയേയും കൊണ്ട് തീർത്ഥയാത്രയ്ക്ക് പോയി. അവിടെ നിന്ന് തിരിച്ചെത്തിയപ്പോൾ, ലക്ഷ്മീബായി ഒരാൺകുട്ടിയെ പ്രസവിച്ചു. രാജ്യത്ത് മുഴുവൻ ദീപാളിയ്ക്കുന്നപോലെ ആഘോഷമുണ്ടായി. ഗംഗാധരറാവു വിചാരിച്ചു: "എന്റെ ഝാൻസി ഡൽഹൌസിയുടെ പിടിയിൽ പോകാതെ രക്ഷപ്പെട്ടു. രാജ്യത്തിന് അനന്തരാവകാശിയായി." എന്നാൽ ദൈവഹിതം മറിച്ചായിരുന്നു. മൂന്നുമാസം തികഞ്ഞില്ല, അപ്പോഴേയ്ക്കും ആ കുട്ടി മരിച്ചു. നാലുപാടും ഇരുട്ടായതുപോലെ രാജാവിന് തോന്നി. അദ്ദേഹത്തിന് ഈ ദുഃഖം താങ്ങാൻ കഴിഞ്ഞില്ല. അദ്ദേഹം കിടപ്പായി. മരിക്കുന്നതിന് കുറച്ചു ദിവസംമുമ്പ് അദ്ദേഹം തന്റെ കുടുംബത്തിൽപെട്ട ആനന്ദറാവു എന്നു പേരുള്ള കുട്ടിയെ ശാസ്ത്രപ്രകാരം ദത്തെടുത്തു. അവനു് ദാമോദരറാവു എന്ന് പേരിട്ടു. ദാമോദര റാവുവിനെ ഝാൻസിയിലെ അനന്തരാവകാശിയായി അംഗീകരിക്കണമെന്ന് മഹാരാജാവ് കമ്പനി സർക്കാരിനോട് അഭ്യർത്ഥിച്ചു.

1854-ൽ മഹാരാജാവിന്റെ മരണശേഷം ഗംഗാധര റാവുവിന് ദത്തുപുത്രനുള്ളതായി കമ്പനി അംഗീകരിക്കുന്നില്ലെന്നും, ഝാൻസിയെ, അനന്തരാവകാശി ഇല്ലാത്ത രാജ്യമെന്ന നിലയ്ക്ക്, ബ്രിട്ടീഷ് ഇന്ത്യയിൽ ചേർക്കാൻ കല്പിക്കുന്നുവെന്നും ബ്രിട്ടീഷ് മേൽക്കോയ്മയുടെ കല്പന വന്നു. റാണിയ്ക്ക് 60,000 രൂപ പെൻഷൻ നൽകാമെന്നും, അവർ കോട്ട വിട്ട് പട്ടണത്തിലെ കൊട്ടാരത്തിൽ താമസിക്കണമെന്നും ആജ്ഞാപിച്ചു.

റാണിയുടെ മനസ്സിടിഞ്ഞു. ഏതു ശക്തിയുടെ മുമ്പിൽ പേഷ്വാകൾ തല കുനിച്ചുവോ, ദില്ലി പാദുഷാ പാവയായിപ്പോയോ, അതിന് മുമ്പിൽ ഒരു സ്ത്രീയ്ക്ക് എന്തു ചെയ്യാൻ കഴിയും? കമ്പനി സർക്കാരിന്റെ

മർദ്ദനയന്ത്രത്തിനു മുമ്പിൽ തല ഉയർത്താൻ ശ്രമിച്ച രാജാക്കന്മാരേയും, പ്രജകളേയും അവിടെത്തന്നെ അവർ ചവുട്ടിത്തേച്ചു. എന്നാൽ, വേദന ശക്തമാകുമ്പോൾ, അതുതന്നെ ആ വേദനയ്ക്കു് മരുന്നാകും. ജനതയുടെ ക്ഷമയ്ക്കു് അറുതി വന്നപ്പോൾ, പൊട്ടിത്തെറിയ്ക്കലുണ്ടായി. 1857-ലെ ലഹള ഈ പൊട്ടിത്തെറിയ്ക്കലിൻെറ പരിണാമമായിരുന്നു. അതു് കേവലം ശിപായി ലഹളയായിരുന്നു. അതിൽ രാജാവും, ദരിദ്രനും, സകലരും പങ്കെടുത്തിരുന്നു. നാനാ സാഹേബ്, താത്യാ ടോപ്പേ, ബഹാദ്ദർ ഷാ, റാണി ലക്ഷ്മീ ബായി എന്നിവർ ഈ ലഹളയുടെ പ്രാണനായിരുന്നു. മേററ്, ദില്ലി, ലഖ്നൗ, ബനാറസ്, പററ്ന, ബുന്ദേൽഘണ്ട് എന്നിവിടങ്ങൾ ഈ ലഹളയുടെ കേന്ദ്രങ്ങളായിരുന്നു.

റാണി ലക്ഷ്മീബായി അധികസമയവും ഭജനയിൽ മുഴകി കഴിഞ്ഞു. ജീവിതത്തിൻെറ ശേഷിച്ച കാലം ഒരു അനാഥ വിധവയെപ്പോലെ കഴിയാതെ, ഒരു രാജ്യസ്നേഹിയായ സ്ത്രീയായി കഴിയണമെന്നു് അവർ നിശ്ചയിച്ചു. അതുകൊണ്ട്, അവർ വാൾപ്പയററും, കുതിര സവാരിയും നല്ലവണ്ണം അഭ്യസിച്ചു.

1857 ജൂൺ 4-ാംനു ഹവിൽദാർ ഗുരുബഖ്ശ് സിംഹ് ഝാൻസിയിൽ വിപ്ലവപതാക ഉയത്തി. ഝാൻസിയുടെ ഭരണം റാണി ലക്ഷ്മീബായിയെ ഏൽപിച്ചശേഷം, വീരന്മാരുടെ ഈ സംഘം കമ്പനി സർക്കാരിൽനിന്നു് അധികാരം പിടിച്ചെടുക്കാനായി, വിപ്ലവത്തിൻെറ തീപ്പൊരി ചിതറിക്കൊണ്ട് മുന്നോട്ടു കുതിച്ചു. വിപ്ലവകാരികൾ ഉന്മത്തരായി, ഝാൻസിയിൽ കുറെ കൊലപാതകങ്ങളും നടത്തി. എന്നാൽ, അതിൽ റാണിയ്ക്കു് പങ്കില്ലായിരുന്നു.

വിപ്ലവകാരികളിൽനിന്നു് രക്ഷപ്പെട്ടു് ഓടിയ മാർട്ടിൻ എന്നൊരു ഇംഗ്ലീഷുകാരൻ, റാണിയുടെ ദത്തുപുത്രനായ ദാമോദർ റാവുവിനു് ഇങ്ങനെ എഴുതി: "അങ്ങയുടെ അമ്മയുടെ പേരിൽ വലിയ ക്രൂരതയും, അന്യായവും കാണിച്ചിട്ടുണ്ട്. അതിനെക്കുറിച്ചു് എനിക്കറിയാവുന്നതുപോലെ മററാർക്കുമറിയില്ല. 1857 ജൂണിൽ ഝാൻസിയിൽ യൂറോ

പുത്രന്മാരുടെ കൊലപാതകം നടന്നതിൽ ആ പാവപ്പെട്ട സ്ത്രീയ്ക്കു് കൈയുണ്ടായിരുന്നില്ല.''

പരിതസ്ഥിതിയ്ക്കനുസരിച്ചു് കാര്യങ്ങൾ ചെയ്യുന്നതിൽ സമത്ഥരായ വീരസാഹസികരിലൊരാളായിരുന്നു ലക്ഷ്മീബായി. അവർ വളരെയധികം ഉയർച്ചയും താഴ്ചയും കണ്ടിട്ടുള്ളവരായിരുന്നു. പാവപ്പെട്ട ഒരു ബ്രാഹ്മണൻെറ വീട്ടിൽ ജനിച്ച അവർ റാണിയായി. എന്നാൽ, ഭാഗ്യചക്രം പിന്നേയും പിൻതിരിഞ്ഞു. പുത്രൻ മരിച്ചു; ഭത്താവും അന്തരിച്ചു; കമ്പനി സർക്കാർ സിംഹാസനം പാട്ടിലാക്കി; പക്ഷെ റാണി ആശ വിട്ടില്ല. അവർ ജാഗരൂകയായിരുന്നു. പരിതസ്ഥിതികൾക്കൊത്തുപോകാൻ അവർ യത്നിച്ചു. രാജ്യത്തിൻെറ കടിഞ്ഞാൺ പിടിച്ചുതുടങ്ങിയപ്പോൾ, ആദ്യമായി അവർ ചെയ്തതു്, പ്രജാസുഖത്തിൽ ശ്രദ്ധിയ്ക്കുക എന്നതായിരുന്നു. രാജ്യത്തിൻെറ രക്ഷയ്ക്കായി സേനയെ സംഘടിപ്പിയ്ക്കുകയും, പീരങ്കികളും തോക്കുകളും ശരിയാംവണ്ണം സംഭരിയ്ക്കുകയും ചെയ്തു. അന്തസ്സായി, യോഗ്യമായി അവർ ഭരിച്ചുകൊണ്ടിരുന്നു. റാണി യോഗ്യതയോടും, ധൈര്യത്തോടും, നിശ്ചയദാർഢ്യത്തോടും കർത്തവ്യം നിറവേററിയിരുന്നുവെന്നു് ഒരു ഇംഗ്ലീഷുകാരനായ ടെയിലർ എഴുതിയിട്ടുണ്ടു്.

അവരുടെ ഭവ്യവും ആകർഷകവുമായ വ്യക്തിത്വത്തേയും, വേഷഭൂഷാദികളേയും കുറിച്ചു് ഗിലീൻ എന്നൊരു ഗ്രന്ഥകാരൻ തൻെറ പുസ്തകത്തിൽ ഇങ്ങനെ എഴുതിയിരിയ്ക്കുന്നു: ''റാണി കഞ്ചുകത്തിന്മേൽ സ്വർണ്ണക്കസവുള്ള അരപ്പട്ട കെട്ടിയിരുന്നു. അതിൽനിന്നു് ഡമാസ്കസ്സിലെ ശില്പവേലയുള്ളതും, വെള്ളികൊണ്ടു പൊതിഞ്ഞതുമായ തോക്കു് തൂങ്ങിക്കിടന്നിരുന്നു. സാരിയ്ക്കു പകരം അയവുള്ള പൈജാമ ധരിച്ചിരുന്നു. സുന്ദരിയായ ഈ റാണിയെ ഈ വേഷത്തിൽ കണ്ട യുവാക്കന്മാക്കു് അവരിൽ ഭ്രമം തോന്നുമായിരുന്നു.''

റാണിയെ സിംഹാസനത്തിലിരുത്തി, കുറച്ചു ദിവസങ്ങളായപ്പോൾ, സദാശിവറാവു താനാണു് സിംഹാസനത്തിനവകാശിയെന്നു്

വാദിച്ച്, കരേരാ എന്ന പേരുള്ള സ്ഥലത്തുവെച്ച് സ്വയം ഝാൻസിയിലെ രാജാവായി പ്രഖ്യാപിച്ചു. ഈ രാജദ്രോഹത്തെ അമർച്ച വരുത്തി കഴിഞ്ഞു് റാണിക്ക് ആശ്വസിക്കാൻ സാധിച്ചില്ല, അതിനു മുമ്പേ ഓർച്ഛായിലെ ദിവാനായ നത്ഥേ ഖാൻ ഇരുപതിനായിരം ഭടന്മാരേയുംകൊണ്ടു് ഝാൻസി ആക്രമിച്ചു. പക്ഷെ, ഈ യുദ്ധത്തിൽ റാണി ജയിച്ചു.

ഇതുവരെ കമ്പനി സർക്കാർ ഉത്തരേന്ത്യയിലെ ലഹള അമർച്ച ചെയ്യുന്നതിൽ ശ്രദ്ധിച്ചിരിക്കുകയായിരുന്നു. ഝാൻസിയിൽനിന്ന് റാണിയെ വെളിയിലാക്കുന്നതുവരെ, മദ്ധ്യഭാരതത്തിൽ ലഹളക്കാരെ അമർച്ച്ചെയ്യാൻ സാധിക്കുകയില്ലെന്നു് അവിടെവച്ച് സർ ഹ്യൂ റോസ് തുടങ്ങിയ സേനാപതികൾ തീരുമാനിച്ചു. ലഹളയുടെ കാതൽ ഝാൻസിയാണെന്നു് മിക്ക ഇംഗ്ലീഷ് ഉദ്യോഗസ്ഥന്മാരും അഭിപ്രായപ്പെട്ടു. അതിനാൽ, സർ ഹ്യൂ റോസിൻെറ കീഴിൽ ഒരു വലിയ സേന ഝാൻസിയെ വളഞ്ഞു. സൈന്യം പുറപ്പെട്ടിട്ടുണ്ടെന്നുള്ള വാർത്ത അറിഞ്ഞു്, തൻെറ രാജധാനി രക്ഷിക്കാൻ റാണി ഒരുക്കങ്ങൾ തുടങ്ങി. ഝാൻസിയുടെ അടുത്തുള്ള പ്രദേശങ്ങൾ വിജനമായി. ഇംഗ്ലീഷ് സൈന്യത്തിന് ആഹാരവും വെള്ളവും, മൃഗങ്ങൾക്കുള്ള ആഹാരസാധനങ്ങളും കൊടുക്കരുതെന്നു് റാണി ആജ്ഞാപിച്ചു. എന്നാൽ, ടീകംഗഢിലെ രാജാവും സിന്ധിയയും കമ്പനി സക്കാരിൻെറ സൈന്യത്തിനുവേണ്ടി എല്ലാം കരുതിവച്ചിരുന്നതുകൊണ്ടു്, റാണിയുടെ ഉദ്ദേശം മുഴവനും നടന്നില്ല.

ഈ യുദ്ധത്തിൽ റാണിതന്നെ സൈന്യത്തിൻെറ നേതൃത്വമേററു. കോട്ടയിൽ ആകെ 51 തോക്കുകളുണ്ടായിരുന്നു. ഇതിൽ കടക് ബിജലി, ഘനഗർജ്ജൻ, ഭവാനീശങ്കർ എന്നീ പേരുകളുള്ള തോക്കുകൾ എടുത്തുപറയേണ്ടതുണ്ടു്. പീരങ്കി വെടി വയ്ക്കുന്നവനായ ഗുലാം ഗൌസ് ഖാൻ റാണിയുടെ വിശ്വസ്തനും ധീരനുമായ ഒരു ഭടനായിരുന്നു. സേനയിൽ ബുന്ദേലയിലെ വീരഭടന്മാരും ധീരരായ അഫ്ഗാനികളുമുണ്ടായിരുന്നു. റാണി രാത്രി ഉണർന്നിരുന്നു്, നാലുഭാഗത്തേയും ഒരുക്കങ്ങളുടെ

മേൽനോട്ടം സ്വയം വഹിച്ചിരുന്നു. മുന്നണി ചിതറിയപ്പോൾ, റാണി തന്നത്താൻ വളരെ നിയന്ത്രിച്ചു; അതിഭയങ്കരയുദ്ധമുണ്ടായി. കോട്ട യുടെ പ്രവേശനദ്വാരപാലകനായ ഖുദാ ബഖ്ശും പീരങ്കിക്കാരനായ ഗൗസ് ഖാനും കൊല്ലപ്പെട്ടു. വെടിമരുന്നു് സൂക്ഷിയ്ക്കുന്ന കെട്ടിടത്തിൽ ഒരു വെടിയുണ്ട വന്നു കൊണ്ടപ്പോൾ, ഭയങ്കരവെടിമുഴക്കമുണ്ടായി. ആയിരക്കണക്കിനു് ധീരന്മാരായ ഭടന്മാർ പഞ്ഞിപോലെ പറന്നുപോയി. പട്ടണത്തിൽ ശത്രുസേനകൾ കൂട്ടക്കൊല നടത്തി. ജനങ്ങൾ രക്ഷയ്ക്കായി ഓടി. റാണി, താത്യാ ടോപ്പേയുടെ സഹായം അപേക്ഷിച്ചിരുന്നു. എന്നാൽ, വെളിയിൽനിന്നു് സഹായം കിട്ടാൻ സാധിയ്ക്കാത്ത രീതിയിൽ ഇംഗ്ലീഷുകാർ സൈന്യത്തെ കാവലിട്ടു. റാണി രണ്ടു കൈയിലും വാളേന്തി, വാകൊണ്ടു് കടിഞ്ഞാൺ പിടിച്ചു്, ഭദ്രകാളിയെപ്പോലെ യുദ്ധഭൂമിയിലേക്കു് കുതിച്ചു. പന്ത്രണ്ടു ദിവസംവരെ ഭയങ്കര യുദ്ധം നീണ്ടു നിന്നു. യുദ്ധസാമഗ്രികൾ തീർന്നപ്പോൾ, യുദ്ധം തുടരുന്നതു് അസാദ്ധ്യമാണെന്നു് സേനാനായകന്മാർ റാണിയെ അറിയിച്ചു.

ഝാൻസി ശത്രുക്കളുടെ കൈയിൽ വിട്ടിട്ടുപോകുക — ആ ചിന്ത റാണിയുടെ ഹൃദയത്തെ വേദനിപ്പിച്ചു. അവർ വ്യാകുലപ്പെട്ടു്, തന്റെ ഭടന്മാരോടു് പറഞ്ഞു: "സ്വരക്ഷയ്ക്കുവേണ്ടി നിങ്ങൾ ഇവിടുന്നു് പോകുക. ഞാൻ വെടിമരുന്നുകളുടെ ഇടയിൽ ഇരുന്നു് തീ കൊളുത്തും. എന്റെ ഝാൻസി വിട്ടു്, ഞാൻ ജീവനോടെ പോകുകയില്ല."

സ്വാതന്ത്ര്യയുദ്ധം നടത്തിക്കൊണ്ടുപോകാൻ റാണി ജീവിച്ചിരിയ്ക്കേണ്ടതു് അത്യാവശ്യമാണെന്നു് വിവരമുള്ള പ്രഭുക്കന്മാർ വീണ്ടും വീണ്ടും റാണിയെ മനസ്സിലാക്കി. റാണിയും വിചാരിച്ചു: "ഭാവിയിൽ ഝാൻസിയ്ക്കുവേണ്ടി മാത്രമല്ല, ഭാരതത്തിന്റെയാകെ സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതും." ഇങ്ങനെ നിശ്ചയിച്ചു് തന്റെ ദത്തുപുത്രനെ പുറകിലിരുത്തി, റാണി ഝാൻസിയിൽനിന്നും പുറത്തു വന്നു. പിറേറന്നു് ശേഷിച്ച സൈനികരും ധീരമായി പൊരുതി, വീരമൃത്യു വരിച്ചു. ഇരുളടഞ്ഞ രാത്രിയിൽ റാണി പാത്തും, പതുങ്ങിയും ഝാൻ

"PREMALAYAM"
PUTHIYARA
CALICUT-4.



സിയിൽനിന്നു് 21 മൈൽ ദൂരെയുള്ള ഭാംഡരേ ഗ്രാമത്തിൽ ചെന്നു് വിശ്രമിച്ചു. റാണി ഓടിപ്പോയ വാർത്ത കിട്ടിയപ്പോൾ, സർ ഹ്യൂ തിരഞ്ഞെടുത്ത ചില ഭടന്മാരെ അവരെ പിൻതുടരാനായി അയച്ചു. ഈ സൈനികർ ഭാംഡരേയിൽ എത്തിയപ്പോൾ, റാണി ഭക്ഷണം കഴിക്കുകയായിരുന്നു. അവർ കുതിരപ്പുറത്തു് വരുന്നതു് ദൂരെവച്ചുതന്നെ കണ്ട റാണി ഭോജനമുപേക്ഷിച്ചു്, കുതിരപ്പുറത്തു കയറി, കുഞ്ഞിനെ പുറകിലിരുത്തി, അതിവേഗം ഓടിച്ചുപോയി. ലെഫ്ടനൻറു് വാക്കർ റാണിയെ തടഞ്ഞു. റാണി വാളൂരി വാക്കറിനെ വെട്ടി താഴെയിട്ടു; തക്കം നോക്കി കുതിരയെ അതിവേഗം ഓടിച്ചു. 102 മൈൽ കുതിരപ്പുറത്തു് സവാരി ചെയ്തു്, രാത്രിയിൽ 12 മണിക്കു് അവർ കാൽപികോട്ടവാതുക്കലെത്തി.

ആ സമയം നാനാ സാഹേബിന്റെ സഹോദരൻ റാവു സാഹേബ് കോട്ടയിലുണ്ടായിരുന്നു. അദ്ദേഹം റാണിയെ എതിരേററു. കാൽപിക്കോട്ട വളരെ ഉറപ്പുള്ളതായിരുന്നു. അവിടെ സൈന്യവും സാമഗ്രികളും വേണ്ടുവോളമുണ്ടായിരുന്നു. ഒരു നേതാവു് ഇല്ലെന്ന കുറവു് മാത്രമേ ഉണ്ടായിരുന്നുള്ളു. റാണിയുടെ വരവോടുകൂടി ആ കുറവും പരിഹരിക്കാമെന്നുള്ള ആശയിൽ എല്ലാവരും സന്തോഷിച്ചു. പിന്നീട് ബാന്ദയിലെ നവാബും, ബാൻപുരിലെ രാജാവും തങ്ങളുടെ സൈന്യങ്ങളേയും കൂട്ടി, സഹായം നൽകാനായി അവിടെ എത്തി.

സംഘടനാപരവും വ്യവസ്ഥാപിതവുമായ രീതിയിൽ പ്രവർത്തിക്കുന്നതിൻെറ മഹത്വം റാണി നല്ലപോലെ മനസ്സിലാക്കിയിരുന്നു. എന്നാൽ, റാവുസാഹേബ് തുടങ്ങിയ സഹപ്രവർത്തകർ, സ്ത്രീയുടെ അധീനത്തിൽ പ്രവർത്തിക്കുന്നതു് തങ്ങളുടെ അന്തസ്സിനു് വിരുദ്ധമാണെന്നു് വിചാരിച്ചു. ഇതിൻെറ ഫലമായി കാൽപിയിൽനിന്നു് കുറച്ചകലെ കോഞ്ച് എന്നു പേരുള്ള സ്ഥലത്തുവച്ചു് ഇംഗ്ലീഷുകാരുടെ സൈന്യവുമായി നേരിട്ടപ്പോൾ, ശരിയായ നേതൃത്വമില്ലാത്തതു കാരണം കാൽപിസേന തോററു പിൻമാറി. അവർ റാണിയുടെ അഭിപ്രായം സ്വീകരിച്ചു

തേയില്ല. അല്ലെങ്കിൽ കാൽപിയിൽ വച്ചുതന്നെ ഈ വിപ്ലവത്തിന്ന് ഒരു തീരുമാനമുണ്ടാകുമായിരുന്നു.

സഹകരണം ഇല്ലാതിരുന്നിട്ടും, റാണി തൻെറ കർത്തവ്യത്തിൽ നിന്നും പിൻമാറിയില്ല. അവർ 250 കുതിരസ്സവാരിക്കാരേയുംകൊണ്ട് യമുനയുടെ വശം രക്ഷിയ്ക്കാൻ ഒരുമ്പെട്ടു. ശത്രുസേന റാവുസാഹേബിൻെറ അസംഘടിതമായ സൈന്യത്തെ പുറകിൽനിന്ന് ആക്രമിച്ചപ്പോൾ, അവരുടെ ധൈര്യം ക്ഷയിച്ചു. അവർ ഓടിത്തുടങ്ങി. യുദ്ധമൈതാനം കൈവിട്ടുപോകുമെന്നു കണ്ട്, റാണി, പെട്ടെന്ന് മിന്നൽപോലെ, പീരങ്കി സൂക്ഷിക്കുന്ന സ്ഥലം ആക്രമിച്ചു. ശത്രുവിൻെറ പീരങ്കിക്കാരൻ പരിഭ്രമിച്ച് ഓടിപ്പോയി. പക്ഷെ, പുതിയ സൈന്യം വന്നതുകൊണ്ട് ശത്രുക്കൾ വീണ്ടും ഉറച്ചുനിന്നു. ഇതു കണ്ട്, പേഷ്വായുടെ സൈന്യം ഓടിപ്പോയി.

റാവുസാഹേബ് കാൽപി ഉപേക്ഷിച്ച്, തൻെറ കൂട്ടകാരുമൊന്നിച്ച് ഗ്വാളിയറിൽനിന്ന് 46 മൈൽ അകലെയുള്ള ഗോപാലപുരത്തിൽ അഭയം പ്രാപിച്ചു. അപ്പോൾ താത്യാ ടോപ്പേയും വന്ന് അവരോട് ചേർന്നു. ഇവിടെ എല്ലാവരും ഒന്നിച്ചുകൂടിയെങ്കിലും, മേലിൽ എന്തു ചെയ്യണമെന്നതിനെക്കുറിച്ച് യാതൊരു തീരുമാനവുമുണ്ടായില്ല. എന്നാൽ ഇവിടേയും റാണി വിജയിച്ചു. അവർ പറഞ്ഞു: "കാൽപിയിലാണ് വിശ്വാസമർപ്പിച്ചിരുന്നത്. അതും കൈയിൽ നിന്നു പോയി. യുദ്ധസാമഗ്രിയും, ദൃഢവും വ്യവസ്ഥാപിതവുമായ സംഘടനയുമില്ലാത്തിടത്തോളം, ഇംഗ്ലീഷുകാരോട് യുദ്ധം ചെയ്യാൻ പ്രയാസമാണ്. ഇപ്പോൾ നമ്മുടെ മുമ്പിൽ ഒരൊററ വഴിയേ ഉള്ളൂ. ഗ്വാളിയർ പിടിച്ചടക്കുക. മഹാരാജാവായ ജയാജിറാവും അദ്ദേഹത്തിന്റെ മന്ത്രിയും ഇംഗ്ലീഷുകാരോട് കൂറുള്ളവരാണെങ്കിലും, അവരുടെ സൈന്യം അവർക്കെതിരാണ്."

എല്ലാവരും യോജിച്ച്, ഗ്വാളിയറിൻെറ നേരെ കുതിച്ചു. പേഷ്വായുടെ കീഴിലുള്ള രാജാവായതുകൊണ്ട്, സിന്ധിയ അവരെ സ്വാ

ഗതം ചെയ്യുമെന്നു് റാവുസാഹേബ് വിചാരിച്ചു. ഈ വിചാരത്തിൽ കഴിഞ്ഞ അവരെ പെട്ടെന്നു് സിന്ധ്യ ആക്രമിച്ചു. സൈന്യത്തിൽ വലിയ ബഹളമായി. തൻെറ പദ്ധതി വിഫലമാകുന്നതു് റാണി എങ്ങനെ സഹിയ്ക്കും? അവർ സിംഹിയെപ്പോലെ ഗർജ്ജിച്ചു. തൻെറ 250 വിശ്വസ്ത ഭടന്മാരോട്ടുകൂടി അവർ സിന്ധ്യയുടെ പീരങ്കി സൂക്ഷിയ്ക്കുന്ന സ്ഥലം ആക്രമിച്ചു. റാണിയുടെ ഈ ധൈര്യം കണ്ടു് യുവാവായ ജയാജിറാവു അത്ഭുതപ്പെട്ടുപോയി. രണ്ടു ഭാഗത്തുനിന്നും യുദ്ധമുണ്ടായി. റാണി രാജ്യത്തിൻെറ സ്വാതന്ത്ര്യത്തിനും യശസ്സിനും വേണ്ടി യുദ്ധം ചെയ്തു കൊണ്ടിരുന്നപ്പോൾ, ജയാജിറാവു ഇംഗ്ലീഷുകാരിൽനിന്നും പ്രശംസയ്ക്കു വേണ്ടി പൊരുതി. റാണി സാക്ഷാൽ ദുർഗ്ഗയുടെ രൂപംധരിച്ചു. ശത്രുസേനയെ തുരത്തി. തക്ക സമയത്തു് മറുഭാഗത്തുനിന്നു് താത്യാ ടോപ്പേയും ആക്രമിച്ചു. സിന്ധ്യ രണ്ടു സൈന്യങ്ങളുടേയും നടുവിലായി. അദ്ദേഹം ധൌളാപുരിലേയ്ക്കു് ഓടിപ്പോയി. ആഗ്രയിൽ ഇംഗ്ലീഷുകാരുടെ സംരക്ഷണത്തിലായപ്പോൾ, അദ്ദേഹത്തിനു് ജീവൻ വീണു.

ഗ്വാളിയർ കോട്ട കൈയിലായി. നാനാസാഹേബ് പേഷ്വായായി പ്രഖ്യാപിയ്ക്കപ്പെട്ടു. കോട്ടയും, സൈന്യവും, ഖജനാവും കണ്ടു് അധികാരംകൊണ്ടു് എല്ലാവരും ലഹരി പിടിച്ചു് ഉന്മത്തരായി. ഉത്സവത്തിലും, ആർഭാടത്തിലും മുഴുകിയ അവർ ആസന്നമായ ആപത്തിനെപ്പററി മറന്നു. വിജയത്തിൽ മതിമറന്നു്, സ്വരാജ്യം മുഴുവനും കിട്ടിയെന്നു് നേതാക്കളും വിചാരിച്ചു. റാണി ഇതെല്ലാം കണ്ടു് ദുഃഖിച്ചു.

ഇംഗ്ലീഷുകാർ തയ്യാറെടുപ്പു് പൂർത്തിയാക്കി. സർ ഹ്യൂ റോസന്റേയും കേണൽ നേപ്പിയറിന്റേയും നേതൃത്വത്തിൽ ഇംഗ്ലീഷുസേന മുറാർ പിടിച്ചടക്കി. റാവു സാഹേബിൻെറ ആളുകൾ ഉത്സവത്തിന്റെ മയക്കം മാററിക്കൊണ്ടിരിയ്ക്കുമ്പോൾ, ശത്രുസേന അവരെ പെട്ടെന്നു് ആക്രമിച്ചു. അപ്പോൾ എല്ലാവരുടേയും കണ്ണുകൾ തുറന്നു. പക്ഷേ എന്തു ചെയ്യാൻ കഴിയും? പന്തയം ജയിച്ചു കിട്ടിയതു്, കൈയിൽ നിന്നും പോയി. നാലുഭാഗത്തുകൂടെയും ദൌർഭാഗ്യം വളഞ്ഞു. ഉദ്ദേശം വിഫലമാകുന്നതു കണ്ടു് റാണി ദുഃഖിച്ചു.

ദൌർഭാഗ്യം ചിരിയ്ക്കുകയായിരുന്നു. നാനായുടെ വംശജനാണെ ന്നുള്ള അഹംഭാവം റാവുസാഹേബിന് വളരെ ഉണ്ടായിരുന്നു. സൈന്യത്തെ നയിയ്ക്കാനുള്ള ചുമതല ഒരു സ്ത്രീയെ എന്തിന് ഏല്പി യ്ക്കണം? റാണി തൻെറ ഭാഗത്തുനിന്ന് വേണ്ട മുൻകരുതലുകൾ ചെ യ്തിരുന്നു. ഗ്വാളിയറിലേയ്ക്ക് വരുന്ന എല്ലാ വഴികളിലും സൈന്യങ്ങ ളെ ഇട്ടിരുന്നു. കിഴക്കേ ഭാഗത്തെ സംരക്ഷണം അവർ സ്വയം ഏറെറടു ത്തു. പുരുഷൻെറ പട്ടാളവേഷത്തിൽ അവർ കുതിരപ്പുറത്ത് കയറി വേഗത്തിൽ ഓടിച്ചു. തൻെറ വിശ്വസ്തരും യുദ്ധവിശാരദരുമായ മന്ദാരാ, കാശി എന്ന അംഗരക്ഷകരോടുകൂടി അവർ യുദ്ധക്ഷേത്രത്തി ലേയ്ക്ക് കുതിച്ചു.

രണ്ടുഭാഗത്തുനിന്നും രണവീരന്മാരുടെ വാളുകൾ ഇടഞ്ഞു. വെടി യുടെ ശബ്ദം, വെട്ടി വീഴ്ത്തുന്ന ശബ്ദം, കുതിരക്കുളമ്പടി, യുദ്ധഭേരി ഇവകൊണ്ട് യുദ്ധഭൂമി മുഖരിതമായി. ദാഹിച്ച ഭൂമി രക്തംകൊണ്ടു കുതിന്നു. മഹാറാണിയുടെ വ്യൂഹം ഭേദിച്ച്, മുമ്പോട്ടു പോകാൻ സർ ഹ്യൂ റോസിൻെറ സേനയ്ക്ക് അസാദ്ധ്യമായിത്തീന്നു. റാണിയുടെ വിശ്വസ്തരായ പഠാൻ ഭടന്മാർ ഇംഗ്ലീഷ് സേനയുടെ ധൈര്യം കെടു ത്തി. പക്ഷെ, ശത്രുസേനയുടെ സംഘടന വളരെ നല്ലതായിരുന്നു. പെട്ടെന്ന് പുതിയ സൈന്യം സഹായത്തിനായി വന്നതോടെ, അവർ ഉത്സാഹത്തോടെ മുന്നോട്ടു കുതിച്ചു. തൻെറ സേന പിൻവാങ്ങുന്നതു കണ്ടു്, റാണി വേദനകൊണ്ടു് പിടഞ്ഞു. ഗർജ്ജിച്ചുകൊണ്ടു്, സ്വയം മുന്നോട്ടു പാഞ്ഞു. പരവശരായ ഭടന്മാരുടെ ധൈര്യം നശിച്ചുപോയി. റാണി ശത്രുസേനയെ ധൈര്യപൂർവ്വം ആക്രമിച്ചു. ബ്രിഗേഡിയർ സ്മിത്ത് വേറൊരു ഭാഗത്തോട്ട് തിരിയുന്നതു കണ്ടു്, റാണി അയാളുടെ വഴി തടഞ്ഞു. സൂര്യൻ അസ്തമിയ്ക്കാറായിരുന്നു. റാണി തോററുവെ ന്ന് വിചാരിച്ച്, ഇംഗ്ലീഷുകാർ പിൻമാറി. ആ ദിവസം റാണി യുടെ ശിരസ്സിൽ വിജയമകുടമണിഞ്ഞു. പക്ഷെ, റാണിയുടെ പ്രിയ പ്പെട്ട കുതിരയ്ക്ക് ഈ യുദ്ധത്തിൽ അപായകരമായ രീതിയിൽ മുറി വേററു.

അടുത്ത ദിവസവും അതിഭയങ്കരയുദ്ധമുണ്ടായി. രണ്ടു ഭാഗത്തും അനേകം ഭടന്മാർ കൊല്ലപ്പെട്ടു. മൂന്നാം ദിവസം നല്ല തയ്യാറെടുപ്പോടു കൂടി സർ ഹ്യൂ റോസ് ആക്രമിച്ചു. റാണിയുടെ സൈന്യത്തെ നശിപ്പിച്ചിട്ട്, അദ്ദേഹം റാവു സാഹേബിൻെറ ശേഷിച്ച സൈന്യത്തെ എതിർത്തു. ഒന്നിനുപുറകെ ഒന്നായി റാവു സാഹേബിൻെറ വ്യൂഹത്തെ നശിപ്പിച്ചു. നല്ലവണ്ണം സംഘടിപ്പിയ്ക്കാത്തതുകൊണ്ട്, സൈന്യബലം നശിച്ചുപോയി. പേഷ്വായുടെ സൈന്യം തോററോടി. റാണി ധൈര്യപൂർവ്വം മുന്നോട്ട് നീങ്ങി, ഇംഗ്ലീഷ് സൈന്യത്തെ വളഞ്ഞു. രണ്ടു കൈയിലും വാളുമേന്തി, ഭദ്രകാളിയെപ്പോലെ റാണി ശത്രുസൈന്യങ്ങളുടെ ഇടയിൽ കാണപ്പെട്ടു. അവരുടെ തിളങ്ങുന്ന വാളിനു മുന്നിൽ ആരു് വന്നാലും അവരെ യമലോകത്തേയ്ക്കു് എത്തിയ്ക്കാൻ അധികം നേരം എടുത്തിരുന്നില്ല. ശത്രുക്കൾ കുറച്ചുനേരത്തേയ്ക്കു് സ്തബ്ധരായിപ്പോയി. തക്കം നോക്കി, തന്റെ പത്തുപന്ത്രണ്ടു കൂട്ടുകാരുമായി റാണി ശത്രുവിന്റെ വലയത്തിൽനിന്നും പുറത്തുവന്നു. റാണി ശത്രുവലയത്തിൽനിന്നും പുറത്തുപോയിയെന്ന വിവരം കേണൽ സ്മിത്ത് അറിഞ്ഞപ്പോൾ, തെരഞ്ഞെടുത്ത കുറച്ച് ഭടന്മാരെ അവരുടെ പുറകെ ഓടിച്ചു. റാണി കുതിരപ്പുറത്ത് ഓടിക്കൊണ്ടിരുന്നു. അവരുടെ കൂടെ അവരുടെ രണ്ടു വിശ്വസ്തരുമുണ്ടായിരുന്നു. രണ്ടുഭാഗത്തുനിന്നും വെടിയുണ്ടകൾ ചീറിപ്പാഞ്ഞുകൊണ്ടിരുന്നു. ഒരു വെടി റാണിയുടെ കാലിൽ കൊണ്ടിട്ടും ആ വീരാംഗന ധൈര്യം വെടിഞ്ഞില്ല; വാളും ഊരിപ്പിടിച്ച്, കുതിരയെ ഓടിച്ചുപൊയ്ക്കൊണ്ടിരുന്നു. കുതിരപ്പുറത്ത് പിന്നിൽ ബാലനായ ദാമോദർ റാവുവുമുണ്ടായിരുന്നു. ഇത്രയുമായിട്ടും, ശത്രുക്കളെ അടുത്തെത്താൻ അനുവദിച്ചില്ല. റാണി സ്വരക്ഷയ്ക്കുവേണ്ടി ഒരു ഭടനെ അടിച്ചു. അതിനിടയിൽ തൻെറ പ്രിയതോഴിയുടെ നിലവിളി അവർ കേട്ടു. റാണി തിരിഞ്ഞു വന്നു്, ആ ഇംഗ്ലീഷു ഘാതകൻെറ ശിരസ്സ് വെട്ടി വീഴ്ത്തി. റാണി വീണ്ടും കുതിരയെ ഓടിച്ച് മുമ്പോട്ടുപോയി. എന്നാൽ, ശത്രുക്കൾ പിൻതുടരുന്നുണ്ടായിരുന്നു. മുന്നിൽ ഒരു ഓടയുണ്ടായിരുന്നു. റാണിയുടെ സമർത്ഥനായ കുതിരയ്ക്കു് തലേ ദിവസത്തെ യുദ്ധ

ത്തിൽ മുറിവേററിരുന്നു. ഇതു് പുതിയ കുതിരയായിരുന്നു. ഓട കണ്ടു് അതു് പെട്ടെന്നു് നിന്നു. റാണിയുടെ സംഘത്തിൽ അഞ്ചാറു പേർ ശേഷിച്ചിരുന്നു. വ്യൂഹമുണ്ടാക്കി, അവർ കുറച്ചുനേരം പൊരുതി. എന്നാൽ, പുറകിൽ കൂടി ഒരു ഇംഗ്ലീഷ് കുതിരക്കാരൻ വാളുകൊണ്ടു് റാണിയുടെ തലയിൽ ഒന്നു വെട്ടി; രണ്ടാമതു് നെഞ്ചിലും. മരിയ്ക്കുന്നതിനുമുമ്പു് റാണി ആ ഇംഗ്ലീഷ് കുതിരക്കാരനെ കൊന്നുകഴിഞ്ഞിരുന്നു.

റാണിയുടെ വിശ്വസ്ത അംഗരക്ഷകനായ രാമചന്ദ്രറാവു റാണിയുടെ മൃതദേഹം അടുത്തുള്ള ഒരു കുടിലിൽ വച്ചു് ദഹിപ്പിച്ചു.

# നാനാ സാഹേബ് പേഷ്വാ



ക്രിസ്ത്വാബ്ദം 1857-ൽ ഭാരതത്തിൽ ഭയങ്കരസമരമുണ്ടായി. ഇംഗ്ലീഷുകാർ ഈ സമരത്തെ 'ശിപായി ലഹള' എന്നു വിളിക്കുന്നു. വാസ്തവത്തിൽ, ഇതു് ആദ്യത്തെ സ്വാതന്ത്ര്യസമരമായിരുന്നു. ഈ സമരം ഒടുവിലത്തെ ദില്ലി പാദുഷയായിരുന്ന ബഹാദൂർ ഷായുടെ പേരിലായിരുന്നു നടത്തിയതെങ്കിലും, അതിന്റെ നേതാവു് നാനാ സാഹേബ് പേഷ്വായായിരുന്നു.

നാനായെ പേഷ്വാ ബാജിറാവു രണ്ടാമൻ ദത്തെടുത്തിരുന്നു. ബാജിറാവു 1818 ജൂൺ മാസത്തിൽ ഇംഗ്ലീഷുകാരുമായി ഒരു ഉടമ്പടിയുണ്ടാക്കി. അതനുസരിച്ചു് അയാൾ 8 ലക്ഷം രൂപ വാർഷികപെൻഷൻ പററിക്കൊണ്ടു്, രാജ്യവും അതിന്റെ സർവ്വാധികാരങ്ങളും ഇംഗ്ലീഷുകാരെ ഏല്പിച്ചു, കാൻപുരിനടുത്തു് ബിഠൂർ എന്ന സ്ഥലത്തു് താമസിക്കാമെന്നും അയാൾ സമ്മതിച്ചു. അക്കാലത്തു് നാനായുടെ അച്ഛനമ്മമാർ മഹാരാഷ്ട്രത്തിൽ താമസിക്കുകയായിരുന്നു. അവിടെ 'വേണു' എന്നു് പേരുള്ള ഗ്രാമത്തിൽ ക്രി. പി. 1824 ലാണു് നാനാ ജനിച്ചതു്. നാനായുടെ അച്ഛന്റെ പേരു് മാധവറാവു നാരായണ ഭട്ടു് എന്നും, അമ്മ

യുടെ പേരു് ഗംഗാ ബായി എന്നുമായിരുന്നു. ഇംഗ്ലീഷുകാരുടെ അധീനത്തിലുള്ള പ്രദേശത്തു് താമസിയ്ക്കാൻ അവർ ഇഷ്ടപ്പെട്ടില്ല. അതുകൊണ്ടു് ക്രി. പി. 1827-ൽ അവരും ബാജിറാവുവിൻെറ സംരക്ഷണത്തിൽ താമസിയ്ക്കാനായി ബിഠൂരിൽ വന്നു. ആ സമയത്തു് നാനായ്ക്കു് രണ്ടര വയസ്സേ ഉണ്ടായിരുന്നുള്ളു. ഈ ബാലൻ കാഴ്ചയ്ക്കു് സുന്ദരനും, പ്രിയംകരനുമായിരുന്നു. ആ വർഷം ജൂണിൽ പേഷ്വാ ബാജിറാവു ഈ ബാലനെ മടിയിലിരുത്തി തൻെറ ദത്തുപുത്രനെന്നു് പ്രഖ്യാപിച്ചു. അങ്ങനെ ആ ഗ്രാമീണബാലൻ പേഷ്വായുടെ സിംഹാസനത്തിൻെറ അനന്തരാവകാശിയായി. അതനുസരിച്ചു് അവനെ പോററി വളർത്താനും തുടങ്ങി.

ക്രമേണ, ഈ ബാലൻ വളർന്നു് വലുതായി. പേഷ്വായുടെ നേതൃത്വത്തിൽ മറാഠാകളുടെ ഉയർച്ചയുടെ ചരിത്രം വായിച്ചപ്പോൾ, അയാൾക്കു് വലിയ ദുഃഖമുണ്ടായി. പേഷ്വാ ബാലാജി ബാജിറാവുവിൻെറ നേതൃത്വത്തിൽ മറാഠാകളുടെ രാജ്യം അറബിക്കടൽ മുതൽ ബംഗാൾ ഉൾക്കടൽ വരെ വ്യാപിച്ചു കിടന്നിരുന്ന കാലമേതായിരുന്നു? ബംഗാളിൽനിന്നു മാത്രം 12 ലക്ഷം രൂപ 'ചൗഥ' എന്ന പേരിൽ പ്രതിവർഷം കിട്ടിക്കൊണ്ടിരുന്ന കാലം എവിടെ? പേഷ്വാ ബാജിറാവു കേവലം 8 ലക്ഷം രൂപ വാർഷിക പെൻഷൻ പററിക്കൊണ്ടു്, രാജ്യം മുഴവൻ ഇംഗ്ലീഷുകാർക്കു് അടിയറ വച്ചിട്ടു്, ബിഠൂരിൽ ചുമ്മാതിരിയ്ക്കുന്ന കാലമെവിടെ? തൻെറ വളർത്തച്ഛനായ ബാജിറാവുവിൻെറ നെറ്റിയിൽ കളങ്കത്തിൻെറ കുറി തൊട്ടിരുന്നു. പ്രാണനെ ബലി കഴിച്ചും, ഈ കളങ്കം മാററണമെന്നു് നാനാ മനസ്സിലുറച്ചു.

റാണി ലക്ഷ്മീബായിയും, താത്യാ ടോപ്പേയും നാനായുടെ കൂട്ടുകാരായിരുന്നു. മൂന്നു പേരും ഇംഗ്ലീഷുകാരോടു് പൊരുതാനും, അവരെ രാജ്യത്തുനിന്നു ആട്ടിപ്പായിയ്ക്കാനുമുള്ള ഉപായങ്ങൾ ആലോചിച്ചുകൊണ്ടിരുന്നു.

ക്രി. പി. 1851-ൽ പേഷ്വാ ബാജിറാവു രണ്ടാമൻ ദിവംഗതനായി. മരിയ്ക്കുന്നതിനുമുമ്പു് അദ്ദേഹം തൻെറ സ്വത്തും, പെൻഷനും

"PREMALAYAM"
PUTHIYARA
CALICUT-4.

നാനായുടെ പേരിലാക്കി. ഇംഗ്ലീഷുകാർ നാനായെ പേഷ്വായുടെ പെൻഷനു് അവകാശിയായി ഗണിച്ചില്ല. നാനായ്ക്കു് പെൻഷൻ കിട്ടിയിരുന്നപ്പോഴും, അദ്ദേഹം ഇംഗ്ലീഷുകാരോട്ട് പൊരുതാതെ ഇരുന്നില്ല. എന്നാൽ, അതു് നിർത്തലാക്കിയപ്പോൾ, അദ്ദേഹത്തിന്റെ ക്രോധം പൂർവ്വാധികം വർദ്ധിച്ചു. അദ്ദേഹം ഇംഗ്ലീഷുകാരോട്ട് യുദ്ധം ചെയ്യാനുള്ള പദ്ധതികൾ ഊർജ്ജിതമായി തയ്യാറാക്കാൻ തുടങ്ങി. എന്നാൽ, തിടുക്കം കൂട്ടാൻ ആഗ്രഹിച്ചിരുന്നില്ല. അതുകൊണ്ടു്, ഒരു ഭാഗത്തു്, പെൻഷനു് വേണ്ടി എഴുത്തുകുത്തു് തുടർന്നുകൊണ്ടിരുന്നു; മറുഭാഗത്തു്, സമരത്തിനു് തയ്യാറെടുത്തു കൊണ്ടുമിരുന്നു.

ഇംഗ്ലീഷുകാരുടെ മുമ്പിൽ തൻെറ ഭാഗം വാദിയ്ക്കാനായി തൻെറ വക്കീൽ അസീമുല്ലയെ അദ്ദേഹം ഇംഗ്ലണ്ടിലേയ്ക്കയച്ചു. പ്രതിവർഷം 8 ലക്ഷം രൂപ പെൻഷൻ തരാമെന്ന കരാറിലാണു് ബാജിറാവു തൻെറ രാജ്യം കമ്പനിയെ ഏല്പിച്ചതെന്നു് എഴുതിയ ഒരെഴുത്തും അയാളുടെ കൈവശം കൊടുത്തയച്ചിരുന്നു. ഈ പെൻഷൻ സ്ഥിരമായിരുന്നില്ലെങ്കിൽ, ഈ സിംഹാസനത്തിൻെറ മേൽ കമ്പനിയ്ക്കുള്ള അധികാരവും സ്ഥിരമായിരിയ്ക്കാനൊക്കുകയില്ല. കരാർ ഇരുകൂട്ടരും മാനിയ്ക്കണം. അതാണു നീതി. ഒരു കക്ഷി കരാർ അനുസരിയ്ക്കുകയും മറേറ കക്ഷി അങ്ങനെ ചെയ്യാതിരിയ്ക്കുകയും; അതെങ്ങനെ നടക്കാനാണു്?

പെൻഷൻ നിർത്തലാക്കിയാൽ, നാനാ പേഷ്വായുടെ രാജ്യം തിരിച്ചെടുക്കാൻ പൊരുതുമെന്നായിരുന്നു ആ എഴുത്തിൻെറ അർത്ഥം. എന്നാൽ, തങ്ങളുടെ രാജ്യം പ്രബലമാണെന്നും, നാനായ്ക്കു് കുഴപ്പമുണ്ടാക്കാൻ സാധിയ്ക്കുകയില്ലെന്നുമായിരുന്നു ഇംഗ്ലീഷുകാർ വിചാരിച്ചതു്. അതുകൊണ്ടു് അവർ ഈ എഴുത്തിനെ ഒട്ടും ഗൌനിച്ചില്ല. അപേക്ഷ തള്ളിക്കളഞ്ഞു.

എന്നാൽ, നാനാ സാഹേബ് പേഷ്വാ അതിനെപ്പററിയൊന്നും ചിന്തിയ്ക്കുകയോ, ഹതാശനാകുകയോ ചെയ്തില്ല. പേഷ്വായുടെ ആർഭാടങ്ങളും ആഡംബരങ്ങളും അദ്ദേഹം തൻേറതാക്കി. ബിഠൂരിൽ തൻെറ

കൊട്ടാരത്തിൽ പേഷ്വായുടെ സിംഹാസനത്തിലിരുന്ന്, സർവ്വാധികാരിയെപ്പോലെ അദ്ദേഹം ദർബാർ നടത്തി. അദ്ദേഹത്തിൻെറ കൊട്ടാരം വളരെ ഭംഗിയായി അലങ്കരിച്ചിരുന്നു. അദ്ദേഹം ഇരിക്കുന്ന മുറിയിൽ ഛത്രപതി ശിവാജി, ബാജിറാവു ഒന്നാമൻ, മാധവറാവു, നാനാ ഫഡ്നവീസ് എന്നിവരെപ്പോലുള്ള രാജ്യതന്ത്രജ്ഞരുടെ പടങ്ങൾ തൂക്കിയിരുന്നു. നാനാ സാഹേബിന്റെ കിരീടത്തിൽ രത്നങ്ങൾ പതിച്ചിരുന്നു. അദ്ദേഹം കസവുവസ്ത്രം ധരിച്ചിരുന്നു. അദ്ദേഹത്തിന്റെ ഗാംഭീര്യം ഓളം വെട്ടുന്ന മുഖവും, സിംഹത്തിന്റേതുപോലെ തിളങ്ങുന്ന കണ്ണുകളും കണ്ട് ബ്രിട്ടീഷ് ഓഫീസറന്മാർ തന്നെത്താനെ കുനിഞ്ഞുപോയിരുന്നു.

പേഷ്വായുടെ ഈ സിംഹാസനത്തിലിരുന്ന്, ഇങ്ങനെയുള്ള സജ്ജീകരണങ്ങൾ ചെയ്ത്, അദ്ദേഹം ഭാരതത്തിലൊട്ടാകെ ഇംഗ്ലീഷുകാക്കെതിരായി വിപ്ലവസന്ദേശങ്ങൾ അയച്ചുകൊണ്ടിരുന്നു. മൗലവിമാരും, പണ്ഡിതരും വഴി ജനങ്ങളുടെ ഇടയിലും, വിശ്വസ്തദൂതന്മാർ വഴി അപ്പോഴത്തെ ഭാരതീയ രാജാക്കന്മാരുടെ ഇടയിലും ഇംഗ്ലീഷുകാരെ ഒരുമിച്ചുചേർന്ന് എതിരിടാനുള്ള ആശയം രൂപീകരിക്കുകയായിരുന്നു. റൊട്ടിയും, താമരപ്പൂവും വിദ്രോഹത്തിൻെറ ചിഹ്നങ്ങളായി കണക്കാക്കി. ഗ്രാമങ്ങൾ തോറും ഇവ കണ്ടു തുടങ്ങി. റൊട്ടി കയ്യിൽ കിട്ടുന്നവർ കൂടുതൽ റൊട്ടിയുണ്ടാക്കി മററുള്ളവർക്ക് അയച്ചു കൊടുക്കുമായിരുന്നു. അതിൻെറ അർത്ഥം മരണത്തിനും കൊലയ്ക്കും തയ്യാറെടുക്കുക എന്നായിരുന്നു.

ഭാരതമൊട്ടാകെ കലഹത്തിനു് തയ്യാറായെന്ന് നാനാ സാഹേബിന് വിശ്വാസമായപ്പോൾ, അതിനു് അവസാനരൂപം നൽകാൻ 'തീർത്ഥയാത്ര' എന്ന പേരിൽ അദ്ദേഹം വെളിയിൽ വന്നു. അദ്ദേഹത്തോടൊപ്പം അദ്ദേഹത്തിൻെറ വക്കീൽ അസീമുല്ലയുമുണ്ടായിരുന്നു. 1857 ഏപ്രിൽ 17-ാംനു-ലത്തെ കാര്യമാണ്. ആ സമയം ആഗ്രയിലെ ഒരു ഇംഗ്ലീഷ് ജഡ്ജി മോർലണ്ഡ് അദ്ദേഹത്തെ കാണാൻ വന്നു. തൻെറ മനസ്സിലെന്താണെന്നും, താൻ എന്തുചെയ്യാൻ പോകുന്നെന്നും ആ ജഡ്ജിക്കു് മനസ്സിലാക്കാൻ വയ്യാത്ത വിധം നാനാ ആ യൂറോപ്യനെ സല്ക്കരിച്ചു. ഈ യാത്രയിൽ നാനാ ദില്ലിയിൽ പോയി, പാദുഷായെ

കണ്ടു. ഈ അവസാന മുഗൾ പാദുഷായേയും, അദ്ദേഹത്തിൻെറ റാണി സീനത്ത് മഹലിനേയും മേയ് 31-ാനു ഇംഗ്ലീഷുകാക്കെതിരായി സ്വാതന്ത്ര്യപതാക പറത്താൻ ചുമതലപ്പെടുത്തി. ദില്ലിയിൽ എല്ലാ ഏപ്പാടുകളും വേണ്ടവണ്ണം ചെയ്തിട്ട്, അദ്ദേഹം അംബാലയിൽ പോയി. അംബാലയിൽ നിന്ന് ലഖ്നൗവിലെത്തി. ലഖ്നൗവിലെ റോഡുകളിൽ നിന്നും ഘോഷയാത്ര പുറപ്പെട്ടു. കുതിരസ്സവാരിക്കാർ, ഒട്ടകസ്സവാരിക്കാർ, കാൽപ്പട എന്നിവയോടുകൂടി അദ്ദേഹം ആനപ്പുറത്തിരുന്ന് ഘോഷയാത്ര ആരംഭിച്ചു. ആളുകൾ വിപ്ളവാവേശത്താൽ ഇളകി വശായിരുന്നു. അവർ ചീഫ് കമ്മിഷണരുടെ വണ്ടിയ്ക്ക് കല്ലുകൾ എറിഞ്ഞു. ലഖ്നൗവിൽ നിന്നും അദ്ദേഹം കാൽപിയിൽ വന്നു. അവിടെവച്ച് ബിഹാറിലെ വിപ്ളവനേതാവായ കുംവർ സിംഹനെ കണ്ടു. ഏപ്രിൽ ഒടുവിൽ അദ്ദേഹം ബിഠൂരിലേയ്ക്ക് മടങ്ങി. ലഹള മേയ് 31-ാനു ആരംഭിയ്ക്കുണമെന്ന് നിശ്ചയിച്ചിരുന്നു. എന്നാൽ, ഇന്ത്യൻ ഭടന്മാരുടെ ധൈര്യം ക്ഷയിച്ചുകൊണ്ടിരുന്നു. ഇതിനിടയ്ക്ക് കൊഴുപ്പു പുരട്ടിയ വെടിയുണ്ടകൾ അവർക്കിടയിൽ വിതരണം ചെയ്തു. അവ കടിച്ചു തുറക്കേണ്ടിയിരുന്നു. ഇതു തങ്ങളുടെ മതത്തെ അപമാനിയ്ക്കുവാനുള്ള തന്ത്രമാണെന്ന് പട്ടാളക്കാർ വിചാരിച്ചു. അവർ കൂടുതൽ രോഷാകുലരായി. മേയ് 31-ാനു വരെ കാത്തിരിയ്ക്കാൻ അവർക്കു് കഴിഞ്ഞില്ല. അവർ മേയ് 10-ാനു തന്നെ മേററിൽ ലഹള ആരംഭിച്ചു. അവർ ഇംഗ്ലീഷുകാരുടെ വീടുകൾ കത്തിച്ച്, അവരെ വെട്ടിക്കൊല്ലാൻ തുടങ്ങി. ഇതേ സമയത്തുതന്നെ ദില്ലിയിലും, ലഖ്നൗവിലും, അംബാലയിലും വിപ്ളവം പൊട്ടിപ്പുറപ്പെട്ടു.

കാൻപുരിലെ ഇംഗ്ലീഷുകാർ നാനാ സാഹേബിനെ അവരുടെ മിത്രമായി കരുതിയിരുന്നു. കാൻപുരിലെ കുതിരസ്സവാരിക്കാരും കാൽപ്പടയും ചുമ്മാതിരിയ്ക്കുന്നതു കണ്ടു്, അവർ നാനാ സാഹേബിൻെറ സഹായമാവശ്യപ്പെട്ടു. നാനാ തൻെറ 300 ഭടന്മാരുമായി വന്നു. സക്കാർ ഖജനാവു് രക്ഷിയ്ക്കാനായി അവർ അദ്ദേഹത്തെ ഏല്പിച്ചു. അപ്പോഴും ഇംഗ്ലീഷുകാർക്കു് മനസ്സിലാകാത്തവിധം അത്ര ഗുപ്തമായിട്ടാണ് നാനാ

വിപ്ളവം സംഘടിപ്പിച്ചതു്. ദില്ലിയിൽ നിന്നും ലഹളയുടെ വ ർത്തമാനം കിട്ടിയ ഉടൻതന്നെ കാൻപൂരിലും വിപ്ളവമാരംഭിച്ചു. ഇം ഗ്ലീഷുകാർ സ്ത്രീകളേയും കുട്ടികളേയും കൊണ്ടു് വള്ളങ്ങളിൽ കയറി ഓടിപ്പോയി. എന്നാൽ, ഭടന്മാർ ഈ വള്ളങ്ങളിലും വെടി വയ്ക്കാൻ തുടങ്ങി. ഈ യുദ്ധത്തിൽ വളരെ കുറച്ചു് ഇംഗ്ലീഷുകാരേ ശേഷിച്ചുള്ളു. കാൻപൂരിൽ ഇംഗ്ലീഷധികാരത്തിൻെറ എല്ലാ അടയാളങ്ങളും മാഞ്ഞ പ്പോൾ, നാനാ സാഹേബ് ദർബാർ വിളിച്ചുകൂട്ടി. അദ്ദേഹത്തിൻെറ മുമ്പിൽ 21 തോക്കുകൾ തൂക്കിയിരുന്നു. അങ്ങനെ തൻെറ ബാഹുബലം കൊണ്ടു് അദ്ദേഹം പേഷ്വായുടെ സിംഹാസനത്തിലിരുപ്പുറപ്പിച്ചു.

എന്നാൽ, കാലം അദ്ദേഹത്തിനു് കൂട്ടുനിന്നില്ല. നാലു വശത്തുനി ന്നും ഇംഗ്ലീഷുസൈന്യം അദ്ദേഹത്തിൻെറ നേരേ പാഞ്ഞു. അദ്ദേഹ ത്തിൻെറ ശക്തി ക്ഷയിച്ചു തുടങ്ങി. അദ്ദേഹത്തിനു് കാൻപൂർ വിട്ടു പോകേണ്ടിവന്നു. ഏകദേശം ഒരു വർഷം അദ്ദേഹം ഇംഗ്ലീഷുകാരു മായി പൊരുതി, പുതിയ പുതിയ വ്യൂഹങ്ങൾ ഉണ്ടാക്കിയെങ്കിലും, പുറകോട്ടു് പൊയ്ക്കൊണ്ടിരുന്നു. ഒടുവിൽ ഭാഗ്യം തനിയ്ക്കെതിരായെന്നു് കണ്ടപ്പോൾ, അദ്ദേഹം തൻെറ കുട്ടികളും ഭടന്മാരുമൊന്നിച്ചു് നീപ്പാളി ലെ വനങ്ങളിൽ അഭയം തേടി. അവിടെ വച്ചു് അദ്ദേഹം എന്നെന്നേ ക്കുമായി അപ്രത്യക്ഷമായി. പിന്നീടു് അദ്ദേഹം എവിടെ പോയെന്നോ, എന്തു് പററിയെന്നോ ആർക്കും അറിഞ്ഞുകൂടാ. നാനാ സാഹേബ് പേഷ്വാ ഒരു യഥാർത്ഥ ദേശഭക്തനായിരുന്നെന്നും, രാജ്യത്തിൻെറ സ്വാ തന്ത്ര്യത്തിനുവേണ്ടി അദ്ദേഹം ദേഹവും മനസ്സും ധനവും ആഹുതി ചെ യ്തിരുന്നെന്നും ചരിത്രപഠനത്തിൽ നിന്നു് മനസ്സിലാകുന്നു. ബ്രിട്ടിഷ് സ്ത്രീകളേയും. കുട്ടികളേയും ആരും ഉപദ്രവിയ്ക്കരുതെന്നായിരുന്നു അദ്ദേഹ ത്തിൻെറ കല്പന. ബ്രിട്ടീഷുകാരെ ഭാരതത്തിൽ നിന്നു് ഓടിച്ചിട്ടു്, ഭാരതീയരുടെ ഒരു ഏകരാഷ്ട്രം സ്ഥാപിക്കണമെന്നതായിരുന്നു അദ്ദേ ഹത്തിൻെറ ലക്ഷ്യം.

അദ്ദേഹം തൻെറ ആത്മബലി കൊണ്ടു് ഭാരതീയമനസ്സുകളിൽ സ്വാതന്ത്ര്യവഹ്നി കൊളുത്തി. അതു് പിന്നീടു് ആരും അണച്ചില്ല. ഒടുവിൽ ഇംഗ്ലീഷുകാർക്കു് ഈ രാജ്യം വിടേണ്ടി വന്നു.

# സയ്യദ് അഹമ്മദ് ഖാൻ



**സയ്യദ്** അഹമ്മദ് ഖാൻ ഈ രാജ്യത്ത് വിദ്യാഭ്യാസം പ്രചരിപ്പിക്കുകയും സാമൂഹ്യപരിഷ്കരണങ്ങൾ മുന്നോട്ടു കൊണ്ടുപോവുകയും ചെയ്ത മഹാന്മാരിൽ ഒരാളാണ്. ദില്ലിയിലെ മതനിഷ്ണാതവും പ്രബുദ്ധവുമായ ഒരു കുടുംബത്തിൽ 1817 അക്ടോബർ 17-ാം തീയതി അദ്ദേഹം ജനിച്ചു. സയ്യദ് അഹമ്മദ് ഖാന്റെ പിതാവ് മീർ മുത്തകി, ഹസറത്ത് മൊഹമ്മദിന്റെ വംശജനായിരുന്നു. മീർ മുത്തകിയുടെ പൂർവ്വീകർ ഉമയ്യാകളുടെ കുടുംബൈകകളിൽ പരിഭ്രാന്തരായി, ആദ്യം ഇറാനിലേയ്ക്കും, പിന്നീട് അവിടെ നിന്നു് അഫ്ഗാനിസ്ഥാനിൽ ഹേറാത്തിലേയ്ക്കും പോയി. ഷാജഹാൻ ചക്രവർത്തിയുടെ കാലത്താണ് ഈ കുടുംബം ഇന്ത്യയിൽ വന്നതെന്നു് കരുതപ്പെടുന്നു. അന്നു മുതൽ ഈ കുടുംബത്തിലെ ആളുകൾ മുഗൾ ദർബാറിൽ വലിയ വലിയ സ്ഥാനങ്ങളിൽ ജോലി ചെയ്തിരുന്നു. എന്നാൽ, സയ്യദ് അഹമ്മദ് ഖാന്റെ പിതാവിനു് ലൌകികപരിജ്ഞാനം കുറവായിരുന്നതു കാര

ണം, അദ്ദേഹത്തിനു് വളരെ ഉയർന്ന സ്ഥാനങ്ങളിൽ എത്താൻ കഴിഞ്ഞില്ല.

സയ്യദ് അഹമ്മദ് ഖാൻ ജനിച്ച കാലത്തു്, ദില്ലിയുടെ സ്ഥിതി വളരെയധികം മാറിക്കഴിഞ്ഞിരുന്നു. 1803-ൽ വെല്ലസ്ലി പ്രഭുവാണ് ദില്ലി ഭരിച്ചിരുന്നതു്. ഇംഗ്ലീഷുകാർ അധികാരം മുഴുവൻ കൈക്കലാക്കിയെങ്കിലും, മുഗൾ ചക്രവർത്തി ഷാ ആലമിനെ ചുവപ്പുകോട്ടയ്ക്കുള്ളിൽ രാജസപ്രൗഢിയോടെ കഴിയാനും, ദർബാർ നടത്താനും അവർ അനുവദിച്ചിരുന്നു. ഷാ ആലമിനു് ധാരാളം പണവും കിട്ടുന്നുണ്ടായിരുന്നു. അതുകൊണ്ടു്, മോടിയിലും ധാടിയിലും കഴിയാൻ അദ്ദേഹം ശ്രമിച്ചു.

പ്രാചീന മുഗൾ ഭരണത്തിൻെറ കൃത്രിമവൈഭവം പ്രത്യക്ഷമായിരുന്നതും, ഇംഗ്ലീഷ് ഭരണത്തിന്റെ പിടി മുറുകിയിരുന്നതുമായ ദില്ലിയിലാണ് സയ്യദ് അഹമ്മദ് ഖാൻെറ കുട്ടിക്കാലം കഴിഞ്ഞതു്. പിതാവിനുവേണ്ടി സയ്യദ് അഹമ്മദ് ഖാനു് എത്രയോ പ്രാവശ്യം മുഗൾ ദർബാറിൽ ഹാജരാകേണ്ടി വന്നു. ഈ വിധത്തിൽ അദ്ദേഹം മുഗൾ ദർബാറിലെ ആചാരോപചാരങ്ങൾ നല്ലവണ്ണം മനസ്സിലാക്കി.

വിദ്യാർത്ഥിയായിരിക്കുമ്പോൾ, സയ്യദ് അഹമ്മദ് ഖാൻ അത്ര വലിയ മിടുക്കനല്ലായിരുന്നു. മററു വിദ്യാർത്ഥികളേക്കാൾ ഒരു തരത്തിലും താൻ മെച്ചമായിരുന്നില്ലെന്നും, എന്നാൽ തനിക്കു് തീർച്ചയായും വളരെയധികം കായികശേഷിയുണ്ടായിരുന്നെന്നും അദ്ദേഹം തന്നെ പറഞ്ഞിട്ടുണ്ടു്. സയ്യദ് അഹമ്മദ് ഖാനു് നീന്താനും, എയ്യാനും അറിയാമായിരുന്നു. ഇതു രണ്ടും പിതാവിൻെറ അടുക്കൽ നിന്നാണ് അദ്ദേഹം അഭ്യസിച്ചതു്. സയ്യദ് അഹമ്മദ് ഖാൻ കുറെയൊക്കെ ഖുറാൻ വായിച്ചിരുന്നു. ഒരു സ്കൂളിൽ ചേർന്നു് അദ്ദേഹം ഫാർസിയും, അറബിയും പഠിച്ചു.

സയ്യദ് അഹമ്മദ് ഖാൻെറ ആദ്യകാലജീവിതത്തിൽ വളരെയധികം സ്വാധീനം ചെലുത്തിയവരിൽ പ്രമുഖസ്ഥാനം അദ്ദേഹത്തിൻെറ അമ്മയ്ക്കാണ്. അവർ കുലീനകുടുംബത്തിൽ പെട്ടവരായിരുന്നു. അ

വർക്കു് ഫാർസിയും, ഇസ്ലാമിക സംസ്കാരവും നല്ലപോലെ വശമായിരുന്നു. അവരുടെ കർക്കശമായ മേൽനോട്ടത്തിലാണു് സയ്യദ് അഹമ്മദ് ഖാൻ വളർന്നതു്. അമ്മയെക്കുറിച്ചുള്ള ഒരു സംഭവം ചർച്ച ചെയ്തുകൊണ്ടു്, സയ്യദ് ഇങ്ങനെ എഴുതിയിരിയ്ക്കുന്നു: "ആ സമയത്തു് എനിക്കു് പതിനൊന്നു വയസ്സുണ്ടായിരുന്നിരിയ്ക്കണം. ഏതോ ഒരു കാര്യത്തിൽ എൻെറ കിഴവനായ വേലക്കാരനെ ഞാൻ പരിഹസിച്ചു. ഞാൻ പറഞ്ഞതു് യദൃച്ഛയാ അമ്മ കേട്ടു. അവർ കോപിച്ചു്, എന്നെ വീട്ടിൽ നിന്നു് പുറത്താക്കി. മൂന്നു ദിവസം ഞാൻ എൻെറ അകന്ന ബന്ധുവായ ഒരു ചെറിയമ്മയുടെ വീട്ടിൽ താമസിച്ചു. ഒടുവിൽ ഞാൻ വേലക്കാരനോടു് മാപ്പു ചോദിച്ചതിനു ശേഷമേ അമ്മ എന്നെ വീണ്ടും വീട്ടിൽ കടത്തിയുള്ളു."

സയ്യദ് അഹമ്മദ്ഖാനു് 19 വയസ്സായിരുന്നപ്പോൾ, അദ്ദേഹത്തിൻെറ അമ്മ മരിച്ചു. അതോടെ അദ്ദേഹം പ്രാരബ്ധക്കാരനായി. അദ്ദേഹവും അച്ഛനെപ്പോലെ മുഗൾ കൊട്ടാരത്തിലെ ജോലിക്കാരനാകണമെന്നു് അദ്ദേഹത്തിൻെറ കുടുംബാംഗങ്ങൾ ആഗ്രഹിച്ചു. എന്നാൽ, അദ്ദേഹം ഈസ്റ്റിന്ത്യാക്കമ്പനിയുടെ ജോലിക്കാരനാകാനാണു് ആഗ്രഹിച്ചതു്. അദ്ദേഹം വലിയ വിവേകശാലിയായിരുന്നു. മുഗൾ സാമ്രാജ്യം അദ്ദേഹത്തിൻെറ കുശാഗ്രബുദ്ധി കണ്ടറിഞ്ഞു. സയ്യദ് അഹമ്മദ് ഖാൻെറ മനോഹരമായ ഒരു ജീവചരിത്രമെഴുതിയിട്ടുള്ള ഹാലി ഇങ്ങനെ പറഞ്ഞിരിയ്ക്കുന്നു: "സയ്യദ് അഹമ്മദ് ഖാൻ കൊട്ടാരത്തിലാണു് വളന്നതു്. വിജയികളായ ഭരണാധിപന്മാരുടെ ഭരണം അദ്ദേഹത്തിനു് ഇഷ്ടപ്പെടാതിരുന്നുവെങ്കിൽ, അതു സ്വാഭാവികമായിരുന്നേനെ. എന്നാൽ, അദ്ദേഹത്തിൻെറ ബുദ്ധി വളരെ കൂർമ്മതയുള്ളതായിരുന്നു. മുഗൾ ഭരണം നിർഭാഗ്യം കൊണ്ടു മാത്രമല്ല അവസാനിച്ചതെന്നും, പിന്നെയോ അവക്കു് ഭരിയ്ക്കാനുള്ള ശക്തി നശിച്ചുകഴിഞ്ഞതുകൊണ്ടാണെന്നും അദ്ദേഹം മനസ്സിലാക്കി.

സയ്യദ് അഹമ്മദ് ഖാൻ കമ്പനി സക്കാറിലെ ജോലി ദില്ലി സദർ കോടതി ശിരസ്തദാരെന്ന നിലയ്ക്കാണു് തുടങ്ങിയതു്. ഇന്ത്യയിലെ ഇം

ംഗ്ലീഷ് കോടതികളിൽ ദേശീയഭാഷകളിലുള്ള കേസ് പ്രമാണങ്ങൾ സൂക്ഷിയ്ക്കുന്ന ഉദ്യോഗസ്ഥൻെറ പേർ ശിരസ്തദാരെന്നായിരുന്നു. കുറേ വഷം കഴിഞ്ഞു്, അദ്ദേഹത്തെ ആഗ്രാ ജില്ലയിലെ ഫത്തഹ്പുർ സിക്രി മുൻസിഫായി നിയമിച്ചയയ്ക്കുകയുണ്ടായി. സയ്യിദ് അഹമ്മദ് ഖാൻ വിശ്വസ്തനും, അധ്വാനശീലനുമായ ഉദ്യോഗസ്ഥനായിരുന്നു. ഇംഗ്ലീഷ് നല്ലവണ്ണം വശമില്ലാതിരുന്നതുകൊണ്ടു് സർക്കാർ ജീവനത്തിൽ, ഒരിക്കലും കീഴ്ക്കോടതി മുൻസിഫ് സ്ഥാനത്തുനിന്നു് മേലോട്ടു പോകാൻ അദ്ദേഹത്തിനു് കഴിഞ്ഞില്ല.

1857-ലെ വിപ്ലവം രാജ്യത്തെയൊട്ടാകെ ഇളക്കി മറിച്ചു. ഹിന്ദുക്കളും മുസ്ലീങ്ങളും ചേർന്നാണു് ഈ വിപ്ളവം നടത്തിയതു്. ദില്ലി പാദുഷാ ബഹാദുർ ഷായെ വീണ്ടും ഹിന്ദുസ്ഥാൻ ചക്രവർത്തിയാക്കാൻ ഇരുകൂട്ടരും ആഗ്രഹിച്ചു. എന്നാൽ വിപ്ളവം വിജയിച്ചില്ല. ബഹാദുർ ഷാ രാജ്യഭ്രഷ്ടനാക്കപ്പെട്ടു. ഹിന്ദുസ്ഥാനിൽ മുഗൾ സാമ്രാജ്യം നാമാവശേഷമായി.

വിപ്ളവകാലത്തു് സയ്യിദ് അഹമ്മദ് ഖാൻ ബിജ്നോറിൽ മുൻസിഫായിരുന്നു. അദ്ദേഹത്തിൻെറ സർക്കാർ ജീവനത്തിൽ ഇരുപതു വഷം കഴിഞ്ഞിരുന്നു. അദ്ദേഹം വളരെ കർത്തവ്യനിഷ്ഠയോടെ ഇംഗ്ലീഷുകാരുടെ ജീവനും വസ്തുവകകളും രക്ഷിച്ചു. എന്നാൽ, അദ്ദേഹം ഇംഗ്ലീഷുകാരുടെ അന്ധഭക്തനല്ലായിരുന്നു. ഇംഗ്ലീഷുകാരുടെ സിദ്ധികളേയും പ്രാപ്തിയേയും അദ്ദേഹം പ്രശംസിച്ചു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തെ തീർച്ചയായും മാനിച്ചിരുന്നു. ഇംഗ്ലീഷുകാരുടേയും ഭാരതീയരുടേയും ഇടയ്ക്കുണ്ടായ തെററിദ്ധാരണ കാരണമാണു് വിപ്ളവമുണ്ടായതെന്നാണു് യഥാത്ഥത്തിൽ അദ്ദേഹം ധരിച്ചതു്. പിന്നീടു് ഇതിനെക്കുറിച്ചു് അദ്ദേഹം ഒരു ഗ്രന്ഥമെഴുതി. വിപ്ലവം സയ്യിദ് അഹമ്മദ് ഖാൻെറ ജീവിതത്തിൽ ചെലുത്തിയ അഗാധമായ പ്രഭാവത്തെപ്പററി ഹാലി ഇങ്ങനെ എഴുതിയിരിയ്ക്കുന്നു: "സൂര്യൻെറ ചൂടുകൊണ്ടു്, പരന്നുകിടക്കുന്ന വെള്ളത്തിൻെറ ഉപരിതലം ചൂടു പിടിയ്ക്കുന്നതുപോലെ, വിപ്ളവം കാരണം അദ്ദേഹത്തിൻെറ രക്തത്തിൻെറ ചൂടു് സാമാന്യത്തിലധികമായി."

1857-ലെ വിപ്ളവത്തിനു ശേഷം ബ്രിട്ടീഷ് സർക്കാർ, മുസൽമാന്മാരാണ് തങ്ങളുടെ യഥാർത്ഥശത്രുക്കളെന്ന് കരുതിത്തുടങ്ങിയെന്ന് ചില ചരിത്രകാരന്മാരെഴുതുന്നു. എത്രയോ മുസൽമാൻ കുടുംബങ്ങളോട് അവർ ഭയങ്കര കട്ടംകൈകൾ കാണിച്ചു. എത്രയോ സമ്പൽസമൃദ്ധമായ കുടുംബങ്ങൾ നശിച്ചു. ഉലേമാകൾ ബ്രിട്ടീഷ് ഭരണത്തെ ഒരിക്കലും മനസ്സാ സ്വീകരിച്ചിരുന്നില്ല. അക്കാലംവരെ, ഹിന്ദുക്കളും മുസ്ലീങ്ങളും ഭിന്നമതക്കാരായിരുന്നിട്ടും, ഭാരതരാഷ്ട്രത്തിൻെറ ഐക്യത്തിനായി അവർ പ്രവർത്തിച്ചിരുന്നു. ആദ്യം സയ്യദ് അഹമ്മദ് ഖാനും ആ വഴിക്കാണ് ചിന്തിച്ചിരുന്നത്. ഹിന്ദുവിനേയും മുസൽമാനേയും ഒരു സുന്ദരിയുടെ കണ്ണുകളായിട്ടാണ് അദ്ദേഹം കരുതിയിരുന്നത്. ഒരു കൂട്ടർക്ക് നഷ്ടമുണ്ടായാൽ, മറേറ കൂട്ടർക്കും നഷ്ടമുണ്ടാകുമെന്ന് അദ്ദേഹം പറയുമായിരുന്നു. പിന്നീട് സയ്യദ് അഹമ്മദ് ഖാൻെറ ചിന്ത മാറി. മുസ്ലീങ്ങളെ കോൺഗ്രസ്സിൽ നിന്ന് അകററിയ തന്ത്രത്തിൻെറ ജന്മദാതാവ് അദ്ദേഹമാണെന്ന് പറയപ്പെടുന്നു.

1866-ൽ സയ്യദ് അഹമ്മദ് ഖാനെ അലീഗഢിലേയ്ക്ക് സ്ഥലം മാററി. അലീഗഢിൽ വെച്ചാണ് പില്ക്കാലത്ത് അദ്ദേഹത്തിൻെറ സകല പദ്ധതികളും തയ്യാറാക്കപ്പെട്ടതും, പൂർത്തിയാക്കപ്പെട്ടതും. അവിടെ ചെന്ന് നാലു വർഷത്തിനു ശേഷം, അദ്ദേഹം തൻെറ രണ്ടു പുത്രന്മാരുമൊന്നിച്ച് ഇംഗ്ലണ്ടിലേയ്ക്കു പോയി. 1876-ൽ അദ്ദേഹം ഗവണ്മെൻറുദ്യോഗത്തിൽ നിന്ന് പെൻഷൻ പററി. റിട്ടയർ ചെയ്ത ശേഷം മരണംവരെ 22 വർഷത്തിനുള്ളിൽ അദ്ദേഹം അതീവ താല്പര്യത്തോടും അവിശ്രാന്തമായും ജോലി ചെയ്തു. മുസ്ലീം സമുദായത്തിൻെറ പരിതാപകരമായ അവസ്ഥ കണ്ട്, അദ്ദേഹത്തിൻെറ ഹൃദയം വല്ലാതെ തപിച്ചു. മുസ്ലീങ്ങൾ തൃപ്തിയുടെ പുതപ്പ് പുതച്ചിരിയ്ക്കുകയാണെന്നും, ഇനി യാതൊന്നും ചെയ്യാനില്ലെന്ന് അവർ കരുതിയിരിയ്ക്കുകയാണെന്നും അദ്ദേഹം പറയുമായിരുന്നു. ഇത് വളരെ വലിയ ദോഷമായി അദ്ദേഹം കണക്കാക്കി. മുസ്ലീം സമുദായത്തിൻെറ അധഃപതനം തടയാനായി സയ്യദ് അഹമ്മദ് ഖാൻ തൻെറ സകലശക്തിയും പ്രയോഗിച്ചു. ഇതി

നെക്കുറിച്ച് അദ്ദേഹത്തിൻെറ ഒരു ഇംഗ്ലീഷ് മിത്രം പറഞ്ഞിരിയ്ക്കുന്നു: ''ഒരു സമസ്തസമുദായത്തിൻേറയും അധോഗതി ചുമരു കെട്ടി തടയുക, അതു് ഒരു ദൈവദൂതൻെറ ജോലി തന്നെയായിരുന്നു.''

മുസൽമാന്മാരുടെ സ്ഥിതി നന്നാക്കുന്നതിന്ന് അവർക്കിടയിൽ ഇംഗ്ലീഷു ഭാഷയും പാശ്ചാത്യചിന്തകളും പ്രചരിപ്പിയ്ക്കേണ്ടതു് അത്യാവശ്യമാണെന്നുള്ള നിഗമനത്തിൽ സയ്യദ് അഹമ്മദ് ഖാൻ എത്തിച്ചേൻ്നു. ഈ വഴിയ്ക്കു് അദ്ദേഹം തുടർച്ചയായി പലതും ചെയ്തു. *''സയൻറിഫിക് സൊസൈററി ഓഫ് അലീഗഢ്''* എന്ന പേരിൽ പ്രസിദ്ധമായ ഒരു തർജ്ജമ സംഘടന അദ്ദേഹം സംഘടിപ്പിച്ചു. *''തഹസീബ്-ഉൽ-അഖ്ലാക്''* എന്ന പേരിൽ ഒരു മാസികയും അദ്ദേഹം പ്രസിദ്ധപ്പെട്ടത്തി. അലീഗഢിൽ തന്നെ അദ്ദേഹം മുഹമ്മദൻ ആംഗ്ലോ-ഓറിയൻറൽ കാളേജ് സ്ഥാപിച്ചു. അതു് പില്ക്കാലത്തു് മുസ്ലീം സവ്വകലാശാലയായി വികസിച്ചു.

ഇതു കൂടാതെ സയ്യദ് അഹമ്മദ്ഖാൻ അനേകം പുസ്തകങ്ങളുമെഴുതി. അദ്ദേഹത്തിൻെറ കൃതികൾ ഏകദേശം ആറായിരം പുറങ്ങളിലായി പരന്നു കിടക്കുന്നു. പലേ വിഷയങ്ങളെപ്പററിയും അദ്ദേഹമെഴുതിയിട്ടുണ്ടു്. രാജ്യഭരണസംബന്ധവും, വിദ്യാഭ്യാസസംബന്ധവുമായ ലേഖനങ്ങളും ഇക്കൂട്ടത്തിൽ പെടുന്നു.

സയ്യദ് അഹമ്മദിന്നു് അദ്ദേഹത്തിൻെറ ജീവിതകാലത്തു് ധാരാളം പ്രശംസയും ഖ്യാതിയും കിട്ടി. വൈസ്രോയി ലോറൻസ് പ്രഭു അദ്ദേഹത്തിന്നു് സ്വർണ്ണമെഡൽ സമ്മാനിച്ചു; 'സർ' സ്ഥാനവും നൽകി. സർ സയ്യദ് ലെജിസ്ലേററീവ് കൗൺസിലംഗമായി നിയമിയ്ക്കപ്പെട്ടു. വിദ്യാഭ്യാസ കമ്മിഷനിലെ അംഗമായും അദ്ദേഹം ജോലി നോക്കി.

സയ്യദ് അഹമ്മദ് ഖാൻ കോൺഗ്രസ്സിൽ നിന്നു് എങ്ങനെ അകന്നു പോയെന്നുള്ളതിനെക്കുറിച്ച് ഡോ: രാജേന്ദ്രപ്രസാദ് തൻെറ 'വിഭക്തഭാരത'മെന്ന പുസ്തകത്തിൽ ഇങ്ങനെ എഴുതിയിരിയ്ക്കുന്നു: ''ഏകദേശം കോൺഗ്രസ്സിൻെറ മൂന്നാം സമ്മേളനക്കാലത്തു് ലഖ്നൗവിൽ മുഹ

"PREMALAYAM"
PUTHIYARA
CALICUT-4.



മ്മദൻ എഡ്യൂക്കേഷൻ കോൺഗ്രസ്സിൻെറ സമ്മേളനം ചേന്നു. അതി നശേഷം ഒരു പൊതുസമ്മേളനത്തിൽ സയ്യദ് അഹമ്മദ് ഖാൻ ആദ്യ മായി കോൺഗ്രസ്സിനെതിരായി പ്രസംഗിച്ചു. നിയമനിർമ്മാണസഭക ളിലേക്കു് തിരഞ്ഞെടുപ്പു മൂലം അംഗങ്ങളെ എടുക്കണമെന്നു് അദ്ദേഹം നിർബ്ബന്ധിക്കാൻ തുടങ്ങി. ഇതുകാരണം വൈസ്രോയിക്കു് തൻെറ മാന്യ സഹപ്രവത്തകരെന്നു വിളിക്കാൻ അർഹതയില്ലാത്തവരും, ബി. ഏ., എം. എ. ഡിഗ്രികളും മററുപ്രകാരത്തിലുള്ള സർവ്വ യോഗ്യതകളു മുണ്ടെങ്കിലും, സാമൂഹ്യ സദസ്സുകളിലും സമ്മേളനങ്ങളിലും ഡ്യൂക്കുമാർ, ഏൾമാർ തുടങ്ങിയ പ്രഭുക്കന്മാരുടെ പന്തിയിലിരുത്താൻ കഴിയാത്തവരു മായ സാമാന്യജനങ്ങളെ തെരഞ്ഞെടുക്കാൻ കഴിയുമെന്നു് സയ്യദ് പറ യുമായിരുന്നു. സിവിൾ സവ്വീസ് പരീക്ഷ ഇംഗ്ലണ്ടിലും, ഭാരതത്തിലും ഒന്നിച്ചു നടത്തുന്നതിനെ അദ്ദേഹം എതിർത്തു. ഇംഗ്ലണ്ടിൽ പരീക്ഷ നടത്തിയാൽ, പ്രഭുകുടുംബങ്ങളിലെ ആയാലും, ഏതു വർഗ്ഗത്തിലെ ആ യാലും, കുട്ടികളെ എളുപ്പത്തിൽ അതിലെടുക്കാമെന്നും, അവർ ഭാരത ത്തിൽ പരിചിതരല്ലാത്തതുകൊണ്ടു് ജനങ്ങൾ അവരുടെ ഭരണം സ്വീ കരിക്കുമെന്നുമാണു് അദ്ദേഹം ഉന്നയിച്ച കാരണം. നേരേമറിച്ചു് ഭാരത ത്തിലെ കുലീനവർഗ്ഗക്കാർ തങ്ങൾക്കു് ഉത്ഭവമറിയാവുന്ന തങ്ങളുടെ സമൂ ഹത്തിലെ താഴ്ന്ന വർഗ്ഗത്തിലെ ആളുകളാൽ ഭരിക്കപ്പെടുന്നതു് അംഗീ കരിക്കയില്ല.

സർ സയ്യദ് അഹമ്മദ് ഖാൻെറ പ്രസംഗത്തിൻെറ ഫലമായി മുസ്ലീങ്ങൾ കോൺഗ്രസ്സിനെ സർവ്വഥാ പരിത്യജിക്കുകയും, ഭാരതത്തിൽ പ്രതിനിധിസഭകളുടെ സ്ഥാപനത്തെ എതിക്കുകയും ചെയ്തുവെന്നു് തിയോഡോർ മോറിസൺ അലീഗഢ് കോളേജിൻെറ ചരിത്രത്തിലെ ഴുതിയതിൽ വിചിത്രമായിട്ടൊന്നുമില്ല.

1898_ൽ 81-ാം വയസ്സിൽ സയ്യദ് അഹമ്മദ്ഖാൻ അന്തരിച്ചു. അദ്ദേഹത്തിൻെറ രാഷ്ട്രീയ ചിന്തകളെന്തുമാകട്ടെ, അദ്ദേഹം വലിയ കർമ്മനിഷ്ഠനും, നിർഭയനും, പ്രയോഗവാദിയുമായിരുന്നെന്ന കാര്യത്തിൽ സംശയമില്ല.



# ഈശ്വരചന്ദ്ര വിദ്യാസാഗർ

ഈ മഹാൻ ബംഗാളിലെ മേദിനിപുർ ജില്ലയിൽ വീരസിംഹ് എന്ന പേരുള്ള ഗ്രാമത്തിൽ ക്രി. പി. 1820-ലാണ് ജനിച്ചതു്. ഇദ്ദേഹത്തിന്റെ അച്ഛന്റെ പേരു് ഠാക്കുർദാസ് വന്ദ്യോപാധ്യായ എന്നും, അമ്മയുടെ പേരു് ഭഗവതീ ദേവിയെന്നുമായിരുന്നു.

ഇദ്ദേഹത്തിനു് ഒരു തവണ വായിച്ചാൽ, പാഠം ഹൃദിസ്ഥമാകുമായിരുന്നു. അങ്ങനെ പതിനൊന്നു വയസ്സുള്ളപ്പോൾ, അദ്ദേഹം വ്യാകരണ പരീക്ഷ പാസ്സായി, സാഹിത്യ ക്ലാസ്സിൽ പ്രവേശിച്ചു. ഈ ക്ലാസ്സിലും അദ്ദേഹം ഒന്നാമനായിരുന്നു. അദ്ദേഹത്തിനു് മിക്ക ക്ലാസ്സുകളിലും വിദ്യാർത്ഥി വേതനം കിട്ടിക്കൊണ്ടിരുന്നു. പതിനാറാംവയസ്സിൽ അദ്ദേഹം അലങ്കാരശാസ്ത്രത്തിൽ വിജയിയായി. അതിനുശേഷം വേദാന്തം, സ്മൃതി, ദർശനം തുടങ്ങിയവയിൽ സമ്മാനത്തോടെ ജയിച്ചുകൊണ്ടിരുന്നു. വിഭിന്ന വിഷയങ്ങളിലുള്ള ഗ്രന്ഥങ്ങൾ അദ്ദേഹം ഹൃദിസ്ഥമാക്കിയിരുന്നു. അതിനാൽ അദ്ദേഹത്തിന്റെ പാണ്ഡിത്യം കണ്ടറിഞ്ഞ വിദ്വാന്മാർ, അദ്ദേഹത്തിനു് 'വിദ്യാസാഗർ' എന്ന ബഹുമതി

നൽകി. അതോടെ അദ്ദേഹം ഈശ്വരചന്ദ്ര വിദ്യാസാഗർ എന്നു് വിളിയ്ക്കപ്പെട്ടുതുടങ്ങി.

ഈശ്വരചന്ദ്രൻ വിദ്യാസാഗരൻ മാത്രമല്ല, ദയാസാഗരനുമായിരുന്നു. ഒരിക്കൽ കുട്ടിക്കാലത്തു് ഒരു ബാലൻ അദ്ദേഹത്തോടു് ഒരണ ചോദിച്ചപ്പോൾ, അദ്ദേഹം ആ കുട്ടിയോടു് ചോദിച്ചു: ഞാൻ നിനക്കു് ഒരു രൂപ തന്നാൽ, നീ എന്തു ചെയ്യും?

അവൻ മറുപടി നൽകി: കൊണ്ടുനടന്നു് വില്ക്കാനായി നാലണയ്ക്കു് ചോളം വാങ്ങിയ്ക്കും. നാലണയ്ക്കു് കടല വിററാൽ, എട്ടണകൊണ്ടു് ഞങ്ങളുടെ കുടുംബം മുഴുവനും രണ്ടു തവണ ആഹാരം കഴിയ്ക്കും.

ബാലൻെറ സത്യസന്ധമായ മറുപടിയിൽ അത്യന്തം പ്രസന്നനായി, അദ്ദേഹം അവനു് ഒരു രൂപാ കൊടുത്തു. ആ ബാലൻ അതു വാങ്ങി, സന്തോഷത്തോടെ ഓടിപ്പോയി.

തദനന്തരം പല വർഷങ്ങൾ കടന്നുപോയി. ഒരു ദിവസം, വിദ്യാസാഗർ ഒരു ബസാറിൽ ചുററി സഞ്ചരിച്ചുകൊണ്ടിരിയ്ക്കുകയായിരുന്നു. പൊടുന്നനവേ, ഒരാൾ വന്നു്, അദ്ദേഹത്തിൻെറ കാലുകളിൽ വീണു് നമസ്കരിച്ചുകൊണ്ടു്, പറഞ്ഞു: "അന്നദാതാവേ! അങ്ങു് എൻെറ വീട്ടിലേക്കു് വരണം. അങ്ങയുടെ കൃപകൊണ്ടാണു് ഞാൻ ഇന്നു് ഇത്ര വലിയ സേട്ടായിരിയ്ക്കുന്നതു്. ഞാൻ അങ്ങയെ നല്ലവണ്ണം മനസ്സിലാക്കുന്നുണ്ടു്. ആ പൊക്കം കുറഞ്ഞ ശരീരം, അതേ വസ്ത്രധാരണം."

"സഹോദരാ, എനിക്കു് നിങ്ങളെ മനസ്സിലായില്ല. നിങ്ങളാരാണെന്നു് പറഞ്ഞാൽ കൊള്ളാം. ഞാനാണെങ്കിൽ, ആർക്കും ഒരിക്കലും ഒന്നും കൊടുത്തിട്ടില്ല." എന്നു് വിദ്യാസാഗർ പറഞ്ഞപ്പോൾ, അദ്ദേഹം കൊടുത്ത രൂപ നിമിത്തം അയാൾ ആക്രി വ്യാപാരം വിട്ടു് പീടിക തുറക്കാനിടയായതും, പീടികയിൽനിന്നു് ഇത്ര വലിയ വ്യാപാരം നടത്താനിടയായതും എങ്ങനെയാണെന്നു് അയാൾ പറഞ്ഞു. ഏതു

വിധത്തിലെങ്കിലും, അയാൾ അദ്ദേഹത്തെ തൻെറ വീട്ടിൽ കൂട്ടിക്കൊണ്ടുപോകുകതന്നെ ചെയ്തു.

ഈശ്വരചന്ദ്രൻ വിദ്യാഭ്യാസം അവസാനിപ്പിച്ചശേഷം, അദ്ധ്യാപകവൃത്തിയിലേർപ്പെട്ടു. എല്ലാററിലുമാദ്യം അദ്ദേഹം ഫോർട്ട് വില്യം കോളേജിൽ പ്രതിമാസം 50 രൂപ ശമ്പളത്തിൽ ജോലി ചെയ്തു. ആ കോളേജിൽ യൂറോപ്പിൽനിന്നുള്ള വിദ്യാർത്ഥികൾ സംസ്കൃതവും ബംഗാളിയും പഠിയ്ക്കാനായി വരാറുണ്ടായിരുന്നു. അദ്ദേഹത്തിന് ഇംഗ്ലീഷും നല്ലവണ്ണം അറിയാമായിരുന്നു. വലിയ ദയാലുവും, പരോപകാരിയുമായിരുന്നു അദ്ദേഹം. അദ്ദേഹത്തിൻെറ അഭ്യർത്ഥന പ്രകാരം ഹാർഡിഞ്ജ് പ്രഭു ബംഗാളിൽ ഏകദേശം നൂറു വിദ്യാലയങ്ങൾ തുറക്കുകയുണ്ടായി. ഈശ്വരചന്ദ്രൻ ത്യാഗത്തിൻെറ വിളനിലമായിരുന്നു. അദ്ദേഹത്തിനു് 50 രൂപ മാസശമ്പളം കിട്ടിക്കൊണ്ടിരുന്നപ്പോൾ, ആ കോളേജിൽ 200 രൂപ ശമ്പളമുള്ള ഒരു സ്ഥാനമൊഴിവു വരികയും, അദ്ദേഹം അതിന് തെരഞ്ഞെടുക്കപ്പെടുകയും ചെയ്തുവെങ്കിലും, ആ സ്ഥാനമേറെറടുക്കാതെ, 60 മൈൽ കാൽനടയായി ചെന്നു്, പണ്ഡിത് താരാനാഥ് എന്നു പേരുള്ള ഒരു മിത്രത്തെ വിളിച്ചുകൊണ്ടുവന്നു്, ആ സ്ഥാനം അദ്ദേഹത്തിന് കൊടുപ്പിച്ചു.

വിദ്യാസാഗർ ഫോർട്ട് വില്യം കോളേജിലെ പ്രധാന റൈട്ടറായി നിയമിതനായി. എന്നാൽ കുറച്ചു ദിവസം കഴിഞ്ഞപ്പോൾ അദ്ദേഹം ആ സ്ഥാനം രാജികൊടുത്തു്, സംസ്കൃതകോളേജിൻെറ മേലദ്ധ്യക്ഷൻെറ ചുമതലയേറെറടുത്തു. ആ കോളേജിൻെറ ഉയർച്ചയെപ്പററി അദ്ദേഹമെഴുതിയ ഒരു റിപ്പോർട്ട് വായിച്ച കോളേജിൻെറ ഭരണസമിതിയ്ക്കു് വലിയ സന്തോഷമായി. അദ്ദേഹത്തിൻെറ മാസശമ്പളം 150 രൂപയിൽനിന്നും 500 രൂപയാക്കി ഉയർത്തി. ഈശ്വരചന്ദ്രൻ കോളേജിൽ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കുമിടയ്ക്കു് അച്ചടക്കം പാലിയ്ക്കുന്നതിൽ വലിയ സമർത്ഥനായിരുന്നു. അദ്ദേഹം കൃത്യസമയത്തിനുമുമ്പുതന്നെ കോളേജിലെത്തുമായിരുന്നു; മററുള്ളവരും സമയത്തിനെത്തണമെന്നാഗ്രഹിക്കുകയും ചെയ്തിരുന്നു. അദ്ദേഹം കോളേജ് പ്രിൻസിപ്പലായിരു

ന്നപ്പോൾ, ചില പ്രൊഫസർമാരിൽ നിന്നു് അദ്ദേഹം പലതും പഠിക്കുകയുണ്ടായി. അദ്ദേഹത്തെ ന്യായവും തർക്കശാസ്ത്രവും പഠിപ്പിച്ച ഒരു പ്രൊഫസർ മിക്കവാറും നേരം വൈകി കോളേജിൽ വരുമായിരുന്നു. ഈശ്വരചന്ദ്രൻ അദ്ദേഹത്തോടു് ഒന്നും പറയാതെ, വന്ദിച്ചിട്ടു്, മിണ്ടാതെ ക്ലാസ്സിലേക്കു് പോകാനനുവദിക്കുമായിരുന്നു. ദിവസേനയുള്ള ഈ മൂകമായ ശാസന ആ പ്രൊഫസറെ അസ്വസ്ഥനാക്കി. ഒരു ദിവസം അദ്ദേഹം ഈശ്വരചന്ദ്രന്റെ മുമ്പിൽ ചൊടിച്ചു നിന്നു:— "നിങ്ങൾ എന്നോടു് ഒന്നും പറയാത്തതെന്താണു്? എനിക്കു് ഈ മൂകത ഇനിമേൽ ഒട്ടും സഹിക്കുവാൻ കഴിയുകയില്ല. നാളെ മുതൽ ഞാൻ തീർച്ചയായും സമയത്തിനു വരാം"

പിന്നീടൊരിക്കലും ആ പ്രൊഫസർ താമസിച്ചു വന്നിട്ടില്ല.

ഈശ്വരചന്ദ്രൻ വിദ്യാർത്ഥികളോടു് ഉദാരനായിരുന്നെങ്കിലും, കഠിനശിക്ഷകനായിരുന്നു. ഒരിക്കൽ അദ്ദേഹം പ്രായം കുറഞ്ഞ ഒരു പ്രൊഫസറെ നിയമിച്ചു. ആ പ്രൊഫസർ പഠിപ്പിക്കുവാനായി ക്ലാസ്സിൽ ചെന്നപ്പോൾ, കുട്ടികൾ അയാളെ വളരെ അപമാനിച്ചു. ഈശ്വരചന്ദ്രൻ അതിനെപ്പററി അന്വേഷണം നടത്തി. കുററം ചെയ്ത കുട്ടികളുടെ പേരു് ചോദിച്ചപ്പോൾ, ആരും എഴുന്നേററു നിന്നില്ല. ഉടനെ എല്ലാ കുട്ടികളേയും അദ്ദേഹം കോളേജിൽ നിന്നു് പുറത്താക്കി. കുട്ടികൾ ഈശ്വരചന്ദ്രനെപ്പററി മേലധികാരികളോടു് പരാതി പറഞ്ഞു്, അദ്ദേഹത്തെ പുറത്താക്കണമെന്നു് ആവശ്യപ്പെട്ടു. അപമാനകരമായ ജീവിതം കഴിക്കുന്നതിനേക്കാൾ നല്ലതു് മലക്കറി വില്ക്കുന്നതും, പലവ്യഞ്ജനക്കട നടത്തുന്നതുമാണെന്നു് താൻ കരുതുന്നതായി ഈശ്വരചന്ദ്രൻ മുമ്പൊരിക്കൽ പറഞ്ഞിരുന്നു. ഇക്കാര്യം കുട്ടികൾക്കറിയാമായിരുന്നു. അവർ പ്രിൻസിപ്പലിനെ പരിഹസിക്കുവാൻ തുടങ്ങി.

ഇക്കാര്യത്തിനു് വിദ്യാസാഗരിൽ നിന്നും മറുപടി ആവശ്യപ്പെട്ടപ്പോൾ, കോളേജിൽ അച്ചടക്കം പാലിക്കുന്നതിനു് അതാവശ്യമാണെന്നും, അതിൽ അധികൃതർക്കു് ഇടപെടാൻ അവകാശമില്ലെന്നും അദ്ദേഹം എഴുതിക്കൊടുത്തു. പിന്നീടു്, കുട്ടികൾക്കു് ഈശ്വരചന്ദ്രന്റേയും തങ്ങ

ളുടെ പ്രൊഫസറുടേയും അടുക്കൽ മാപ്പു ചോദിക്കേണ്ടി വന്നു. ഈശ്വരചന്ദ്രൻ അനവധി ജില്ലകളിൽ ഇൻസ്പെക്ടറായും നിയമിക്കപ്പെട്ടു. അദ്ദേഹത്തിൻെറ അഭ്യർത്ഥന പ്രകാരം ബംഗാളിൽ അനവധി നോർമൽ സ്കൂളുകൾ തുറക്കപ്പെട്ടു. അവയുടെ മേൽനോട്ടവും അദ്ദേഹം തന്നെ നടത്തി. ഒരു ദിവസം എന്തോ കാരണത്താൽ, വിദ്യാഭ്യാസ ഡയറക്ടറും അദ്ദേഹവുമായി വിരോധത്തിലായി. ഇനി ഒരു കാര്യവും സമാധാനമായി നടക്കുകയില്ലെന്നു് കണ്ടപ്പോൾ, അദ്ദേഹം ജോലി ഉപേക്ഷിച്ചു.

പിന്നീടു്, അദ്ദേഹം സാഹിത്യസേവനമാരംഭിച്ചു. അതിൽ അദ്ദേഹം വളരെ വേഗത്തിൽ ഉയർച്ച നേടി. ഒരു രാത്രികൊണ്ടു് സരള സംസ്കൃത വ്യാകരണഗ്രന്ഥങ്ങൾ അദ്ദേഹമെഴുതി. സംസ്കൃതം, ബംഗാളി, ഇംഗ്ലീഷ് എന്നീ ഭാഷകളിലായി അമ്പതിലധികം പുസ്തകങ്ങൾ അദ്ദേഹം രചിച്ചു. ജീവൻ ചരിതം, ബോധോദയം, ശകുന്തള, വിധവാവിവാഹം, വർണ്ണപരിചയം, മേഘദൂതം, ഭ്രാന്തിവിലാസം, ബഹുവിവാഹം എന്നിവ അദ്ദേഹത്തിൻെറ പ്രസിദ്ധ കൃതികളാണു്.

ഈ ദേശത്തു് ആരും അക്ഷരാഭ്യാസമില്ലാതിരിക്കരുതെന്നായിരുന്നു അദ്ദേഹത്തിൻെറ തീവ്രാഭിലാഷം. അദ്ദേഹത്തിൻെറ പ്രയത്നഫലമായി, കൽക്കത്തയിൽ ബേഥൂൻ വിദ്യാലയവും, മേദിനിപൂർ, ബർദ്വാൻ, ഹൂഗ്ലി, നദിയാ എന്നീ ജില്ലകളിൽ അമ്പതു് ബാലികാവിദ്യാലയങ്ങളും സ്ഥാപിച്ചു. വിദ്യാഭ്യാസവകുപ്പുമായി വിരോധത്തിലായിരുന്നതുകൊണ്ടു്, ഈ സ്കൂളുകൾ നടത്തുന്ന ഭാരവും അദ്ദേഹം ഏറ്റെടുത്തു. ബംഗാളി പഠിപ്പിക്കുന്നതിനു് 101 വിദ്യാലയങ്ങൾ സ്ഥാപിച്ചു. പകൽ ജോലിചെയ്യുന്ന ആളുകൾക്കു് രാത്രി പഠിക്കാനുള്ള ഏർപ്പാടു് ചെയ്തു.

വിദ്യാസാഗർ മുഖാന്തിരം സ്ഥാപിച്ച വിദ്യാലയങ്ങളിൽ ആയിരക്കണക്കിനു് വിദ്യാർത്ഥികൾ ഫീസൊന്നും കൊടുക്കാതെ പഠിക്കുന്നുണ്ടായിരുന്നു. വിദ്യാർത്ഥികൾക്കു് പുസ്തകങ്ങളുടേയും മററും വിലയും അദ്ധ്യാപകരുടെ ശമ്പളവും അദ്ദേഹം സ്വന്തം കൊടുക്കുമായിരുന്നു.

ഒരിക്കൽ, ഈശ്വരചന്ദ്രൻെറ ഒരു വൃദ്ധനായ പ്രൊഫസർ തന്റെ ആദ്യ ഭാര്യ മരിച്ചശേഷം, പ്രായം കുറഞ്ഞ ഒരു പെൺകുട്ടിയെ വിവാഹം ചെയ്തു. ഈശ്വരചന്ദ്രൻ ആ വിവാഹത്തിനെതിരായിരുന്നു. പ്രൊഫസർക്ക് വാശി കേറി. ഈശ്വരചന്ദ്രനു് തൻെറ ഭാര്യയെ കാണിച്ചുകൊടുക്കാനായി വീട്ടിലേയ്ക്കു് കൊണ്ടുപോയി. എന്നാൽ, ആ പെൺകുട്ടിയെ കണ്ട ഉടനെ അദ്ദേഹം ഉറക്കെ നിലവിളിച്ചു കരയാൻ തുടങ്ങി. പ്രൊഫസർ അദ്ദേഹത്തെ സാന്ത്വനപ്പെടുത്തി; എന്തെങ്കിലും ആഹാരം കഴിയ്ക്കണമെന്നഭ്യർത്ഥിച്ചു. ആഹാരം പോട്ടെ, ഒരു തുള്ളി വെള്ളം പോലും ആ വീട്ടിൽ നിന്നു് കഴിയ്ക്കയില്ലെന്നു പറഞ്ഞു്, ഈശ്വരചന്ദ്രൻ അവിടെ നിന്നു് എഴുന്നേററുപോയി.

ഈ സംഭവത്തിനുശേഷം, ഈശ്വരചന്ദ്രനു് ഹിന്ദുസമുദായത്തിൽ പ്രചാരത്തിലിരുന്ന അനാചാരങ്ങളെ ദൂരീകരിയ്ക്കാനുള്ള ആഗ്രഹം മുഴുത്തു. പ്രത്യേകിച്ചും വിധവാ വിവാഹം നടപ്പിലാക്കാൻ അദ്ദേഹം പ്രയത്നിയ്ക്കുകയുണ്ടായി.

രാജ്യത്തു് എവിടെയൊക്കെ ഈശ്വരചന്ദ്രൻ വിദ്യാഭ്യാസത്തിൻെറ നില പരിഷ്ക്കരിച്ചുവോ, അവിടെയൊക്കെ മററു പല പരിഷ്കാരങ്ങളും കൂടി അദ്ദേഹം നടപ്പാക്കി. ഈ നാട്ടിൻെറ പരിഷ്കരണത്തിൽ അദ്ദേഹത്തിൻെറ മനസ്സു് മുഴുകിയിരുന്നു. രാജാ രാം മോഹൻ റോയുടെ പരിശ്രമത്താൽ സതീ സമ്പ്രദായം നിയമവിരുദ്ധമാണെന്നു് പ്രഖ്യാപിയ്ക്കപ്പെട്ടു കഴിഞ്ഞിരുന്നു. അതോടൊപ്പം, വിധവകളുടെ ദുർദ്ദശയ്ക്കുറുതി വരുത്തി പരിഷ്ക്കാരങ്ങളുണ്ടാക്കാൻ ഈശ്വരചന്ദ്രൻ ദൃഢനിശ്ചയമെടുത്തു. വിധവാവിവാഹത്തെ സംബന്ധിച്ച ഗ്രന്ഥങ്ങളെഴുതിയും, ശാസ്ത്രങ്ങളെ പ്രമാണമാക്കിയും അന്ധവിശ്വാസികൾക്കു് ഇക്കാര്യം മനസ്സിലാക്കികൊടുക്കാൻ ശ്രമിച്ചു. വിധവാവിവാഹം ശാസ്ത്രവിരുദ്ധമല്ലെന്നു് അദ്ദേഹം പറഞ്ഞു. എന്നാൽ, ഇക്കാര്യത്തിൽ ജനങ്ങളുടെ മേൽ അദ്ദേഹത്തിനു് ഒട്ടും സ്വാധീനം ചെലുത്താൻകഴിഞ്ഞില്ല. നേരേ മറിച്ചു്, ജനങ്ങൾ അദ്ദേഹത്തിൻെറ ശത്രുക്കളായി. അവക്കു് മാതൃക കാണിച്ചുകൊടുക്കാനായി അദ്ദേഹം ഒരു വിധവയുമായി തൻെറ ഏകപുത്രൻെറ

വിവാഹം നടത്തി. ബംഗാളിലാകമാനം സമുദായപരിഷ്കാരത്തിൻെറ അലകളിളകി. നഗരത്തിലെമ്പാടും വിദ്യാസാഗറിൻെറ ജയഘോഷം മുഴങ്ങി. ചിന്തയിൽ ഇത്ര പുരോഗമനവാദിയായിരുന്നിട്ടും, വിദ്യാസാഗർ തൻെറ ജീവിതത്തിലും, പെരുമാറ്റത്തിലും വളരെ ലളിതസ്വഭാവിയായിരുന്നു. എല്ലാ തരത്തിലും ഭാരതീയനായിരുന്നു അദ്ദേഹം.

എപ്പോഴെങ്കിലും ആക്കെങ്കിലും കഷ്ടതയുണ്ടായാൽ, ആ സങ്കടം ദൂരീകരിക്കാൻ എല്ലാ പ്രകാരത്തിലും ഈശ്വരചന്ദ്രൻ ശ്രമിക്കുമായിരുന്നു. ആക്കെങ്കിലും രോഗമോ, ദുഃഖമോ ഉണ്ടായെന്നു് കേട്ടാൽ, അദ്ദേഹം അവരുടെ വീട്ടിൽ പോയി, മനസ്സും ശരീരവും ധനവുംകൊണ്ടു് അവരെ സേവിച്ചു്, അവക്കു് ആശ്വാസം നൽകാൻ ശ്രമിക്കുമായിരുന്നു.

നിർദ്ധനനും ധനികനും തമ്മിൽ അദ്ദേഹത്തിനു് വ്യത്യാസമില്ലായിരുന്നു. എല്ലാവരോടും അദ്ദേഹം ഒരുപോലെ പെരുമാറുമായിരുന്നു. ഒരു തവണ, അദ്ദേഹം കൽക്കത്തയിലെ വളരെ വലിയ ഒരു ജമീന്ദാറെ കാണാൻ പോകുന്ന വഴി ഒരു കടക്കാരൻ അദ്ദേഹത്തെ വിളിച്ചു. അയാൾ ഒരു സാധാരണ കടക്കാരനായിരുന്നു. അയാൾ ഈശ്വരചന്ദ്രനെ ഒരു അരിച്ചാക്കിന്മേലിരുത്തി. ഈശ്വരചന്ദ്രൻ വലിയ സംതൃപ്തിയോടെ അയാളുമായി വത്തമാനം പറഞ്ഞുകൊണ്ടിരുന്നു. അപ്പോൾ നല്ല ഭംഗിയുള്ള കുതിരകളെ പൂട്ടിയ ഒരു വണ്ടിയിലിരുന്നു്, ജമീന്ദാർ അതിലേ കടന്നുപോയി. ജമീന്ദാക്കു് ഈശ്വരചന്ദ്രനെ കാണാനായി ഇറങ്ങേണ്ടിവന്നു. പക്ഷെ അയാൾക്കു് വലിയ സങ്കോചം തോന്നി. പിന്നീടൊരിക്കൽ അയാൾ ഈശ്വരചന്ദ്രനെ കണ്ടപ്പോൾ പറഞ്ഞു: "നിങ്ങൾ എവിടെയെങ്കിലുമൊക്കെ ഇങ്ങനെ കയറിയിരിക്കുന്നതെന്താണു്? നിങ്ങളുടെ അഭിമാനത്തെപ്പററി നിങ്ങൾക്കു് യാതൊരു വിചാരവുമില്ലേ?"

വിദ്യാസാഗർ പറഞ്ഞു: "നിങ്ങളും ഞാനുമായുള്ള കൂട്ടുകെട്ടു് അവസാനിപ്പിച്ചുകൊള്ളൂ; അപ്പോൾ പിന്നെ നിങ്ങൾക്കു് പരാതിക്കവസരം കിട്ടുകയില്ലല്ലോ? അയാൾ പാവപ്പെട്ടവനാണു്. അതുകൊണ്ടു മാത്രം ആ സ്നേഹിതനെ അപമാനിക്കാൻ ഞാൻ തയ്യാറില്ല."

"PREMALAYAM"
PUTHIYARA
CALICUT-4.



ഈശ്വരചന്ദ്ര വിദ്യാസാഗറുടെ ജീവിതത്തിലെ ഓരോരോ സംഭവവും ആദർശപരമാണ്. ക്രിസ്ത്വബ്ദം 1891-ൽ ഈ മഹാത്മാവു് പരലോകം പ്രാപിച്ചു. ഈശ്വരചന്ദ്രൻ ഇന്നു് ഈ ലോകത്തിലില്ല. എന്നാൽ, അദ്ദേഹം തന്റെ സൽപേരു് മുഖാന്തിരം ഇന്നും നമ്മുടെ ഇടയിൽ ജീവിക്കുന്നു.

# മൈക്കേൽ മധുസൂദൻ ദത്ത്



ബംഗാളി സാഹിത്യത്തിൽ വൃത്തനിബദ്ധമല്ലാത്ത കവിത ആദ്യമായി രചിച്ച മൈക്കേൽ മധുസൂദൻ ദത്തിന്റെ ജീവിതം അസാധാരണമായിരുന്നു. ബംഗാൾ പ്രവിശ്യയിലെ സാഗർദാഡി ഗ്രാമത്തിൽ 1824 ജനുവരി 25-ാംനു രാജാ നാരായണന്റെ കുടുംബത്തിൽ മധുസൂദൻ ജനിച്ചു. രാജാ നാരായണനു് നാലു ഭാര്യമാരുണ്ടായിരുന്നു. ആദ്യത്തെ ഭാര്യയിലുണ്ടായ പുത്രനാണ് മധുസൂദൻ. അദ്ദേഹത്തിനു് രണ്ടു് അനുജന്മാരും ഒരു അനുജത്തിയുമുണ്ടായിരുന്നു. എന്നാൽ കുട്ടിക്കാലത്തുതന്നെ അവർ മരിച്ചു പോയി. ഇക്കാരണത്താൽ മധുസൂദൻ അച്ഛനമ്മമാരുടെ കണ്ണിലുണ്ണിയായി. രാജാ നാരായണൻ നല്ല വരുമാനമുള്ള ഒരു വക്കീലായിരുന്നു.

മധുസൂദൻ വലിയ ചെലവാളിയായിരുന്നു. ഈ ശീലം അച്ഛനിൽ നിന്നു് കിട്ടിയതാണ്. മാതാവായ ജാഹ്നവി ദേവിയിൽ നിന്നു് മധുസൂദനു് കവിതാവാസന സിദ്ധിച്ചു. അതുമൂലം മധുസൂദൻ അനശ്വരനായി.

കുട്ടിക്കാലം മുതൽ മധുസൂദനു് പഠിയ്ക്കാൻ വളരെ താൽപ്പര്യമായിരുന്നു. ജീവിതകാലത്തു തന്നെ താൻ പ്രസിദ്ധനാകുമെന്നു് കുട്ടിക്കാലത്തേ അദ്ദേഹം നിശ്ചയിച്ചു.

മധുസൂദൻ ഉച്ഛൃംഖലസ്വഭാവിയായിരുന്നു. എന്നാൽ അദ്ദേഹം ഗർവിഷ്ഠനായിരുന്നില്ല. ആരുടെ കഷ്ടപ്പാടിലും സഹായം നൽകാനായി അദ്ദേഹം ഓടിയെത്തുമായിരുന്നു.

ഗ്രാമപാഠശാലയിലെ വിദ്യാഭ്യാസം കഴിഞ്ഞപ്പോൾ, മധുസൂദനെ രാജാ നാരായൺ ബാബു കൽക്കത്തയിലെ ഹിന്ദു കോളേജിൽ ചേർത്തു. അക്കാലത്ത് ഭാരതത്തിൽ ഹൈന്ദവസംസ്കാരത്തിന് വിരുദ്ധമായ വിദ്യാഭ്യാസമാണ് പ്രചാരത്തിലിരുന്നത്. ബ്രിട്ടീഷ് പരിഷ്കാരം, ബ്രിട്ടീഷ് രാജ്യനീതി, ബ്രിട്ടീഷ് സംസ്കാരം, ക്രിസ്തുമതം എന്നിവയോടുള്ള സ്നേഹമായിരുന്നു ആ വിദ്യാഭ്യാസത്തിൻെറ ശ്രദ്ധേയമായ മുഖ്യ ലക്ഷ്യങ്ങൾ. ധനികനായ പിതാവിൻെറ ഏകസന്താനമായതു കാരണം, മധുസൂദനു് സാംസ്കാരികമായി ഉറച്ച നിലയുണ്ടായിരുന്നില്ല. പുതിയ സ്ഥലത്ത് അദ്ദേഹം പുതിയ പ്രലോഭനങ്ങളിൽ അതിവേഗം ആകൃഷ്ടനായി. ആഹാരത്തിലും വസ്ത്രധാരണത്തിലും അദ്ദേഹം വലിയ സായിപ്പായി. സായിപ്പിൻെറ ഉടുപ്പുകൾ ധരിക്കുന്നതിനു പുറമേ, ഇംഗ്ലീഷ് ഭാഷ പഠിക്കുന്നതിലും അദ്ദേഹം നിപുണനായി. മാതൃഭാഷയായ ബംഗാളി ഉപേക്ഷിച്ച്, ഇംഗ്ലീഷിലേ വർത്തമാനം പറയൂ എന്നായി. ആ ഭാഷയിൽ കവിതകളെഴുതാനും തുടങ്ങി.

മധുസൂദൻെറ അച്ഛൻ ഒരു ജമീന്ദാരുടെ സുന്ദരിയായ മകളുമായി മധുസൂദൻെറ വിവാഹം ഉറപ്പിച്ചപ്പോൾ, മകൻ അമ്മയോട് പറഞ്ഞു: "ഞാൻ ബംഗാളിപ്പെണ്ണിനെ വിവാഹം കഴിക്കുകയില്ല. കാരണം, ബംഗാളിപ്പെണ്ണ് ഇംഗ്ലീഷുപെണ്ണിനെപ്പോലെ സുന്ദരിയും ഗുണവതിയുമായിരിക്കുകയില്ല."

വീട്ടിൽ മധുസൂദൻെറ വിവാഹത്തിനുള്ള ഏർപ്പാടുകൾ നടന്നുകൊണ്ടിരിക്കേ, ഒരു ദിവസം അദ്ദേഹം വീട്ടിൽ നിന്നോടിപ്പോയി. 1846 ഫെബ്രുവരി 9-ാംനു അദ്ദേഹം ക്രിസ്തുമതത്തിൽ ചേർന്നു. മതം മാറിയ ശേഷം ശ്രീ മധുസൂദൻ 'മൈക്കേൽ മധുസൂദൻ' ആയി.

മറെറാരു മതക്കാരനായതുകൊണ്ട് മധുസൂദനെ തങ്ങളുടെ വീട്ടിൽ പാർപ്പിക്കാൻ അച്ഛനമ്മമാർക്ക് കഴിഞ്ഞില്ല. എങ്കിലും അവരുടെ

പുത്രവാത്സല്യത്തിന് ഒരു കുറവുമുണ്ടായില്ല. പക്ഷേ, ഒരു ദിവസം മധുസൂദനന്റെ ധാർഷ്ട്യത്തിൽ വെറുപ്പു തോന്നി പിതാവ് മകന് കൊട്ടത്തിരുന്ന ധനസഹായം നിർത്തലാക്കി. ഇതുമൂലം മധുസൂദൻ വലിയ കഷ്ടത്തിലായി. ധനസമ്പാദനത്തിനായി അദ്ദേഹത്തിന് മദ്രാസിലേയ്ക്ക് പോകേണ്ടിവന്നു. മദ്രാസിൽ മധുസൂദനു് വലിയ കഷ്ടപ്പാടുകൾ സഹിക്കേണ്ടിവന്നു. അവിടെ ക്രിസ്ത്യാനിക്കുട്ടികളെ പഠിപ്പിക്കുന്ന ജോലി അദ്ദേഹത്തിന് കിട്ടി. എന്നാൽ, അതിൽ നിന്ന് കിട്ടിയ പണം വളരെ കുറവായിരുന്നു. കോളേജിൽ പഠിക്കുന്ന കാലത്ത് സ്വന്തം ആനന്ദത്തിനായി മധുസൂദൻ സാഹിത്യസേവനത്തിലേർപ്പെട്ടിരുന്നു. ഇപ്പോൾ വയറുപിഴപ്പിനു വേണ്ടി സാഹിത്യസേവനം ചെയ്യേണ്ടിവന്നു. കാലം ചെന്നപ്പോൾ, അദ്ദേഹം ഉന്നതസാഹിത്യകാരനെന്ന പേരിൽ കീർത്തി നേടി.

താമസിയാതെ, മധുസൂദനന്റെ ഇംഗ്ലീഷ് കൃതിയായ 'വന്ദിനി നാരി' പ്രകാശിതമായി. മധുസൂദൻ ഇംഗ്ലീഷിൽ ലേഖകനായെങ്കിലും, വിദേശീയക്ക് ഇംഗ്ലീഷ് സാഹിത്യത്തിൽ മാന്യസ്ഥാനം നൽകുകയില്ലെന്നും, അതുകൊണ്ട് സ്വന്തം മാതൃഭാഷയായ ബംഗാളിയിൽ സാഹിത്യരചന നടത്തുകയാണ് വേണ്ടതെന്നും, മധുസൂദനന്റെ ബാല്യകാലസുഹൃത്തായ ഗൌരദാസ് ബസാക്കും, ആധുനികഭാരതത്തിൽ സ്ത്രീവിദ്യാഭ്യാസത്തിനായി പ്രവർത്തിച്ചിരുന്ന ബേഥൻ സായിപ്പും, അദ്ദേഹത്തെ മനസ്സിലാക്കി. മധുസൂദനന്റെ ഭ്രമം നീങ്ങി; അദ്ദേഹം ബംഗാളി ഭാഷ പഠിച്ചു തുടങ്ങി.

മദ്രാസ്സിൽ വച്ച് മധുസൂദൻ റെബേക്കാ മ്യാവട്മിസ് എന്നു പേരുള്ള ഒരു സ്കോട്ട്ലണ്ടുകാരിയെ വിവാഹം കഴിച്ചു. എന്നാൽ, അവരുടെ സ്വഭാവത്തിൽ മടുത്തിട്ട് അദ്ദേഹത്തിന് ആ വിവാഹബന്ധം വേർപെടുത്തേണ്ടിവന്നു. അതിനു ശേഷം മദ്രാസ് കാളേജിലെ പ്രിൻസിപ്പലിന്റെ മകളെ അദ്ദേഹം വിവാഹം കഴിച്ചു. അക്കാലത്ത് മധുസൂദൻ ഒരു ദിനപ്പത്രത്തിന്റെ സഹപത്രാധിപരും പ്രസിഡൻസി കാളേജിൽ അദ്ധ്യാപകനുമായിരുന്നു. എന്നാൽ, ഈ ജോലി

കളിൽ നിന്നു് കിട്ടിയ പണവും മധുസൂദനു് തികഞ്ഞിരുന്നില്ല. എട്ടു വർഷം കഴിഞ്ഞു് അദ്ദേഹം ബംഗാളിലേയ്ക്കു് മടങ്ങി.

മധുസൂദൻ മദ്രാസിലായിരുന്നപ്പോൾ, അദ്ദേഹത്തിന്റെ അച്ഛനമ്മമാർ മരണമടഞ്ഞു. മധുസൂദനും മരിച്ചിട്ടുണ്ടാവുമെന്നു് അദ്ദേഹത്തിന്റെ ബന്ധുക്കൾ വിചാരിച്ചു. മധുസൂദന്റെ അച്ഛന്റെ സ്വത്തുക്കൾ മുഴുവനും അവർ കൈവശപ്പെടുത്തി. ബംഗാളിൽ മടങ്ങിയെത്തിയ മധുസൂദനെ അവരാരും തിരിച്ചറിഞ്ഞതുപോലുമില്ല. കല്ക്കത്ത മധുസൂദനു് പുതുതായിത്തോന്നി.

സമുദായത്താൽ ത്യജിയ്ക്കപ്പെട്ട, നിർദ്ധനനായ മധുസൂദനു് ഗവണ്മെൻറു് ആപ്പീസിൽ പണി എടുക്കേണ്ടി വന്നു. ഇക്കാലത്തു് അദ്ദേഹം ബംഗാളിയിൽ നാടകമെഴുതാൻ തുടങ്ങി. ഇവയിൽ ''ശർമ്മിഷ്ഠ'', ''പദ്മാവതി'' എന്നിവ പ്രസിദ്ധമാണു്. കാവ്യരചനയിലും അദ്ദേഹത്തിനു് വലിയ പ്രശസ്തി കൈവന്നു. അദ്ദേഹത്തിന്റെ നാമം ചിരസ്മരണീയമാക്കി നിർത്തുവാൻ അദ്ദേഹത്തിന്റെ കാവ്യങ്ങളിൽ 'മേഘനാഥ വധം' മാത്രം മതി.

മധുസൂദൻ ഭാര്യയേയും കുട്ടികളേയും കല്ക്കത്തയിൽ വിട്ടു്, ബാരിസ്റ്റർ പരീക്ഷയ്ക്കു് പഠിയ്ക്കാനായി ഇംഗ്ലണ്ടിലേയ്ക്കു് പോയി. കല്ക്കത്തയിൽ അദ്ദേഹത്തിന്റെ ഭാര്യയ്ക്കു് പണം ആവശ്യമായി വന്നപ്പോൾ, അവർ കുട്ടികളേയുംകൊണ്ടു് ഇംഗ്ലണ്ടിലെത്തി. അവക്കു് ഇംഗ്ലണ്ടിൽ ഒരുപാടു് കടമുണ്ടായി. ആരിൽ നിന്നും സഹായം കിട്ടിയില്ല. ഒടുവിൽ മധുസൂദൻ ഈശ്വരചന്ദ്ര വിദ്യാസാഗറിനു് കത്തെഴുതുകയും, അദ്ദേഹത്തിന്റെ സഹായംകൊണ്ടു് ബാരിസ്റ്റർ പഠനം പൂർത്തിയാക്കുകയും ചെയ്തു. ക്രി. പി. 1837-ൽ മധുസൂദൻ കല്ക്കത്താ ഹൈക്കോടതിയിൽ അഭിഭാഷകവൃത്തി ആരംഭിച്ചു. ഈ ജോലിയിൽ കിട്ടിയതും മധുസൂദനു് തികഞ്ഞില്ല. കടം ദിവസേന പെരുകിക്കൊണ്ടിരുന്നു. അക്കാലത്തുപോലും മധുസൂദൻ ധാരാളം പണം ദാനം ചെയ്യുമായിരുന്നു.

മധുസൂദനൻെറ ശേഷിച്ച ജീവിതകാലം മുഴവനും വളരെ ശോചനീയമായ അവസ്ഥയിലാണു് കഴിച്ചതു്. പത്നിയുടെ മരണശേഷം 1873 ജൂൺ 29-ാംനു- അലീപൂർ ആസ്പത്രിയിൽ വച്ചു് മധുസൂദൻ അന്തരിച്ചു.



# ദയാനന്ദ സരസ്വതി

ഗുജറാത്തിൽ, കാഠിയാവാഡിലെ മോർവി താലൂക്കിലെ ഒരു ഗ്രാമത്തിൽ പണ്ഡിത് അംബാശങ്കർ എന്നൊരാൾ താമസിച്ചിരുന്നു. ക്രി. പി. 1824-ൽ അദ്ദേഹത്തിന് ഒരു പുത്രനുണ്ടായി. ആ കുട്ടിക്ക് മൂലശങ്കർ എന്നു് പേരിട്ടു. മൂലശങ്കർ ലക്ഷണം തികഞ്ഞ ഒരു ബാലനായി വളർന്നു. നല്ലവണ്ണം പഠിച്ച് പാഠങ്ങൾ ഹൃദിസ്ഥമാക്കിയിരുന്നു. ഗുരുജനങ്ങൾക്കു് അവനെ വളരെ ഇഷ്ടപ്പെട്ടു. പതിനാലാം വയസ്സിൽ അവൻ യജുർവേദം ഹൃദിസ്ഥമാക്കി. ചിന്തിക്കാനും, വാദപ്രതിവാദത്തിലേർപ്പെടാനും അവനു് അത്ഭുതകരമായ കഴിവുണ്ടായിരുന്നു.

ഒരു ശിവരാത്രിനാളിൽ അച്ഛൻ പറഞ്ഞതനുസരിച്ച് മൂലശങ്കർ വ്രതമനുഷ്ഠിച്ചു. ക്ഷേത്രത്തിൽ അർദ്ധരാത്രിവരെ ഭജനകീർത്തനങ്ങൾ നടന്നുകൊണ്ടിരുന്നു. അതു കഴിഞ്ഞപ്പോൾ, മററുള്ളവരെല്ലാം കിടന്നുറങ്ങി. എന്നാൽ, മൂലശങ്കർ ഉണർന്നുതന്നെയിരുന്നു. വലിയ നിഷ്ഠയോടെ ശിവമന്ത്രം ജപിച്ചുകൊണ്ടു്, അയാൾ ബിംബത്തിനു് മുന്നിലിരുന്നു. ആ സമയത്തുണ്ടായൊരു സംഭവം മൂലശങ്കറിൻെറ മതസംബന്ധമായ വീക്ഷണം തന്നെ മാററിക്കളഞ്ഞു. ഒരു ചുണ്ടെലി ശിവൻെറ

ബിംബത്തിൽ കയറി, അതിന്മേലുണ്ടായിരുന്ന പ്രസാദം ആവേശത്തോടെ കാർന്നു തിന്നുകൊണ്ടിരുന്നു. ബിംബാരാധന മൂഢത്വമാണെന്നു് മൂലശങ്കറിനു് തോന്നി. ഒരു ചുണ്ടെലിയെക്കൊണ്ടു് അശുദ്ധമാകാതിരിക്കാൻ കഴിവില്ലാത്ത ബിംബം എന്നെ എങ്ങനെ രക്ഷിയ്ക്കാനാണു്? ഈ നാസ്തികവിചാരം കേട്ടു് അയാളുടെ അച്ഛൻ അയാളെ കഠിനമായി ശാസിച്ചു. അല്പകാലം കഴിഞ്ഞു് അയാളുടെ സഹോദരി മരണമടഞ്ഞു. അതു് അയാളെ വല്ലാതെ ഉലച്ചു.

കുറേ ദിവസം കഴിഞ്ഞപ്പോൾ, അയാളുടെ പ്രിയപ്പെട്ട ചിററപ്പനും മരിച്ചു. അയാൾ പൊട്ടിക്കരഞ്ഞു. ജീവിതം ഒരു നീർക്കുമിളയാണു്; അതുകൊണ്ടു് തൻെറ ജീവിതം സാർത്ഥകമാക്കുന്ന ഏതെങ്കിലും കർത്തവ്യമായിരിയ്ക്കണം മനുഷ്യൻ ചെയ്യുക. വഞ്ചന, സ്വാർത്ഥത, ചുററുള്ളവരെ നശിപ്പിയ്ക്കുക എന്നിവ മഹാപാപമാണു്. ഇങ്ങനെയുള്ള വിചാരങ്ങളിൽ മുഴുകി, മൂലശങ്കർ അസ്വസ്ഥനായിക്കഴിഞ്ഞു. മകൻ സന്ന്യാസിയായി പോകുമോ എന്നു് പിതാവു് ഭയപ്പെട്ടു. അതുകാരണം, അദ്ദേഹം അയാളുടെ വിവാഹത്തിനു് വേണ്ട ഒരുക്കങ്ങൾ ചെയ്തു തുടങ്ങി. എന്നാൽ മൂലശങ്കർ, അച്ഛൻെറ കണ്ണു തപ്പി, സിദ്ധപുരിലെ ഉത്സവത്തിൽ ചെന്നു ചേരുകയും, തല മുണ്ഡനം ചെയ്തു് കാഷായവസ്ത്രം സ്വീകരിയ്ക്കുകയും ചെയ്തു. പിതാവിനു് ഈ വിവരം കിട്ടിയപ്പോൾ, അദ്ദേഹം കുറെ ആളുകളേയും കൂട്ടിച്ചെന്നു് മകനെ വളഞ്ഞു. എന്നാൽ, രാത്രിയിൽ എല്ലാവരും ഉറങ്ങിയപ്പോൾ, മൂലശങ്കർ മിണ്ടാതെ അവിടെനിന്നു് രക്ഷപ്പെട്ടു; രാജവീഥികൾ വിട്ടു്, പാടങ്ങളിലൂടെ നടന്നു്, ഉത്തർ പ്രദേശിലെത്തി. മൂന്നു വർഷക്കാലം അവിടെയുമിവിടെയും ചുററിത്തിരിഞ്ഞു്, അദ്ദേഹം മഥുരയിൽ ബിരജാനന്ദൻെറ ആശ്രമത്തിലെത്തി. തൻെറ ഗുരുഭക്തിയും, സേവനവും, പരിശ്രമവും കൊണ്ടു് അദ്ദേഹം ഗുരുവിനെ സന്തുഷ്ടനാക്കി. സ്വാമി ബിരജാനന്ദൻ വലിയ മുൻകോപിയായിരുന്നു. എന്നാൽ, അപ്പോഴേയ്ക്കും സ്വാമി ദയാനന്ദനെന്ന പേരു സ്വീകരിച്ചിരുന്ന മൂലശങ്കർ വലിയ ക്ഷമയോടും, താൽപര്യത്തോടും വിദ്യാഭ്യാസം നടത്തി. ഒടുവിൽ, ആശ്രമം വിട്ടു പോകാൻ

തുടങ്ങിയപ്പോൾ, ഗുരു പ്രസന്നനായി, ഭാവിശ്രേയ:പിശുനശകുനമുള്ള ഈ ശിഷ്യനോട്ട് ഇങ്ങനെ പറഞ്ഞു: "കുഞ്ഞേ, ഭാരതവാസികൾ ഇപ്പോൾ അന്ധകാരത്തിൽ കിടക്കുകയാണ്. ബാല്യവിവാഹം, നിരക്ഷരത്വം എന്നീ അനാചാരങ്ങൾ അവരുടെ സമുദായചട്ടക്കൂട്ട് പൊള്ളയാക്കിയിരിക്കുന്നു. അതുകൊണ്ട്, നീ അവക്ക് വഴി കാണിച്ചുകൊടുക്കുമെന്നും, മതത്തിൻെറ ബാഹ്യാഡംബരങ്ങളിൽ നിന്ന് അവരെ ഉദ്ധരിച്ച്, ശരിയായ വൈദികമതത്തെക്കുറിച്ച് അവക്ക് അറിവു നൽകണമെന്നും ഞാൻ ആഗ്രഹിക്കുന്നു."

അക്കാലത്ത് ഇന്ത്യയിൽ അനവധി സാമുദായികാചാരങ്ങൾ പ്രചരിച്ചിരുന്നു. ചിലയാളുകൾ തീർത്ഥസ്ഥാനങ്ങളിൽ ചെന്ന്, ആടയാഭരണങ്ങളണിഞ്ഞ തങ്ങളുടെ സുന്ദരികളായ ഭാര്യമാരെ പണ്ഡകൾക്ക് (പുരോഹിതക്ക്) ദാനം ചെയ്യുമായിരുന്നു. അങ്ങനെ ചെയ്യുന്നതുകൊണ്ട്, അടുത്ത ജന്മത്തിലും തങ്ങൾക്ക് ഇങ്ങനെയുള്ള സുന്ദരികളായ ഭാര്യമാരേയും ധനസമ്പത്തും കിട്ടുമെന്ന് അവർ വിശ്വസിച്ചു. പിന്നീട്, ദാനമായി കൊടുത്ത ആ സ്ത്രീകളെ സാധനങ്ങൾ കൈ മാറുന്ന മാതിരി ചോദിക്കുന്ന വില കൊടുത്ത്, പണ്ഡകളിൽ നിന്ന് വാങ്ങുമായിരുന്നു. ചിലയാളുകൾ അവരുടെ പെൺമക്കളെ ദേവശുശ്രൂഷക്കായി ക്ഷേത്രങ്ങൾക്ക് വിട്ടുകൊടുക്കാറുണ്ടായിരുന്നു. ഈ കന്യകകൾ ദേവദാസികളായി അപമാനകരമായ രീതിയിൽ ജീവിതം കഴിക്കും. അനേകമാളുകൾ അവരുടെ കുട്ടികളെ ഗംഗാമാതാവിന്ന് സമർപ്പിക്കുന്നുവെന്ന് പറഞ്ഞ് ആററിൽ ഒഴുക്കിയിരുന്നു. പണ്ഡകൾ ആ കുഞ്ഞുങ്ങളെ രക്ഷപ്പെടുത്തി, പിന്നീട് അവരുടെ അച്ഛനമ്മമാരോട്ട് തോന്നിയ വില വാങ്ങി, അവക്ക് തിരിച്ചു കൊടുക്കും. ഇങ്ങനെ ചെയ്യുന്ന സമയത്ത് ചിലപ്പോൾ കുട്ടികൾ മുങ്ങിപ്പോകും. ഇങ്ങനെയുള്ള ഒരു കാലത്ത് വഴി പിഴച്ച സമുദായത്തിൻെറ മാർഗ്ഗം പരിഷ്കരിക്കുകയെന്നത് കളിയൊന്നുമല്ലായിരുന്നു.

ഗുരുവിൻെറ ആജ്ഞ ശിരസാ വഹിച്ച്, സ്വാമി ദയാനന്ദൻ ഗ്രാമങ്ങൾ തോറും, പട്ടണങ്ങൾ തോറും ചുററിത്തിരിയുകയും, ഗംഗാസ്നാ

നം കൊണ്ടു് പാപങ്ങൾ കഴുകിപ്പോകുമെന്നുള്ള ധാരണയെ ഖണ്ഡിക്കുകയും ചെയ്തു. ശ്രീകൃഷ്ണൻ വെണ്ണ കട്ടു് ഭുജിച്ചിരുന്നുവെന്നും, അദ്ദേഹത്തിന്നു് പതിനാറായിരം ഭാര്യമാരുണ്ടായിരുന്നുവെന്നുമാണല്ലോ വിശ്വാസം. ശ്രീകൃഷ്ണൻ മഹാപുരുഷൻ തന്നെയായിരുന്നുവെന്നു് സ്വാമി ദയാനന്ദൻ പറഞ്ഞു. ഭാവനാശാലികളായ കവികളാണു് അദ്ദേഹത്തെ പല വിധത്തിൽ വണ്ണിച്ചു്, ആളുകളെ വഴി തെററിച്ചതു്. സ്വാമിയുടെ ഇപ്രകാരമുള്ള ഉപദേശങ്ങളാൽ കർണ്ണവാസിൽ കുറേയാളുകൾ അദ്ദേഹത്തിൻെറ ശത്രുക്കളായി. ഒരു ദിവസം കർണ്ണസിംഹൻ എന്നു പേരുള്ള ഒരു രാജപുത്ര യുവാവു് വാളൂരിക്കൊണ്ടു്, അദ്ദേഹത്തെ വധിക്കാനായി വന്നു. സ്വാമിജി ആ വാൾ പിടിച്ചു വാങ്ങിച്ചു്, രണ്ടായി ഒടിച്ചു് ദൂരെയെറിഞ്ഞു. അപ്പോൾ ഈ ദുഷ്ടൻ കുറേ ഗുണ്ടാകളെ പ്രലോഭിപ്പിച്ചു്, പാട്ടിലാക്കി, സ്വാമിജിയെ കൊലപ്പെടുത്താനായി ഇളക്കി വിട്ടു. എന്നാൽ, സ്വാമിജിയുടെ തേജസ്സിൻെറ മുമ്പിൽ അവർക്കു് നില്ക്കാൻ കഴിഞ്ഞില്ല. കർണ്ണസിംഹൻെറ ഈ ദുഷ്കൃത്യങ്ങളെപ്പററി ജനങ്ങൾ അറിഞ്ഞപ്പോൾ, സന്ന്യാസിയെ ഉപദ്രവിക്കാൻ നാണമാകുന്നില്ലേ എന്നു പറഞ്ഞു് അവർ അയാളെ ശാസിച്ചു. പാപത്തിൻെറ ഫലം എപ്പോഴും ദോഷമായിരിക്കും. കർണ്ണസിംഹൻ രോഗിയായി, ഭ്രാന്തെടുക്കുകയും, അലഞ്ഞു തിരിഞ്ഞു്, മരണമടയുകയും ചെയ്തു.

സ്വാമിജി പോയിടത്തൊക്കെ, അഭ്യസ്തവിദ്യരല്ലാത്ത ബ്രാഹ്മണരുടേയും, പൂജാരികളുടേയും, പണ്ഡാകളുടേയും കപട സമ്പ്രദായങ്ങളുടെ കള്ളി വെളിച്ചത്താക്കുകയും, ജ്ഞാനം പ്രചരിപ്പിക്കുകയും ചെയ്തു. യഥാത്ഥമതത്തിൻെറ വ്യാഖ്യാനം നല്കുകയും, ദുഷ്പാത്രത്തിൽ ദാനം ചെയ്യുന്നതിൽ നിന്നു് ജനങ്ങളെ തടയുകയും ചെയ്തു. അതിൻെറ ഫലമായി, മതത്തിൻെറ കുത്തകക്കാരുടെ വരുമാനം നിലച്ചു. അവരെല്ലാവരും സ്വാമിജിയുടെ കടുത്ത ശത്രുക്കളായി. അവരിലൊരു ബ്രാഹ്മണൻ അദ്ദേഹത്തിന്നു് വെററിലയിൽ വിഷം തേച്ചു കൊടുത്തു. എന്നാൽ അതു് മനസ്സിലായ ഉടനെ സ്വാമിജി ധാരാളം വെള്ളം കുടിച്ചു്, ഛർദ്ദിയിലൂടെ. വയറു് കഴുകിക്കളഞ്ഞു. ആ പട്ടണത്തിലെ തഹസീൽ

ദാർ ഒരു മുസൽമാനായിരുന്നു. അദ്ദേഹം സ്വാമിജിയുടെ ഒരു വലിയ ഭക്തനായിരുന്നു. അദ്ദേഹം ആ ബ്രാഹ്മണൻെറ ഈ പ്രവൃത്തിയെപ്പററി കേട്ടപ്പോൾ, അയാളെ അറസ്റ്റ് ചെയ്ത് ജയിലിലടച്ചു. എന്നാൽ, ഉദാരമനസ്സനായ സ്വാമിജി ആ ബ്രാഹ്മണന് മാപ്പു കൊടുക്കുക മാത്രമല്ല, വിട്ടയപ്പിക്കുകയും ചെയ്തു.

മറെറാരു പട്ടണത്തിലും ഇതുപോലെ ഒരു സംഭവം നടന്നു. ഒരു ബ്രാഹ്മണൻ സ്വാമിക്കായി മധുര പലഹാരങ്ങൾ കൊണ്ടുവന്നു. ഇതിൽ വിഷം കലർത്തിയിട്ടുണ്ടെന്ന് പെട്ടെന്ന് അദ്ദേഹം ഊഹിച്ചു. അദ്ദേഹം അതിൽനിന്ന് കുറച്ച് പലഹാരമെടുത്ത്, ബ്രാഹ്മണന് കൊടുത്തിട്ട്, അതു് തിന്നാൻ പറഞ്ഞു. അയാളുടെ മുഖം മഞ്ഞളിച്ചു പോയി. സ്വാമിജി കയർത്ത് ചോദിച്ചു: "എന്താ തിന്നാത്തതു്? എന്താ, ഇതിൽ വിഷം കലർത്തിയിട്ടുണ്ടോ?"

ഇതു് കേട്ടയുടനെ അയാൾ അവിടെ നിന്നും ഓടിപ്പോയി.

ബോംബെയിൽ വച്ച് ഗോസായികൾ ശാസ്ത്രാർത്ഥങ്ങളിൽ സ്വാമിജിയോട്ട് തോററപ്പോൾ, അദ്ദേഹത്തെ വിഷം തീററിക്കാൻ അവർ ഗൂഢാലോചന നടത്തി. ആ പ്രവൃത്തിക്കായി സ്വാമിജിയുടെ അടുക്കളക്കാരനെ പാട്ടിലാക്കി, അയാൾക്ക് അഞ്ചു രൂപയും, അഞ്ചു സേർ മധുര പലഹാരവും നൽകിയിട്ട്, സ്വാമിജിയെ കൊല്ലാമെങ്കിൽ, ആയിരം രൂപ രൊക്കമായി കൊടുക്കാമെന്നു് അയാളോട്ട് അവർ പറഞ്ഞു. ഈ കരാർ അവർ ഒരു കടലാസിലും എഴുതിക്കൊടുത്തു. ഇക്കാര്യത്തെക്കുറിച്ചുള്ള അറിവ് സ്വാമിജിക്കു് എങ്ങനെയോ കിട്ടി. സ്വാമിജി അടുക്കളക്കാരനോട്ട് ചോദിച്ചപ്പോൾ, അയാൾ പേടിച്ചു വിറക്കാൻ തുടങ്ങുകയും, എല്ലാ കാര്യങ്ങളും സത്യസന്ധമായി പറഞ്ഞു കേൾപ്പിക്കുകയും ചെയ്തു. സ്വാമിജിക്കു് വേണമെങ്കിൽ, അവരെ തെളിവു സഹിതം ഏതെങ്കിലും കോടതിയിൽ ഹാജരാക്കാമായിരുന്നു. പക്ഷേ, അദ്ദേഹം ആ ശത്രുക്കൾക്കു് മാപ്പു കൊടുത്തു.

സ്വാമിജി മതത്തിൽ കാപട്യം നിറഞ്ഞ പെരുമാററങ്ങളെ എതിർത്തു. യഥാർത്ഥ വൈദികമതത്തിൻെറ പൊരുളറിഞ്ഞു്, സത്യമായ മതം ദയയുടെ മതമാണെന്നു് ശാസ്ത്രാർത്ഥം വഴി തെളിയിച്ചു. ഇങ്ങനെ അദ്ദേഹം ആര്യസമാജം സംഘടിപ്പിച്ചു. അദ്ദേഹത്തിൻെറ അനുയായികളെ ആര്യസമാജികളെന്നു് പറഞ്ഞു വരുന്നു. അജ്ഞാനികൾക്കും കപടസന്ന്യാസിമാർക്കും അദ്ദേഹത്തിൻെറ ഈ പ്രചരണം തീരെ ഇഷ്ടപ്പെട്ടില്ല. അവർ അദ്ദേഹത്തിനു് കഷ്ടനഷ്ടങ്ങൾ വരുത്താനും, ദുഷ്പേരുണ്ടാക്കാനുമുള്ള തക്കം പാർത്തിരുന്നു. ഒരിയ്ക്കൽ അദ്ദേഹം പ്രഭാഷണം നടത്തിക്കൊണ്ടിരിയ്ക്കുവേ, ആരോ ഒരാൾ ഒരു കാളസർപ്പത്തെ അദ്ദേഹത്തിൻെറ നേർക്കു് വലിച്ചെറിഞ്ഞു. സർപ്പം ഇഴഞ്ഞിഴഞ്ഞു് അദ്ദേഹത്തിൻെറ കാൽക്കൽ എത്തിയപ്പോൾ, തൻെറ കാലിൻെറ ഉപ്പൂററി കൊണ്ടു് ചവിട്ടി ഞെരിയ്ക്കുകയും, വ്യാഖ്യാനം തുടരുകയും ചെയ്തു. ഒരിക്കൽ അദ്ദേഹം ജലന്ധറിൽ ചെന്നപ്പോൾ, അവിടുത്തെ ഒരു ധനികനായ സർദാർ വിക്രമസിംഹൻ അദ്ദേഹത്തോടു ചോദിച്ചു: "അങ്ങ് ബ്രഹ്മചര്യത്തെ ഇത്ര പ്രശംസിയ്ക്കുന്നല്ലോ? അതിനു് പ്രത്യക്ഷമായ വല്ല തെളിവും കാണിച്ചു തരാമോ?"

സ്വാമിജി ആ സമയത്തു് ഒന്നും മിണ്ടിയില്ല. എന്നാൽ, സർദാർ അയാളുടെ കുതിരവണ്ടിയിൽ കയറി പോകാൻ തുടങ്ങിയപ്പോൾ, അദ്ദേഹം പുറകേ ചെന്നു് ആ വണ്ടി പിടിച്ചു നിർത്തി. കുതിരക്കാരൻ കുതിരകളെ ചാട്ടകൊണ്ടു് തുടരെത്തുടരെ അടിച്ചെങ്കിലും, വണ്ടി തെല്ലും അനങ്ങിയില്ല. പരവശനായ സർദാർ വിക്രമസിംഹൻ പുറകോട്ടു തിരിഞ്ഞു നോക്കിയപ്പോൾ, സ്തബ്ധനായിപ്പോയി. സ്വാമിജി പുറകിൽ നിന്നു് വണ്ടി പിടിച്ചു നിർത്തിയിരിയ്ക്കുന്നു! വിക്രമസിംഹനെ നോക്കി ചിരിച്ചുകൊണ്ടു്, സ്വാമിജി പറഞ്ഞു: "ബ്രഹ്മചര്യത്തിന്റെ ശക്തി കണ്ടുവോ?"

ഒരിക്കൽ സ്വാമിജി ധനുമാസത്തെ തണുപ്പുകാലത്തു് ഹിമാലയത്തിൽ നഗ്നശരീരനായി സമാധിയിലിരുന്നതായി പറഞ്ഞുകേട്ടിട്ടുണ്ടു്. രണ്ടു യൂറോപ്യൻ ദമ്പതിമാർ ഓവർകോട്ടും കമ്പിളി ഉടുപ്പുകളും ധരിച്ചി

രുന്നിട്ടും തണുത്തു വിറച്ചു്, അവിടെ നിന്നിറങ്ങി. ഇങ്ങനെയുള്ള കഠിനമായ ശൈത്യത്തിൽ ഒരു സന്ന്യാസി നഗ്നശരീരനായിരിയ്ക്കുന്നതു കണ്ടു് അവർ പരിഭ്രാന്തരായി നിന്നു. സ്വാമിജി സമാധിയിൽ നിന്നുണർന്നപ്പോൾ, അവർ സ്വാമിജിയോടു് തങ്ങളുടെ ജിജ്ഞാസ പ്രകടിപ്പിച്ചു. അദ്ദേഹം പറഞ്ഞു: "പ്രാണായാമം, ബ്രഹ്മചര്യം എന്നിവ വഴി മനുഷ്യനു് ഇന്ദ്രിയങ്ങളെ ജയിച്ചടക്കാൻ കഴിയും".

അതേ തണുപ്പിൽ തന്റെ ശരീരത്തിൽ നിന്നു് വിയർപ്പൊലിപ്പിച്ചു് കാണിച്ചു്, സ്വാമിജി അവരെ ചകിതരാക്കിയെന്നു് പറയപ്പെടുന്നു.

മതപ്രചാരം നടത്തിക്കൊണ്ടു് ഒരു തവണ സ്വാമിജി മഥുരയിലെത്തിയപ്പോൾ, അവിടെയുണ്ടായിരുന്ന കപടമതക്കാരെ അദ്ദേഹം പരിഹസിച്ചു്, നാണം കെടുത്തി. തന്റെ അഭിപ്രായം സ്ഥാപിയ്ക്കാനായി അദ്ദേഹം വേദങ്ങളിൽ നിന്നു് ഉദ്ധരിച്ചു. അപ്പോൾ അവിടത്തെ പണ്ഡാകളും, പൂജാരികളും പരിഭ്രമിച്ചു. സ്വാമിജിയുടെ വിദ്വത്തിനു് മുമ്പിൽ അവരുടെ ഒരു പണിയും നടന്നില്ല. ശാസ്ത്രാത്ഥങ്ങളിൽ അവർ തോററു. അവർ സ്വാമിജിയ്ക്കു് ദുഷ്പേരുണ്ടാക്കാനായി, സുന്ദരിയും, എന്നാൽ ദുഷിച്ചവളുമായ ഒരു യുവതിയുടെ കൂട്ടു പിടിയ്ക്കാൻ ശ്രമിച്ചു. സ്വാമിജി ഇരിയ്ക്കുന്ന ഉദ്യാനത്തിൽ ചെന്നു്, അദ്ദേഹവുമായി വഴക്കുണ്ടാക്കാൻ തുടങ്ങണമെന്നു്, രൂപായുടെ പ്രലോഭനം കാട്ടി, അവളോടു് പറഞ്ഞു. പിന്നീടു്, തങ്ങൾ അദ്ദേഹത്തിനു് ദുഷ്പേരുണ്ടാക്കി, അവിടെ നിന്നു് അദ്ദേഹത്തെ പുറത്തിറക്കാം. "ഇക്കാര്യത്തിൽ നീ വിജയിച്ചാൽ നിനക്കു് ഒരുപാടു രൂപാ തരാം" എന്നും അവർ അവളോടു് പറഞ്ഞു.

ആദ്യം ആ സ്ത്രീ വളരെ സങ്കോചപ്പെട്ടുവെങ്കിലും, ആ പണ്ഡാകൾ ഒരുപാടു് സ്വർണ്ണാഭരണങ്ങൾ അവളുടെ മുമ്പിൽ കൊണ്ടുവച്ചപ്പോൾ, അവൾ പ്രലോഭനത്തിനു വഴങ്ങി. പിറേറന്നു്, മുൻനിശ്ചയമനുസരിച്ചു് അവൾ തോട്ടത്തിലെത്തി. ആ സമയത്തു് സ്വാമിജി

സമാധിയിലിരിക്കുകയായിരുന്നു. അദ്ദേഹത്തിൻെറ സാത്വികവും തേജോമയവുമായ മുഖം കണ്ട്, ആ സ്ത്രീ തൻെറ ദുരുദ്ദേശത്തെപ്പററി വളരെ പശ്ചാത്തപിച്ചു. ഇതിനിടയ്ക്ക്, സ്വാമിജി സമാധിയിൽ നിന്നുണർന്നപ്പോൾ, തൻെറ മുമ്പിൽ ഒരു സുന്ദരിയെ കണ്ട്, വല്ലാതെ അമ്പരന്നു. ആ സ്ത്രീ കുനിഞ്ഞു്, അദ്ദേഹത്തിൻെറ ചരണങ്ങൾ തൊട്ട് വന്ദിക്കുകയും, പശ്ചാത്താപത്തോടെ സകല കാര്യങ്ങളും പറഞ്ഞു കേൾപ്പിക്കുകയും, സ്വർണ്ണാഭരണങ്ങളത്രയും അദ്ദേഹത്തിൻെറ കാൽക്കൽ വയ്ക്കുകയും ചെയ്തു. സ്വാമിജി ആ സ്വർണ്ണാഭരണങ്ങൾ തിരിച്ചുകൊടുത്ത ശേഷം അവരെ പറഞ്ഞു മനസ്സിലാക്കി—"അമ്മേ പോകൂ, ഉത്തമസ്ത്രീയായി ജീവിയ്ക്കൂ. ലോകത്ത് യോഗ്യരായി ജീവിതം കഴിക്കുകയാണ് ഏററവും വലിയ തപസ്സും സമ്പത്തും. ഈ ആഭരണങ്ങൾ കൊണ്ടുപൊയ്ക്കോളൂ".

പണ്ഡകൾ ഈ പരിവർത്തനം കണ്ട്, സ്തബ്ധരായി നിന്നു. അവർ നിരാശരായി, അവിടെ നിന്നു കടന്നു.

സ്വാമിജി വളരെ പ്രസന്നവദനനും ജനപ്രിയനുമായിരുന്നു. യജ്ഞാദികൾ ചെയ്യുന്ന ബ്രാഹ്മണരുടെ വാദങ്ങളെ ചിരിച്ചുകൊണ്ടു തന്നെ അദ്ദേഹം ഖണ്ഡിച്ചുകളയുമായിരുന്നു. ഗംഗയിൽ കുളിക്കുകയോ, തല മുണ്ഡനം ചെയ്യുകയോ, ഭസ്മം തൊടുകയോ ചെയ്യുന്നതുകൊണ്ട് സ്വർഗ്ഗം കിട്ടുകയാണെങ്കിൽ, മത്സ്യവും ചെമ്മരിയാടും കഴുതയും എല്ലാററിലുമാദ്യം സ്വർഗ്ഗത്തിന് അവകാശികളാകുമായിരുന്നേനേയെന്ന് കബീറിനെപ്പോലെ അദ്ദേഹം പറയാറുണ്ടായിരുന്നു. ബിംബാരാധനയിൽ വിശ്വസിക്കുന്നതു് തനി അജ്ഞാനമാണ്. മുതിർന്നവരോട് നിങ്ങൾ ബഹുമാനം പ്രദർശിപ്പിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അവരുടെ നല്ല പ്രവൃത്തികൾ അനുകരിക്കുക, അവരെ സേവിക്കുക, അവരെ പ്രസന്നരാക്കുക, ജീവിച്ചിരിക്കുമ്പോൾ അവരെ ദുഖിപ്പിക്കുന്നതും, മരിച്ചശേഷം അവരുടെ ശ്രാദ്ധം നടത്തുന്നതും, അവരുടെ പേരിൽ ബ്രാഹ്മണരെ ഊട്ടുന്നതും അവരുടെ ആത്മാവിന് സുഖം കൊടുക്കുകയില്ലെന്നോർക്കുക.

"PREMALAYAM"
PUTHIYARA
CALICUT-4.



സ്വാമിജി തൻെറ കാലത്തെ ഏററവും വലിയ പരിഷ്കർത്താവായിരുന്നു. ബാല്യവിവാഹം, തീണ്ടൽ, തൊടീൽ എന്നിവയെ അദ്ദേഹം ശക്തിയായി എതിർത്തു. ജനനം കൊണ്ട് ആരും ഉന്നതരാവുകയില്ലെന്നു് അദ്ദേഹം വാദിച്ചു. ഹരിജനങ്ങൾക്കു് ബ്രാഹ്മണരുടെ കർമ്മങ്ങൾ ചെയ്തു്, ബ്രാഹ്മണപദം നേടാൻ കഴിയും. അദ്ദേഹം ശുദ്ധി പ്രസ്ഥാനം നടത്തി; വിദ്യാപ്രചരണം ചെയ്തു; അനാഥാലയങ്ങളും വിധവാശ്രമങ്ങളും തുറന്നു. ഈ പരിഷ്ക്കാരങ്ങളെല്ലാംകൊണ്ട് അനേകമാളുകൾ അദ്ദേഹത്തിൻെറ ശത്രുക്കളായി.

അക്കാലത്തു് നാട്ടുരാജ്യങ്ങളിലെ ജനങ്ങൾ വളരെ പിന്നോക്കം നിന്നിരുന്നു. സ്വാമിജിയുടെ ശ്രദ്ധ അവിടേയ്ക്കു് തിരിഞ്ഞു. എവിടൊക്കെ അദ്ദേഹം പോയോ, അവിടെയൊക്കെ അദ്ദേഹം ജനങ്ങൾക്കു് ജ്ഞാനോപദേശം നൽകി. അപ്പോൾ അദ്ദേഹത്തിൻെറ പേരു് പ്രശസ്തമായി. ജനങ്ങൾ അദ്ദേഹത്തിൻെറ മുമ്പിൽ കൈ കെട്ടി നിന്നു. മററാരെങ്കിലുമായിരുന്നെങ്കിൽ, സ്വന്തം പേരിൽ ധനസമ്പത്തുകൾ ശേഖരിച്ചുവയ്ക്കുമായിരുന്നു. റിയാസത്തു് ആവശ്യപ്പെട്ടുമായിരുന്നു. ഏതെങ്കിലും മഠത്തിൻെറ അധിപതിയായി ആനന്ദമായിക്കഴിയുമായിരുന്നു. എന്നാൽ, സ്വാമി ദയാനന്ദനിൽ ലോഭം തൊട്ടുതെറിച്ചിട്ടുപോലുമില്ലായിരുന്നു. റിയാസത്തുകളിൽ നവോത്ഥാനമുണ്ടാക്കിയശേഷം സ്വാമിജി 1883-ൽ ജോധ്പുരിലെത്തി. ജോധ്പൂർ മഹാരാജാവ് അദ്ദേഹത്തിനു് വലിയ സ്വാഗതം നൽകി; കാഴ്ചദ്രവ്യങ്ങളുമായി വന്നു്, സ്വാമിജിയുടെ മുമ്പാകെ നിലത്തു തന്നെ ഇരുന്നു. സ്വാമിജി രാജാവിന്റെ കൈയ്ക്കു പിടിച്ചു് പലകയിലിരുത്തി രാജധർമ്മം ഉപദേശിച്ചു. രാജാവിൻെറ അനുയായികളായ പ്രജകളും, വളരെ താല്പര്യത്തോടെ അദ്ദേഹത്തിൻെറ ഉപദേശം കേട്ടു നിന്നു. ദിവസവും വൈകുന്നേരം അദ്ദേഹത്തിൻെറ പ്രഭാഷണമുണ്ടാകുമായിരുന്നു.

അക്കാലത്തു് ജോധ്പൂർ മഹാരാജാവ് നൻഹീജാൻ എന്നു പേരുള്ള ഒരു വേശ്യയുടെ മോഹവലയത്തിൽ പെട്ടു. ഒരു ദിവസം സ്വാമിജി ദർബാറിലെത്തിയപ്പോൾ, നൻഹിജാൻ അവിടെ ഇരിപ്പുണ്ടായി

രുന്നു. സ്വാമിജി മഹാരാജാവിനെ ഇക്കാര്യത്തിൽ വളരെ ശാസിച്ചു. വീട്ടിൽ മടങ്ങിയെത്തിയ ശേഷം, അദ്ദേഹം മഹാരാജാവിന്ന് ഒരു കത്തെഴുതി. ഈ സ്ത്രീയുടെ കൂട്ടുകെട്ട് ഉപേക്ഷിക്കണമെന്ന് അതിൽ പറഞ്ഞിരുന്നു. മഹാരാജാവിൻെറ കൃപ നഷ്ടപ്പെട്ടതിൽ, ആ വേശ്യയ്ക്കു് സ്വാമിജിയോട്ട് വലിയ വിരോധം തോന്നി. സ്വാമിജിയുടെ അടുക്കളക്കാരനെക്കൊണ്ട് അദ്ദേഹത്തിന്ന് കൊടുക്കാനുള്ള പാലിൽ വിഷം കലർത്തിച്ചു. പാൽ കുടിച്ച്, കുറേ കഴിഞ്ഞപ്പോൾ സ്വാമിജിയ്ക്കു് കാര്യം മനസ്സിലായി. അദ്ദേഹം അടുക്കളക്കാരനെ വിളിച്ചു ചോദിച്ചു: "നീയെന്താ, എനിയ്ക്കു് വിഷം കലർത്തിയ പാലാണോ തന്നതു്?"

ഇതു കേട്ടപ്പോൾ, അയാൾ മോഹാലസ്യപ്പെട്ടു; സ്വാമിജിയുടെ കാക്കൽ വീണു പൊട്ടിക്കരഞ്ഞു. മററു വല്ലവരുമായിരുന്നെങ്കിൽ, ആ കൊലപാതകിയെ പിടിച്ചുകൊടുക്കുമായിരുന്നു. എന്നാൽ, ധീരനും വന്ദ്യനുമായ സ്വാമിജി അയാൾക്കു് ശമ്പളവും വഴിച്ചിലവും കൊടുത്തിട്ട് പറഞ്ഞു: "ഉടൻ ഇവിടെ നിന്നു് ഓടിപ്പൊയ്ക്കോ. ആളുകൾക്കു് എന്തെങ്കിലും വിവരം കിട്ടിയാൽ, അവർ നിൻെറ കഥ കഴിയ്ക്കും."

പിറേറന്നു് സ്വാമിജിയുടെ ദേഹസ്ഥിതി വളരെ വഷളായി. വലിയ വലിയ ഡോക്ടർമാർ ചികിത്സിച്ചു. അവിടെ നിന്നു് അദ്ദേഹത്തെ ആബുവിലേയ്ക്കു് കൊണ്ടുപോയി. പിന്നീട്ട് ആജ്മീറിൽ കൊണ്ടുവന്നു. എന്നിട്ടും ദേഹസ്ഥിതി നേരെയായില്ല. 1883 ഒക്ടോബർ 30-ാംനു ദീപാവലി ദിവസം സ്വാമിജി ദേഹം വെടിഞ്ഞു. മരണസമയത്തു് അദ്ദേഹത്തിൻെറ അവസാനവാക്കുകൾ ഇതായിരുന്നു: "പിതാവേ! എൻെറ ഇച്ഛയല്ല, നിൻെറ ഇച്ഛ നിറവേറട്ടെ."

സ്വാമിജിയുടെ പ്രചരണം ഉത്തരേന്ത്യയിൽ വിശേഷിച്ചും സഫലമായി. പ്രത്യേകിച്ച് പഞ്ചാബിൽ, അദ്ദേഹത്തിന്നു് ഇപ്പോഴും വളരെ അനുയായികളുണ്ട്. അദ്ദേഹം ജനങ്ങൾക്കിടയിൽ ഹിന്ദിയും സംസ്കൃതവും പ്രചരിപ്പിച്ചു; ഹോമവും സന്ധ്യാവന്ദനവും കഴിയ്ക്കുന്നതിൻെറ മഹത്വം മനസ്സിലാക്കിക്കൊടുത്തു; യുവാക്കൾക്കിടയിൽ അദ്ദേ

ഹത്തിൻെറ ഉപദേശങ്ങൾ വളരെ സ്വാധീനം ചെലുത്തി. അവർ ദുർവ്വാസനകളെ വെറുത്തു. ബ്രഹ്മചര്യം, സദാചാരം, ഗുരുവിദ്യ എന്നിവ ആചരിയ്ക്കാൻ തുടങ്ങി. സ്വാമിജിയുടെ പ്രയത്നം മൂലം ഈ രാജ്യത്തു് അനേകം സാമുദായികപരിഷ്ക്കാരങ്ങളുണ്ടായി. പർദ്ദാ സമ്പ്രദായം, ബാല്യവിവാഹം തുടങ്ങിയവയുടെ ദോഷങ്ങൾ ജനങ്ങൾക്കു് മനസ്സിലായിത്തുടങ്ങി. ബാലവിധവകളുടെ വിവാഹവും ആര്യസമാജക്കാർ പ്രോത്സാഹിപ്പിച്ചു. വിദ്യാഭ്യാസം പ്രചരിപ്പിച്ചു: അനേകം ഗുരുകുല കോളേജുകൾ തുറക്കപ്പെട്ടു. ഇപ്രകാരം സാമൂഹ്യപുരോഗതിയിൽ അദ്ദേഹത്തിനു് വലിയ കയ്യുണ്ടായിരുന്നു.

"PREMALAYAM"
PUTHIYARA
CALICUT-4.

"PREMALAYAM"
PUTHIYARA
CALICUT-4.